ഒക്ടോബർ
2020

യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക
യോഗക്ഷേമസഭ കോഴിക്കോട് ജില്ലാകമ്മിറ്റി പ്രസിദ്ധീകരണം
പുസ്തകം 4
ലക്കം 4



കവർവര: അവണാവ് നാരായണൻ

**നമ്പൂതിരിപ്പഴമ**
**നമ്പൂതിരി ബില്ലിനെപ്പറ്റി**
**കെ.എം.പരമേശ്വരൻ**

**വിമാന ദുരന്തം**
**രക്ഷപ്പെട്ട അഴകത്ത് പരമേശ്വരൻ**
**എഴുതുന്നു : ദൈവത്തിനു നന്ദി**

**കുട്ടിക്കൂട്ടം**
**30**
**കുട്ടികൾ**

**ഇല്ലപ്പെരുമ**
**കരിക്കാട്**
**പാലശ്ശേരി മന**

**അമേരിക്കയിൽ**
**പോസ്റ്റ് ഡോക്ടറൽ**
**ചെയ്ത ശാന്തിക്കാരൻ**

## ഒരു അന്തർജനത്തിന്റെ
## പ്രണയക്കുറിപ്പുകൾ

# നവദമ്പതിമാർക്ക് സ്വസ്തിയുടെ മംഗളാശംസകൾ



കുന്നത്ത് കണ്ടമംഗലം നാരായണൻ നമ്പൂതിരിയുടെയും പാർവ്വതി അന്തർജനത്തിന്റെയും മകൻ കണ്ടമംഗലം നവനീതും (കലാമണ്ഡലം) പത്തനംതിട്ട തിരുവല്ലയിലെ പാനാട്ട് മഠം കൃഷ്ണൻ നമ്പൂതിരിയുടെയും സാവിത്രി അന്തർജനത്തിന്റെയും മകൾ ആതിര കൃഷ്ണനും വിവാഹിതരായി.



ഡോ. എം.ഡി. നാരായണന്റെയും വി.എ.സാവിത്രിയുടെയും മകൻ എം.എൻ. അരവിന്ദും കാസർകോട് പുതിലോട്ട് നീലമന ഇല്ലത്ത് പി.എൻ. ശങ്കരൻ നമ്പൂതിരിയുടെയും ശാന്തി എസ് നമ്പൂതിരിയുടെയും മകൾ പി.എൻ. അമൃതയും വിവാഹിതരായി



താമരശ്ശേരി കളത്തിൽ ഇല്ലം നാരായണൻ നമ്പൂതിരിയുടെ മകൻ കിരൺ ലാലും ചാത്തമംഗലം വെള്ളലശ്ശേരി എലപ്പില ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടെ മകൾ അഞ്ജലിയും വിവാഹിതരായി.
ആശംസകളോടെ അക്ഷയ് മാധവ് (അപ്പു), ആര്യകൃഷ്ണ (ശ്രീക്കുട്ടി) പഴങ്ങോട്ടുപൊറ്റ ഇല്ലം



പയ്യന്നൂർ കാളക്കാട് ഇല്ലത്ത് നാരായണൻ നമ്പൂതിരി ,ഉഷ അന്തർജ്ജനം ദമ്പതിമാരുടെ മകൻ വിവേകും കമ്പേറ്റില്ലത്ത് വാസുദേവൻ തങ്ങളുടെയും വത്സല അന്തർജനത്തിന്റേയും മകൾ ആതിരയും വിവാഹിതരായി.



വെള്ളലശ്ശേരി പൂതൊടികയിൽ ഇല്ലത്ത് മാധവൻ നമ്പൂതിരിയുടെയും പാർവ്വതിയുടെയും മകൻ പരമേശ്വരൻ നമ്പൂതിരിയും അരീക്കോട് ചെമ്രക്കാട്ടൂർ ചെറുകഴിഞ്ഞമണ്ണ ഇല്ലത്ത് രാമനുണ്ണി മൂസദിന്റെയും ഇന്ദിരാ അന്തർജനത്തിന്റെയും മകൾ രാധികയും വിവാഹിതരായി.



രാമല്ലൂർ ഉപസഭ പന്നിയംവള്ളി ഇല്ലത്തു ഉണ്ണികൃഷ്ണൻ ഭട്ടതിരിപ്പാടിന്റെയും ജയശ്രീ അന്തർജ്ജനത്തിന്റെയും മകൻ അനീഷും ശുകപുരം ഉപസഭ മുല്ലപ്പള്ളി ഇല്ലത്തു കൃഷ്ണൻഭട്ടതിരിപ്പാടിന്റെയും ഭദ്ര അന്തർജ്ജനത്തിന്റെയും മകൾ ആശയും പന്നിയംവള്ളി ഇല്ലത്തു വച്ചു വിവാഹിതരായി




യോഗക്ഷേമസഭ
സ്വസ്തി
ത്രൈമാസിക

**പുസ്തകം 4 ലക്കം 4**

**2020 ഒക്ടോബർ**

**Email: swasthitrimonthly@gmail.com**

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം

യുഗാബ്ദം 5121 ആശ്വിനം

കൊല്ലവർഷം 1196 തുലാം ശരദ് ഋതു

ചീഫ് എഡിറ്റർ

**കൊയ്ത്തൊടി ചെറുമുക്കു പരമേശ്വരൻ 9072383651**

അസോസിയേറ്റ് എഡിറ്റർ

**പാനാട് പദ്മനാഭൻ നമ്പൂതിരി 9400992823**

മാനേജിംഗ് എഡിറ്റർ

**വിനോദ് മങ്ങത്തായ 9895621493**

അംഗങ്ങൾ

ഡോ. വീട്ടിക്കാട്ട് പരമേശ്വരൻ നമ്പൂതിരി 9496727616

വി.ഇ. നാരായണൻ നമ്പൂതിരി 9446372698

മാനേജിംഗ് കമ്മിറ്റി

പ്രിന്റർ ആന്റ് പബ്ലിഷർ

കെ.ഐ.വിഷ്ണു നമ്പൂതിരി 9496925471

ധനകാര്യം: നാറണിയാട് ദാമോദരൻ നമ്പൂതിരി 9447332611

പരസ്യം & സർക്കുലേഷൻ

ജയൻ പഴങ്ങോട്ടുപൊറ്റ 9745137987

സംസ്ഥാന വൈസ് പ്രസിഡന്റ്

മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി 8113904840

ജില്ലാ പ്രസിഡന്റ്

മധു അരീക്കര 9947196571

ജില്ലാ സെക്രട്ടറി

താമരക്കുളം ദിവാകരൻ നമ്പൂതിരി 9447337337

വര: കൃഷ്ണൻ പാതിരിശ്ശേരി 9447884600

പ്രതിനിധികൾ

**ന്യൂഡെൽഹി:** സിജു കുറിയേടം ശ്രീകുമാർ 9811905204
**മുംബൈ പൻവേൽ:** രവി തെക്കേടം 9867203567
**കൊൽക്കത്ത:** ഗായത്രി 9020503678
**ചെന്നൈ:** ഡോ.സുനന്ദനൻ :8939959876
**പൂനെ:** ദിനേശ് വിഷ്ണു 9923024959
**ബംഗളൂരു:** കൃഷ്ണപ്രസാദ് കെ.കെ. 9739342061
**ബഹറിൻ:** ജിതിൻ വെള്ളിമുറ്റം 00993 36123 335
**യു.എ.ഇ:** പാലയൂർ ശങ്കരനാരായണൻ +971504980513
**തിരുവനന്തപുരം:** അഭിജിത് അമുന്തുരുത്തി മഠം 7356062941
**ആലപ്പുഴ:** മുണ്ടോളി കളം വിഷ്ണു ബാബു 9946669124
**വൈക്കം:** ജയൻ പുതുമന 8330086062
**എറണാകുളം:** പുലിയന്നൂർ പ്രസാദ് നമ്പൂതിരിപ്പാട് 9400785628
**തൃശൂർ:** ഹരികുമാർ മൂസത് 7012416659
**കുട്ടനല്ലൂർ:** പരിയാനമ്പറ്റ നാരായണൻ 9847668696
**ഗുരുവായൂർ:** മൂത്തേടം ആനന്ദ് 9846418181
**മലപ്പുറം:** പ്രിജു കരിപ്പം 9895161042
**കണ്ണൂർ:** പുടയൂർ ജയനാരായണൻ 9544075519
**കാസർഗോഡ്:** ഗോവിന്ദൻ നമ്പൂതിരി 9446321455
**കാഞ്ഞങ്ങാട് :** വി.പി.ഹേമ ഗോശാല ഇല്ലം 9400802151

ഡിസൈനിംഗ് :റീഡിഫൈൻ ഗ്രാഫിക്സ്, കോയൻകോ ബസാർ, കോഴിക്കോട് -673001, മൊബൈൽ: 9847941277, 9847907630


# വായനക്കാരുടെ കരുത്ത്

സ്വസ്തി ഈ ലക്കത്തോടെ നാലു വർഷം പൂർത്തിയാവുകയാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ മുഖ്യധാരാ പ്രസിദ്ധീകരണങ്ങളും ദിനപത്രങ്ങളും പോലും പേജുകൾ കുറക്കുകയോ പ്രിന്റിംഗ് നിർത്തി പി.ഡി.എഫ് പതിപ്പിലേക്ക് മാറുകയോ ചെയ്തിട്ടും സ്വസ്തിയ്ക്ക് അതൊന്നും വേണ്ടി വന്നില്ല. അതിന് ഒറ്റക്കാരണമേയുള്ളൂ. സ്വസ്തിയുടെ വായനക്കാരുടെ കരുത്ത്.

ഇങ്ങനെയൊരു പ്രസിദ്ധീകരണം ആവശ്യമുണ്ടെന്നു തോന്നുന്ന സമുദായാംഗങ്ങളിൽ നിന്ന് ലഭിക്കുന്ന സ്നേഹവും പിന്തുണയുമാണ് സ്വസ്തിയുടെ ഊർജം. ഗൃഹസമ്പർക്ക പരിപാടിയോ മാസികാപ്രചാരണത്തിനായി മറ്റെന്തെങ്കിലും പദ്ധതിയോ ഒന്നുമില്ലാഞ്ഞിട്ടും സ്വസ്തിയെപ്പറ്റി കേട്ടറിയുന്നവർ സ്വമേധയാ വരിക്കാരാവുന്നതും മികച്ച പ്രസിദ്ധീകരണമെന്ന് പ്രമുഖർ വിലയിരുത്തുന്നതും സന്തോഷകരമാണ്.

സമൂഹമാദ്ധ്യമങ്ങളിൽ പലതവണ സ്വസ്തി ചർച്ചാ വിഷയമാവുകയുണ്ടായി. ജൂലായ് ലക്കത്തിലെ മുഖപ്രസംഗത്തെ  അനുകൂലിച്ചും എതിർത്തും ധാരാളം ഫേസ് ബുക്ക് പോസ്റ്റുകളും മറ്റും ശ്രദ്ധയിൽപ്പെട്ടു. അതെല്ലാം മാസികയുടെ ശക്തി പ്രകടമാക്കുന്നതായി ഞങ്ങൾ കരുതുന്നു. അവഗണിക്കാൻ വയ്യാത്ത ഒന്നായി പൊതുസമൂഹവും സ്വസ്തിയെപ്പറ്റി ചർച്ച ചെയ്തു. മാസിക കൂടുതൽ ആളുകളിലേക്ക് എത്താൻ ഇത്തരം സമൂഹമാദ്ധ്യമ ഇടപെടലുകൾ സഹായകമായതായി നന്ദിപൂർവം സ്മരിക്കുന്നു.

സാമ്പത്തിക പ്രയാസങ്ങളുടെ കാലമായിട്ടുപോലും പരസ്യങ്ങൾ നൽകി സ്വസ്തിയുടെ വളർച്ച ഉറപ്പാക്കാൻ സമുദായാംഗങ്ങൾ കാണിച്ച സ്നേഹവായ്പ് എടുത്തു പറയാതെ വയ്യ. ഓരോ ഇല്ലങ്ങളിലും നടക്കുന്ന വേളി, പിറന്നാൾ, ഉപനയനാദി വിശേഷങ്ങൾ സ്വസ്തിയിലൂടെ പരസ്യപ്പെടുത്താൻ പലരും സ്വമേധയാ മുന്നോട്ടു വരുന്നു എന്നതും സന്തോഷകരമാണ്. അതിന്റെയെല്ലാം ഫലമായി യോഗക്ഷേമസഭയുടെ കോഴിക്കോട് ജില്ലാ കമ്മറ്റിയുടെ കെട്ടിട നിർമ്മാണത്തിലേക്കും നല്ലൊരു തുക കൈമാറാൻ സ്വസ്തിക്കു കഴിഞ്ഞു.

സ്വസ്തി ഒരിക്കലെങ്കിലും കാണാനിടയായ സമുദായാംഗങ്ങൾ കഴിഞ്ഞ നാലു വർഷമായി മുടങ്ങാതെ വരുത്തുന്നു. ഒരാൾ പോലും വേണ്ടെന്നു വച്ചില്ല. പലരും ദൂരദേശങ്ങളിലെ തങ്ങളുടെ ബന്ധുക്കൾക്കു കൂടി അയക്കാനായി വരിസംഖ്യ നൽകുന്നു. അടുത്ത അഞ്ചു വർഷത്തേക്ക് സ്വസ്തി അയക്കണമെന്ന് ആവശ്യപ്പെട്ട് പദ്മശ്രീ മുണ്ടയൂർ സത്യനാരായണനെപ്പോലുള്ളവർ അരുണാചൽ പ്രദേശിൽ നിന്ന് നല്ലൊരു തുക സഹായമായി അയച്ചത് ഞങ്ങളെ തെല്ലൊന്നുമല്ല അദ്ഭുതപ്പെടുത്തിയത്.

പണമടച്ച ചിലർക്കെങ്കിലും മാസിക അയക്കാൻ കഴിയാതിരുന്നിട്ടുണ്ട്; അവർ വിലാസം അറിയിക്കാത്തതു കൊണ്ടു മാത്രം. കിട്ടിയില്ല എന്നറിയിക്കുന്ന ഏതൊരാൾക്കും രണ്ടും മൂന്നും തവണ അയച്ച് കിട്ടി എന്നുറപ്പുവരുത്താൻ പ്രതിജ്ഞാബദ്ധരാണ് ഇതിന്റെ പ്രവർത്തകർ.

അഞ്ചാം വർഷത്തിലും കൂടെയുണ്ടാവണമെന്ന പ്രാർത്ഥനയോടെ.

**പത്രാധിപർ**


Yogakshema Sabha Swasthi Trimonthly | Asthana Mandiram | Near Kovoor Vishnu temple | Chevayur P.O | Kozhikode -673017
Printed at Premier Printers | Annie Hall Road | Calicut-2 | For private circulation only.
Printed & Published by K.I. Vishnu Namboodiri Editor K M Parameswaran



കോഴിക്കോട് ജില്ല:


**ജില്ലാ ഓഫീസ് കോവൂർ** : തിരുമംഗലം കൃഷ്ണൻ നമ്പൂതിരി 8848910238/**കോഴിക്കോട്സിറ്റി:** ശ്രീരേഖ മാടമന 9495178644/**ചേവായൂർ:** സന്തോഷ് തായാട്ട്: 7293751990/**കണ്ണിപറമ്പ്:** ലത തലപ്പണ 9747051050/**പെരുമണ്ണ:** രേഖ തരുപ്പ 7025662924/**ഫറോക്ക്:**രാമനുണ്ണി മുല്ലപ്പള്ളി 9947413193/**മുക്കം:** കൊല്ലോറ്റ ഉണ്ണിക്കൃഷ്ണൻ 8606208060/**ചാത്തമംഗലം:** കോരമ്പറ്റ ശങ്കരൻ നമ്പൂതിരി 9946438951/**ഉച്ചക്കാവ്:** സ്മിത ചെറുവക്കാട് 9495533013/**താമരശ്ശേരി:**കളം പ്രസാദ് 8848286062/**രാമല്ലൂർ:** തെഞ്ചേരി ഹരിനാരായണൻ :9847564517/**കക്കോടി:** പറമ്പിടി മനോജ് കുമാർ 9495039892/**ബാലുശ്ശേരി:** കളം വേണുനാഥ് :8281984397/**കൊയിലാണ്ടി:** ഹനീഷ് എരഞ്ഞോളി 9446561754/**വടകര:** അമ്പിളിക്കുന്നം ഹരി :9400980039/**മുയിപ്പോത്ത്:** മുണ്ടോട്ട ഉണ്ണിക്കൃഷ്ണൻ :9446159842

# ആരൊക്കെ / എന്തൊക്കെ


പേജ് 40



**ഇല്ലപ്പെരുമയിൽ** പുരാവസ്തുക്കളുടെ അപൂർവ ശേഖരമുള്ള കരിക്കാട് **പാലശ്ശേരി മന**








**കരിപ്പൂർവിമാനാപകടം:** രക്ഷപ്പെട്ട അഴകത്ത് മനയിലെ പരമേശ്വരൻ എന്ന കണ്ണനും ബന്ധു നിതീഷ് എന്ന രാമുവും അതേപ്പറ്റി സ്വസ്തിയോട് പറയുന്നു — 5

**അറിയേണ്ട നമ്പൂതിരി:** ഹൈദരാബാദ് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ചിൽ അസോസിയേറ്റ് പ്രൊഫസറായ ഡോക്ടർ ടി.എൻ നാരായണൻ — 11

**ഒരന്തർജനത്തിന്റെ പ്രണയാനുഭവം:** 75 വർഷം മുമ്പ് നേദ്യച്ചോറിൽ പകുത്തു നൽകിയ ഹൃദയം: പൊത്തോപ്പുറം നങ്ങേലി അന്തർജനം — 16

**നമ്പൂതിരി ബിൽ:** 1928ൽ കൊച്ചി നിയമസഭ ഏകകണ്ഠമായി പാസാക്കിയ നമ്പൂതിരി ബില്ലിനെപ്പറ്റി കെ.എം. പരമേശ്വരൻ — 23

**നമ്പൂതിരി സ്ത്രീകൾക്ക് സ്വത്തവകാശം:** ഉണ്ടാവാൻ നിയമനിർമ്മാണത്തിന് മുന്നിട്ടിറങ്ങിയ മട്ടന്നൂർ തങ്ങളെപ്പറ്റി മട്ടന്നൂർ നാരായണൻ നമ്പൂതിരി — 27

**അറിയേണ്ട അന്തർജനം:** അങ്ങനെ ഞാൻ രാഷ്ട്രീയത്തിലിറങ്ങി; ജയിക്കുകയും ചെയ്തു: ശൈലജ അന്തർജനം — 30

**നമുക്കിടയിലെ പ്രതിഭകൾ:** ഗ്രീസിൽ ചിത്രം പ്രദർശിപ്പിച്ച അവണാവ് നാരായണൻ (സ്വസ്തി മുഖചിത്രം ) — 32

**ഗോത്രം നിസ്സാരമല്ല:** അതേപ്പറ്റി ഡോ.തെന്നിലാപുരം പി. മഹാദേവൻ എഴുതിയതിന്റെ മലയാള പരിഭാഷ: ഡോ.പി. വിനോദ് ഭട്ടതിരിപ്പാട് — 34

**വേറിട്ട അനുഭവം:** കൊറോണക്കു നന്ദി; നാമജപം പതിനൊന്നു ലക്ഷം കടന്നു: ദിലീപ് നമ്പൂതിരിപ്പാട് — 38

**അപൂർവ സഹോദരങ്ങൾ:** വാദ്യരംഗത്തെ വിസ്മയദ്വയങ്ങളെപ്പറ്റി പ്ളാച്ചേരി ശ്രീദേവി അന്തർജനം — 48

## കവിതകൾ

സ്വർണ്ണപ്പശു — **കെ.ബ്രഹ്മദത്തൻ** — 32

ദിനമലർ — **ബാബു നമ്പൂതിരി കരുവാറ്റ ഇല്ലം** — 56

കണ്ണനോട് — **എൻ.ടി. ശ്രീദേവി** വൈത്തല എടക്കാട്ട് — 56

## കഥകൾ

പ്രായമറിയിച്ചവൾ — **ദിലീപ് ഇ. എം** — 50


കപ്പ് കേക്കിനുള്ളിലെ രണ്ടിറ്റു കണ്ണീർ — **വി. എം .ഹേന** — 53

കോവിഡിന്റെ പശ്ചാത്തലത്തിൽ ഒരു സുമംഗലി — **സ്മിത വാസുദേവൻ** — 55

സാനിറ്റൈസേഷൻ — **സുനീതി ദിവാകരൻ** — 58

ഓർക്കാപ്പുറത്തെ രസതന്ത്രം — **സ്നേഹജ കരിങ്ങനേഴി** — 59

## സാരഥ്യം



ആയുഷ് ഗുരുവിന്റെ ചീഫ് കോർഡിനേറ്റർ **ഡോ.കെ.കെദീപ** — 56

## കുട്ടിക്കൂട്ടത്തിൽ 32 കുട്ടികൾ


**ആര്യ** പഴങ്ങോട്ടുപൊറ്റ അരീക്കോട്,**നന്ദകിഷോർ** ഡി.എസ്.വേണാട്ടില്ലം ഓർക്കാട്ടേരി, **കേശവ് ദേവ്** മലയമ്മ ഇല്ലം കരുവശ്ശേരി, **പാർവതി എൻ.ടി.**നരിയങ്ങൽ തലപ്പണ കണ്ണിപറമ്പ്, **നിഹാരിക** പെരിഞ്ചീരി ആലത്തൂർ, **റാംശങ്കർ** പേരൂർ കണ്ണിപറമ്പ്,**സുവർണ്ണ മുല്ലപ്പള്ളി** കണ്ണിപറമ്പ്,അദിതി നരിയങ്ങൽ, തലപ്പണ കണ്ണിപറമ്പ്, **അഭിനന്ദ്** കല്ലംവള്ളി കണ്ണിപറമ്പ്, **ശ്രീലക്ഷ്മി.വി.എസ്** കണ്ണിപറമ്പ്, **ഋതുനന്ദ ഡി.എസ്.** വേണാട്ടില്ലം, **നീരജ** പെരിഞ്ചീരി ആലത്തിയൂർ, **ദേവനന്ദ** ടി.എം. നീലമന നടുവത്തൂർ, **സാരംഗ്** കോടിതലപ്പണ ഇല്ലം കണ്ണിപറമ്പ്, **ഭദ്രഎഴുമാവിൽ** മുംബൈ,**ശ്രീഹരി നാരായണൻ** അരീക്കര തിരുന്നാവായ,**ശ്രീനാരായണൻ** വയപ്പുറം പെരുമണ്ണ,**മാധവ്** മങ്ങത്തായ ഇല്ലം പെരുമണ്ണ, **രഘു ശങ്കർ** കോടി തലപ്പണ കണ്ണി പറമ്പ്, **ആത്മിക** തയ്യിൽ എടക്കാട്ട് ഇല്ലം അഴിഞ്ഞിലം, **പാർവ്വണ ശ്രീജിത്** ചാത്തനാട്ടില്ലം കക്കോടി, **ശ്വേത സാവിത്രി** എൻ.ടി, **നിരഞ്ജൻ** പഴനെല്ലി എടമന നീലേശ്വരം, **ശ്രേയ** വാസുദേവ് പേരൂർ ഇല്ലം കണ്ണിപറമ്പ്, **നിരഞ്ജൻ സി ഗോവിന്ദ്** ചാത്തനാട്ടില്ലം കക്കോടി, **വസുദേവ്.പി** പെരുമ്പടപ്പ് മന കൈപ്പറമ്പ്, **നീരജ് കൃഷ്ണ** പുത്തില്ലം ബേപ്പൂർ നോർത്ത്, **ആരാധ്യ** തയ്യിൽ എടക്കാട്ട് ഇല്ലം അഴിഞ്ഞിലം, **ശ്രീവേദ** അവിഞ്ഞിക്കാട് പുലാമന്തോൾ, **നന്ദകിഷോർ** പാലിക ഇല്ലം കക്കോടി, **ദേവിക** കീഴേടം ഗുരുവായൂർ, **സൂരജ് ദിവാകരൻ** പുത്തില്ലം, മുംബയ്




# കരിപ്പൂർ അപകടം ഒരു നേരനുഭവം

**വിമാന യാത്രികനായിരുന്ന അഴകത്ത് പരമേശ്വരൻ എന്ന കണ്ണനും ബന്ധു നിതീഷ് എന്ന രാമുവും അതേപ്പറ്റി സ്വസ്തിയോട് പറയുന്നു**



*ഹോസ്പിറ്റൽ വാസം കഴിഞ്ഞ് അഴകത്ത് മനയിൽ പിടിച്ചു നടക്കാൻ ശ്രമിക്കുന്ന പരമേശ്വരൻ*

**അഴകത്ത് പരമേശ്വരൻ**

മെയ് 24ന് നിശ്ചയിച്ചിരുന്ന വിവാഹം കൊറോണ കാരണം മാറ്റി സെപ്തംബർ 10 ന് ആയിരുന്നു. ഏട്ടനു ഫാമിലിയും ഒന്നിച്ച് 28 ദിവസം ക്വാറൻറീൻ വീട്ടിൽ ഒരുമിച്ചാവാം എന്നു കരുതിയുമാണ് യാത്ര 7ലേക്ക് പ്ലാൻ ചെയ്തത്. ക്വാറന്റീൻ 14 ദിവസം കഴിഞ്ഞാൽ അച്ഛനും അമ്മക്കും ഇങ്ങോട്ട് വരാം എന്നൊക്കെ വിചാരിച്ചാണ് അവർ തറവാട്ടിലേക്ക് മാറി താമസിച്ചത്. 28 ദിവസത്തെ ക്വാറന്റീൻ സെപ്തംബർ 5ന് കഴിയും. എന്നിട്ട് വേണം കല്യാണത്തിന്റെ കാര്യങ്ങൾ നോക്കാൻ. കോവിഡ് ആന്റിജെൻ ടെസ്റ്റ് എന്താവും എന്നൊക്കെ ഏട്ടന് നല്ല പേടി ഉണ്ടായിരുന്നു. ഫ്ളൈറ്റിനു അനുമതി കിട്ടിയപ്പോൾ സമാധാനം ആയി. 11 എയിൽ അയനക്കുട്ടി ഇരിക്കുന്നു,ബിയിൽ താര ഒപ്പോൾ, സിയിൽ ഏട്ടനും , പിന്നെഡിയിൽ ഞാൻ. എന്റെ സീറ്റ് മാത്രം റൈറ്റ് സൈഡിൽ ആണ്.

എന്റെ ഭാഗത്തെ നടുവിലത്തെ സീറ്റിൽ ആരും ഇല്ല, എയർപോർട്ടിൽ നിന്നുംകോവിഡ് ആന്റിജെൻ ടെസ്റ്റ് പോസിറ്റീവ് ആയതാണോ അതോ വരാൻ പറ്റാത്തത് ആണോ എന്ന് അറിയില്ല, എന്തായാലും ഇപ്പൊ അയാൾക്ക് സന്തോഷം ആയിട്ടുണ്ടാവും വരാൻ കഴിയാത്തതിൽ. 11 എഫിൽ ഒരു ആളും ഉണ്ട്. പി.പി.ഇ കിറ്റിലെ മുഖാവരണം ഇട്ടതുകൊണ്ട് ഇപ്പൊ മുഖം പോലും ഓർമ ഇല്ല. ചെക്ക് ഇൻ ഒക്കെ കഴിഞ്ഞു യാത്ര തുടങ്ങി.

ഫ്ളൈറ്റ് ലാൻഡിങ് ചെയ്യാൻ ആയി സീറ്റ് ബെൽറ്റ് ഇടാൻ വേണ്ടി ഉള്ളഅറിയിപ്പ് വന്നു. ഞങ്ങൾ എല്ലാവരുംസീറ്റ് ബെൽറ്റ് ഇട്ടിരുന്നു. കൊറോണ കാലം ആയതുകൊണ്ട് ഇപ്പൊ എയർ ഹോസ്റ്റസ് വന്നു ചെക്കിംഗ് ഒന്നും ഇല്ല. ഏട്ടന്റെ മുന്നിലത്തെ സീറ്റിൽ ഉള്ള ആൾ എന്തിനോ വേണ്ടി എയർ ഹോസ്റ്റസിനെ വിളിച്ചിരുന്നു, പക്ഷേ അയാളോട് ഇരിക്കാൻ പറഞ്ഞു.

അയാൾ സീറ്റ് ബെൽറ്റ് ഇട്ടിരുന്നില്ല.

ഞാൻ ഇങ്ങനെ മനസ്സിൽ വിചാരിച്ചു എന്താ ഇപ്പോളും ആൾക്കാർ ഇങ്ങനെ ചെയ്യണേ എന്ന്, വേഗം ഇറങ്ങി പോയി ഇപ്പൊ എന്താ 28 ദിവസം ക്വാരന്റീൻ ഇരിക്കണ്ടെ പിന്നെ എന്താ എന്നൊക്കെ പറയണം എന്നും വിചാരിച്ചു

പക്ഷേ പ്രതികരണം എന്താവും എന്ന് അറിയാത്തത് കൊണ്ട് പറഞ്ഞില്ല, ഇപ്പൊ അത് ആലോചിക്കുമ്പോൾ കുറച്ചു വിഷമം ഉണ്ട്. അവർക്ക് എന്ത് പറ്റി എന്നും അറിയില്ല.

ലാൻഡിങിന് വേണ്ടി വിമാനം താഴേക്ക് പറന്നു തുടങ്ങി. നല്ല ടർബുലൻസ് അനുഭവപ്പെട്ടു, മഴയും കാറ്റും തകർക്കുന്നു. റൺവേയിൽ ലൈറ്റ് കണ്ടൂ ഞാൻ. പക്ഷേ അപ്പോളേക്കും വീണ്ടും പറന്നു ഉയർന്നു. എൻജിനിൽ നിന്നും കേൾക്കുന്ന ശബ്ദത്തിന് എന്തോ വ്യത്യാസം ഉള്ള പോലെ എനിക്ക് തോന്നി, വെറും തോന്നൽ മാത്രവും ആവാം. എട്ടനോട് ചോദിക്കുകയും ചെയ്തു. എന്താ ആവോ ലാൻഡ് ചെയ്യാതിരുന്നെ എന്ന്, ആവോ എന്ന് മറുപടിയും പറഞ്ഞു.

ടർബുലൻസും ലാൻഡിങ്ങും ആയതൊണ്ടാവും, അയനക്കുട്ടി ഒന്ന് വൊമിറ്റ് ചെയ്തു, പി.പി.ഇ കിറ്റ് മുഴുവൻ ആയി. താരഓപ്പോൾ കിറ്റ് മുഴുവനും ഊരി വെക്കുകയും ചെയ്തു, അയന കുട്ടി കരഞ്ഞപ്പോൾ എടുത്ത് മടിയിൽ ഇരുത്തുകയും ചെയ്തു. നേരത്തെ സീറ്റ് ബെൽട്ട് ഇടാതെ ഇരുന്ന ആളോട് പറയാതെ ഇരുന്ന പോലെ ഇതും പറഞ്ഞില്ല, ഇനി ഒരിക്കലും പറയാതെ ഇരിക്കുകയും ഇല്ല. അയനക്കുട്ടിയെ തോളിൽ കിടത്തി താര ഒപ്പോൾ. അപ്പോളേക്കും രണ്ടാമത് ലാൻഡിങ് ചെയ്യാൻ താഴേക്ക് വന്നു തുടങ്ങി.

ഈ പ്രാവശ്യം ടർബുലൻസ് കുറവായിരുന്നു. നല്ല സ്പീഡിൽ ആണ് ലാൻഡ് ചെയ്യാൻ വരുന്നത് എന്നും ഫീൽചെയ്തു. ബ്രേക്ക് അപ്ളൈ ചെയ്തതിന്റെ ശബ്ദം ശരിക്കും കേട്ടു, പക്ഷേ സ്പീഡ് ഒട്ടും കുറഞ്ഞിരുന്നില്ല. റൺവേയിൽ ഉള്ള ലൈറ്റുകൾ വളരെ വേഗത്തിൽ പിന്നിലേക്ക് പോകുന്നു.

ഇനി ഒരു 10 സെക്കൻഡിൽ നടന്നത് സിനിമയിൽ മാത്രമേ കണ്ടിട്ടുള്ളൂ. കാർ ഒക്കെ കുഴിയിൽ ചാടുന്ന പോലത്തെ ഒരു ഫീൽ വന്നതും എല്ലാവരും അലറി കരയാൻ തുടങ്ങി. പിന്നീട് ഗ്രാവിറ്റി പോയ ഒരു ഫീലും വന്നു. താഴേക്ക് പോയതും ബെൽറ്റിന്റെ പിടി മുറുകി. വെളിച്ചം അണയുകയും ഭയാനകമായ ഒരു ശബ്ദവും. തെറിച്ചു പോവുന്നത് പോലെ തോന്നി. കണ്ണുകൾ അടച്ചിരുന്നു.



*അയന ആശുപത്രിയിൽ*

**കാർ ഒക്കെ കുഴിയിൽ ചാടുന്ന പോലത്തെ ഒരു ഫീൽ വന്നതും എല്ലാവരും അലറി കരയാൻ തുടങ്ങി. പിന്നീട് ഗ്രാവിറ്റി പോയ ഒരു ഫീലും വന്നു. താഴേക്ക് പോയതും ബെൽറ്റിന്റെ പിടി മുറുകി. വെളിച്ചം അണയുകയും ഭയാനകമായ ഒരു ശബ്ദവും. തെറിച്ചു പോവുന്നത് പോലെ**

കണ്ണ് തുറന്നു നോക്കുമ്പോൾ 11 ഡി. ഇ. എഫ് സീറ്റുകൾ പുറത്ത് മണ്ണിൽ കിടക്കുന്നു. പക്ഷേ ഫ്ലൈറ്റിന്റെ സൈഡിൽ തന്നെ ആണ്. പൊട്ടി പൊളിഞ്ഞ ഫ്ലൈറ്റിന്റെ സൈഡ് കാണാം, കുറെ വയറുകൾ പോകുന്നത് കാണാം. മുൻവശത്തുള്ളതും പിൻവശത്തുള്ളതും, ഏട്ടനും ഫാമിലിയും ഇരുന്ന സീറ്റുകളും കാണാനില്ല. 11 എഫ് സീറ്റിൽ ഇരുന്ന ആള് കിടന്നു സഹായത്തിനായി കരയുന്നു, എനിക്ക് ശബ്ദം പുറത്ത് വരുന്നില്ല. സീറ്റ് കിടക്കുന്നത് ലെഫ്റ്റ് സൈഡ് നിലത്ത് കുത്തി സ്ലാൻഡിംഗ് ആയി ആണ്, 11 എഫിൽ ഇരുന്ന ആൾ സീറ്റ് ബെൽട്ട് ഊരിയാൽ എന്റെ ദേഹത്ത് വന്നു വീഴും. എന്റെ പിന്നിൽ നല്ല വേദന ഉണ്ട്, കൈ വെച്ച് നോക്കിയപ്പോൾ മുഴച്ചു ഇരിക്കുന്നു. കയ്യും കാലും തരിച്ചു തുടങ്ങുന്നു. സീറ്റ് ബെൽട്ട് ഊരാൻ കുറച്ചു കഷ്ടപ്പെട്ട്, താഴേക്ക് വീണു, അവിടെ കിടന്നു. മുഖത്തും ദേഹത്തും ഫ്യൂവൽ മണം നല്ല പോലെ തോന്നുന്നു, കണ്ണിൽ ആയതു കൊണ്ടാണ് എന്ന് തോന്നുന്നു, നല്ല നീറ്റൽ ഉണ്ട്. മഴ നല്ലോണം പെയ്യുന്നുണ്ട്. ശരീരം അനക്കി നീങ്ങാൻ നോക്കി, പറ്റുന്നില്ല. അപ്പോളേക്കും ഒരു സി.ആർ.പി എഫ് കാരൻ വരുന്നത് കണ്ടു. 11 എഫ് സീറ്റിൽ ഉള്ള ആൾ കിടന്നു വേദന സഹിക്കാതെ അലറുന്നത് ഓർമ ഉണ്ട്. ഉടൻ തന്നെ

വേറെ ഒരു സി.ആർ.പി എഫ് കാരൻ വന്നു. രണ്ടു പേരും കൂടി അയാളെ താഴേ ഇറക്കാൻ നോക്കുന്നു. ഞാൻ ഒരു കൈ കഷ്ടപ്പെട്ട് ഉയർത്തി കാണിക്കുന്നുണ്ട്. ഒരാൾ ഓടി വന്നു എന്നെ പൊക്കി എടുക്കാൻ നോക്കി, ഞാൻ വേദന കൊണ്ട് അലറി നട്ടെല്ലിന്റെ അവിടെ പൊട്ടിയിട്ടുണ്ട് എന്ന്. സ്ട്രെച്ചർഎടുത്തു വരാം എന്ന് പറഞ്ഞു അയാളും പോയി. കുറച്ചു സമയം ചേട്ടാ എന്ന് വിളിച്ചു കരഞ്ഞു, പിന്നെ ശബ്ദം വരാതെ ആയി. പോലീസ് ഫ്ളൈറ്റിൽ നിന്നും ചെറിയ കുട്ടികളെ എടുത്ത് ഓടുന്നത് കാണാൻ ഉണ്ട്. കൊറേ പേരുടെ അലർച്ചയും അമ്മേ വിളികളും കേൾക്കുന്നുണ്ട്. ഒരു 5 മിനിറ്റ് അവിടെ കിടന്നു എന്ന് തോന്നുന്നു.

ഒരു ജനക്കൂട്ടം വരുന്നത് ശരിക്കും മനസ്സിലായി, കൊണ്ടോട്ടിക്കാർ വന്നത് ആണെന്ന് ഇപ്പൊ മനസ്സിലാക്കാൻ പറ്റി. മഴ ഉള്ളത് കൊണ്ട് കത്തി പിടിച്ചില്ല എന്ന് പറയുന്നത് കേട്ടു. കുറച്ചു പേര് കൂടി വന്നു എടുക്കാൻ നോക്കി, ഞാൻ സ്പൈനിന്റെ അവിടെ പൊട്ടിയിട്ടുണ്ട് എന്ന് പറഞ്ഞപ്പോൾ ഇവിടെ കിടക്കുന്നത് സേഫ് അല്ല ഞങ്ങൾ പുറത്ത് പിടിക്കാം എന്ന് പറഞ്ഞു അങ്ങോട്ട് പൊക്കി എടുത്തു ഒരു ടാർ ഇട്ട റോഡിൽ കൊണ്ട് കിടത്തി.

അപ്പോളേക്കും ജനക്കൂട്ടം ആയി അവിടെ, ഞാൻ കൈ പൊക്കി കാണിക്കുന്നുണ്ട്. ഞാൻ എസ് ആകൃതിയിൽ ആണ് കിടക്കുന്നത്. കൈയും കാലും തരിക്കുന്നുണ്ട്. വീണ്ടും ഒരു 10 മിനുട്ട് അവിടെ കിടന്നു. അതിനിടയിൽ ഒരു ആൾ വീഡിയോ എടുക്കുന്നത് കണ്ടിട്ടാണെന്ന് തോന്നുന്നു, ആരോ അയാളോട് ചൂടാവുന്നത് കേട്ടു, ഇപ്പൊ ആണോടോ വീഡിയോ എടുക്കുന്നത് എന്ന്, അതിനു മറുപടി ആയി റിപ്പോർട്ടർ ആണെന്ന് പറയുന്നതും കേട്ടു. ഇങ്ങനെയും ചിലർ ഉണ്ടാവും അല്ലേ?

പിന്നെ കുറച്ചു പേര് വന്നു ഒരു വണ്ടിയുടെ പിന്നിൽ കയറ്റി. ജീപ്പ് ആയിരുന്നു. ലെഫ്റ്റ് സൈഡിൽ ഉള്ള സീറ്റിൽ ആണ് കിടത്തിയത്, ചാരി ഇരിക്കുന്ന സീറ്റിന്റെ മുകളിലും കമ്പിയിലും മാറി മാറി പിടിക്കുന്നു ഞാൻ . വേറെ ആരും വണ്ടിയിൽ കയറിയില്ല എന്ന് തോന്നുന്നു. ഡ്രൈവർ ചേട്ടൻ വേഗം വണ്ടി എടുത്തു, ഓരോ തവണ ബ്രേക്ക് ഇടുമ്പോളും കുഴിയിൽ ചാടുമ്പോൾ വേദന ഇരട്ടി ആവും. ചേട്ടാ മെല്ലെ പൊവ്വു എന്ന് കരയും. റോഡ് മോശം ആണെന്ന് ആ ചേട്ടൻ പറയുകയും ചെയ്തു. 10 മിനിറ്റിൽ ഒരു ഹോസ്പിറ്റലിന്റെ മുന്നിൽ എത്തി എന്ന് പറഞ്ഞു, എന്നിട്ട് സ്ട്രെച്ചർഎടുക്കാൻ വേണ്ടി ഡ്രൈവർ ചേട്ടൻ ഇറങ്ങി പോയി. ഞാൻ ഇവിടെ കിടന്നു ചേട്ടാ എന്ന് വിളിച്ചു കരയുന്നു. ഇവിടെ ഉള്ള സ്ട്രെച്ചർ എല്ലാം അങ്ങോട്ട് പോയി എന്ന് പറയുന്നത് കേൾക്കുന്നുണ്ട്. ഓരോ ആംബുലൻസ് വരുമ്പോൾ ഡ്രൈവർ ചേട്ടൻ സ്ട്രെച്ചർ എടുക്കാൻ നോക്കും പക്ഷേ അപ്പോളേക്കും അത് തിരിച്ചു പോവുകയാണെന്ന് ആ ചേട്ടൻ വന്നു പറഞ്ഞു. വേറെ ആരെയൊക്കെയോ ഈ ജീപ്പ് ഇവിടെ നിന്നും മാറ്റാൻ വേണ്ടി പറയുന്നത് കേട്ട്, അപ്പോ ഡ്രൈവർ ചേട്ടൻ പറയുന്നത് കേട്ടു അതിൽ പരിക്കേറ്റ ഒരാൾ ഉണ്ട് സ്ട്രെച്ചർ കിട്ടാൻ വേണ്ടി കാത്തിരിക്കുന്നു എന്ന്. സമയം പിന്നെയും കടന്നു പോകുന്നു എനിക്ക് ചേട്ടാ എന്നു വിളിക്കാൻ പറ്റാതെ ആയി തുടങ്ങി, ശ്വാസം ശരിക്കും കിട്ടാത്ത ഒരു ഫീൽ. കൈകളും കാലുകളും തരിച്ച് അവശത വന്നിരുന്നു. ഒരു 15 മിനിറ്റ് ഞാൻ ജീപ്പിന്റെ പിന്നിൽ കിടന്നു.

ഒരു ആംബുലൻസ് വന്നത് ഓർമ ഉണ്ട് ഡ്രൈവർ ചേട്ടൻ പറയുന്നത് കേട്ടു, സ്ട്രെച്ചർ ആർക്കും കൊടുക്കരുത് എനിക്ക് വേണം എന്ന്. അത് എടുത്ത് വന്നു കുറച്ച് പേര് കൂടി എന്നെ നേരെ നിവർത്തി കിടത്തി, അപ്പോൾ ആണ് ശ്വാസം ശരിക്കും കിട്ടി തുടങ്ങിയത്. ആശുപത്രി അധികൃതർ ഇവിടെ സ്ഥലം ഇല്ല, വേറെ എങ്ങോട്ടെങ്കിലും കൊണ്ട് പോകൂ എന്ന് പറയുന്നു. അപ്പോ തന്നെ വേറെ ഒരു വണ്ടിയിലേക്ക് എന്നെ മാറ്റി, ക്രൂയിസർ ആണെന്ന് തോന്നുന്നു. ഡ്രൈവർ ചേട്ടന്റെ ഒരു ഫ്രണ്ടും മുൻവശത്ത് കയറി. മിംസിലേക്ക് കൊണ്ട് പോവും എന്ന് പറഞ്ഞാണ് കയറിയത്. വണ്ടി ബ്രേക്ക് ഇടുമ്പോൾ സ്ട്രെച്ചറിൽ ഞാൻ മുന്നോട്ടു പോവുന്നു. വേദന പിന്നെയും കൂടി. ഒപ്പം ഉണ്ടായിരുന്ന ഫ്രണ്ട്നോട് പിന്നിൽ പോയി സ്ട്രെച്ചർ പിടിച്ചു ഇരിക്കാൻ ചേട്ടൻ പറഞ്ഞു. അദ്ദേഹം സ്ട്രെച്ചറിന്റെ രണ്ടു ഭാഗത്തും കൈകൾ കൊണ്ട് പിടിച്ചു, ഞാൻ ഒരു കൈ മുകളിലെ കമ്പിയിലും മറ്റെ കൈ അദ്ദേഹത്തിന്റെ കൈയിലും മുറുകെ പിടിച്ചു.

കുറച്ച് വേദനയിൽ നിന്നും ആശ്വാ



*വിമാനത്തിൽ കയറും മുമ്പ് എയർപോർട്ടിൽ*

**എനിക്ക് ചേട്ടാ എന്നു വിളിക്കാൻ പറ്റാതെ ആയി തുടങ്ങി, ശ്വാസം ശരിക്കും കിട്ടാത്ത ഒരു ഫീൽ. കൈകളും കാലുകളും തരിച്ച് അവശത വന്നിരുന്നു. ഒരു ആംബുലൻസ് വന്നത് ഓർമ ഉണ്ട്**

സം തോന്നിയപ്പോൾ ആണ് എനിക്ക് അയന കുട്ടിയെയും താര ഓപ്പോളെയും എട്ടനെയും പറ്റി ഓർമ വരുന്നതും വീട്ടിലേക്ക് വിളിച്ചു പറയണം എന്നും ഞാൻ ആലോചിക്കുന്നത്. ഏട്ടനും എല്ലാരേയും പറ്റി ആലോചിച്ചപ്പോൾ എനിക്ക് സങ്കടം സഹിക്കാൻ പറ്റിയില്ല, ഞാൻ അവരോടു അത് പറഞ്ഞു കരഞ്ഞു. അവർക്കൊക്കെ എന്താ പറ്റിയെ എന്ന് അറിയില്ല ചേട്ടാ എന്ന്. അവർക്കൊന്നും ഒന്നും ആവില്ല സമാധാനം ആയി ഇരിക്കാനും അവര് പറഞ്ഞു. ഡ്രൈവർ ചേട്ടൻ ഇങ്ങോട്ട് വിളിക്കുന്ന ആൾക്കാരോട് ഒക്കെ പറയുന്നുണ്ട് വണ്ടി എടുത്ത് വേഗം എയർപോർട്ടിലേക്ക് ചെല്ലാൻ ഒക്കെ. എന്റെ പേരൊക്കെ ചോദിച്ചു അവർ. എനിക്ക് ഒന്ന് അമ്മയെ വിളിച്ചു തരുമോ എന്ന് ഞാൻ ചോദിച്ചു, 5 മിനിറ്റിൽ ഹോസ്പിറ്റൽ എത്തും എന്ന് പറഞ്ഞു. വഴിയിൽ വെച്ച് ആരോ മെയ്ത്ര ഹോസ്പിറ്റലിലേക്ക് പോയി നോക്കൂ എന്ന് പറഞ്ഞു, എനിക്ക് വഴി അറിയില്ല എന്നും പറഞ്ഞു ഡ്രൈവർ ചേട്ടൻ. അയാള് നേരെ പോയാൽ മതി എന്നും പറഞ്ഞു. 15 മിനിറ്റ് വീണ്ടും കഴിഞ്ഞു. ഞാൻ എത്താറായില്ലെ എന്ന് ചോദിക്കുമ്പോൾ 5 മിനിറ്റിൽ എത്തും എന്നും പറയുന്നുണ്ട്. വീണ്ടും ഞാൻ അമ്മയെ ഒന്ന് വിളിച്ചു തരുമോ എന്ന് ചോദിച്ചു ഇപ്പൊ എത്തും എന്നിട്ട് വിളിക്കാം എന്നും പറഞ്ഞു.

വേഗം എത്തിക്കാൻ വേണ്ടി ആവും. എത്ര സമയം ആവും എന്ന് വീണ്ടും ചോദിച്ചപ്പോൾ 5 മിനിറ്റ് എന്ന് വീണ്ടും മറുപടി. രണ്ടു ഹമ്പ് ചാടിയപ്പോൾ വല്ലാതെ വേദനിച്ചു. ഹോസ്പിറ്റൽ എത്തി എന്ന് പറയുന്നത് കേട്ടപ്പോൾ തന്നെ സമാധാനം ആയി. ഒരു 30 മിനിറ്റ് എടുത്തു കാണും.

ആശുപത്രിയിൽ എത്തിയതും അകത്തേക്ക് കൊണ്ട് പോയി, പോകുന്ന വഴിക്ക് പേര് ചോദിച്ചു. പരമേശ്വരൻ എന്ന് പറഞ്ഞു കൊടുത്തു. എമർജൻസി വിഭാഗത്തിലേക്ക് കൊണ്ട് പോയി, സ്ട്രെച്ചറിൽ നിന്നും മാറ്റി കിടത്തിയപ്പോൾ വല്ലാതെ വേദനിച്ചു പക്ഷേ ഡോക്ടർമാർ അടുത്ത് ഉണ്ട് എന്ന ആശ്വാസം ഉണ്ടായിരുന്നു. തൊട്ടടുത്ത ബെഡിൽ കിടക്കുന്നതും അവിടെ നിന്നും കൊണ്ടുവന്ന ആരോ ആണ്. എം. ആർ. ഐ യും സി.ടിയും എടുക്കണം എന്ന് പറഞ്ഞു. എവിടെയാ വേദന എന്ന് ചോദിച്ചപ്പോൾ പുറകിൽ കാണിച്ചു കൊടുത്തു. സ്പൈൻ സപ്പോർട്ട് ചെയ്യാൻ ഉള്ള ഒരു പലക പോലത്തെ അതിലേക്ക് നഴ്സുമാർ കഷ്ടപ്പെട്ട്


# അവൾ മരിച്ചില്ല; കൊല്ലരുതേ..!

**കരിപ്പൂർ വിമാനാപകടവും കാലവർഷക്കെടുതിയും ചാനലുകൾക്ക് എരിവും പുളിവും ചേർത്ത വിഭവം മാത്രം. ഈ വ്യാജ വാർത്തകൾ ഉലയ്ക്കുന്ന കുടുംബങ്ങൾ എത്രയെന്ന് ഇവർ നോക്കുന്നതേയില്ല.**

അയന രവിശങ്കർ ആശുപത്രിയിൽ

## തെറ്റാണെന്ന് പറഞ്ഞിട്ടും തിരുത്തിയില്ല

*തെറ്റായ വാർത്തകളും അവരുടെ ദുരന്തത്തിനു ആഴം കൂട്ടി*

പൊക്കി കിടത്തി. ഡ്രസ്സ് ഒക്കെ കത്രിക വെച്ച് കീറി. പാന്റ്റിന്റെ പോക്കറ്റിൽ ഒരു ഫോൺ ഉണ്ട് പക്ഷേ അത് എനിക്ക് എടുക്കാൻ പറ്റിയില്ല ഇതുവരെ കിറ്റിലൂടെ കയ്യിട്ടു വേണം എടുക്കാൻ. കയ്യു താഴേക്ക് പോവുന്നില്ല വേദന കാരണം. അതിൽ ഇന്ത്യൻ സിം ഓഫ്‌ലൈൻ ആണ്. പേഴ്സും ഫോണും ഒക്കെ എടുത്ത് സെക്യൂരിറ്റിടെ അവിടെ കൊടുക്കാൻ പറഞ്ഞു ഡോക്ടർ.

നഴ്സ്മാരോടു കുറെ പറയുന്നുണ്ട് അമ്മയെ ഒന്ന് വിളിച്ചു തരുമോ ഏട്ടനും ഫാമിലിയും ഫ്ളൈറ്റിൽ ഉണ്ട് അവർക്കൊക്കെ എന്താ പറ്റിയത് എന്ന് അറിയില്ല എന്നൊക്കെ. അപ്പോ MRI കഴിഞ്ഞിട്ട് വിളിക്കാം എന്നും പറഞ്ഞു. എം. ആർ. ഐ എടുക്കാൻ കൊണ്ട് പോയി, വേറെ ആരുടെയോ എം. ആർ. ഐ എടുക്കുന്നുണ്ട്. അവിടെ പുറത്ത് കുറച്ചു നേരം കാത്തു. അപ്പോളും അമ്മയെ വിളിച്ചു ചോദിക്കാൻ പറ്റാത്തതിന്റെ വിഷമവും അവരെ ആലോചിച്ചു സങ്കടവും ഒക്കെ ഉണ്ട്. എം. ആർ. ഐ എടുത്തു. വേഗം റൂമിലേക്ക് മാറ്റി, ദിവാകരേട്ടനും കല്യാണം കഴിക്കാൻ പോകുന്ന ശിശിരയും അവരുടെ ഫാമിലിയും താഴേ വന്നിട്ടുണ്ട് എന്ന് ആരോ വന്നു പറഞ്ഞു.

എന്തെങ്കിലും വേണോ എന്ന് ഒരു ഏട്ടൻ വന്നു ചോദിച്ചു, അമ്മയെ ഒന്നു വിളിച്ചു തരുമോ എന്ന് ചോദിച്ചു നമ്പർ പറഞ്ഞു കൊടുത്തു. ശ്രീദേവി ചെറിയമ്മ ആണ് ഫോൺ എടുത്തത്, ആ ഏട്ടൻ എന്നെ പറ്റി ഒക്കെ പറഞ്ഞു എന്നിട്ട് സംസാരിച്ചോളാൻ പറഞ്ഞു ഫോൺ എടുത്ത് പിടിച്ചു തന്നു. ശ്രീ എനിക്കു കുഴപ്പം ഒന്നും ഇല്ല ഏട്ടനും താര ഓപ്പോൾക്കും അയന കുട്ടിക്കും എങ്ങനെ ഉണ്ട് എന്ന് ചോദിച്ചു അവർക്കൊന്നും കുഴപ്പം ഇല്ല എന്നും പറഞ്ഞു. അമ്മ എവിടെ എന്ന് ചോദിച്ചു. ഇപ്പൊ കൊടുക്കാം എന്ന് പറഞ്ഞു. അമ്മയോട് സംസാരിച്ചു അവരൊക്കെ ഓക്കേ അല്ലേ എന്ന് വീണ്ടും ചോദിച്ചു, അമ്മ പറഞ്ഞപ്പോൾ ഒന്നുടെ വിശ്വാസം ആയി. കണ്ണ് നിറഞ്ഞു ഒഴുകുന്നു അമ്മയോട് സംസാരിച്ചപ്പോൾ.

എല്ലാരും സുഖം ആയി ഓരോ ആശുപത്രിയിൽ ഉണ്ട് എന്ന് കേട്ട സമാധാനത്തിൽ ഫോൺ ആ ചേട്ടന് കൊടുത്തു. വല്ലാതെ സന്തോഷം തോന്നിയ ഒരു നിമിഷം. ഒരു ദീർഘ നിശ്വാസം. ആ ചേട്ടൻ പോയി എന്റെ ഫോൺ എടുത്ത് കൊണ്ടുവന്നു തന്നു, ശിശിരയെയും വിളിച്ചു സംസാരിച്ചപ്പോൾ സന്തോഷം ആയി.

ഒരുപാട് പേരോട് നന്ദി പറയാൻ ഉണ്ട്. കൊണ്ടോട്ടിക്കാരോട് പറഞ്ഞാൽ തീരാത്ത നന്ദി, രണ്ടു ഡ്രൈവർ ചേട്ടൻമാരോട്. എന്റെ ഒപ്പോം വണ്ടിയിൽ ഇരുന്നു ഞാൻ മുറുകെ കയ്യിൽ പിടിച്ച ആ ചേട്ടനോട്. മെയ്ത്ര ഹോസ്പിറ്റൽ ഡോക്ടർമാരോടും നഴ്സുമാരോടും. ഫോൺ വിളിച്ചു തന്ന ചേട്ടനോട്. അങ്ങനെ ഒരുപാട് പേരോട്. അയന കുട്ടിയെയും എട്ടനേം താര ഒപ്പോളെയും ആശുപത്രികളിൽ എത്തിച്ച എല്ലാരോടും. വിവരങ്ങൾ അറിയാൻ വേണ്ടി സഹായിച്ച ദുബൈയിലും നാട്ടിലും ഉള്ള എല്ലാ സുഹൃത്തുക്കൾക്കും. ഈ കൊറോണ കാലത്തും ഒപ്പം ആശുപത്രിയിൽ നിന്ന ദിവാകരേട്ടൻ, ഇന്ദ്രേട്ടൻ, മിഥുൻ ഏട്ടൻ, രാമു, ഹരി ഏട്ടനും, സുമ ചിറ്റ എന്നിവർക്കും. ദൈവത്തിനോടും. താങ്ക് യൂ വെരി മച്ച്. മറക്കില്ല ഒരിക്കലും.



# നടുങ്ങിപ്പോയ രാത്രി

**രാമു അഴകത്ത്**



ആഗസ്റ്റ് 7 രാത്രി 8.30 മണി നേരം. ഞാൻ ഒരു ഫോണിൽ സംസാരിച്ചിരിക്കവേയാണ് എന്റെ മറ്റൊരു ഫോണിൽ വല്യച്ഛന്റെ വിളി വന്നത്. പതിവുപോലെ ചോദിച്ചു എന്താ വല്ല്യച്ഛാന്ന്. ധൃതിയിൽ പറഞ്ഞു. ടി.വി ഒന്ന് വയ്ക്ക് .ന്യൂസ് ഒന്ന് നോക്ക്. കണ്ണൻ വരുന്ന വിമാനമാണോ എന്നറിയില്ല, ഒരു അപകടം സംഭവിച്ചിരിക്കുന്നു കരിപ്പൂരിൽ.

ഓടി വന്ന് ടി. വി വച്ച് നോക്കുന്നതിനിടയിൽ അച്ഛനോടും അമ്മയോടും ഞാൻ ചെറിയ ശബ്ദത്തിൽപറഞ്ഞു കണ്ണൻ വന്ന വിമാനമാണെന്ന് തോന്നുന്നു. ശ്വാസത്തിന്റയും, ഹൃദയമിടിപ്പിന്റയും വേഗം കൂടി.

ഒന്നുറപ്പിച്ചു. ഇത് കണ്ണൻ വരുന്ന വിമാനം തന്നെ AIE IX -1344..എന്റെ മനസ്സ് ഒന്ന് മന്ത്രിച്ചു അവർ എവിടേയോ സുരക്ഷിതരാണെന്ന്.

ഒട്ടും വൈകാതെ തന്നെ പോവാൻ തീരുമാനിച്ചു. തിടുക്കത്തിൽ ഉള്ള ഓട്ടത്തിൽ അമ്മയും, ഭാര്യ ശരണ്യയും പറയുന്നത് കേൾക്കുന്നില്ലാത്ത മട്ടിലായിരുന്നു ഞാൻ.

‘എന്തേലും കഴിച്ചിട്ട് പോവൂ’ മാതൃഹൃദയങ്ങളെ വേദനിപ്പിക്കരുത് എന്ന് എനിക്കും തോന്നി. ധൃതിയിൽ വാരി, വാരി കഴിച്ചു. കഴിക്കുന്നത് എന്താന്ന് നോക്കാൻ പോലും മനസ് സമ്മതിച്ചില്ല.ലോക്ക് ഡൗണും രാത്രിയും ആയതിനാൽ ഇന്ധനം ഫുൾ ടാങ്ക് ഉള്ള അപ്പു അപ്ഫന്റെ കാർ തന്നെ എടുത്തു. ദൂരം സുമാർ 80 കി മീറ്റർ

**അഞ്ചാം നിലയിലെ പീഡിയാട്രിക് ഐ.സി.യു ലക്ഷ്യമാക്കി ഓടി. ഒരാൾക്കേ അപ്പോൾ പ്രവേശനം ലഭിച്ചുള്ളൂ. ഹരിയേട്ടൻ പുറത്ത് നിന്ന് ഫോൺ വിളികൾ നിയന്ത്രിച്ചു.**

**വലിയ തോതിൽ നെഞ്ചിടിപ്പ് ഉയർന്നു. കൈമുതലുള്ള അനുഭവ കഥകളേ ഒന്നോർമിച്ച് ഐ.സി.യു വാതിൽ തുറന്ന് അകത്ത് ചെന്നു. ദൈവങ്ങളെ മനോബലം തരണേ എന്ന് പ്രാർത്ഥിച്ചു.**

വരും. ചെറിയമ്മയുടേയും, കുഞ്ചപ്ഫന്റെയും മുഖത്തേക്ക് ഒന്ന് കണ്ണോടിച്ച് ആശ്വാസ വാക്കുകൾ പറഞ്ഞ് വണ്ടി എടുത്തു യാത്രയായി.

കൂടെ ഹരിയേട്ടനേം കൂട്ടി. പെങ്ങൾമാരേ വേളി കഴിച്ചവരോടും കൂടേ വരാൻ പറഞ്ഞു. യാത്രയുടെ തുടക്ക സമയത്ത് തന്നെ അനിയേട്ടന്റെയും, താരോപ്പോളുടേയും വിവരങ്ങൾ ലഭ്യമായി.അവർ മഞ്ചേരി മെഡിക്കൽ കോളേജിലാണ്. അപ്പോൾ തന്നെ അളിയൻമാർ 2 പേരോടും ( മിഥുൻ പടിഞ്ഞാറേപ്പാട് ,ഇന്ദ്രനാഥൻ പുത്തില്ലം) അവിടേക്ക് പോവാൻ പറഞ്ഞു.

ഞാനും ഹരിയേട്ടനും കൂടി വിവരം ലഭിക്കാതിരുന്ന കണ്ണനേപറ്റിയും യാമി കുട്ടിയെപറ്റിയും ഉള്ള വ്യഗ്രതയിൽ നേരേ കോഴിക്കോട് ലക്ഷ്യമാക്കി യാത്ര തുടർന്നു.

കണ്ണ് മൂടി കെട്ടിയ അവസ്ഥ അനുഭവപ്പെടുന്ന തോരാത്ത മഴ. മോറിസ് ഗ്യാരേജ് ഹെക്റ്റർ എന്ന വാഹനത്തിലെ എഫിഷൻസിയും ചുറു ചുറുക്കും ,ഭദ്രതയും പിന്നീട് ആലോചിച്ചപ്പോൾ എന്നിൽ വലിയ ആശ്ചര്യം സൃഷ്ടിച്ചു.

ഒരു മണിക്കൂർ 15 മിനിറ്റുകൾക്കകം ഞങ്ങൾ ലക്ഷ്യസ്ഥാനത്ത് എത്തി. യാത്രാവേളയിൽ ഹരിയേട്ടൻ മൊബൈൽ കൺട്രോൾ റൂം വഴി രണ്ടു പേരുടേയും വിവരങ്ങൾ ലഭ്യമാക്കി. കണ്ണന്റെ അടുത്തേക്ക് ദിവാകരേട്ടൻ (പട്ടലൂർ)മെയ്ത്ര ആശുപത്രിയിൽ എത്തിചേരാൻ പറഞ്ഞു. ഞങ്ങൾ ബേബി മെമ്മോറിയലിൽ എത്തി. ദൈവദൂതനായ റഹ്മാനെ നമ്പറിൽ വിളിച്ച് കുട്ടിയുടെ വിവരം ആകാംഷയോടെ ചോദിച്ചു.

ഞങ്ങളുടെ മനസ്സിന്റെ വിങ്ങൽ അനുഭവപ്പെടുന്ന റഹ്മാൻ മറുപടി പറഞ്ഞു ‘പേടിക്കേണ്ട കുട്ടിക്ക് നിസാരമായ പരിക്കുകളേയുള്ളൂ ധൈര്യമായിരിക്കൂ’ തികച്ചും ജനിക്കാതെ പോയ ഒരു കൂടപ്പിറപ്പിനെയാണ് ഞാൻ അദ്ദേഹത്തിൽ കണ്ടത് . ആശുപത്രിക്കാരുമായി ഞങ്ങളെ കൂട്ടിയിണക്കി ഒരു ചെറു പുഞ്ചിരിയോടെ അയാൾ പറഞ്ഞു ‘ഞങ്ങൾ ന്നാ പോവാട്ടോ. മോളുടെ കോവിഡ് റിസൽട്ട് വന്നാലും ഇല്ലേലും ഒന്ന് വിളിക്കണേ ഞങ്ങൾ ഏതായാലും ക്വാറണ്ട്യേൻ ആവാൻ പോവുകയാ ശരി ട്ടോ’

കോറോണ പോലും ഈ മനുഷ്യത്വത്തിനു മുന്നിൽ മുട്ടുകുത്തി പോവും എന്ന് തോന്നിപോയി.

അഞ്ചാം നിലയിലെ പീഡിയാട്രിക് ഐ.സി.യു ലക്ഷ്യമാക്കി ഞാൻ ഓടി. ഒരാൾക്കേ അപ്പോൾ ആശുപത്രിക്കുള്ളിൽ പ്രവേശനം ലഭിച്ചുള്ളൂ. ഹരിയേട്ടൻ പുറത്ത് നിന്ന് ഫോൺ വിളികൾ നിയന്ത്രിച്ചു.

വലിയ തോതിൽ നെഞ്ചിടിപ്പ് ഉയർന്നു കൈമുതലുള്ള അനുഭവ

കഥകളേ ഒന്നോർമിച്ച് ഐ.സി.യു വാതിൽ തുറന്ന് അകത്ത് ചെന്നു. ദൈവങ്ങളെ മനോബലം തരണേ എന്ന് പ്രാർത്ഥിച്ചു. വാതിൽ തുറന്നതും ഒന്നാമത്തെ കട്ടിലിൽ തന്നെ യാമി(അയന)ക്കുട്ടി കിടക്കുന്നു. മുഖം മുതൽ കാൽ വരെ കണ്ണോടിച്ചു. ഭാഗ്യം കുട്ടിക്ക് ബോധം ഉണ്ട്. ഇന്നലെ വരെ ഓടിക്കളിച്ചവൾക്ക് ഇരു കാലും അനക്കാൻ പറ്റാത്ത അവസ്ഥ.

വേദനയെ തോൽപ്പിക്കാൻ വെമ്പൽ ക്കൊള്ളുന്ന ആ പിഞ്ചുമനസ്സ് ആകെ കൂടി എനിക്ക് മുന്നേയില്ലാത്തൊരു അനുഭവം സമ്മാനിച്ചു.

തളരാതെ നിൽക്കാൻ ഞാൻ ശ്രമിച്ചു ബാക്കിയുള്ള ബെഡ്ഡിലേക്കെല്ലാം ഞാൻ ഒന്ന് നോക്കി

ഇത്തരം സാഹചര്യം മുൻപരിചയം ഇല്ലാത്തവർക്ക് ആ കാഴ്ച്ച സഹിക്കാൻ പറ്റുന്നതിലും അപ്പുറമായിരുന്നു. അപകടത്തിൽപ്പെട്ട വിമാനത്തിലെ 10 ൽ 6 കുട്ടികളും ഇതാ എന്റെ മുന്നിൽ ഐ.സി.യുവി ന്റെ കൊടും തണുപ്പിൽ ചിലർ ഉടുതുണി പോലും ഇല്ലാതെ പരുക്കുകളോടെ ഇരിക്കുന്നു.

ഞാനും ഒരച്ഛനാണ് .6 പേരുടേയും നിഷ്കളങ്കമായ മുഖത്തും എന്റെ മകന്റെ മുഖമാണ് കണ്ടത്.

ശ്വാസത്തെ നിയന്ത്രിക്കാൻ പോലും പാടുപ്പെട്ടു.

കുട്ടികളുടെ നിഷ്കളങ്കത്വം, അവർക്ക് പറ്റിയ പരുക്കുകളുടെ ഗൗരവം അറിയാതെയുള്ള ഇരുപ്പും നിലവിളിയും, പി.പി.ഇ കിറ്റ് ധരിച്ചവരെ കാണുമ്പോൾ ഉള്ള ഭയാനകത്വവും നിലവിളികളും എന്നെ ഏറെ അസ്വസ്ഥനാക്കി.

കുഞ്ഞു മക്കളുടെ ബന്ധുക്കൾ പലരുടേയും കൂടെ ഉണ്ടായിരുന്നില്ല. ആറു പേരും എന്റെ മക്കളായി. നഴ്സ്മാർ ,ഡോക്ടർമാർ ഇടതടവില്ലാതെ ഏല്ലാവരേയും പരിചരിക്കുന്നു. അവർക്കിത് നിത്യകാഴ്ച്ച.അവർചെയ്യുന്ന സേവനത്തിന്റെ മൂർത്തഭാവം അടുത്ത് നിന്ന് അനുഭവിച്ചറിയാൻ സാധിച്ചതിന്റെ അനുഭൂതി. 'ദൈവമേ ഇവരും മനുഷ്യരല്ലെ എന്ന് തോന്നി പോയി'.

അപകട സമയത്ത് അമ്മയുടെ കയ്യിൽ നിന്ന് പിഞ്ചോമന തെറിച്ച് പോയി എവിടേയോ വീണ് തലക്ക് ഗുരുതര പരിക്ക് പറ്റിയ കുഞ്ഞു കുരുന്നിന്റെ ബോധ പൂർണമായ അവസ്ഥ. അതും പെറ്റമ്മ ഏവിടേയാണോ എന്ന് പോലും അറിയാതെ ഇരിക്കുന്ന കാഴ്ച്ച. തലയിൽ ഏൽപ്പിച്ചിട്ടുള്ള മുറിയുടെ ആഘാതത്തിന്റെ വ്യാപ്തി - ഹോ കരളലിയിപ്പിക്കുന്ന രംഗം.

**കുട്ടികളുടെ നിഷ്കളങ്കത്വം, അവർക്ക് പറ്റിയ പരുക്കുകളുടെ ഗൗരവം അറിയാതെയുള്ള ഇരുപ്പം നിലവിളിയും, പി.പി.ഇ കിറ്റ് ധരിച്ചവരെ കാണുമ്പോൾ ഉള്ള ഭയാനകത്വവും നിലവിളികളും ഏറെ അസ്വസ്ഥനാക്കി.കുഞ്ഞു മക്കളുടെ ബന്ധുക്കൾ പലരുടേയും കൂടെ ഉണ്ടായിരുന്നില്ല. ആറു പേരും എന്റെ മക്കളായി.**

പെറ്റമ്മ തനിച്ചാക്കി പോയതറിയാതെ സുഖമായി ഉറങ്ങുന്ന 3 വയസ്സ് കാരി.മൂത്ത കുട്ടിയുടെ കൂട്ടിരിപ്പിന് ഇടയിലും ഇളയ കുട്ടിയെ കുറിച്ച് വിവരം ഒന്നും അറിയാതെ വിഷമിക്കുന്ന ഒരു അമ്മയുടെ വേദന.എല്ലാ കുട്ടികളുടേയും അടുത്ത് വന്ന് ആകാംഷയോടെ ഒരോരുത്തരേയും നോക്കി ഇതാവണേ എന്റെ പിഞ്ചോമന എന്ന് അറിയാൻ വേണ്ടിയുള്ള വ്യഗ്രത ആ അമ്മയുടെ കണ്ണിൽ കണ്ടു.

നിർഭാഗ്യവശാൽ വേറൊരു ആശുപത്രിയിൽ ആ പിഞ്ചു പൈതൽ (ഒന്നര) ഇഹലോകവാസം വെടിഞ്ഞു എന്ന് ഏറെ ദുഃഖിപ്പിക്കുന്ന വാർത്ത ആ അമ്മ മനസ്സിന് താങ്ങാവുന്നതിനപ്പുറമായിരുന്നു.

ജന്മനാട്ടിലേക്ക് മടങ്ങുന്നതിന് മുന്നേ പകർത്തിയ ചിത്രങ്ങൾ മൊബൈലിൽ കാണിച്ചു തരുമ്പോൾ പിഞ്ചോമനയേയും ചേർത്ത് പിടിച്ച് വിങ്ങൽ മറക്കാൻ ശ്രമിക്കുന്ന ബന്ധുവായ ഒരച്ഛന്റ പെടാപ്പാട് കാണുന്നുണ്ടായിരുന്നു. ജനിക്കാതിരുന്നെങ്കിൽ എന്ന് തോന്നിപ്പോയനിമിഷം.

ബന്ധുക്കൾ എത്താതെ 'അമ്മേ ....അമ്മേ' .. എന്ന് വാശി പിടിച്ച് തളർന്നിരിക്കുന്ന കുരുന്നിനെ സമധാനിപ്പിക്കാൻ പാടുപെടുന്ന മാലാഖമാരുടെ നിസഹായ അവസ്ഥ. കൂട്ടത്തിൽ ഒരു മാലാഖ എന്നോട് പറഞ്ഞു 'ചേട്ടാ ഒരു പാക്കറ്റ് ബിസ്കറ്റ് കിട്ടുമോ എവിടുന്നേങ്കിലും എന്ന് ഒന്ന് പോയി നോക്കി വരുമോ'

കേട്ടപാതി ഞാൻ ലിഫ്റ്റിന് കാത്ത് നിൽക്കാതെ അഞ്ചാം നിലയിൽ നിന്ന് താഴോട്ട് ഓടി രാത്രി സമയം 2 മണി കാന്റീൻ അടച്ചിരിക്കുന്നു. ലോക് ഡൗൺ ആയതിനാൽ പുറത്ത് കടകൾ ഉണ്ടാവില്ല എന്ന് ഊഹിച്ചു. റിസപ്ഷനിൽ ചെന്ന് കാര്യം പറഞ്ഞു 'സർ ഒന്ന് വെയ്റ്റ് ചെയ്യു എന്ന് പറഞ്ഞു'

കരച്ചിൽ മാറാത്ത പിഞ്ചു പൈതലിന്റെ മുഖം ആയിരുന്നു ആ സമയം എന്റെ മനസ്സിൽ.

അൽപ്പനേരത്തിന് ശേഷം അവർ കയ്യിൽ ഒരു ബിസ്കറ്റ് പാക്കറ്റ് പിടിച്ച് ഓടി വന്നു ഒരമ്മയുടെ കരുതൽ ആ പേരറിയാത്ത ചേച്ചിയിൽ നിന്നും എനിക്കനുഭവപ്പെട്ടു.

വിലമതിക്കാനാവാത്ത എന്തോ ലഭിച്ച സന്തോഷത്തിൽ താങ്ങ്സ് പറഞ്ഞ് ഞാൻ അഞ്ചാം നിലയിലേക്കോടി - പി.പി.ഇ കിറ്റ് ധരിച്ചിരുന്ന വരെല്ലാം എനിക്ക് മാലാഖമാരായി തോന്നി.കുറച്ചെങ്കിലും കരച്ചിൽ നിർത്താൻ ശ്രമിച്ച അവൾ എന്റെ മനസ്സിന് തണുപ്പേകി.

അയന കുട്ടി അപ്പോളും സെഡേഷന്റെ മയക്കത്തിൽ ആയിരുന്നു. എന്റെ കുടുംബത്തിലെ 4 പേർക്കുംഫ്രാക്ചറുകൾ സംഭവിച്ചു എന്നല്ലാതെ സാരമായി ഒന്നും പറ്റിയിട്ടില്ല എന്നും ഇതിനിടയിൽ അറിഞ്ഞു. എന്റെ ഐ.സി.യു അനുഭവങ്ങൾ കുടുംബത്തിലെ 4 പേരുടെ മുറിവിനേക്കാൾ വലുതായിരുന്നു എന്ന് തോന്നിപ്പോയി.

അതല്ലെങ്കിൽ അവരുടെ ദുഃഖത്തിൽ എന്നെ ആശ്വസിപ്പിച്ചത് എന്റെ ഈ അനുഭവ നിമിഷങ്ങളായിരുന്നു. മറ്റൊന്നിനും വേണ്ടി എഴുതാൻ പ്രേരിപ്പിച്ചതല്ല മറിച്ച് നമ്മൾ എത്ര ഭാഗ്യവാൻമാരാണ് ഒരോ നിമിഷവും എന്ന ഒരു ചിന്ത കൂടപ്പിറപ്പായി കരുതുവാൻ നമുക്ക് പറ്റിയാൽ.ഉള്ളതിൽ തൃപ്തിപ്പെടാനും ഇല്ലാത്തതിനെ കുറിച്ച് സങ്കടപ്പെടാതിരിക്കാനും നമുക്കായാൽ.......നമ്മൾ ഒരോരുത്തരും ധനികരായി തീരും .ഉറവ ഒരിക്കലും വറ്റാത്ത ധനികർ.

മനുഷ്യൻ എന്ന മതവും മനുഷ്യത്വം എന്ന ജാതിയും മാത്രമുള്ള ദൈവദൂതരായിട്ടുള്ള പേരറിയാത്ത ഒത്തിരിപ്പേർ ,ഡോക്ടർമാർ, നഴ്സ്മാർ ,ആശുപത്രി വൃത്തങ്ങൾ, അറിഞ്ഞും അറിയാതേയും എല്ലാവർക്കും നല്ലത് മാത്രം വരുത്തണേ എന്ന പ്രാർത്ഥന മാത്രം. ഒരോ നിമിഷവും ദൈവത്തോട് നന്ദി പറയാം. സ്നേഹപൂർവ്വം,

**നിതീഷ് എന്ന രാമു അഴകത്ത്**

(ഗുരുവായൂർ ദേവസ്വം ഇലക്ട്രിക്കൽ വിഭാഗത്തിൽ ജോലിയാണ് രാമുവിന്. അപകടത്തിൽപെട്ട അഴകത്ത് പരമേശ്വരനും (കണ്ണൻ) അഴകത്ത് രവിശങ്കറും രാമുവിന്റെ അഫന്റെ മക്കൾ.അഫ്ഫന്റ പേര് ദാമോദരൻ നമ്പൂതിരിപ്പാട്.അച്ഛൻ അഷ്ടമൂർത്തി നമ്പൂതിരിപ്പാട് .അമ്മ രതി അന്തർജനം. ഭാര്യ ശരണ്യ, മകൻ സാദ്ധ്യനാരായൺ

**മൊബൈൽ 9495811386 )**

അറിയേണ്ട നമ്പൂതിരി



# ഈ ശാസ്ത്രജ്ഞൻ ഒരു ശാന്തിക്കാരനാണ്

ഇപ്പോൾ ഹൈദ്രബാദ് ടി. ഐ എഫ് ആറിൽ (ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച് ) ൽ അസോസിയേറ്റ് പ്രഫസർ .കണ്ടുപിടിത്തങ്ങളും നൂറിലധികം റിസർച്ച് പേപ്പറുകളുടെ തിളക്കവും ചേർന്നതാണ് നാരായണന്റെ പ്രൊഫൈൽ.. എന്നാൽ അദ്ദേഹത്തിന്റെ ബയോഡാറ്റയിൽ കാണാത്ത ഒന്നുണ്ട് .ഹ്യൂസ്റ്റണിലെ പ്രശസ്തമായ ഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ 3 വർഷം പൂജാരിയായിരുന്നു ഡോക്ടർ ടി. എൻ നാരായണൻ

**വിനോദ് മങ്ങത്തായ**



വർഷം 2010 . പി.എച് ഡി കഴിഞ്ഞ വിദ്യാർത്ഥി ടി എൻ നാരായണൻ കൊച്ചി സർവ്വകലാശാല വൈസ് ചാൻസലർ രാമചന്ദ്രൻ തെക്കേടത്തിനെ കാണാനെത്തുന്നു . പോസ്റ്റ് ഡോക് പഠനത്തിന് യു എസിലെ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേരാൻ വേണ്ടി എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് വേണം .ഒപ്പം അകന്ന ബന്ധു കൂടിയായ പുതിയ വൈസ് ചാൻസലറെ കാണുകയുമാവാം . ഇതായിരുന്നു നാരായണന്റെ ചിന്തകൾ .ഹ്യൂസ്റ്റണിൽ തനിക്ക് സെലക്ഷൻ ആയെന്ന് നാരായണൻ വൈസ് ചാൻസലറോട് സന്തോഷത്തോടെ പറഞ്ഞു .അമേരിക്കൻ പശ്ചാത്തലമുള്ള വി.സി ഒരു നിമിഷം ആലോചിച്ചത്രെ . തുടർന്ന് നാരായണനോട് ഒറ്റച്ചോദ്യമായിരുന്നു. 'തനിക്ക് പൂജ അറിയോ' .

യു എസിൽ ഹ്യൂസ്റ്റണിലെ റൈസ് ഇൻസ്റ്റിറ്റ്യൂട്ടിൽ നാരായണൻ ഗവേഷണത്തിന് ജോയിൻ ചെയ്തതും പ്രശസ്തരായ ശാസ്ത്രജ്ഞരുടെ കൂടെ പ്രവർത്തിച്ചതും ചരിത്രമാണ് .

ഡോക്ടർ ടി. എൻ നാരായണൻ ഇപ്പോൾ ഹൈദ്രബാദ് ടി. ഐ എഫ് ആറിൽ ( ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച് ) ൽ അസോസിയേറ്റ് പ്രഫസർ .കണ്ടുപിടിത്തങ്ങളും നൂറിലധികം റിസർച്ച് പേപ്പറുകളുടെ തിളക്കവും ചേർന്നതാണ് നാരായണന്റെ പ്രൊഫൈൽ..

എന്നാൽ അദ്ദേഹത്തിന്റെ ബയോ ഡാറ്റയിൽ കാണാത്ത ഒന്നുണ്ട് .ഹ്യൂസ്റ്റണിലെ പ്രശസ്തമായ ഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ 3 വർഷം പൂജാരിയായിരുന്നു ഡോക്ടർ ടി. എൻ നാരായണൻ .

നാരായണൻ തുടരുന്നു:

ഹ്യൂസ്റ്റണിൽ ഇന്ന് കാണുന്ന ക്ഷേത്രസമുച്ചയം നിർമ്മിക്കുന്നതിനൊക്കെ മുമ്പുള്ള സമയമായിരുന്നു അത് .ഹ്യൂസ്റ്റണിലെ ഉത്സാഹികളായ ഹിന്ദു സൊസൈറ്റി ഗുരുവായൂരപ്പന്റെ ക്ഷേത്രം ചെറിയ രീതിയിൽ ആരംഭിച്ചു . താൽക്കാലിക കെട്ടിടം . കരിയന്നൂർ ദിവാകരൻ നമ്പൂതിരിപ്പാട് ആണ് തന്ത്രി . അദ്ദേഹത്തിന്റെ കാർമികത്വത്തിൽ ഷഡാധാര പ്രതിഷ്ഠയൊക്കെ അക്കാലത്തായിരുന്നു . ഞാൻ ഗവേഷണത്തിനു ചേർന്ന സമയം .ഹ്യൂസ്റ്റൺ ക്ഷേത്രം സംഘാടകരിൽ പ്രധാനി ഒരു രാമചന്ദ്രൻ സാറായിരുന്നു .അദ്ദേഹത്തെ ചെന്നു കാണാനായിരുന്നു വൈസ് ചാൻസലർ രാമചന്ദ്രൻ തെക്കേടത്ത് എന്നോട് പറഞ്ഞിരുന്നത് .ക്ഷേത്രത്തിലേക്ക് കേരളീയ രീതിയിൽ പൂജ കഴിക്കാനായി ഒരു ബ്രാഹ്മണനെ വേണ്ട സമയമായിരുന്നു . അങ്ങിനെ ഞാൻ ഹ്യൂസ്റ്റണിൽ ഗുരുവായൂരപ്പന്റെ കീഴ്ശാന്തിയായി .ജോലി എന്നതിനപ്പുറത്ത് ഒരു സേവനവും അർപ്പണവുമായിരുന്നു അത് .നിത്യപൂജകൾ മുടക്കം കൂടാതെ വേണം . ആദ്യമൊന്നും എനിക്ക് സ്വന്തം കാർ ഉണ്ടായിരുന്നില്ല. പ്രഭാതത്തിലും വൈകുന്നേരവും താമസിക്കുന്നിടത്തു നിന്ന് എന്നെ അവർ വണ്ടിയിൽ അമ്പലത്തിലേക്ക് കൊണ്ടുവരും. മലർ നിവേദ്യം, ഗണപതി ഹോമം, ഗുരുവായൂരപ്പന് പൂജ, ഉപദേവന്മാരായ ശാസ്താവിനും ഭദ്രകാളിക്കും നിവേദ്യം .യു.എസിൽ തന്നെ ജോലി നോക്കിയിരുന്ന ചൊവ്വൂർ പട്ടേരിയും മേലാളായി കൂടെ ഉള്ളത് ധൈര്യമായി. അമ്പലത്തിൽ രണ്ടു പേർക്ക് പിടിപ്പതു പണിയുണ്ട്. തികച്ചും കേരളീയമായ ചിട്ടകൾ. ശുദ്ധാശുദ്ധമൊക്കെ ഞങ്ങളും ആവുംവിധം പാലിച്ചു വന്നു. ക്ഷേത്രം പരിശുദ്ധമാവണം എന്ന സ്പിരിറ്റിൽ ഭക്തരുമായി കൂട്ടി തൊടാറൊന്നും ഇല്ലായിരുന്നു .അങ്ങിനെ ഒരു വർഷം കഴിഞ്ഞപ്പൊഴേക്കും അവിടെ ഫുൾ ടൈം പൂജാരി വന്നു .ഞാൻ ഞായറാഴ്ചകളിലും മറ്റു വിശേഷ ദിവസങ്ങളിലും സ്ഥിരം പൂജാരിയായ മംഗലത്തിന് പകരക്കാരനായി .മൂന്നു കൊല്ലത്തോളം ഗുരുവായൂരപ്പന്റെ പൂജാരിയാവാൻ എനിക്ക് ഭാഗ്യമുണ്ടായി എന്ന് പറയാം. ഇപ്പോൾ അവിടെ കാണിപ്പയ്യൂരിന്റെ പ്ലാനിൽ തീർത്ത



*ഡോ.നാരായണൻ ഭാര്യ നീതുവിനും അച്ഛനമ്മമാർക്കുമൊപ്പം*

**മൂന്നു കൊല്ലത്തോളം ഗുരുവായൂരപ്പന്റെ പൂജാരിയാവാൻ ഭാഗ്യമുണ്ടായി . കാണിപ്പയൂരിന്റെ പ്ലാനിൽ തീർത്ത ഗംഭീര ക്ഷേത്രമാണ്. സാക്ഷാൽ ഗുരുവായൂരിന്റെ മിനിയേച്ചർ. ടെക്സാസിലെ പ്രസിദ്ധമായ റൈസ് ഇൻസ്റ്റിട്യൂട്ടിലായിരുന്നു ഗവേഷണം .**

ഗംഭീര ക്ഷേത്രമാണ്. സാക്ഷാൽ ഗുരുവായൂരിന്റെ മിനിയേച്ചർ.

ടെക്സാസിലെ പ്രസിദ്ധമായ റൈസ് ഇൻസ്റ്റിട്യൂട്ടിലായിരുന്നു എന്റെ ഗവേഷണം. ഫിസിക്സിലെ ലോകോത്തര പ്രതിഭയായ ഡോക്ടർ അജയൻ പുളിക്കലിന്റെ ടീമിൽ. പ്രൈവറ്റ് ഫണ്ടഡ് വർക്ക് ആണ്. ടൈം ബൌണ്ടും. സമയത്തിന് തീർത്തില്ലെങ്കിൽ പൈസ കിട്ടില്ലെന്ന് സാരം. ദിവസത്തിന് 24 മണിക്കൂർ മതിയാകാത്ത കാലം. തീർത്താൽ തീരാത്ത ജോലികൾ. ഉറക്കം നന്നെ കുറവ്. സത്യത്തിൽ അക്കാലത്ത് എന്റെ മനസ്സിന് ശാന്തി തന്നിരുന്നത് സാക്ഷാൽ ഗുരുവായൂരപ്പനും അവിടത്തെ ശാന്തിവൃത്തിയുമായിരുന്നു.

ഹോമി ജെ ഭാഭ മുംബൈയിൽ തുടങ്ങിയ ഗവർമെന്റ് സ്ഥാപനമാണ് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെൻറൽ റിസർച്ച് അഥവാ ടി ഐ എഫ് ആർ . ഇപ്പോഴത്തെ ഹോണററി ചെയർമാൻ രത്തൻ ടാറ്റയാണ് .

രാജ്യത്തെ ശാസ്ത്ര ഗവേഷണങ്ങളുടെ മുൻനിരയിലാണ് ടി ഐ എഫ് ആറിന്റെ സ്ഥാനം. റിനീവബിൾ എനർജി ,കാറ്റലൈസിസ്, ന്യൂ എനർജി തുടങ്ങി എല്ലാ തരത്തിലുമുള്ള എനർജി ആപ്ലിക്കേഷനുകളും മറ്റു റിസർച്ചുകളും ടി ഐ എഫ് ആറിന്റെ ഹൈദരാബാദ് കാമ്പസിൽ നടക്കുന്നു. നിരവധി വ്യവസായ സ്ഥാപനങ്ങൾ ടി ഐ എഫ് ആറിന്റെ അറിവുകൾ ഉപയോഗിക്കുന്നു, ഇവിടുത്തെ ശാസ്ത്രജ്ഞരുടെ കണ്ടുപിടുത്തങ്ങൾക്കായി കാത്തുനിൽക്കുന്നു .ടി ഐ എഫ് ആറിന്റെ സർഫസ് സയൻസ് & ഇൻറർഫേസ് എഞ്ചിനീയറിംഗ് ഗ്രൂപ്പിലാണ് ഡോക്ടർ നാരായണൻ. പൂർണമായും ഇൻഡസ്ട്രി ലിങ്ക്ഡ് ആയ സ്ഥാപനമാണിത് .

ന്യൂഎനർജി. ഈ ടേം തന്നെ നമുക്ക് പുതിയതാകാം .പെട്രോളിയം പോലുള്ള പ്രകൃതിദത്തമായ ഇന്ധനങ്ങൾ ഭൂമിയിൽ തീർന്നു കൊണ്ടിരിക്കുന്നു .പകരം വെക്കുന്ന സൗരോർജവും വൈദ്യുതോർജവും മറ്റും സംഭരിക്കാൻ എളുപ്പവുമല്ല .അവയു

ടെ ബാറ്ററികൾക്ക് ഏറെ പരിമിതി കൾ ഉണ്ട് താനും. ലോകത്തിന്റെ വേഗതക്കൊപ്പം നിൽക്കാൻ കഴിയുന്ന ഊർജ്ജസ്രോതസ്സുകളുടെ പ്രസക്തി ഇവിടെയാണ് .ഒന്നാലോചിച്ചു നോക്കുക .ടൂ വീലറും മോട്ടോർ കാറും മുതൽ ബസും ട്രക്കുകളും തീവണ്ടി യും വിമാനവും വരെ ഓടിക്കാൻ ഊർജ്ജം നൽകുന്ന ഒരു പുതിയ ഇന്ധനം ഉണ്ടായിരുന്നെങ്കിൽ .

ഇത്തരമൊരിന്ധനത്തെ നമുക്ക് ന്യൂ എനർജി സോഴ്സ് എന്ന് വിളിക്കാം .ഇതിനായുള്ള അന്വേഷണങ്ങളിലാണ് ലോകത്തെങ്ങുമുള്ള ശാസ്ത്ര സ്ഥാപനങ്ങൾ .

ന്യൂ എനർജിയായി ശാസ്ത്രം മുന്നോട്ടു വെക്കുന്ന ഒരാശയം ഹൈഡ്രജൻ ആണ് .വരും കാല ഇന്ധനമായി ശാസ്ത്രലോകം ഹൈഡ്രജനെ അംഗീകരിച്ചു കഴിഞ്ഞു . വെള്ളത്തിന്റെ പ്രധാന ഘടകങ്ങൾ ഓക്സിജനും ഹൈഡ്രജനും ആണല്ലോ .വെള്ളത്തെ വിഘടിപ്പിച്ചാൽ ലോകത്തിന് ആവശ്യമായ ഹൈഡ്രജൻ കിട്ടും . കേൾക്കുമ്പോൾ എന്തെളുപ്പം അല്ലേ ?ഇഷ്ടം പോലെ വെള്ളം നമുക്കുണ്ടല്ലോ, ഹൈഡ്രജനെ ഒന്ന് വേർതിരിച്ചാൽ പോരേ? .. അവിടെയാണ് പ്രശ്നങ്ങൾ .

വെള്ളത്തിനെ ഹൈഡ്രജനും ഓകസിജനും ആക്കാനുള്ള ടെക്നോളജി എത്രയോ കാലം മുമ്പ് തന്നെ ശാസ്ത്രത്തിനറിയാം .ഇലക്ട്രോലിസിസ് വഴി പ്ലാറ്റിനം ഇലക്ട്രോഡ് ഉപയോഗിച്ച് പലേഡിയം ഉൽപ്രേരകമായി ഇത് സാധ്യമാണ് . പക്ഷേ പ്ലാറ്റിനവും പലേഡിയവും വലിയ വിലയുള്ള മൂലകങ്ങളാണ് . അതുപോലെ വെള്ളം സ്പ്ലിറ്റ് ചെയ്യാൻ വലിയ അളവിൽ വൈദ്യുതി വേണം .അതു നൽകാൻ വേണ്ട ബാറ്ററി യോ മറ്റു സംവിധാനങ്ങളോ ഒരുക്കാൻ ഭീമമായ ചിലവ് വേറെയും .വാഹനങ്ങളിൽ ഒട്ടും പ്രായോഗികവുമല്ല .ഇങ്ങനെ ഉണ്ടാക്കുന്ന ഊർജജം സംഭരിക്കാൻ എളുപ്പവുമല്ല.

ലളിതമായ വഴികളിലൂടെ ഹൈഡ്രജനെ ഉൽപ്പാദിപ്പിക്കുകയും സംഭരിക്കുകയുമാണ് ഇന്ന് ശാസ്ത്രം നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്ന്. പ്ലാറ്റിനത്തിനു പകരം കാർബൺ രൂപങ്ങളായ ഗ്രാഫൈറ്റും മറ്റു ലോഹസങ്കര (അല്ലോയ്സ്)ങ്ങളും ഉപയോഗിക്കണം. ഫ്യൂവൽ സെല്ലുകൾ ഏറെ പരിഷ്ക്കരിക്കണം .

പുത്തനൂർജത്തിൽ വായു മലിനീകരണം തീരെ ഇല്ല എന്നു പറയാം .ന്യൂ എനർജിയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ വിവിധ രാജ്യങ്ങളിൽ മാക്സിമം സ്പീഡിൽ പുരോഗമിക്കുകയാണ്. നാനോ ടെക്നോളജിയുടെ



*കരിയന്നൂരിന്റെ പൂജ താഴെ വലതു നിൽക്കുന്നത് ഡോ.നാരായണൻ*

**ഗവേഷണത്തിനു ചേർന്ന സമയം ഹൂസ്റ്റണിൽ ഗുരുവായൂരപ്പന്റെ കീഴ്ശാന്തിയായി. ബാലാലയത്തിൽ ആണ് വിഗ്രഹം. നിത്യപൂജകൾ മുടക്കം കൂടാതെ വേണം. താമസിക്കുന്നിടത്തു നിന്ന് അവർ വണ്ടിയിൽ അമ്പലത്തിലേക്ക് കൊണ്ടുവരും.**

സാധ്യതകൾ ഇവിടെ ശാസ്ത്രത്തിന് തുണയാവുന്നു .ഇന്ത്യയിൽ ടി ഐ എഫ് ആർ പോലുള്ള ഫ്രന്റ് എൻഡ് ഗവേഷണ സ്ഥാപനങ്ങൾ ഈ രംഗത്ത് പോസിറ്റീവ് റിസൽട്ടുകൾ ഉണ്ടാക്കുന്നു .വേപ്പർ ഫേസ് ഡിപ്പോസിഷൻ ടെക്നോളജി ഉപയോഗിച്ചുള്ള ആറ്റമിക് പാളികൾ ടി ഐ എഫ് ആർ വികസിപ്പിച്ചു .

ന്യൂ എനർജി രംഗത്ത് ലോകത്തിലാകെ നടക്കുന്ന പ്രവർത്തനങ്ങൾ ഇന്റർനാഷനൽ എനർജി ഏജൻസിയാണ് ഏകോപിപ്പിക്കുന്നത്

ഇനി എല്ലാം സൂക്ഷ്മമാവുകയാണ് .സൂക്ഷ്മത്തിൽ നിന്നും സ്ഥൂലം. അതുപോലെ തിരിച്ചും. മാക്രോവിൽ നിന്ന് മൈക്രോവിലേക്കും നാനോവിലേക്കും .പരമാത്മാവ് പ്രവർത്തിക്കുന്ന പരമാണുവാണ് താരം . ആറ്റത്തിന്റെ കനം മാത്രമുള്ള പാളികൾ . ഭാവിയിലെ ലോകം കുഞ്ഞു കണങ്ങളുടെ വലിയ നാനോ സയൻസിൽ ഊഞ്ഞാലാടും .കണ്ണിനും കണ്ണാടിക്കും കാണാൻ പറ്റാത്ത നാനോ കണങ്ങൾ .എല്ലാ അർത്ഥത്തിലും അദൃശ്യമായ ശക്തി ലോകത്തെ സകല പ്രർത്തനങ്ങളും നിയന്ത്രിക്കുന്നു എന്നത് അക്ഷരാർത്ഥത്തിൽ ഫലിക്കുന്നു . അതിശക്തമായ ഇലക്ട്രോൺ മൈക്രോസ്കോപ്പിൽ മാത്രമേ ഊർജ്ജ ക്കുഞ്ഞു കണങ്ങളെ നമുക്ക് കാണാൻ പറ്റൂ . മൂന്നോ നാലോ ആറ്റങ്ങളുടെ വലിപ്പമുള്ള നാനോ കണങ്ങളും കാർബൺ ട്യൂബുകളുമാണ് പുതു ടെക്നോളജിയുടെ ജീവാത്മാവും പരമാത്മാവും .ലോകത്തെ മുഴുവൻ സാങ്കേതിക വിദ്യയും നാനോ എനേബ്ളിംഗ് ടെക്നോളജിയിലേക്ക് പരകായപ്രവേശം നടത്താൻ പോകുന്നു .എല്ലാമെല്ലാം ഒരു കുഞ്ഞുച്ചിമിഴിൽ ഒതുങ്ങുന്നതു പോലെ.

വിശ്വാസമാവുന്നില്ല അല്ലേ? ഭാവിയിലെ ചില മായക്കാഴ്ചകളുടെ വർത്തമാനങ്ങളിലേക്ക് :

മൊബൈൽ ഹാന്റ് സെറ്റുകൾ ഇനി ഫിംഗർ സെറ്റുകളാകുന്നു .നാനോ ടെക് മൊബൈൽ ഫോണുകൾ ഒടിക്കാനും വളക്കാനുമൊക്കെ പറ്റും .വിരലിലെ കാണാമോതിരം പോലെ .കടലാസിന്റെ കനം മാത്രമുള്ള ഈ പുതുയന്ത്രങ്ങളിൽ ദിവസങ്ങളോളം ചാർജ് നിൽക്കും .ഫാക്ടറികളിലെ യന്ത്ര സംവിധാനങ്ങളിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കം ചെയ്യാൻ നാനോ ബ്രഷുകൾ വരുന്നു .മനുഷ്യൻ എന്ന യന്ത്രത്തിൽ ധമനികളിലെ ബ്ലോക്കും കൊഴുപ്പും അടിച്ചുവാരിയെടുത്ത് ശുദ്ധീകരിക്കുന്നത് നാനോ ബ്രഷുകളുടെ മെഡിക്കൽ ആപ്ലിക്കേഷനുകൾ .കാൻസർ ബാധിച്ച കൃത്യ കോശങ്ങളെ മാത്രം തെരഞ്ഞെടുത്ത് കരിക്കുന്ന നാനോ എനേബിൾഡ് ലേസറുകളുടെ കീമോതെറാപ്പികൾ .എല്ലാ പൊടിപടലങ്ങളും ഫിൽറ്റർ ചെയ്ത് സംശുദ്ധവായു മാത്രം ശ്വാസകോശത്തിൽ എത്തിക്കാൻ മൂക്കിൽ ഫിറ്റ് ചെയ്യുന്ന നാനോ കാർബൺ ധൂളികളുടെ അരിപ്പകൾ .കോവിഡ് വൈറസുകളെ തടയാൻ ഇനി വലിയ മാസ്കുകൾ വേണ്ടി വരില്ല .റീ ചാർജബിൾ N 95 ടി. ഐ എഫ് ആർ വികസിപ്പിച്ചിട്ടുണ്ട് . അദൃശ്യമായ നാനോ മാസ്ക്കുകൾ സകല ആസുര വൈറസുകളിൽ നിന്നും ബാക്ടീരിയകളിൽ നിന്നും നമ്മെ സംരക്ഷിക്കും .പ്രതിരോധരം

**നോബൽ നേട്ടങ്ങൾക്കടുത്തെത്തിയ നിരവധി കണ്ടുപിടുത്തങ്ങൾ അജ യൻ പുളിക്കന്റെ വകയാണ്. US ൽ റൈസ് ഇൻസ്റ്റിട്യൂട്ടിൽ അജയന്റ കീഴിൽ പ്രവർത്തിച്ച പോസ്റ്റ് ഡോക്ക് ഗവേഷകനായിരുന്നല്ലോ നാരായ ണൻ .അജയൻ സാറിന്റെ തപശ്ചര്യ കൾ തന്നെയും താപസനാക്കിയെന്ന് നാരായണൻ പറയുന്നു.**

ഗത്താണെങ്കിൽ കാണാൻ പറ്റാത്ത ത്ര സൂക്ഷ്മമായ മിഗ് വിമാനങ്ങൾ കുഞ്ഞു കണങ്ങളുടെ സമ്മേളനം നൽകും .

ലോകരാജ്യങ്ങൾ നാനോ ടെക് നോളജി രംഗത്ത് ശതകോടികൾ ചിലവഴിച്ചുള്ള ഗവേഷണങ്ങളാണ് നടത്തുന്നത് .ഈ രംഗത്തെ ജ്ഞാ നികളുടെ രാജാവ് കൊടുങ്ങല്ലൂരു കാരനായ ശാസ്ത്രജ്ഞൻ ഡോക്ടർ അജയൻ പുളിക്കനാണ് .അമേരിക്ക യിലെ ഗംഭീര സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയാണ് ഡോക്ടർ അജയൻ . നോബൽ നേട്ടങ്ങൾക്കടുത്തെത്തിയ നിരവധി കണ്ടുപിടുത്തങ്ങൾ അജയൻ പുളി ക്കന്റെ വകയാണ്. US ൽ റൈസ് ഇൻസ്റ്റിട്യൂട്ടിൽ അജയന്റ കീഴിൽ പ്രവർത്തിച്ച പോസ്റ്റ് ഡോക്ക് ഗവേ ഷകനായിരുന്നല്ലോ നാരായണൻ .അജയൻ സാറിന്റെ തപശ്ചര്യകൾ തന്നെയും താപസനാക്കിയെന്ന് നാ രായണൻ പറയുന്നു.ഡോക്ടർ അജ യൻ പുളിക്കന്റെ അഗാധജ്ഞാനവും ഡൗൺ ടു എർത്ത് ആയ സമീപന വും യഥാർത്ഥ ശാസ്ത്രജ്ഞന്റെ മാ നിഫെസ്റ്റോയാണെന്ന് നാരായണൻ നിരീക്ഷിക്കുന്നുണ്ട് .

നാനോ അത്ഭുതങ്ങൾക്കവസാന മില്ല .ഞൊടിയിടക്കുള്ളിൽ ഉപ്പുവെ ള്ളം ശുദ്ധജലമാക്കുന്ന വാട്ടർ പ്യൂ രിഫയറുകൾ .ചെടികൾക്ക് മണ്ണിൽ വളം നൽകുന്ന രീതി ഇനി പഴഞ്ചൻ. ഓരോന്നും ആവശ്യത്തിന് ചെടിയു ടെ വേരുകളിൽ എത്തിക്കും നാനോ കാലം . കീടനാശിനികൾ പ്രകൃതി യെ മലിനമാക്കുന്ന കാലമൊക്കെ മറന്നേക്കൂ .നാനോ ടെക്നോ കാല ത്ത് ചെടിയുടെ രോഗമുള്ള കോശ ങ്ങളെ മാത്രം ലക്ഷ്യമാക്കി നമ്മുടെ കീടനാശിനി പ്രവർത്തിക്കും . ആഴ് സനിക്കും ആൻറി മണിയും പോലു ള്ള വിഷ മൂലകങ്ങൾ മണ്ണിനെയും വെള്ളത്തെയും മലിനമാക്കിയാൽ



*ഡോ. നാരായണൻ ഡോ. അജയ് പുളിക്കൻ, (ഇടത് ) ഡോ അനന്തരാമൻ (വലത്) എന്നിവരൊത്ത്.*

## തന്റെ അക്കാദമിക ജീവിതത്തെ നാരായണൻ ഇങ്ങനെ രേഖപ്പെടുത്തുന്നു

എം. എസ് സി യും പി എച്ച് ഡി യും കൊച്ചിൻ യൂനിവേഴ്സിറ്റിയി ലായിരുന്നു .കേരളത്തിലെ മറ്റു സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്തമാ യി പഠനത്തിനും ഗവേഷണത്തിനും പറ്റിയ സാഹചര്യമാണ് അവിടെ. .വിദഗ്ധരായ ഡഡിക്കേറ്റഡ് പ്രൊഫസർമാർ കുസാറ്റിലുണ്ട് . നമ്മളത് പ്രയോജനപ്പെടുത്തണം എന്നേ ഉള്ളൂ . നിരവധി ശാസ്ത്ര പ്രതിഭകളു മായി നമുക്ക് സംവദിക്കാം. .ഇന്ത്യയിലെ മികച്ച ഊർജതന്ത്രജ്ഞനായ ഡോ :താണു പത്മനാഭനും രാജ്യത്ത് പിന്നീട് പരിസ്ഥിതി മന്ത്രി ആയ ശാസ്ത്രജ്ഞൻ എം ജി കെ മേനോനും ഞാൻ പഠിക്കുന്ന കാലത്ത് തന്നെ കൊച്ചിയിൽ വന്നിരുന്നു . ആയിടെ കൊച്ചിൻ യൂനിവേഴ്സിറ്റി ആതിഥ്യം വഹിച്ച നാനോ 2016 എന്ന അന്താരാഷ്ട്ര സെമിനാറിന്റെ സം ഘാടക സമിതിയിൽ ഞാനുമുണ്ടായിരുന്നു .ഇന്ത്യയിലും പുറത്തുമുള്ള വിവിധ ശാസ്ത്രജ്ഞന്മാരെ ശ്രവിക്കാനും പരിചയപ്പെടാനും ഇതുവഴി എനിക്ക് കഴിഞ്ഞു. കുഞ്ഞു കണങ്ങളുടെ ആപ്ലിക്കേഷനുകളിലേക്ക് എ ന്റെ നീണ്ട യാത്ര ഉറപ്പിക്കുന്നതും ഇങ്ങിനെയാണ് .ശാസ്ത്ര രംഗത്തെ കുലപതികളുടെ കൂടെ പ്രവർത്തിക്കാൻ എനിക്ക് ഭാഗ്യമുണ്ടായിട്ടുണ്ട്. ഇന്ത്യയിൽ ഡോ.. മധു തലക്കുളം (ഐസർ തിരുവനന്തപുരം) ഡോ.ക ല്യാനേശ്വർ മണ്ഡ ൽ (ടി ഐ എഫ് ആർ ഹൈദ്രാബാദ്) ഡോ: ചന്ദ്രശേ ഖർ തിവാരി (ഐ ടി ഐ ഖരഗ്പൂർ) ഡോ: ജഗന്നാഥ് മണ്ഡൽ (ടി സി ഐ എസ്ഹൈദ്രബാദ് ) തുടങ്ങി നിരവധി പേർ .എനിക്ക് കൊളാബറേ റ്റ് ചെയ്യാൻ കഴിഞ്ഞ ഷൈജു ( ഐസർ ,തിരുവനന്തപുരം) ന്യൂക്ലിയർ മാഗ്നറ്റിക് റെസണൻസ് - എൻ എം ആർ - ആചാര്യൻ മധു ,ആണവ വിദഗ്ധനായ ത്യാഗി (ബാർക്ക്) എന്നിവർ രാജ്യത്തെ പ്രമുഖ ശാസ്ത്ര ജ്ഞരാണ് അന്താരാഷ്ട്ര തലത്തിൽ ഡോ: അജയൻ പുളിക്കൻ ( റൈസ് യുനിവേഴ്സിറ്റി യു.എസ്) പ്രൊഫ: ZHE NGLIU (സിംഗപ്പൂർ) പ്രൊഫ: വോൾഫ് ഗാങ്ങ് തീസ് (യു കെ) പ്രൊഫ: യാസുട്ടോ നോഡ (ക്യോട്ടോ യൂനിവേഴ്സിറ്റി ,ജപ്പാൻ ,പ്രൊഫ: സുദീപ്താ റോയ് (യു കെ) തുടങ്ങി നിരവധി വലിയവരുടെ കൂടെയും പ്രവർത്തിക്കാൻ എനിക്ക് കഴിഞ്ഞു .

? നാനോ ടെക്നോളജി ഇവിടെ കാളിയമർദ്ദനം നടത്തി കാളിന്ദിയെ തെളിനീരാക്കും .എണ്ണക്കപ്പലുകൾ ചോർന്ന് സമുദ്രപ്രതലം മുഴുവൻ എണ്ണ പടരുന്നത് വലിയ പ്രശ്നമായി രുന്നു .കിലോമീറ്ററുകളോളം പരന്ന എണ്ണയെ വലിച്ചെടുക്കുന്ന സൂക്ഷ്മ സ്പോഞ്ചുകൾ സൃഷ്ടിച്ചാലോ? നാരായണന്റെ US കമ്പനിയായ നാനോ സ്പോഞ്ച് നിർമ്മിക്കു ന്നത് ഈ സൂക്ഷ്മസ്പോഞ്ചുകളാ ണ് .ഈയിടെ ശാന്തസമുദ്രത്തിൽ മറിഞ്ഞ മൊറീഷ്യസിന്റെ എണ്ണക്ക പ്പലിൽ നിന്നും ആയിരക്കണക്കിന് ലിറ്റർ എണ്ണ ചോർന്ന വാർത്ത നമ്മൾ വായിച്ചിരിക്കും .ഇത്തരം അപകട ങ്ങളിൽ ഉണ്ടാകുന്ന ഓയൽ സ്പിൽ സമുദ്രജീവികളെയും പരിസ്ഥിതിയെ യും നശിപ്പിക്കും . നനുത്തതിലും നനുത്ത, അതേസമയം നിലാവു പോ ലെ നാഴികളോളം സമുദ്രനിരപ്പിൽ പടരാൻ പറ്റുന്ന സ്പോഞ്ച് പാളികളു പയോഗിച്ച് എണ്ണ മുഴുവൻ ഒപ്പിയെ ടുത്താലോ? ശിവ ശിവ എന്നത്ഭുത പ്പെടാനേ നമുക്കു കഴിയു .അങ്ങിനെ വലിച്ചെടുക്കുന്ന എണ്ണ മുഴുവൻ

പിന്നെ പിഴിഞ്ഞെടുത്ത് ഉപയോഗിക്കാമെന്നായാലോ?ഒന്നും പറയാല്യേ എന്നു നമുക്കാശ്ചര്യപ്പെടാം.നാനോ സ്പോഞ്ചുകൾ ഇതെല്ലാം ചെയ്യും. ലോകത്തിന്റെ ഫ്യൂച്ചർ ഇന്ധനമായി ഹൈഡ്രജനെ മാറ്റുന്ന പ്രവർത്തനങ്ങളിലും ശാസ്ത്രത്തിന് ആശ്രയം നാനോ ടെക്നോളജിയാണ്

ധാരാളം അന്താരാഷ്ട്ര റിസർച്ച് പ്രസിദ്ധീകരണങ്ങളുടെ ഗസ്റ്റ് എഡിറ്ററാണ് ഡോക്ടർ ടി.എൻ നാരായണൻ .ശാസ്ത്രലോകത്ത് വലിയ മൂല്യമുള്ള നാരായണന്റെ റിസർച്ച് പേപ്പറുകൾ നൂറിനു മുകളിൽ .കണ്ടുപിടുത്തങ്ങളും ദേശീയവും അന്തർദേശീയവുമായ നിരവധി പാറ്റന്റുകളും നാരായണന്റെ പേരിലാണ് .ഫിസിക്സിന്റെ നാരായണൻ ഇന്ന് ലണ്ടൻ റോയൽ സൊസൈറ്റി ഓഫ് കെമിസ്ട്രിയുടെ ഫെല്ലോ മെമ്പർ ആണ് .ഈ വിശിഷ്ടാംഗത്വം നേടിയ അപൂർവ്വം ഭാരതീയരിൽ ഒരാൾ ഈ നമ്പൂതിരിയുവാവത്രെ .

നാരായണൻ ബി എസ് സിക്കും എം എസ് സി ക്കും പഠിച്ചത് ഫിസിക്ക്സ് ആണ് .കൊച്ചിൻ യൂനിവേഴ്സിറ്റിയിലെ ഈ റാങ്കുകാരൻ ഗവേഷണം ചെയ്തതും ഊർജ്ജതന്ത്ര വിഷയത്തിൽ തന്നെ .Template Assisted Fabrication of 1 D Nano Structure of Nickel ,Cobalt, Iron oxide and carbon Nanotubes and study on their Structural magnetic & non linear optical properties for applications .ഇതായിരുന്നു റിസർച്ച് തീസിസ് .. ഡോക്ടർ അനന്തരാമന്റെ മേൽനോട്ടത്തിൽ .

ലോകത്തെ വിവിധ സർവ്വകലാശാലകളിലും റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകളിലും വിസിറ്റിംഗ് പ്രൊഫസറാണ് ടി. എൻ നാരായണൻ .ഡോക്ടറൽ ,പോസ്റ്റ് ഡോക്ടർ പഠനങ്ങൾക്ക് ധാരാളം പേരുടെ മാർഗ്ഗദർശിയും .ദ ഹിന്ദുവും മനോരമയും ഉൾപ്പെടെയുള്ള ദേശീയപത്രമാധ്യമങ്ങളും ടി. വി ചാനലുകളും ശാസ്ത്രജ്ഞനായ നാരായണനെ അവതരിപ്പിച്ചിട്ടുണ്ട് . ജ്ഞാനസമ്പാദനത്തിന് ലോകത്തെങ്ങുമെത്തണം. അറിവുകളുടെ സമൃദ്ധിയുമായി സ്വന്തം രാജ്യത്ത് പ്രവർത്തിക്കണം. തന്റെ ദർശനം ഡോക്ടർ നാരായണൻ വ്യക്തമാക്കുന്നു .ഒപ്പം നേട്ടങ്ങളൊന്നും തന്റേതു മാത്രമല്ലെന്ന് സ്വജീവിതം കൊണ്ട് രേഖപ്പെടുത്തുകയും ചെയ്യുന്നു .ഇദം നമമ:

**മൊബൈൽ 9000871889**

## റൂട്ട് ടു റൂട്സ് ....

**അ**ന്വേഷണങ്ങൾ വേരുകളിലേക്കുള്ള പാതയിലൂടെയാണ് .പാലക്കാട് ശ്രീകൃഷ്ണപുരം താറഞ്ഞാട് മനയാണ് നാരായണന്റെ ഇല്ലം- മുത്തച്ഛനായ താറഞ്ഞാട് ശക്തന്റ പേരക്കുട്ടി. പാരമ്പര്യത്തിന്റെ അദൃശ്യമായ നാനോ ചങ്ങലകളിൽ ഊർജ്ജതന്ത്രശാസ്ത്രത്തിന്റെ ധൂളികൾ ഉൾച്ചേർന്നിരിക്കണം . ഫിസിക്സ് ജീവനായ അധ്യാപകനായിരുന്നു പിതാവ് ടി.എം സി നാരായണൻ . വേദത്തിന്റെ ഊർജ്ജപരീക്ഷയായ കടവല്ലൂർ അന്യോന്യത്തിലെ സ്ഥിരം പങ്കാളിയും ജേതാവും .ഇല്ലത്തെ ഊർജ്ജസ്രോതസ്സായി അമ്മ ഉമാദേവി .. അമ്മാത്ത് തോട്ടര വടക്കേടം.ഓപ്പോൾ ധന്യ തെക്കുമ്പാട്ട് സുനിൽകുമാറിന്റെ (ലൈബ്രേറിയൻ ,എൻ എസ് എസ് കോളേജ് ,ഒറ്റപ്പാലം) സഹധർമ്മിണിയാണ്. ഗുരുവായൂരിൽ 6 പ്രാവശ്യം മേൽശാന്തിയാവാൻ ഭാഗ്യമുണ്ടായ പുണ്യവര്യനായിരുന്നു ചൊവ്വൂർ വാസുദേവൻ ഭട്ടതിരിപ്പാട് . അദ്ദേഹത്തിന്റെ പൗത്രിയും ചൊവ്വൂർ ഉണ്ണിക്കൃഷ്ണൻ ഭട്ടതിരിപ്പാട് - ഗീത ദമ്പതികളുടെ മകളുമാണ് നാരായണന്റെ ജീവിത പങ്കാളി ഡോക്ടർ നീതു കൃഷ്ണ.കുഞ്ഞു കണങ്ങളുടെ രാജകുമാരനായി സൗമിത്ര് നാരായണനും .


യോഗക്ഷേമസഭ **സ്വസ്തി** ത്രൈമാസിക



**വാർഷിക വരിസംഖ്യ Rs. 200**

**1. ചെക്ക് /ഡ്രാഫ്ട്, എം.ഒ.**

എന്നിവ യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി എന്ന പേരിൽ താഴെ കാണിച്ച മേൽവിലാസത്തിൽ അയക്കുക.

**യോഗക്ഷേമസഭ ജില്ലാ കമ്മിറ്റി**
**ജില്ലാ ആസ്ഥാനമന്ദിരം**
**കോവൂർ വിഷ്ണുക്ഷേത്രത്തിന് സമീപം**
**പി.ഒ. ചേവായൂർ, കോഴിക്കോട് 673017**

**2. Net Banking**

| | | |
|---|---|---|
| Name of A/c | - | Yogakshema sabha Kozhikode Dt. Committee |
| Bank | - | Kozhikode District Co-op Bank |
| Branch | - | Medical College |
| A/c No. | - | 100041201020018 |
| IFSC | - | KDCB0000004 |

**3. GPay/Paytm - 9447337337 / Gpay 9447332611**

**വരിസംഖ്യ അടക്കുന്നവരുടെ ശ്രദ്ധക്ക്**

നെറ്റ് ബാങ്കിംഗ്, ഗൂഗിൾ പേ, പേ ടിഎം വഴി വരിസംഖ്യ അടക്കുമ്പോൾ വരിക്കാരന്റെ പേരോ വിലാസമോ ഫോൺ നമ്പറോ അറിയാൻ കഴിയില്ല. സംഖ്യ അടച്ച ശേഷം സ്വസ്തി അയക്കേണ്ട ആളുടെ പേർ, വിലാസം ഫോൺ നമ്പർ, സംഖ്യ അടച്ച ആളുടെ പേർ അയച്ച തിയ്യതി എന്നിവ വാട്ട്സ് അപ്പ്/ എസ്.എം.എസ് / ഫോൺ വഴി നിർബന്ധമായും നാറാണിയാട്ട് ദാമോദരൻ നമ്പൂതിരിയെ

**9447332611 നമ്പറിൽ**

അറിയിക്കണം. വരിക്കാരന്റെയോ സംഖ്യ അടച്ചവരുടെയോ വിലാസം അറിയാത്തതു കൊണ്ട് അവരെ ബന്ധപ്പെടാനോ മാസിക അയക്കാനോ കഴിയാതെ ചിലർ അയച്ച സംഖ്യ അക്കൗണ്ടിൽ കിടക്കുന്നുണ്ട്. അതിനാൽ സംഖ്യ അയക്കുന്നവർ അടച്ച ശേഷം ഈ നമ്പറിൽ നിർബന്ധമായും അറിയിക്കണം എന്ന്

**മാനേജിംഗ് എഡിറ്റർ**

അന്യപുരുഷനെ കാണുകയോ സംസാരിക്കുകയോ ചെയ്യുന്നത് പാപവും അക്ഷന്തവ്യമായ അപരാധവുമായി കരുതിയിരുന്ന 1940–കളിൽ സാമാന്യം ധനസ്ഥിതിയുള്ള ഒരു ഇല്ലത്തെ 15 വയസ്സുകാരി, ആ ഇല്ലത്തു വല്ലപ്പോഴും വന്നു പോയിരുന്ന ദാരിദ്ര്യത്തിൽ മുങ്ങിയ ഒരില്ലത്തെ 16 വയസ്സുകാരനെ മോഹിച്ച കഥ.
പെൺകുട്ടികൾ സ്കൂളിൽ പോയാൽ ചീത്തത്തം പഠിക്കുമെന്നു കരുതി സ്കൂളിൽ പോയിട്ടില്ലാത്ത കുട്ടി! പതിനഞ്ചോ പതിനാറോ വയസ്സുള്ള പെൺകുട്ടികളെ അമ്പതു വയസ്സുള്ള രണ്ടാം/മൂന്നാം വേളിക്കാർക്കു പിടിച്ചു കൊടുക്കുന്നത് അസാധാരണമായി കരുതാത്ത കാലം. ഒരു വാക്കു പോലും പരസ്പരം സംസാരിക്കാതെ അവർ തമ്മിലുണ്ടായ ശക്തിയാർജ്ജിച്ച ഒരു മോഹത്തിന്റെ കഥ!

# നേദ്യച്ചോറിൽ പകുത്തു നൽകിയ ഹൃദയം

## 75 വർഷം മുമ്പ് ഒരു അന്തർജനം ഉള്ളിലൊളിപ്പിച്ച പ്രണയാനുഭവം

തന്റെ അമ്മ പൊത്തോപ്പുറം നങ്ങേലി അന്തർജനം മരിക്കുന്നതിനു 12 വർഷം മുമ്പ് 1983ൽ എഴുതിയ പ്രണയക്കുറിപ്പ് മകൻ ജയന്തൻ നമ്പൂതിരി സ്വസ്തിക്കു അയച്ചു തന്നു. സൗകര്യം പോലെ പ്രതികരിക്കൂ. ഇല്ല എന്നാണ് ഉത്തരമെങ്കിലും മടിക്കാതെ പറയണേ! എന്ന ആമുഖത്തോടെ. ആ പെൺകിടാവിന്റെ മനസു കാണാൻ ഇടമില്ലെങ്കിൽ സ്വസ്തിക്ക് സ്വസ്ഥതയുണ്ടാവില്ല. സാമാന്യം ദൈർഘ്യമുള്ള ആ കുറിപ്പ് ഇതാ

### പൊത്തോപ്പുറം നങ്ങേലി അന്തർജ്ജനം

അദ്ദേഹത്തോട് ആദ്യമായി ഇഷ്ടം തോന്നിയത് എന്നാണ്? അനിയൻ രാമന്റെ ഒരു പിറന്നാൾ ദിവസം. അന്ന് കാലുകഴുകിച്ചൂട്ടിനുള്ള നമ്പൂരിമാർക്കൊപ്പം വന്നതായിരുന്നു. മുമ്പ് ആശാന്റെയടുത്ത് സംസ്കൃതം പഠിക്കാൻ ഒപ്പമുണ്ടായിരുന്നെങ്കിലും അന്ന് കാണുമ്പോൾ ചെറിയ ഉണ്ണിയായിരുന്നല്ലൊ. കുടുമയും കെട്ടി വച്ച്, ചരടിൽ കോർത്ത മോതിരവും കഴുത്തിൽ കെട്ടി, ചെറിയ തോർത്തുമുടുത്ത്. അങ്ങനെയായിരുന്നല്ലൊ.

ഇതിപ്പോൾ വലിയ മുണ്ടുടുത്തിരിക്കുന്നു, തോർത്തു തോളിലിട്ടിരിക്കുന്നു. കഴുത്തോളമുള്ള മുടി. എന്തു ഭംഗി! അവരോടൊപ്പം കാലു കഴുകിച്ചൂട്ടിനു വന്നപ്പോൾ അമ്മയോടു പോയി പറഞ്ഞു, 'അവരെല്ലാമെത്തി.'

'വന്നോ? ഇത്ര വേഗം, ശാന്തിയും കഴിഞ്ഞ്!' എന്നായി അമ്മ.

'വരാനെന്താ വിഷമം? മൂന്നു മിനിട്ടു കൊണ്ടിവിടെയെത്തും. അങ്ങനെയാ ആ ഏട്ടന്റെ നടത്തം. ആളു വലുതായി.'

പെരുമറ്റത്തിലെ അമ്പലത്തിലാണ് ശാന്തിയെന്ന് അച്ഛൻ ആരോടോ പറയുന്നതു കേട്ടിരുന്നു. ഇങ്ങനെ പറഞ്ഞതും അമ്മ ദേഷ്യപ്പെട്ടു.

'പോടീ അധികപ്രസംഗീ, മിണ്ടാതെ. നീ രണ്ടു കൊല്ലം മുമ്പ് ഇങ്ങനെയായിരുന്നോ? നമുക്കു സ്വന്തമല്ലാ



നങ്ങേലി അന്തർജ്ജനം

## പൊത്തോപ്പുറം നങ്ങേലി അന്തർജ്ജനം

**കോ**ട്ടയം ജില്ലയിൽ വെളിയന്നൂർ കല്ലൂരില്ലത്ത് ജയന്തൻ നമ്പൂതിരിയുടേയും നങ്ങേലി അന്തർജ്ജനത്തിന്റെയും മകൾ. (1931-1995). ഭർത്താവ് പൊത്തോപ്പുറം കേശവൻ നമ്പൂതിരി (1930-1979). ആറു കുട്ടികൾ. (രണ്ടു പേർ കുട്ടിക്കാലത്തു തന്നെ വിഷ്ണുപദം പ്രാപിച്ചു.) ശ്രീധരൻ: ഭാരതീയ വായുസേനയിൽ നിന്നു വിരമിച്ചു. പത്നിയോടും മക്കളോടും മരുമക്കളോടും പേരക്കുട്ടിയോടും ഒപ്പം ഗുരുഗ്രാമിൽ (ഹരിയാന). ഭദ്ര: മൂത്ത മകനോടും മരുമകളോടും പേരക്കുട്ടികളോടും ഒപ്പം കോഴിക്കോട്ട്. ഇളയ മകൻ ഭാര്യയും മക്കളുമൊത്ത് ചെന്നൈയിൽ. ജയന്തൻ: സ്വകാര്യ സേവനത്തിൽ നിന്നു വിരമിച്ചു. ഭാര്യയും ഇളയ മകനും മരുമകളുമൊത്ത് നോയിഡയിൽ (ഉത്തർ പ്രദേശ്). മൂത്ത മകൻ ഭാര്യയും മകനുമൊത്ത് പൂനെയിൽ. ഗിരിജ: ഭർത്താവും മരുമകളും കൊച്ചുമകളുമൊത്ത് കുളപ്പുള്ളിയിൽ. മകൻ ദുബായിൽ. മകൾ ഭർത്താവും കുട്ടികളുമൊത്ത് തവനൂരിൽ. 1979-ൽ ഭർത്താവിന്റെ വിയോഗത്തിനു ശേഷം ഡൽഹിയിൽ ഇളയ മകനോടൊപ്പം താമസം. അവിടെ താമസിക്കുമ്പോൾ നങ്ങേലി എന്ന പേര് ഔദ്യോഗികമായി ശ്രീദേവി എന്നു മാറ്റുകയുണ്ടായി. കുട്ടിക്കാലത്തെ അനുഭവമായതുകൊണ്ട് ഇതിൽ നങ്ങേലി എന്ന ആദ്യത്തെ പേരു തന്നെ കൊടുത്തിരിക്കുന്നു.

ത്തവരെ ഏട്ടനെന്നൊന്നും വിളിക്കാൻ പാടില്ല.'

'ഞാനങ്ങോട്ടു പോയതുപോലുമില്ല. ... പിന്നെ ഞാനെന്താ വിളിക്ക്യാ?'

'നീയൊന്നും വിളിക്കണമെന്നില്ല. വേണ്ടി വന്നാൽ ഇല്ലപ്പേരു കൂട്ടി പറഞ്ഞാൽ മതി', അമ്മ പറഞ്ഞു.

അമ്മ പറഞ്ഞതു ശരിയാണ്. കണ്ടാലല്ലേ വിളിക്കേണ്ടി വരൂ. കാണാൻ പോലും പാടില്ല. അപ്പോൾ ഒന്നും വിളിക്കേണ്ടി വരില്ലല്ലൊ.

അന്ന് പതിമ്മൂന്നു വയസ്സേ ഉള്ളു വെങ്കിലും പതിനഞ്ചിന്റെ വളർച്ചയുണ്ടായിരുന്നു. വയസ്സറിയിച്ചിരുന്നു. പതിമ്മൂന്നല്ല 130 വയസ്സായവർ ആണെങ്കിലും അന്യപുരുഷന്മാരുടെ മുമ്പിൽ ചെല്ലാനോ സംസാരിക്കാനോ അനുവാദമില്ല. ഒരിടത്തും പോകാനും പാടില്ല. അച്ഛന്റെ ആദ്യ വേളിയിലുണ്ടായ ഏട്ടൻ താമസിക്കുന്ന ഇല്ലത്തു വരെ മാത്രം പോകാം.അതിനേ അനുവാദമുള്ളൂ.

തന്നത്താനൊന്നു നോക്കി. അമ്മ പറഞ്ഞതിൽ കാര്യമുണ്ടെന്നു തോന്നി. ശരീരം വളർന്നിരിക്കുന്നു. ഒരു കാര്യം അരുതെന്ന് പറഞ്ഞാൽ എത്ര അനുസരണയുണ്ടായാലും,



*പൊത്തോപ്പുറം നങ്ങേലി അന്തർജനത്തിന്റെ അമ്മ*

അതിലേക്കാവും മനസ്സു പോവുക, അറിയാതെ തന്നെ. മനസ്സ് കുറേശ്ശെ അനുസരണക്കേട് കാട്ടാൻ തുടങ്ങി. കേശവനേട്ടൻ എന്നു മന്ത്രിക്കാൻ തുടങ്ങി.

പഴയ നാലുകെട്ടാണ്. അച്ഛനുമമ്മയും മുത്തശ്ശിയും. താഴെ ഒരനിയനും രണ്ട് അനുജത്തിമാരും. മുത്തശ്ശിക്ക് എഴുപതായി. അച്ഛന് അമ്പതും അമ്മക്ക് മുപ്പത്തി ആറും. അച്ഛനു തീരെ ഇഷ്ടമില്ലാത്തതിനാൽ സ്കൂളിൽ വിട്ടില്ല. 'കണ്ട ജാതിക്കാരെല്ലാം വരും, അവരു ചീത്തത്തം പറയും, ശുദ്ധവും അശുദ്ധവും ഒന്നും ഇല്ലാതാവും'. അതിനാൽ സ്കൂൾ കണ്ടിട്ടേയില്ല.


ഇല്ലത്ത് ആശാനെ വരുത്തി നിലത്തെഴുത്ത് പഠിപ്പിച്ചു. അടുത്തു തന്നെ സംസ്കൃതം പഠിപ്പിക്കുന്ന ഒരു കളരി ഉണ്ടായിരുന്നു. അവിടെയും പോയി. അവിടെ വച്ചാണ് ആദ്യം കണ്ടത്. അന്നു പക്ഷേ, ചെറിയ ഉണ്ണിയായിരുന്നല്ലൊ. താൻ ചെറിയ കുട്ടിയും. സിദ്ധരൂപം, അമരകോശം, ശ്രീരാമോദന്തം, ശ്രീകൃഷ്ണവിലാസം തുടങ്ങിയവ കുറെയൊക്കെ പഠിച്ചു. അതിനാൽ വായിക്കാറായി. പിന്നെ പതിനാലു വൃത്തം, ഇരുപത്തിനാലു വൃത്തം, അതൊക്കെയായിരുന്നു ലോകം. ആ ലോകത്തേക്ക് ഇന്ദുലേഖയെല്ലാം കടന്നു വന്നത് ഏട്ടൻ വഴിയാണ്.

വായനശാലയിലെ പുസ്തകം ഏട്ടൻ വായിച്ചു കഴിഞ്ഞാൽ എടുത്തു കൊണ്ടു പോരും. അമ്മ ശകാരിക്കാതിരിക്കാൻ വേണ്ടി എന്തെങ്കിലും അടുക്കളപ്പണി ചെയ്തെന്നു വരുത്തി മുറിയിൽ കയറി വായന തുടങ്ങും. അതാണ് ദിനചര്യ. മാധവനും ഇന്ദുലേഖയും സൂരി നമ്പൂരിപ്പാടും ഒക്കെയായിരുന്നു മനസ്സിൽ. എന്തൊക്കെയാണ് ഈ എഴുതി വച്ചിരിക്കുന്നത്! വെറുതെയല്ല ഇതൊന്നും വായിക്കുന്നത് അച്ഛനിഷ്ടമല്ലാത്തത്. വായിക്കുമ്പോൾ മേല് കുളിരുന്നു. വായിക്കാതിരിക്കാനും പറ്റില്ല.

ദിവസങ്ങളും ആഴ്ചകളും അങ്ങനെ പൊയ്ക്കൊണ്ടിരുന്നു.

അമ്പലക്കുളത്തിൽ വെള്ളം ചീത്തയായതുകൊണ്ട് ഇല്ലത്തെ കുളത്തിൽ കുളിച്ചിട്ടാണ് അദ്ദേഹം ശാന്തിക്കു പോകുക. ഒരു ദിവസം സന്ധ്യക്ക് മുടി വിടർത്തിക്കൊണ്ട് മുറ്റത്തു നിൽക്കുകയായിരുന്നു. വെറുതെ കുളത്തിലേക്കു നോക്കി. കുളിച്ചു കയറി നിൽക്കുന്നുണ്ടായിരുന്നു അപ്പോൾ.

*ആ പ്രണയകഥ നങ്ങേലി അന്തർജനത്തിന്റെ കൈപ്പടയിൽ*



ഒന്നു കൂടി നോക്കാൻ തോന്നി. ശ്ശോ, വേണ്ട, ആരെങ്കിലും കണ്ടാലോ.

കരയിൽ വച്ചിരുന്ന അലക്കിയ മുണ്ടെടുത്ത് ഉടുക്കുന്നു, ഈറൻ തോർത്ത് പുതയ്ക്കുന്നു. തല കുടഞ്ഞു മുടി പിറകോട്ടിട്ടു കൈകൊണ്ടൊതുക്കുന്നു. വേഗം തന്നെ അമ്പലത്തിലേക്ക് പോയി. പിറ്റേ ദിവസവും ആ സമയം വന്നപ്പോൾ ഓർമ്മ വന്നു. പുറത്തിറങ്ങിയാലോ? കുളത്തിൽ നിന്ന് അമ്പലത്തിലേക്കു പോകുന്ന വഴിയിലേക്കു നോക്കിയാലോ? വേണ്ട. മനപ്പൂർവ്വം നോക്കാതിരുന്നു.

പിന്നെ ഒരു ദിവസം അമ്മ അച്ഛനോടു ചോദിക്കുന്ന കേട്ടു. 'ചാത്തത്തിന് ആ കേശവനോടു പറഞ്ഞാലോ? അയാൾക്കും നമുക്കും സൗകര്യമായല്ലോ.'

അപ്പോൾ രാമനും പറഞ്ഞു, 'ങാ, അതു മതി. അതു മതി. എനിക്കാ ഏട്ടനെ വല്യ ഇഷ്ടാ.'

'നിനക്ക് ഒരാളെ വേണമല്ലോ, മല്ലിന്', എന്നായി അമ്മ.

കേട്ടപ്പോൾ ഒരു സന്തോഷം. അനിയനും അദ്ദേഹത്തെ വലിയ ഇഷ്ടാത്രെ. ആർക്കായാലും ഇഷ്ടം തോന്നും. പക്ഷേ, പെൺകിടാങ്ങളുടെ ഇഷ്ടം പുറത്തു കാണിച്ചാൽ ആകെ കുഴപ്പമാവും. എന്തു തന്നെ ഉള്ളിൽ തോന്നിയാലും പുറത്തു പ്രകടിപ്പിക്കാതിരിക്കാനുള്ള കഴിവ് ദിവസവും കൂടിക്കൊണ്ടേയിരുന്നു.

ശ്രാദ്ധത്തിൻ നാൾ. നാല് മണിയായപ്പോഴേ മുത്തശ്ശി ഉണർന്നു. അമ്മയും അച്ഛനും എണീറ്റ് വന്നു. എരിശ്ശേരിക്കും പെരട്ടുപ്പേരിക്കും വറുക്കാനുമെല്ലാം നുറുക്കി.

ഉണർന്നെങ്കിലും എണീക്കാൻ മടിച്ചങ്ങനെ കിടക്കുകയായിരുന്നു. ഇന്ന് അദ്ദേഹം വരുമ്പോൾ ഒന്ന് കാണണം, ആരുമറിയാതെ. പറ്റുമോ എന്തോ. ആ തണുപ്പിൽ മൂടിപ്പുതച്ചു കിടന്നപ്പോൾ അമ്മ വന്നു വീണ്ടും വിളിച്ചു. ഇനിയും എണീറ്റില്ലെങ്കിൽ ശകാരിക്കും. വേഗം പായ തെറുത്തു വച്ച് അമ്മയുടെ കൂടെ കുളിക്കാൻ പോയി.

നേരം വെളുത്തു. രാമൻ ഓടി വന്നു പറഞ്ഞു, 'അച്ഛാ, ഏട്ടൻ വന്നു.' അച്ഛൻ അപ്പുറത്തേക്ക് ചെന്നു. 'എന്നാലിനി താമസിക്കേണ്ട, ചാത്തത്തിന് ഒരുക്കമെല്ലാം കഴിഞ്ഞു. കുളിക്കാം കേശവാ.'

'അച്ഛാ, ഞാനും ഏട്ടന്റെ കൂടെ കുളിച്ചിട്ടു വരാം. എനിക്കും എണ്ണ.' അച്ഛൻ, 'നീയും പോയി കുളിച്ചിട്ടു വാ, അല്ലെങ്കിൽ എല്ലാം വന്നു തൊട്ടു ശുദ്ധം മാറ്റും'

അവൻ അദ്ദേഹത്തിന്റെ കയ്യിൽ തൂങ്ങി നടക്കുന്നു. എന്തൊക്കെയോ

**ഹോ, ഇങ്ങനെയുണ്ടോ ഒരു കാര്യം! ഞാൻ നേരെ ചൊല്ലാറു പോലുമില്ല. എന്നെ അങ്ങനെ വിളിക്കരുതെന്ന് അറിയാഞ്ഞിട്ടാണോ? ഏടത്തി കേട്ടെങ്കിൽ എന്തു വിചാരിക്കും! തീർച്ചയായും എന്നോടിഷ്ടം കാണും അദ്ദേഹത്തിന്. എന്നാലും അങ്ങനെ വിളിക്കാൻ ഒരു കൂസലുമുണ്ടായില്ലല്ലോ അദ്ദേഹത്തിന്.**

പറഞ്ഞ് അവർ ചിരിക്കുന്നുമുണ്ട്. എന്താവും അവൻ പറയുന്നത്. ചുമരു പറ്റി നിന്നാൽ കേൾക്കാം.

രാമൻ പറയുന്നു, 'ഏട്ടാ, ഓപ്പോൾ അവിടെ ചാത്തത്തിനുള്ള ഉപ്പേരി വറക്കുകയാ.'

അതെന്തിനാ അവൻ ഓപ്പോളുടെ കാര്യം പറയുന്നത്? അദ്ദേഹം അവനോടു ചോദിക്കുന്നത് വ്യക്തമായി കേൾക്കാം, 'നിനക്കു കുറച്ചെടുത്തു തിന്നാൻ മേലായിരുന്നോ?'

'നന്നായി. എന്നെ ഓടിക്കും അവിടുന്ന്. അല്ലെങ്കിൽ തന്നെ ഓപ്പോൾ ദോശയുണ്ടാക്കിയാൽ എല്ലാം ഉണ്ടാക്കി കഴിഞ്ഞേ എനിക്കു തരാറുള്ളൂ. അമ്മയാണെങ്കിലും കൊച്ചോപ്പോളാണെങ്കിലും ഞാനൊരെണ്ണം എടുത്തോണ്ട് ഓടിപ്പോകും.'

രണ്ടു പേരും ഉറക്കെ ചിരിച്ചു. വരട്ടെ, അവനു രണ്ടെണ്ണം പൊട്ടിക്കണം. അന്യരുടെ മുന്നിൽ ഓപ്പോളുടെ കാര്യമെന്തിനാ അവൻ പറയുന്നത്.

അദ്ദേഹം പിന്നെയും ചോദിക്കുന്നു, 'അടുക്കളേന്ന് പോയാൽ നിന്റെ ഓപ്പോൾക്കു പിന്നെന്താ പണി? നിന്നോടു വഴക്കിടലായിരിക്കുമല്ലോ.'

'എന്നോടു വഴക്കിട്ടാൽ അച്ഛൻ ദേഷ്യപ്പെടും. ഏട്ടന്റെ അടുത്തു നിന്ന് പുസ്തകം എടുത്തോണ്ട് വന്ന് എപ്പഴും വായനയാ. ചിലപ്പോ മുത്തശ്ശിയും അമ്മയും ഒക്കെ ദേഷ്യപ്പെടും.'

അയ്യേ, ഇവനെന്താ എല്ലാം പറയുന്നത്. എന്തു വിചാരിക്കും എന്നെപ്പറ്റി.

അവർ കുളിക്കാൻ പോയി. കുളക്കടവിലേക്ക് നോക്കാനായില്ലെങ്കിലും മനസ്സ് അവിടെയായിരുന്നു.

കുളി കഴിഞ്ഞെത്തി. തറ്റുടുത്തു ചാത്തത്തിനിരുന്നു. വടക്കിനിയിൽ കൂടി നാലുകെട്ടിലേക്കു നോക്കിയാൽ കാണത്തക്ക വിധത്തിൽ ഒരു പൊത്തുണ്ടായിരുന്നു. ആരും ശ്രദ്ധിക്കാത്ത വിധത്തിൽ വടക്കിനിയിൽ കടന്നു കൂടി. ആ പൊത്തിൽ കൂടി നാലുകെട്ടിലേക്കു നോക്കി.

ശ്രാദ്ധക്കാരൻ ഇലയുടെ മുമ്പിൽ ചമ്രം പടിഞ്ഞിരിക്കുന്നു. എത്ര തെളിച്ചമുള്ള മുഖം. കുസൃതി നിറഞ്ഞ നോട്ടം രാമന്റെ നേരെ. വിരിഞ്ഞ മാ

**ഇപ്പോൾ മുമ്പിൽ വരികയാണെങ്കിൽ എന്തു ചെയ്യും? ആ നോട്ടം നേരിടാൻ സാദ്ധ്യമല്ല. ഒരു തവണ ഇങ്ങോട്ടു നോക്കിയെന്നു വച്ച് അദ്ദേഹത്തിന് ഇഷ്ടപ്പെടാൻ തക്കതായി എന്തൊരു ഗുണമാണ് തനിക്കുള്ളത്? ഇദ്ദേഹത്തെക്കുറിച്ചാണ് അങ്ങനെയെല്ലാം ചിന്തിച്ചത് പിൽക്കാലത്ത് ജീവിതപങ്കാളിയായ ആൾ**





പ്രണയത്തിന്റ നിത്യസ്മാരകമായ താജ്മഹലിനു മുമ്പിൽ

റിൽ കുറേശ്ശേ കറുപ്പുനിറം ബാധിച്ചു തുടങ്ങിയിരിക്കുന്നു. അതു പൊക്കിൾ ഭാഗത്തേക്കൊരു വരയിട്ട മാതിരി. മുഖത്തേക്കു വരുന്ന തലമുടി ഒതുക്കിക്കൊണ്ട് ചന്ദനം തൊടുന്നു. ഇന്ദുലേഖയുടെ മാധവനെപ്പോലെ തന്നെ. സുമുഖൻ, സുന്ദരൻ. ഈശ്വരാ, ഇങ്ങനെ നോക്കുന്നത് ആരെങ്കിലും കണ്ടാലെന്താ കഥ!

വേഗം അടുക്കളയിലേക്കു പോയി. ബലി കഴിയുമ്പോഴേക്കും കാപ്പി ശരിയാക്കണം. രാമൻ വിശന്നു കരഞ്ഞു തുടങ്ങി. മുത്തശ്ശി അച്ഛനറിയാതെ അവനു രണ്ടുപഴം കൊടുത്തു. ഈറനുടുത്തു കൊണ്ടാണ് ബലിക്ക് ഒരുക്കിയത്. ബലി കഴിഞ്ഞു ഈറൻ മാറിയപ്പോൾ ചെളി പറ്റിയത് നനക്കാനായി  കുളത്തിലേക്ക് പോയി.

തുണി വൃത്തിയാക്കി കയറി വരുമ്പോഴുണ്ട് മുറ്റത്ത് കയ്യാലക്കപ്പുറത്തേക്ക് അടക്ക വെട്ടിക്കൊണ്ട് നിൽക്കുന്നു. നിന്ന നിൽപ്പിൽ നിന്ന് അനങ്ങാതെ കണ്ണുകൾ മാത്രം കൊണ്ട് ഒന്നു നോക്കി. ഈശ്വരാ!  ഓടി രക്ഷപ്പെട്ടു മുന്നിൽ നിന്ന്. കണ്ട പാതി കാണാത്ത പാതി ഓടി അടുക്കളയിലെത്തി. വല്ലാത്ത പരിഭ്രമം. അമ്മ ചോദിച്ചു, 'എന്താടീ ഇത്ര കിതക്കുന്നത്? വല്ലോരും പറഞ്ഞോ ഓടാൻ?'

'ഒന്നൂല്ല അമ്മേ, എനിക്കിത്ര കാപ്പി തരൂ.'

**അറിയാതെ നോക്കിയതാണെങ്കിലും മനസ്സ് അന്വേഷിക്കുന്നുണ്ടായിരുന്നു. അതേപടി  വെള്ളത്തിൽ താണു മാറിടം പൊത്തി മറുകരയിലേക്ക് തിരിഞ്ഞു കയറി. ഒരു വിധം തോർത്തി എന്ന് വരുത്തി കയറിപ്പോയി. ഇറയത്തു ചെന്നു തിരിഞ്ഞൊന്നു നോക്കി. അദ്ദേഹം നോക്കുന്നില്ലെങ്കിലും ആ മുഖത്ത് ഒരു കുസൃതിച്ചിരിയുണ്ട്. ച്ഛെ, കണ്ടു കാണും. കുളിക്കുമ്പോള് ഇനി ശ്രദ്ധിക്കണം.**

കാപ്പി കുടി കഴിഞ്ഞ് ഓടങ്ങളെല്ലാം പാറുവിനു തേയ്ക്കാൻ എടുത്തു വച്ചു. ബലി ഇട്ടിടമൊന്നു തളിച്ചെന്നു വരുത്തി. കോമ്പരയിലേക്കോടി. അന്നത്തെ നോവൽ കുറെ കൂടി പുതിയതായിരുന്നു. കാമുകീകാമുകന്മാരുടെ സന്ദർശനവും സംഭാഷണവും നോട്ടവും ചിരിയും ... ഓ, പിന്നത്തേത് എഴുതാൻ കൂടി വയ്യ. സ്പർശിക്ക കൂടി ചെയ്യുന്നു. വായിക്കുമ്പോൾ ദേഹമാകെ വല്ലാത്ത ഒരസ്വസ്ഥത.

അപ്പോൾ അദ്ദേഹത്തെ ഓർമ്മിച്ചു. ഇപ്പോൾ  മുമ്പിൽ വരികയാണെങ്കിൽ എന്തു ചെയ്യും? അവിടെ നിൽക്കാൻ പോലും കഴിയില്ല. ആ നോട്ടം നേരിടാൻ സാദ്ധ്യമല്ല. ഓടാൻ നിവൃത്തിയില്ലാതെ വന്നാലോ ഓ! എന്തിന് ഇതെല്ലാം ഓർക്കുന്നു. അതൊന്നും നടക്കാൻ പോകുന്നില്ല. ഒരു തവണ ഇങ്ങോട്ടു നോക്കിയെന്നു വച്ച് അദ്ദേഹത്തിന് ഇഷ്ടപ്പെടാൻ തക്കതായി എന്തൊരു ഗുണമാണ് തനിക്കുള്ളത്? പിന്നെയും വായന തുടങ്ങി.

വിശേഷമൊന്നുമില്ലാതെ ആഴ്ച്ചകൾ പിന്നെയും കടന്നുപോയി. ഒരു ദിവസം വൈകീട്ട് കുളത്തിൽ കുളിക്കാൻ ചെന്നു. അന്ന് കൂടെയാരും ഉണ്ടായിരുന്നില്ല. കഴുത്തറ്റം വെള്ളത്തിലിറങ്ങി. വായിൽ നിറയെ വെള്ളമെടുത്തു ദൂരേക്ക് നീട്ടി തുപ്പി. മത്സ്യങ്ങൾക്കൊപ്പം നീന്താൻ ബഹുരസം. വെറുതെ കുളക്കരയിലുള്ള പാടവരമ്പിലേക്കു നോക്കി. ആ ചെടിക്കു പിന്നിൽ ആരോ മറഞ്ഞു നിൽക്കുന്നുണ്ടോ? അതോ തോന്നലാണോ. അല്ല. ചെടി ഇളകുന്നുണ്ട്. കുളത്തിൽ ആളൊഴിഞ്ഞിട്ടു വേണമല്ലോ അവർക്ക് കുളിക്കാൻ. വേഗം കുളിച്ച് കയറാം. ഒന്നു കൂടി അങ്ങോട്ടു നോക്കി. അദ്ദേഹം! അയ്യേ! അദ്ദേഹം കണ്ടിട്ടുണ്ടാവുമോ.

അറിയാതെ നോക്കിയതാണെങ്കിലും എപ്പോഴും മനസ്സ് അന്വേഷിക്കുന്നുണ്ടായിരുന്നു. അതേപടി  വെള്ളത്തിൽ താണു മറുകരയിലേക്ക് തിരിഞ്ഞു കയറി. ഒരു വിധം തോർത്തി എന്ന് വരുത്തി കയറിപ്പോയി. ഇറയത്തു ചെന്നു തിരിഞ്ഞൊന്നു നോക്കി. അദ്ദേഹം നോക്കുന്നില്ലെങ്കിലും ആ മുഖത്ത് ഒരു കുസൃതിച്ചിരിയുണ്ട്. ച്ഛെ, കണ്ടു കാണും. കുളത്തിൽ കുളിക്കുമ്പോൾ ഇനി ശ്രദ്ധിക്കണം. അമ്പലക്കുളത്തിലെ വെള്ളം കേടായതിനാൽ ഇവിടെയാവും പൂജക്കു മുമ്പ് കുളിക്കാനെത്തുക. ഇങ്ങോട്ടു കാണാതെ അങ്ങോട്ടു നോക്കാം. അദ്ദേഹത്തെ കാണുന്നത് തന്നെ ഒരു സുഖമാണ്.

വേനൽക്കാലം കനത്തതോടെ ദിവസവും അങ്ങോട്ടുള്ള കാഴ്ച പതിവായി. എത്ര നിയന്ത്രിച്ചിട്ടും കാണാതെ ഒരു ദിവസം പോലും വയ്യെന്നായി. ആരുമറിയാതെ, അദ്ദേഹം പോലും അറിയാതെ, അതിലെയെങ്ങാൻ പോയാൻ കാണുകയും ചെയ്യും.  അത്രയേ വേണ്ടൂ. ഒന്നു കണ്ടാൽ മതി.

പോയിക്കഴിയുമ്പോൾ കണ്ണെത്താത്തിടം വരെ നോക്കി നിൽക്കും. കാഴ്ചയിൽ നിന്ന് മറയുന്നത് ഒരു വളവെത്തുമ്പോഴാണ്. ചില ദിവസം ആ രംഗം കാണാനാവാതെ കണ്ണെടുത്തിട്ടുണ്ട്. പിന്നെ തോന്നും ഒരു നിമിഷം കൂടി കാണാമായിരുന്നു എന്ന്. ഇത് ഇന്ദുലേഖയുടെ അസുഖം തന്നെയാണ്. പിന്നെ തന്നെത്താൻ  കുറ്റപ്പെടുത്തും. ഞാനെന്തിനിങ്ങനെ നോക്കി നിൽക്കുന്നു? ആരെങ്കിലും കണ്ടാൽ



**അവളെക്കൊണ്ടത്ര ബുദ്ധിമുട്ടാണെങ്കിൽ ഒരു കല്ലു കെട്ടി ആ പുഴയിലേക്കു തള്ളിയാൽ ഇതിലും ഭേദമാണ് എന്നു പറഞ്ഞ അച്ഛന്റെ ആദ്യ വേളിയിലെ ഏട്ടൻ**





*നങ്ങേലി അന്തർജ്ജനം മക്കളായ ശ്രീധരൻ നമ്പൂതിരി, ജയന്തൻ നമ്പൂതിരി മരുമക്കളായ സാവിത്രി അന്തർജ്ജനം, ജയശ്രീ ദേവി എന്നിവർക്കൊപ്പം*

ചീത്തപ്പേര് ഈ ജന്മത്ത് തീരുമോ? തെറ്റാണു ചെയ്യുന്നത്.

തിരണ്ടിരിക്കുന്ന കന്യക പരപുരുഷനെ ഇങ്ങനെ കാണാൻ പാടില്ല. ശ്രീരാമോദന്തം വായിക്കുന്നതിനു പകരം ഇന്ദുലേഖ വായിച്ചതിന്റെ കുഴപ്പമാണ്. വെറുതെയല്ല കാരണവന്മാർ അതൊന്നും വായിക്കരുതെന്ന് പറയുന്നത്. മനസ്സ് മലിനമാവും. നിയന്ത്രണം നഷ്ടമാവും. താൻ വിചാരിച്ചേടത്ത് നിൽക്കാതാവും. ഇപ്പോൾ തന്നെ അങ്ങനെ ആയോ എന്ന് ആർക്കാണറിയുക. ഈശ്വരാ, രക്ഷിക്കണേ.

അദ്ദേഹത്തിന് എന്നോട് ഇഷ്ടമുണ്ടോ? അതെങ്കിലും അറിഞ്ഞാൽ സമാധാനമായിരുന്നു. ഓപ്പോളെപ്പറ്റി രാമനോടു ചോദിക്കുന്നതെല്ലാം ഇങ്ങോട്ട് ഇഷ്ടമുണ്ടായിട്ടല്ലേ? ആണോ? എങ്ങനെ അറിയും? അദ്ദേഹം അമ്പലത്തിൽ പോകുന്ന വഴിയിൽ ഒരെഴുത്ത് എഴുതി ഇട്ടാലോ? വേണ്ട, തെറ്റിദ്ധരിച്ചെന്നു വരും. ഒരു തെറിച്ച പെണ്ണെന്നു വിചാരിച്ചാലോ? അല്ലെങ്കിൽ ആ എഴുത്ത് വേറെ ആർക്കെങ്കിലും കിട്ടിയാലോ? അതുമല്ലെങ്കിൽ മുറുക്കാൻ ചെല്ലത്തിൽ ഒരു എഴുത്തിട്ടാലോ? ഈശ്വരാ, പിന്നത്തെ കഥയെന്താ? ഈ നാട് തന്നെ കുലുങ്ങില്ലേ?

ഒന്നും വേണ്ടെന്നു വച്ചാലോ. വേറെ ആർക്കെങ്കിലും വേളി കഴിച്ചു കൊടുത്താൽ? ഒന്നുമോർക്കാൻ വയ്യ. ഇപ്പോൾ തന്നെ എത്ര ആലോചനകൾ വന്നിരിക്കുന്നു! ഒരാൾ നാൽപ്പത്തഞ്ചുകാരൻ. വേളിപ്രായമായ മക്കളുണ്ട്, സംബന്ധത്തിൽ. പഴയ കാലത്തു വലിയ സ്വത്തും പ്രതാപവും ഒക്കെ ഉണ്ടായിരുന്നു പോലും. ഭാര്യ ഉപേക്ഷിച്ച വേറൊരു നാൽപ്പതുകാരൻ. ഒരു കുട്ടിയുള്ള വേറൊരാൾ. ആർക്കുമില്ല അതിലൊന്നും വേവലാതി.

വയസ്സ് പതിനഞ്ച് ആയതേയുള്ളൂ. എന്നാലും 'തെരണ്ടിട്ട് രണ്ടു കൊല്ലം കഴിഞ്ഞു. ഇതുവരെ പെൺകൊട കഴിഞ്ഞില്ല', ഇതാണ് ആൾക്കാർ പറയുന്നത്. തെരണ്ടിരിക്കുന്ന പെൺകിടാവിനെ വേഗം വേളി കഴിച്ചു കൊടുക്കണം. രണ്ടാം വേളിക്കാരനാണോ വയസ്സനാണോ എന്നൊന്നും ആരും നോക്കാറില്ല. എത്ര മുത്തശ്ശിമാർ അങ്ങനെ കഴിഞ്ഞിരിക്കുന്നു. തന്റെയും വിധി അതാണെങ്കിൽ ... വിധിയെ തടുക്കാൻ ആർക്കുമാവില്ലല്ലോ.

ഒരു ദിവസം അച്ഛനില്ലാത്തപ്പോൾ അങ്ങേ ഇല്ലത്തെ ഏട്ടൻ വന്ന് അമ്മയോട് എന്തൊക്കെയോ പറയുന്നതു കേട്ടു. തന്നെപ്പറ്റിയാണ്. പെൺകൊടക്കാര്യമാണ്.

'അവളെക്കൊണ്ടത്ര ബുദ്ധിമുട്ടാണെങ്കിൽ ഒരു കല്ലു കെട്ടി ആ പുഴയിലേക്കു തള്ളിയാൽ ഇതിലും ഭേദമാണ്', അതും പറഞ്ഞ് ഏട്ടൻ ദേഷ്യപ്പെട്ട് ഇറങ്ങിപ്പോയി.

അപ്പോൾ അതു തന്നെയാണ് കാര്യം. ഏതോ ഒരു വയസ്സൻ നമ്പൂതിരിയുടെ ആലോചന നടക്കുന്നുണ്ട്. ഏട്ടന് സ്തുതി പറഞ്ഞു. ഏട്ടനെങ്കിലും അങ്ങനെ പറയാൻ തോന്നീലോ.

പിറ്റേന്നു രാവിലെ ഏടത്തി വന്നു വിളിച്ചു, 'കുട്ടീ, ഒന്നങ്ങോട്ടു വരൂ.'

'എനിക്കു തൊടാൻ വയ്യ. ഞാൻ കുളിച്ചിട്ടു വേഗം വരാം, ഏടത്തീ. ഇന്നലെ എന്തു പുസ്തകമാ ഏട്ടൻ കൊണ്ടുവന്നിരിക്കുന്നത്?'

'ലതികയോ, ആനന്ദസാഗരമോ എന്തൊക്കെയോ ആണ്. വായിച്ചു കഴിഞ്ഞെന്നു തോന്നുന്നില്ല.' കുളിക്കാൻ ഇറങ്ങുമ്പോൾ ശ്രദ്ധിച്ചു. ഏടത്തിയും അതാണ് അമ്മയോട് ചോദിക്കുന്നത്, പെൺകൊടക്കാര്യം.

'വല്ലതും ആയോ, ചെറിയമ്മേ?'

'ഒന്നുമായില്ല, തേതീ. എല്ലാം യോഗം വരുമ്പോ നടക്കട്ടെ. ആ പൊത്തോപ്പുറത്തെ കേശവനെ നോക്കിയാൽ തരക്കേടില്ലായിരുന്നു. പക്ഷെ അവിടെ വല്ലാത്ത ഞെരുക്കമാണ്. കഴിഞ്ഞു കൂടാനുള്ള വഹയൊന്നുമില്ല. അവർക്കു കുട്ടിയെ ഇഷ്ടപ്പെടുമോ ആവോ, ആർക്കാ അറിയ്യ.'

കുളി കഴിഞ്ഞെത്തുമ്പോഴും വിഷയം അതു തന്നെയായിരുന്നു. ഇതെല്ലാം കേട്ടുകൊണ്ടാണ് കുളിച്ചു വന്നത്.

ഒന്നും മിണ്ടാതെ വേഗം ഈറൻ മാറി വന്നു. ഏടത്തിയുടെ കൂടെ പോയി. ജോലി കഴിഞ്ഞാൽ വായിക്കാമല്ലോ. അവിടെ ചെന്നപ്പോൾ ഏട്ടൻ അമ്പലത്തിൽ നിന്ന് വന്നു വെള്ളം അടുപ്പത്തു വച്ചിരിക്കുന്നു.

'കുട്ടീ, ഇന്നു ശാന്തി കഴിഞ്ഞ് ആ കേശവൻ ഇതിലേ വരും. കാപ്പി അയാൾക്ക് കൂടി വച്ചേക്കണം,' ഏട്ടൻ പറഞ്ഞു.

കാപ്പിയുണ്ടാക്കി. ഏട്ടനും കുഞ്ഞനും കൊടുത്തു. ഏടത്തിയും താനും കുടിച്ചു.

'കുറച്ചു കാപ്പിയും ഉപ്പുമാവും കൂടി ആ മേശപ്പുറത്തു കൊണ്ട് വച്ച് അടച്ചു വച്ചേക്കൂ. ഇപ്പോൾ ശാന്തി കഴിഞ്ഞ് വരും. എല്ലാം ചടപടേന്ന് കഴിയും. അങ്ങനെയാ അയാൾ.' അദ്ദേഹത്തിന്റെ കാര്യമാണ് ഏടത്തി പറയുന്നത്. ഏടത്തി പറഞ്ഞ പോലെ ചെയ്തു. അപ്പോഴേക്കും അദ്ദേഹമെത്തി.

'കേശവാ, കാപ്പി മേശപ്പുറത്തുണ്ട്. എടുത്തു കുടിച്ചോളൂ.' ഏട്ടൻ പറഞ്ഞു.

കാപ്പി കുടിച്ച് എന്തോ മാസികയും നോക്കി മാത്ര നേരം അവിടെ ഇരുന്നു. അദ്ദേഹം പോയിക്കാണുമെന്നു വിചാരിച്ച് ഗ്ലാസ് എടുക്കാനായി മുറിയിലേക്ക് ചെന്നു. പതുക്കെ മുറിയിലേക്ക് നോക്കി. പോയിക്കാണരുതേ എന്നായിരുന്നു മനസ്സിൽ. അവിടെ കണ്ടില്ല. പോയി എന്നു വിചാരിച്ചു വെറുതെ ജനാലയിൽ കൂടി പുറത്തേക്കു നോക്കി.

വേനലിന്റെ ശക്തി കുറക്കാൻ വേണ്ടി ഉണ്ടാക്കിയിട്ടിരുന്ന പന്തലിൽ ഒരു ബഞ്ചുണ്ടായിരുന്നു. ആ ബെഞ്ചിലാണ് നോട്ടമെത്തിയത്. ഹോ, എന്തൊരു കാഴ്ച!

മറക്കാൻ കഴിയാത്ത ആ നോട്ടം. ഒരു നിമിഷം! കണ്ണുകൾ അങ്ങോട്ട് ചെന്നതോ അതോ അദ്ദേഹത്തിന്റെ കണ്ണുകൾ ഇങ്ങോട്ടു വന്നതോ? എന്തോ അറിയില്ല. നാലു കണ്ണുകൾ കോർത്ത് വലിച്ചു. മുറുക്കി ചുവപ്പിച്ച്

കയ്യിൽ പുസ്തകവുമായി ചെരിഞ്ഞിരുന്നു കൊണ്ടുള്ള ആ നോട്ടം നേരെ ഹൃദയത്തിലാണ് തറച്ചത്. ഒരു വിധം കണ്ണുകൾ പിൻവലിച്ചു. ഹാവൂ, ദേഹം മുഴുവൻ ഒരു വിറയൽ.

അടുക്കളയിലേക്ക് ഓടണമെന്നു തോന്നിയെങ്കിലും പതുക്കെ നടക്കാനേ കഴിഞ്ഞുള്ളു. ആദ്യമായുണ്ടായ ആ അനുഭവം വല്ലാതെ തളർത്തിക്കളഞ്ഞു. ചേടത്തി അറിയരുതല്ലോ. തീ കത്തിക്കുന്ന ഭാവത്തിൽ അടുപ്പിനരികെ പോയി ഇരുന്നു. അദ്ദേഹം പിന്നെ എപ്പോഴാണ് പോയതെന്നൊന്നും അറിഞ്ഞില്ല.

ഒരു വിധം ജോലിയൊക്കെ ചെയ്തു. വായിക്കാൻ എന്ന നാട്യത്തിൽ പുസ്തകമെടുത്തു. ഒരക്ഷരം വായിക്കാൻ കഴിയുന്നില്ല. ആ നോട്ടം കാരണം ഹൃദയത്തിൽ കിട്ടിയ കുത്തിന്റെ വേദന പോകുന്നില്ല. അദ്ദേഹത്തെ പറ്റി ചിന്തിക്കാൻ തുടങ്ങി. ഇന്ദുലേഖയൊക്കെ എത്ര പ്രയാസം അനുഭവിച്ചിട്ടുണ്ടാവും.

എന്തിനാ എന്നെ അങ്ങനെ നോക്കിയത്? അങ്ങനെ നോക്കാമോ പ്രായമായ പെൺകിടാങ്ങളെ? നേരെ ചെല്ലാൻ പോലും പാടില്ലെന്നറിയില്ലേ? ഒരു പക്ഷെ ഇഷ്ടമുണ്ടായതു കൊണ്ടാവുമോ? അതുകൊണ്ടാണെങ്കിലും എന്താ പ്രയോജനം? അദ്ദേഹത്തിനു വയസ്സ് പതിനേഴേ ആയിട്ടുള്ളൂ. ഇപ്പുറത്താണെങ്കിൽ പതിനാറും. രണ്ടു പേർക്കും സ്വാതന്ത്ര്യമില്ല. ഈശ്വരാ, വേറെ ആരും തുണയില്ല. ഈ ആഗ്രഹം സാധിച്ചു തരണേ.

നേരം സന്ധ്യ കഴിഞ്ഞു. ഏട്ടൻ വരുന്നതും നോക്കി ഇറയത്തേക്കു കടക്കുന്ന വാതിൽക്കൽ ഇരിക്കയായിരുന്നു. ആരോ വരുന്നതുപോലെ തോന്നി. നോക്കിയപ്പോഴേക്കും അദ്ദേഹം ശാന്തി കഴിഞ്ഞ് വഴിപാടിന് കൊടുത്തിരുന്ന ചോറ് അവിടെ വച്ചു കഴിഞ്ഞു. 'ഇതങ്ങെടുത്തു വച്ചേക്കൂ, നങ്ങേലീ', എന്നു പറഞ്ഞിട്ടു പോയിക്കഴിഞ്ഞു.

ഹോ, ഇങ്ങനെയുണ്ടോ ഒരു കാര്യം! ഞാൻ നേരെ ചെല്ലാറു പോലുമില്ല. എന്നിട്ടെന്നെ വിളിക്കരുതെന്ന് അറിയാഞ്ഞിട്ടാണോ? ചേടത്തി കേട്ടെങ്കിൽ! തീർച്ചയായും എന്നോടിഷ്ടം കാണും. അദ്ദേഹത്തിന് ഒരു കൂസലുണ്ടോ! അങ്ങനെ വിളിക്കാൻ ധൈര്യം വന്നല്ലോ. ആദ്യമായാണ് ഒരാൾ ആ പേരിൽ വിളിക്കുന്നത്. കുട്ടി. അങ്ങനെയേ വിളിക്കാറുള്ളൂ എല്ലാവരും. കൊതി തോന്നിയിട്ടുണ്ട് ആരെങ്കിലും 'നങ്ങേലീ' എന്നു വിളിക്കുന്നതു കേൾക്കാൻ. ഇപ്പോഴിതാ തന്റെ മനസ്സറിഞ്ഞ പോലെ. എന്നാലും അന്യയായ ഒരു പെൺകിടാവിനെ അങ്ങനെ



*ഭർത്താവ് പൊത്തോപ്പുറം കേശവൻ നമ്പൂതിരിയുടെ അമ്മ*

വല്ലപ്പോഴും കിട്ടുന്ന മുട്ടുശാന്തിയും മറ്റുമാണ് ഏക വരുമാന മാർഗ്ഗം. ഒരു പെൺകിടാവിനെ കൊണ്ടു ചെന്നാല് അതിനെ നോക്കാന് എന്താണ് വഴിയെന്ന് ഏതോ വാലിയക്കാരി പെണ്ണുങ്ങള് അവിടത്തെ അമ്മയോടു ചോദിച്ചൂന്ന് ഏടത്തിയാണ് പറഞ്ഞത്.

വിളിക്കാൻ പാടില്ലെന്ന് അറിഞ്ഞിട്ടും! അന്ന് തീരെ ഉറങ്ങാൻ കഴിഞ്ഞില്ല.

പിന്നെയും മാസങ്ങൾ ചിലതു കഴിഞ്ഞു. ഒരു ദിവസം അച്ഛനുമായി ആരോ സംസാരിക്കുന്നത് ശ്രദ്ധിച്ചു. ഏതോ ജാതകത്തിന്റെ കാര്യമാണ് പറയുന്നത്. അദ്ദേഹത്തിന്റെ അച്ഛനാണ് ആള്. പെട്ടി തുറന്നു എന്തോ കടലാസ് എടുത്തു അച്ഛൻ അദ്ദേഹത്തിന് കൊടുത്തു.

'ഇത് ഞാനിന്നു തന്നെ നോക്കിച്ചിട്ടു വരും, ഏട്ടാ'എന്ന് പറഞ്ഞ് ഉടനെ പോയി.

അച്ഛൻ അമ്മയോടു പറയുന്നത് മറഞ്ഞു നിന്ന് കേട്ടു, 'കുട്ടിയുടെ ജാതകം ആ പൊത്തോപ്പുറത്തെ ശ്രീധരൻ ചോദിച്ചു. ഞാൻ കൊടുക്കുകയും ചെയ്തു. അവിടെ വലിയ ബുദ്ധിമുട്ടിലാണ് കഴിയുന്നത്. ചോദിച്ചപ്പോൾ എങ്ങനെയാ കൊടുക്കാതെ. അയാളിന്നു തന്നെ നോക്കിച്ചിട്ടു വരും. അവിടെ കടും കാപ്പിയാണ്. പഞ്ചസാരയില്ലെങ്കിലും അതിന്റെ സ്വാദ് അതിനുണ്ട്. കപ്പപ്പുഴുക്കും കഞ്ഞിയുമാണ്. എന്നാൽ അതിന്റെ സ്വാദ് അതിനുണ്ട്. പിന്നെ, ശ്രീധരന് ഒരൂട്ടം സ്വഭാവമൊക്കെയുണ്ട്. പ്രായമായില്ലേ, അതിന്റെയാകും. വരുന്നതുപോലെ വരട്ടെ. കേശവൻ ഒട്ടും തരക്കേടില്ല. നല്ല ആരോഗ്യം. പ്രയത്നിക്കാൻ മടിയില്ല.'

'അയാൾക്കു നന്നേ ചെറുപ്പം. എന്തെങ്കിലും കാര്യത്തിന് പ്രാപ്തിയായില്ല. പിന്നെ, ഏട്ടനുണ്ടല്ലോ. അയാളും തരക്കേടില്ലെന്നു തോന്നുന്നു. പിന്നെ യോഗം തന്ന്യാണ്, ഇതൊക്കെ.'

എല്ലാം കേട്ട് ദേവിയെ നന്നായി മനസ്സിലോർത്തു. ശ്രീകൃഷ്ണ ഭഗവാനും ഭഗവതിയുമാണ് സങ്കടം കേൾക്കാനുള്ളവർ. അദ്ദേഹത്തിന്റെ അച്ഛൻ വൈകുന്നേരം ആയപ്പോഴേക്കും വന്നു.

'ഏട്ടാ, എല്ലാം അസ്സലായിരിക്കുന്നു. മുഹൂർത്തവും ചാർത്തിയാണ് ഞാൻ വന്നിരിക്കുന്നത്.'

അച്ഛൻ, 'ഓ, കൊള്ളാമല്ലോ. എന്നത്തേക്കാണ് മുഹൂർത്തം?'

അദ്ദേഹത്തിന്റെ അച്ഛൻ, 'എട്ടാം തീയതി നല്ല മുഹൂർത്തമാണ്. അന്ന് തന്നെ നമുക്കു നടത്തണം.'

അച്ഛൻ, 'ഇന്ന് നാലാണു തീയതി. ഇനി നാലു ദിവസേ ഉള്ളൂ. എല്ലാവരോടും പറയണം. കുറെ രൂപ വേണം. പിന്നെ കേശവനോടു ചോദിച്ചോ?'

അദ്ദേഹത്തിന്റെ അച്ഛൻ, 'അതല്ല, ഏട്ടാ, എനിക്കെന്തോ ഇതു നടത്താനൊരു ധൃതി. അയാൾക്ക് വിരോധമൊന്നുമുണ്ടാകില്ല. ഞാൻ പറയുന്നതുപോലെ കേൾക്കും. വലിയ കേമമൊന്നും വേണ്ട. ഈ ദിവസം കൊണ്ട് പറ്റുന്നതുപോലെ മതി.'

അച്ഛൻ, 'ആട്ടെ, ഞാൻ അനിയനോടും നാരായണനോടും എല്ലാമൊന്ന് പറഞ്ഞിട്ട് തീരുമാനം രാവിലെ അറിയിക്കാം.'

'എന്നാൽ അങ്ങനെയാട്ടെ. എന്റെ ഒരാശയാണിത്. തീരുമാനിച്ചതായി കരുതിയാണ് ഞാൻ പോകുന്നത്', അദ്ദേഹം പോയി.

എല്ലാവരും പകുതി മനസ്സോടെ സമ്മതിച്ചു.

ഇവിടെ അടിച്ചുതളിക്കാർ, കന്നുകെട്ടുകാർ, വിറകു വെട്ടാനും കടയിൽ പോകാനും ആൾക്കാർ, പുറത്തായാൽ കുളിപ്പിക്കുന്നതിനു പോലും വേലക്കാർ. എന്നാൽ പൊത്തോപ്പുറത്ത് കപ്പയ്ക്ക് കിളക്കാൻ പോലും ഇല്ലത്തുള്ളവർ. കഷ്ടിച്ചു കഴിഞ്ഞുകൂടുന്നൂന്ന് മാത്രം. വല്ലപ്പോഴും കിട്ടുന്ന മുട്ടുശാന്തിയും മറ്റുമാണ് ഏക വരുമാന മാർഗ്ഗം. 'ഒരു പെൺകിടാവിനെ കൊണ്ടു ചെന്നാൽ അതിനെ നോക്കാൻ എന്താണ് വഴി'യെന്ന് ഏതോ വാലിയക്കാരി പെണ്ണുങ്ങൾ അവിടത്തെ അമ്മയോടു ചോദിച്ചൂന്ന് ഏടത്തിയാണ് പറഞ്ഞത്.

ജാതകം ചോദിച്ചതും നൽകിയതും എല്ലാം വെറുതെയാവുമോ? ഇനി എ

ല്ലാരും കൂടി എന്താണാവോ ചെയ്യാൻ പോവുന്നത്? ഇല്ലത്ത് ആകെയൊരു മൗനം. എന്നാലും വേളിക്കുള്ള ചില ഒരുക്കമൊക്കെ കാണാനുണ്ട്. നിവൃത്തിയില്ലാത്തതു കൊണ്ട് എന്ന് തോന്നും.

നാളെയാണ് വേളി. അതു കഴിഞ്ഞാൽ തന്നെയേ പറയാൻ പറ്റൂ. ഒരാൾക്ക് നിശ്ചയിച്ച് മറ്റൊരാൾക്ക് കൊടുത്ത കഥ എത്രയോ കേട്ടിട്ടുണ്ട്. വരൻ പിന്മാറിയ കാരണം വേളിക്രിയക്ക് എത്തിയ വയസ്സൻ നമ്പൂരിക്ക് പിടിച്ചു കൊടുത്ത കഥയും കേട്ടിട്ടുണ്ട്. ആശങ്കകൾ ഒഴിയുന്നില്ലല്ലോ, ഈശ്വരാ.

1940 കളുടെ മദ്ധ്യത്തിൽ ഒരു ബ്രാഹ്മണ പെൺകുട്ടിയുടെ വിവാഹത്തലേന്നത്തെ രാത്രി. അതും മോഹിച്ച പുരുഷനുമായിട്ടുള്ളത്. ഇക്കാലത്തുള്ള ഒരു പെൺകുട്ടിക്കും ആലോചിച്ചാൽ പിടി കിട്ടുമെന്ന് തോന്നുന്നില്ല.

പരിഭ്രമവും തോന്നി.

'നീയത് ശങ്കരപ്പിള്ളക്ക് കൊടുത്തു നമസ്കരിച്ചോളൂ.' എന്ന് പറഞ്ഞു അച്ഛൻ തന്നെ തലയിലെ മന്ത്രകോടി മാറ്റി.

പുടവ ആശാന് കൊടുത്തു നമസ്കരിച്ചു. അച്ഛന്റെ മുഖത്തു നോക്കിയപ്പോൾ രണ്ടു തുള്ളി കണ്ണുനീർ വീഴുന്നതാണ് കണ്ടത്. എന്തൊക്കെയാണ് ഈശ്വരാ ഇത്.

ക്രിയാ സമയത്ത് കോടിപ്പുടവ കൊണ്ട് ശരിക്കും മൂടിയിരുന്നു. എങ്കിലും പുറത്തേക്കു കാണാം. ഇത്ര അടുത്തു നിന്ന് കാണുന്നത് ആദ്യമായാണ് . മന്ത്രകോടി കൊണ്ട് ആകെ മൂടിയത് നന്നായി. അല്ലെങ്കിൽ മറ്റുള്ളവരുടെ മുന്നിൽ വച്ച് ഇങ്ങനെ അടുത്തിരിക്കാൻ ... വല്ലാത്ത നാണം തോന്നി.

അല്പം ആശ്വാസവും തോന്നി. ആശങ്കകൾ ഒഴിഞ്ഞിരിക്കുന്നു. ഇത്ര ദിവസവുമുണ്ടായ വേവലാതികൾ മറ



*നങ്ങേലി അന്തർജനം പേരക്കുട്ടികൾക്കൊപ്പം*

രാത്രിയായിരുന്നു എങ്ങും. ആശങ്കയുടെ ഇരുട്ട് രാവിന് കട്ടികൂട്ടി. പിറ്റേന്നത്തെ പ്രഭാതത്തെപ്പറ്റിയുള്ള സ്വപ്നങ്ങളുമായി ഉറക്കം വന്നതും ഉറങ്ങിപ്പോയതും എപ്പോഴെന്നറിയില്ല.

രാത്രിയുടെ അവസാനത്തിൽ അരുണന്റെ ചുവപ്പ് പടർന്നപ്പോൾ ചേടത്തിയും അമ്മയുമൊക്കെ കുളിപ്പിക്കാനും പുടവയുടുപ്പിക്കാനും ഒക്കെ ഉത്സാഹിച്ചു. വലിയ അലങ്കാരങ്ങളൊന്നും ഉണ്ടായിരുന്നില്ല. കണ്ണെഴുതി കുറിയിട്ട് ദശപുഷ്പം ചൂടിച്ച് ദേവരുടെ മുൻപിലിരുത്തി. ആർപ്പും കുരവയുമൊക്കെയുണ്ട്. വരന്റെ വരവായിരിക്കും. അച്ഛൻ ഒരു കോടിമുണ്ടു തന്നു, ഇറയത്തേക്കു വിളിപ്പിച്ചു. അവിടെ അഞ്ചു കൊല്ലം മുമ്പ് സംസ്കൃതം പഠിപ്പിച്ച ആശാനുണ്ടായിരുന്നു. സന്തോഷവും അത്ഭുതവും

ഞ്ഞിരിക്കുന്നു. രാമനെക്കൊണ്ട് മലര് വാരി ഇടുവിക്കുന്നതെല്ലാം മൂടിയ മന്ത്രകോടിയിലൂടെ കണ്ടു.

കണ്ണു നിറഞ്ഞിരിക്കുന്നു. ഹോമപ്പുക കണ്ണിലായതുകൊണ്ടാവാം. അതോ മനസ്സു നിറഞ്ഞതുകൊണ്ടോ? അഗ്നി പ്രദക്ഷിണം വയ്ക്കാനായി അദ്ദേഹം കയ്യിൽ പിടിച്ചു. 'മിത്രോസി.' കയ്യിലുള്ള പിടുത്തം മുറുകുകയാണ്. വിരലുകൾ മുഴുവനും അദ്ദേഹത്തിന്റെ ബലിഷ്ഠമായ കയ്യിലാണ്. ദേഹം തളരുന്നുണ്ടോ? ഈശ്വരാ! അദ്ദേഹത്തിന്റെ ചുവടുകൾക്കൊപ്പം ആ കയ്യിൽ സ്വയം സമർപ്പിച്ചു കൊണ്ട് ഒരു പാവ കണക്കെ അഗ്നിക്കു വലംവയ്ക്കുമ്പോൾ സാവധാനം സ്വർഗ്ഗത്തിലേക്ക് നടക്കുന്നതായി തോന്നി.

**പൊത്തോപ്പുറം ജയന്തൻ നമ്പൂതിരി**
**മൊബൈൽ 9810453289**


# Swasthi Classifieds



**ഭക്തിഗാനങ്ങൾ**

ക്ഷേത്രങ്ങളുടെ ഐതിഹ്യത്തിനനുസരിച്ച് ഭക്തിഗാനങ്ങൾ തയ്യാറാക്കി കൊടുക്കുന്നു.ശ്രീധരൻ നമ്പൂതിരി മാടമന, തിരുവണ്ണൂർ
**കോഴിക്കോട് 94462 58509**



**തിരുവാതിരപ്പാട്ടുകൾ**

150 തിരുവാതിരപ്പാട്ടുകളുടെ പുസ്തകം 150.00, അക്ഷരശ്ലോക സമാഹാരം250.00,അന്തർജനങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ .
മലമേൽ ശാരദ അന്തർജനം,
**കിടങ്ങൂർ 94001 96322**



**ശ്രീകോവിലിനുള്ളിൽ**

ശ്രീകോവിലിനുള്ളിലെ എല്ലാ മെയിൻറനൻസ് ജോലികളും ഉത്തരവാദിത്വത്തോടെ നടത്തുവാൻ.
നീർവേലി ശ്രീകുമാർ നമ്പൂതിരി
**കോഴിക്കോട് 94955 70706**



**കാറ്ററിംഗിന്**

ചെറുതും വലുതുമായ വെജിറ്റേറിയൻ കാറ്ററിംഗിന്.സമീപിക്കുക
പൊയിലിൽ ഹരി നമ്പൂതിരി,
ഓമശ്ശേരി
**കോഴിക്കോട് 99471 01063**

Pure Vegetarian

**കാറ്ററിംഗിന്**

വെജ്. കാറ്ററിംഗ് /സദ്യ
സതീശൻ പടിഞ്ഞാറ്റിരി
അച്ചിപ്ര കാറ്ററിംഗ് സർവീസ്,
**കാടാമ്പുഴ 9447116305**



**ഭക്ഷണമുണ്ടാക്കുവാൻ**

എത്ര പേർക്കും ഭക്ഷണമുണ്ടാക്കുവാനും കാറ്ററിംഗിനും ഇവൻറ് മാനേജ്മെന്റിനും വർഷങ്ങളുടെ സൽപേരുമായി ഒ.ടി. വിനോദ് നമ്പൂതിരി നീലേശ്വരം
**കോഴിക്കോട് 99471 66663**

## 1928 ൽ കൊച്ചി നിയമസഭ ഏകകണ്ഠമായി പാസാക്കിയ

# നമ്പൂതിരി ബിൽ

**അന്ന് കേരളത്തിലെ പ്രമുഖ ആനുകാലിക പ്രസിദ്ധീകരണങ്ങളെല്ലാം മുഖപ്രസംഗങ്ങളെഴുതിയിട്ടും മഹാരാജാവ് ഒപ്പിടാൻ കൂട്ടാക്കിയില്ല. പത്രാഭിപ്രായങ്ങൾ ലഘുലേഖാ രൂപത്തിൽ 1929 ജൂലായ് 13 ന് തൃശ്ശിവപേരൂർ മംഗളോദയം പ്രസ്സിൽ അച്ചടിച്ചു നാടെമ്പാടും വിതരണം ചെയ്തു. ദ്രവിച്ചു തുടങ്ങിയ ഒരു കോപ്പി കുന്നക്കാവു പുതുമന ശങ്കരൻ നമ്പൂതിരിയുടെ പുസ്തക ശേഖരത്തിൽ സൂക്ഷിച്ചിട്ടുണ്ടായിരുന്നു. ആർക്കിടെക്റ്റും പുതുമന മകളുമായ ശ്രീമതി നിലീന മധു മംഗലശ്ശേരി സ്വസ്തിക്കായി അതു കൈമാറി.**

### നമ്പൂതിരിപ്പഴമയിൽ നിന്ന്

**കെ. എം. പരമേശ്വരൻ**



പീഡനം അന്നും വലിയ വാർത്തയായിരുന്നു. അതിലായിരുന്നു ശ്രദ്ധയും. ആവശ്യമുള്ള പല നല്ല കാര്യങ്ങളും നടപ്പാവാൻ സംവാദങ്ങളും പ്രക്ഷോഭങ്ങളും വേണ്ടി വന്നു. കുറിയേടത്തു താത്രിയെല്ലാം വിവാദനായികമാരായി ഉണ്ടായിട്ടും നമ്പൂതിരിമാരുടെ കാര്യത്തിൽ നല്ലൊരു നിയമമുണ്ടാവാൻ പിന്നെയും കാലമെടുത്തു. സമുദായത്തിൽ നിന്നു തന്നെ പ്രക്ഷോഭവും ജാഥയുമൊക്കെ വേണ്ടി വന്നു. ചിലതെല്ലാം ഓർക്കുന്നതും മറക്കാതിരിക്കുന്നതും നല്ലതാണ്. അത്തരമൊരു ഓർമ്മപ്പെടുത്തലാണ് ഇത്.

1905 ലെ സ്മാർത്തവിചാരം കഴിഞ്ഞതോടെ നമ്പൂതിരിമാരുടെ വ്യക്തിസ്വാതന്ത്ര്യങ്ങൾ വൻതോതിൽ നിയന്ത്രണങ്ങൾക്ക് വിധേയമായി. സ്വന്തം തൊടിയിൽ നിന്ന് കല്ലുവെട്ടാൻ പോലും രാജാനുമതി വാങ്ങണമായിരുന്നു എന്ന് അക്കാലത്തെ ചില രേഖകൾ ഉദ്ധരിച്ചു കൊണ്ട് മുൻ സഭാസാരഥി മുല്ലനേഴി ശിവദാസൻ മാഷു പറയുന്നു.

അക്കാലത്ത് നമ്പൂതിരിമാർ നടത്തിയ ഏറ്റവും വലിയ കാൽനട ജാഥ എത്രത്തോളം കുഴപ്പം പിടിച്ചതായിരുന്നു ആ കാലമെന്ന് മനസ്സിലാക്കാൻ ഉപകരിക്കും. 1937ൽ ചിറ്റൂർ കുഞ്ഞൻ നമ്പൂതിരിപ്പാടാണ് വടക്കാഞ്ചേരിയിൽ നടന്ന സഭാ വാർഷികത്തിന്റെ തീരുമാനപ്രകാരം ഭരണസിരാകേന്ദ്രം നിലകൊണ്ടിരുന്ന കൊച്ചിയിലെ തൃപ്പൂണിത്തുറയിലേക്ക് ചെറുതുരുത്തിയിൽ നിന്ന് കാൽനടജാഥ നയിച്ചത്.

ഒരു മാസം നീണ്ടു നിന്നു അത്. ജാഥക്കൊടുവിൽ രാജാവിനെ കണ്ട് കൊച്ചി നമ്പൂതിരി ബില്ലിൽ ഒപ്പിടാൻ വീണ്ടും അഭ്യർത്ഥിക്കുകയും ചെയ്തു. രാജാവ് ഒപ്പിടാതെ പിടിച്ചു


ement to this issue 29-11-104/18-7-

കൊച്ചി

നമ്പൂതിരിബില്

കൊച്ചിമഹാരാജാവ് തിരുമനസ്സിലേക്ക്

സമപ്പിച്ച

മെമ്മൊറിയലിനെപ്പററിയുള്ള

പത്രാഭിപ്രായങ്ങൾ.

1104

*നമ്പൂതിരി ബില്ലിനെക്കുറിച്ചുള്ള മുഖപ്രസംഗങ്ങൾ*


വച്ചിരിക്കുകയായിരുന്നു നമ്പൂതിരി ബിൽ. സമസ്ത പത്രങ്ങളും മുഖപ്രസംഗമെഴുതി. നമ്പൂതിരിമാർ തന്നെ ആവശ്യമുന്നയിച്ചു. എന്നിട്ടും ചില പ്രമാണിമാരായ സംബന്ധക്കാരുടെ ഹിതമനുസരിച്ച് രാജാവ് ഒപ്പിടാതെ നിന്നു. യാഥാസ്ഥിതിക നമ്പൂതിരിമാർക്കു എതിർപ്പുണ്ടായിരുന്നതിനാലും അവർക്ക് രാജാവിൽ നിർണ്ണായക സ്വാധീനമുണ്ടായിരുന്നതിനാലുമാണ് ബില്ലിൽ ഒപ്പിടാൻ കൂട്ടാക്കാതിരുന്നത്. എന്നാൽ പ്രക്ഷോഭങ്ങൾക്കൊടുവിൽ പിന്നീട് ഒപ്പിട്ട് നിയമമാക്കേണ്ടി വന്നു.

അതിലെ ചില ആവശ്യങ്ങൾ നോക്കൂ. ഇല്ലത്തെ സ്വത്തിൽ ആളോഹരി വിഹിതം കിട്ടാനായി അക്കാലത്ത് എത്ര കഷ്ടപ്പെട്ടിരുന്നു എന്ന് മനസിലാവും. ഇളമുറ നമ്പൂതിരിമാർ വേളി കഴിച്ചാലും വിധവാ വിവാഹം കഴിച്ചാലും ഭ്രഷ്ടാക്കാം. ഭ്രഷ്ടാക്കിയാൽ സ്വത്തിനു അവകാശമില്ലാതാവുകയും ചെയ്യും. ഇതായിരുന്നു സാഹചര്യം.

യോഗക്ഷേമസഭ ഒരു നൂറ്റാണ്ടു മുമ്പ് തുടങ്ങി വെച്ച സാമുദായിക പരിഷ്ക്കരണങ്ങൾ എത്ര വലുതായിരുന്നു എന്ന് തിരിച്ചറിയാൻ ഇത് ഉപകരിക്കും. 1928 ആദ്യം കൊച്ചി നിയമസഭ ഒരു നമ്പൂതിരി ബിൽ ഏകകണ്ഠമായി പാസാക്കുകയുണ്ടായി. യോഗക്ഷേമസഭയുടെ ആജ്ഞാനുസരണം ബ്രഹ്മശ്രീ കപ്ലിങ്ങാട് ശങ്കരൻ നമ്പൂതിരിയാണ് നിയമസഭയിൽ ബിൽ അവതരിപ്പിച്ചത്.

അത് സിലക്ട് കമ്മറ്റിക്ക് വിട്ടു. തെളിവെടുപ്പും ചർച്ചയും സഭയിലെ വാദപ്രതിവാദങ്ങളും ഭേദഗതി നിർദ്ദേശങ്ങളും മൂന്നാവർത്തി വായനയും കഴിഞ്ഞു. അതിനു എത്ര കാലം വേണ്ടിവന്നിരിക്കും എന്നറിയില്ല. എന്തായാലും, ഒന്നര കൊല്ലത്തിനിടയിൽ മഹാരാജാവിനു രണ്ടു നിവേദനങ്ങൾ കൊടുത്തിട്ടും അദ്ദേഹം ബില്ലിൽ ഒപ്പിട്ടില്ല. മുഖ്യധാരയിലെ എല്ലാ പത്രങ്ങളും ഇതേപ്പറ്റി രാജാവിനെ വിമർശിച്ച് മുഖപ്രസംഗം എഴുതി. അത്തരം ചിലതാണ് ഇതിൽ ചേർക്കുന്നത്. അന്നത്തെ കാലഘട്ടത്തെക്കുറിച്ച് നേർ ചിത്രം ലഭിക്കാൻ ഇത് ഉപകരിക്കും.

അന്ന് കേരളത്തിലെ പ്രമുഖ ആനുകാലിക പ്രസിദ്ധീകരണങ്ങളെല്ലാം ഈ വിഷയത്തെ സംബന്ധിച്ച് തങ്ങളുടെ അഭിപ്രായം മുഖപ്രസംഗങ്ങളെഴുതി വ്യക്തമാക്കി. എന്നിട്ടും മഹാരാജാവ് ഒപ്പിടാൻ കൂട്ടാക്കിയില്ല. പത്രാഭിപ്രായങ്ങൾ ലഘുലേഖാ രൂപത്തിൽ 1929 ജൂലായ് 13 ന് തൃശ്ശിവപേരൂർ മംഗളോദയം പ്രസ്സിൽ അച്ചടിച്ചു നാടെമ്പാടും വിതരണം ചെയ്തു. ആ വിതരണം ചെയ്ത കോപ്പികളിലൊന്നിന്റെ പുറം ചട്ടയാണ് ഇതൊപ്പം കൊടുക്കുന്നത്.



അവതാരിക

യോഗക്ഷേമസഭയുടെ ആജ്ഞാനുസരണം ബ്രഹ്മശ്രീ കപ്ലിങ്ങാട്ട ശങ്കരൻനമ്പൂതിരി അവർകൾ കൊച്ചിനിയമസഭയിൽ അവതരിപ്പിച്ചതും സിലക്ട് കമ്മററിയുടെ സവിസ്തരമായ അന്വേഷണങ്ങൾക്കും ഗാഢമായ ആലോചനകൾക്കും ശേഷം നിയമസഭയിൽവെച്ചു എതിരഭിപ്രായമില്ലാതെ പാസ്സായതുമായ കൊച്ചിനമ്പൂതിരിബിൽ ഒന്നരവൎഷത്തിനു മേലായിട്ടും മഹാരാജാവു തിരുമനസ്സുകൊണ്ടു തുല്യംചാൎത്തി നിയമകോടിയിൽ ഉൾപ്പെടുത്തി തരാത്തതിൽ സമുദായാംഗങ്ങളുടെയിടയിലുള്ള അസ്വാസ്ഥത സീമാതീതമായിട്ടുണ്ട്. ബില്ലിനെ സംബന്ധിച്ചു സമുദായാംഗങ്ങളുടെ ഭൂരിപക്ഷമായ അനുകൂലാഭിപ്രായത്തെ തിരുമനസ്സറിയിക്കുന്നതിന് ഒട്ടനവധി സംരംഭങ്ങളും സംഭവങ്ങളും ഇതിന്നുമുമ്പു കഴിഞ്ഞിട്ടുണ്ട്. മാവേലിക്കര സമ്മേളനത്തിൽവെച്ചു നിർദ്ദേശിച്ചതനുസരിച്ചു വീണ്ടും ഒരു മെമ്മോറിയൽ ബിൽ കാൎയ്യത്തെ സംബന്ധിച്ചു ഞങ്ങൾ കൊച്ചിമഹാരാജാവു തിരുമനസ്സിലേക്കു ഇക്കഴിഞ്ഞ 30-ാംനു സമൎപ്പിക്കുകയുമുണ്ടായി. ഈ മെമ്മോറിയലിനെ അടിസ്ഥാനപ്പെടുത്തി കേരളത്തിലെ പ്രധാന പത്രങ്ങളെല്ലാം എഴുതിയിട്ടുള്ള മുഖപ്രസംഗങ്ങൾ ബില്ലിനെ സംബന്ധിച്ച പൊതുജനാഭിപ്രായഗതിയെന്താണെന്നു തിരുമനസ്സിലേക്കും അവിടത്തെ ഗവൎമ്മേണ്ടിനും മനസ്സിലാക്കുന്നതിനു—ഇതുവരെയും അതു മനസ്സിലാക്കുവാൻ സാധിക്കാത്തവരുണ്ടെങ്കിൽ—വളരെ സഹായമായിരിക്കും. ഈ ഉദ്ദേശത്തോടുകൂടിയാണു ശേഖരിക്കുവാൻ സാധിച്ചിടത്തോളം പത്രാഭിപ്രായങ്ങളെ കൂട്ടിച്ചേൎത്തു ഇങ്ങിനെ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതു്. വിഭിന്നാഭിപ്രായഗതികളെയും വിഭിന്നസമുദായക്കാരേയും പ്രതിനിധീകരിക്കുന്ന കേരളത്തിലെ പ്രധാനപ്പെട്ട പത്രങ്ങളുടെ ഈ അഭിപ്രായങ്ങൾക്കു സമുദായാംഗങ്ങളെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസപരമായ ഒരു മെച്ചംകൂടിയുണ്ടാവുമെന്നാണു വിശ്വാസം.

തൃശ്ശിവപേരൂർ,
29-11-1104
18-7-1929.

എന്നു
സിക്രട്ടറി
(നമ്പൂതിരി യോഗക്ഷേമസഭ)

*നമ്പൂതിരി ബില്ലിനെക്കുറിച്ചുള്ള മുഖപ്രസംഗങ്ങൾ പുസ്തകമാക്കിയപ്പോഴത്തെ അവതാരിക*

ദ്രവിച്ചു തുടങ്ങിയ ഒരു കോപ്പി കുന്നക്കാവു പുതുമന ശങ്കരൻ നമ്പൂതിരിയുടെ പുസ്തക ശേഖരത്തിൽ സൂക്ഷിച്ചിട്ടുണ്ടായിരുന്നു. ആർക്കിടെക്റ്റും പുതുമന മകളുമായ ശ്രീമതി നിലീന മധു മംഗലശ്ശേരി സ്വസ്തിക്കായി അതു കൈമാറി. മലബാറിലും തിരുവിതാംകൂറിലും നമ്പൂതിരി റെഗുലേഷൻ ആക്ട് വന്നിട്ടും കൊച്ചിയിൽ നിയമമായില്ല.

കൊല്ലവർഷം 1104 (1929) ലെ മാവേലിക്കര വാർഷികം മുതൽ 1937 ലെ വടക്കാഞ്ചേരി വാർഷികം വരെ സമുദായത്തിൽ പ്രക്ഷോഭ പ്രചരണങ്ങൾ പലതും നടന്നു. ചെറുതുരുത്തി നിന്ന് തൃപ്പൂണിത്തുറയിലേക്ക് ചിറ്റൂർ കുഞ്ഞൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ കാൽനട ജാഥ നടത്തി വീണ്ടും നിവേദനം നടത്തി. അഡ്വക്കറ്റ് പി.എസ്.കേശവൻ നമ്പൂതിരി കൊച്ചി നിയമസഭയിൽ ഒന്നുകൂടി പരിഷ്ക്കരിച്ച ബിൽ അവതരിപ്പിച്ചു. വിദഗ്ദ്ധ അംഗമായി ശ്രീമതി പാർവ്വതി നെന്മിനിമംഗലം സിലക്ട് കമ്മറ്റിയിലും നമ്പൂതിരി കേന്ദ്രങ്ങളിലെ തെളിവെടുപ്പുവേളകളിലും നിയമസഭയിലെ വാദപ്രതിവാദങ്ങളിലും ഇടപെട്ടു സംസാരിച്ചത് ഉണ്ണിനമ്പൂ

തിരിമാസിക ഉദ്ധരിച്ച് യശശ്ശരീരനായ പ്രേംജി (എം.പി.ഭട്ടതിരിപ്പാട്, ) സവിസ്തരം രേഖപ്പെടുത്തിയിട്ടുണ്ട്. ആ ബില്ല് എതിരില്ലാതെ സഭ പാസാക്കുകയും രാജാവ് തുല്ല്യം ചാർത്തി നിയമമാവുകയും ചെയ്തു.

കോഴിക്കോട്ടെ മാതൃഭൂമി പത്രവും തലശ്ശേരിയിലെ ഗജകേസരിയും കൊല്ലത്തെ മലയാളരാജ്യവും മുവ്വാറ്റുപുഴയിൽ നിന്നുള്ള മലയാള പത്രികയും എറണാകുളത്തെ 'ഐക്യ'വും തൊണ്ണൂറ്റൊന്നു കൊല്ലം മുമ്പ് എന്താണ് എഡിറ്റോറിയലിൽ എഴുതിയത് ?

**മാതൃഭൂമി, കോഴിക്കോട്:**
(1929 ജൂൺ 30 )

ഒരു കൊല്ലം മുമ്പു കൊച്ചി നിയമസഭ പാസാക്കിയ നമ്പൂതിരി കുടുംബ റെഗുലേഷൻ ബിൽ നിയമമാക്കുന്നതിന്നു അനുമതി നൽകുവാൻ യോഗക്ഷേമസഭ അപേക്ഷിച്ചിരിക്കുന്നതിനെക്കുറിച്ചു ഞങ്ങൾ കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിക്കുകയുണ്ടായി.തൃപ്പൂണിത്തുറ രാജധാനിയുടെ മുമ്പിൽ വെച്ച് കൂടിയ (യോഗക്ഷേമസഭയുടെ) ഒരു പ്രത്യേകയോഗം കോവിലകത്തെ സംബന്ധക്കാരായ ചിലർ ബഹളമുണ്ടാക്കുകയാൽ യാതൊരു തീർപ്പും പാസാക്കാതെ പിരിയേണ്ടിവന്നതും വായനക്കാർ ഓർക്കുന്നുണ്ടായിരിക്കും. ഏതുവിധമായാലും പരിഷ്കൃതാശയനായ ഒരു ഭരണകർത്താവിനു യോജിച്ചതല്ല ഇപ്പോഴത്തെ മൗനനയമെന്നു ഞങ്ങൾ പറയേണ്ടതില്ലല്ലോ. അപ്രകാരം ചെയ്യുന്നത് അദ്ദേഹത്തിനു സാദ്ധ്യമല്ലെങ്കിൽ ആ സംഗതി അദ്ദേഹം തെളിവായി ഹരജിക്കാരെ അറിയിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ തങ്ങളുടെ സ്ഥിതി എന്താണെന്നും തങ്ങൾക്കു മേലിൽ ചെയ്യേണ്ടത് എന്താണെന്നും തീർച്ചപ്പെടുത്തുവാനെങ്കിലും ആയതു നമ്പൂതിരി സമുദായത്തെ സഹായിക്കുന്നതാണ്. ഏതു നിലയിലും ഇപ്പോഴത്തെ നയം ഒട്ടുംതന്നെ ഉചിതമായിട്ടുള്ളതല്ല. അത്രമാത്രമല്ല, ഒരു സമുദായക്കാരെ ഒട്ടാകെയും ഇപ്രകാരം സംശയത്തിൽ നിർത്തിക്കൊള്ളുന്ന ആ നയം ദയാപൂർവ്വമായിട്ടുള്ളതല്ലെന്ന് പറയേണ്ടതായിട്ടും ആണ് ഇരിക്കുന്നത് .

**ഗജകേസരി, തലശ്ശേരി:**
(1929 ജൂൺ 12 )

സമുദായ ക്ഷേമത്തിനു മാത്രമല്ല പൊതുജനനന്മക്കും കൂടി ഉതകുന്ന പ്രസ്തുത ബില്ലിനെ നിയമമാക്കുന്നതിൽ ഇത്രയും കാലതാമസം വരുത്തിയതു തന്നെ ഏറ്റവും അസഹ്യമായിരിക്കുന്നു .മേലിലും ഈ നില തുടർന്നുകൊണ്ടുപോകുന്നപക്ഷം

## 1937ൽ കാൽനട ജാഥയിൽ ഉന്നയിച്ചത്

1 തറവാട്ടു സ്വത്ത് ആളോഹരി ഭാഗിക്കാനുള്ള സ്വാതന്ത്ര്യം.
2 ഒന്നിൽ കൂടുതൽ വേളി (അധിവേദനം) നിരോധിക്കുക.
3ഇളമുറ നമ്പൂതിരിമാരുടെ വേളി (പരിവേദനം),വിധവാ വിവാഹം എന്നിവ ഭ്രഷ്ടിനു കാരണമാക്കാതിരിക്കുക.
4 പെൺകിടാങ്ങളുടേയും അന്തർജ്ജനങ്ങളുടേയും വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക,
5വൃദ്ധന്മാരുടെ വേളി ശിക്ഷാർഹമാക്കുക,
6 വടക്കെ ബ്രഹ്മസ്വം മഠം വിദ്യാർത്ഥികൾക്കും പാഞ്ഞാൾ നമ്പൂതിരി വിദ്യാലയത്തിനും ധനസഹായം അനുവദിക്കുക
7 തൊഴിൽ പഠന കേന്ദ്രങ്ങൾ തുടങ്ങാൻ അനുവദിക്കുക,
8 ഭാഗ്യക്കുറി നടത്തി ഫണ്ടു സ്വരൂപിക്കാൻ അനുവദിക്കുക

തുടങ്ങിയ ആവശ്യങ്ങളാണ് കാൽനട ജാഥയിൽ ഉന്നയിച്ചത്. നമ്പൂതിരി ബില്ലിലും ഇതിനനുസൃതമായ സാമൂഹ്യ പരിഷ്ക്കാരങ്ങൾ ഉണ്ടായിരുന്നു എന്ന് വ്യക്തമാണ്.

**ഏതു നിലയിലും ഇപ്പോഴത്തെ നയം ഒട്ടുംതന്നെ ഉചിതമായിട്ടുള്ളതല്ല. അത്രമാത്രമല്ല, ഒരു സമുദായക്കാരെ ഒട്ടാകെയും ഇപ്രകാരം സംശയത്തിൽ നിർത്തിക്കൊള്ളുന്ന ആ നയം ദയാപൂർവ്വമായിട്ടുള്ളതല്ലെന്ന് പറയേണ്ടതായിട്ടും ആണ് ഇരിക്കുന്നത് .**

നമ്പൂതിരി സമുദായത്തിന്റെ പരിതാപാവസ്ഥയിൽ നിന്ന് ഉയരുന്ന ദാഹകജ്വാലയിൽ പെടാതിരിപ്പാൻ കൊച്ചി മഹാരാജാവിനു സാധിക്കുന്നതല്ലെന്നു സംശയം കൂടാതെ പറയാം.

**മലയാളരാജ്യം, കൊല്ലം:**
( 1929 ജൂൺ 12 )


രാജാവു വെക്കുന്ന ചട്ടങ്ങളെ അനുസരിക്കേണ്ടവരിൽ ഒന്നാമൻ രാജാവു തന്നെയാകുന്നു. നിയമസഭ ഏർപ്പെടുത്തിയത് അദ്ദേഹമാണ്. അദ്ദേഹം വെച്ച ചട്ടമനുസരിച്ചു നിയമസഭയിൽ മൂന്നു തവണ വായനകഴിച്ചു, വാദപ്രതിവാദം നടത്തി, നിയമാനുസരണം പാസാക്കി അയച്ചതാണ് നമ്പൂതിരിബിൽ.

നമ്പൂതിരി സമുദായത്തോട് കേവലം പ്രജകളെന്ന കടപ്പാട് മാത്രമല്ല കൊച്ചി മഹാരാജാവിനുള്ളത്. കൊച്ചിയിലെ നൂറോ ഇരുനൂറോ കുറുവരെയുള്ള തമ്പുരാട്ടിമാരുടെയെല്ലാം ഭർത്താക്കന്മാർ നമ്പൂതിരിമാരാണ്. അവരുടേയും അവരോളം തന്നെ കൂറുള്ള തമ്പുരാക്കന്മാരുടേയും പിതാക്കന്മാരും നമ്പൂതിരിമാരാണ്. രാജകുടുംബവുമായി ഒഴിച്ചാലൊഴിയാത്തവണ്ണം ഇത്ര വളരെ അടുത്ത ബന്ധമുള്ള ഒരു സമുദായത്തിന്റെ ശ്രേയസ്സിനും കാലോചിതമായ പരിഷ്കാരത്തിനും അപ്രാർത്ഥിതമായിത്തന്നെ കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ട് പ്രത്യേകം ദൃഷ്ടി വെക്കേണ്ടതാണ്.കൊച്ചിയിലെ തമ്പുരാട്ടിമാർ ബി.എ.ഓണേഴ്സ് പരീക്ഷ പാസായി തുടങ്ങിയിരിക്കുമ്പോൾ നമ്പൂതിരിമാരിൽ പത്തിരുനൂറു പേരെങ്കിലും ഇപ്പോൾ എം.എ.പരീക്ഷ പാസായിരിക്കേണ്ടത് കൊച്ചി രാജാവിന്റെ ശ്രേയസ്സിനും തമ്പുരാട്ടിമാരുടെ സംതൃപ്തമായ കുടുംബ ജീവിതത്തിനും ആവശ്യമായിരുന്നു.

രാജ്യത്തിൽ സദാചാര പ്രതിഷ്ഠ വരുത്തണമെന്ന് താൽപര്യമുള്ള ഏതു ഭരണാധികാരിയും ആരും അപേക്ഷിച്ചില്ലെങ്കിൽ തന്നെയും ഒരു പ്രബല സമുദായം സദാചാരവിരുദ്ധമായ നടപടികൾ വെച്ചു കൊണ്ടിരിക്കുന്നു എന്നു കണ്ടാൽ കെമാൽ പാഷയെപ്പോലെ നിർബ്ബന്ധ നിയമം സ്വയം ഏർപ്പെടുത്തിയും അതിനെ തടയേണ്ടതാണ്. സമുദായം തന്നെ അതിന് കേണപേക്ഷിച്ചാൽ സന്മാർഗ്ഗപാലനത്തിനു പോലും അത്യാവശ്യമായ ഒരു നിയമത്തിനു അനുമതി കൊടുക്കയില്ലെന്നു വരുന്നത് മഹാകഷ്ടം തന്നെയാണ്,

**മലയാള പത്രിക, മുവ്വാറ്റുപുഴ:**
(1929 ജൂൺ 5 )

പ്രസ്താവ വിഷയത്തെപ്പറ്റിയുള്ള രണ്ടാമത്തെ മെമ്മോറിയൽ ആണിതെന്നും ആദ്യമെമ്മോറിയൽ മരുഭൂമിയിലെ മഴപോലെ നിഷ്പ്രയോജനമായി ഭവിച്ചതാണ് വീണ്ടുമുള്ള ഈ സങ്കടനിവേദനത്തിനു കാരണമെന്നും അറിയുമ്പോൾ ഈ ദീർഘമൗനം ഏതൊരു വമ്പിച്ച ശക്തിയുടെ ഛായയിലാണധിവസിക്കുന്നതെന്നു സംശയിക്കുന്നതിൽ എന്താണ് അത്ഭുതപ്പെടുവാനുള്ളത് .... പാമ്പു ചാകയുമില്ല, കോൽ ഒടികയുമില്ല എന്ന രീതിയി



വി.ടി. ഭട്ടതിരിപ്പാട്



ചിറ്റൂർ കുഞ്ഞൻ നമ്പൂതിരിപ്പാട്



പാർവതി നെന്മിനിമംഗലം

ലുള്ള ഇന്നത്തെ പ്രവൃത്തി അല്പവും ആദരണീയമായി ഇരിക്കുന്നില്ലെന്നു പറയാതെ തരമില്ല.

നമ്പൂതിരി സമുദായത്തിന്റെ നാളിതുവരെയുള്ള പുരോഗതികൾക്കു നിദാനമായി പരിലസിക്കുന്ന യോഗക്ഷേമസഭയാൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതുകൊണ്ടു ഇതു ദോഷത്തേക്കാളധികം ഗുണത്തെ ചെയ്യുമെന്ന് ദൃഢമായി വിശ്വസിക്കാവുന്നതാണ്, പോരെങ്കിൽ നിയമസഭ പാസാക്കുകയും ചെയ്തു കഴിഞ്ഞിരിക്കുന്നു.

**ഐക്യം, എറണാംകുളം :**
(1929 ജൂൺ 6 )

യോഗക്ഷേമസഭയുടെ വളരെകാലത്തെ പരിശ്രമം കൊണ്ട് സമുദായത്തിൽ വേണ്ട ഉണർവ്വ് ഉണ്ടായതിന്റെ ഫലമായിട്ടു തന്നെയായിരുന്നു പ്രസ്തുത ബിൽ ആവിർഭവിച്ചിട്ടുള്ളത്.

ഈ ബിൽ നിർദ്ദേശിച്ചിട്ടുള്ള പരിഷ്കാരങ്ങൾ വളരെ മിതമാണ്. സമുദായത്തിൽ കാര്യ വിവരമുള്ള സകലരുടേയും ആനുകൂല്യം സിദ്ധിച്ചിട്ടുള്ളതുമാണ്./ രാജ്യത്തിന്റെ പൊതുവായ ക്ഷേമത്തിനു സഹായകമായ ഈ ബില്ലിനു മഹാരാജാവ് അനുമതി നൽകി ഇനി ഒട്ടും താമസിയാതെ അതിനെ നിയമമാക്കിത്തീർക്കുമെന്നു പ്രതീക്ഷിക്കുകയും അതിലേക്കു തിരുമനസ്സിനോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

**സി.കെ.നമ്പൂതിരി**

വി.ടി.രാമൻ ഭട്ടതിരിപ്പാട് സെക്രട്ടറി ആയിരുന്ന ഘട്ടത്തിൽ സഹകാര്യദർശിയായി തൃശ്ശിവപേരൂരിലെ ഓഫീസ് ചുമതല നിർവ്വഹിച്ചത് നമ്പൂതിരി വിദ്യാലയത്തിൽ അദ്ധ്യാപകൻ കൂടിയായിരുന്ന ചെറുപ്പോയിലം കൃഷ്ണൻ നമ്പൂതിരി മാഷായിരുന്നു. യോഗക്ഷേമസഭയുടെ ഈ ലഘുലേഖയും സി.കെ.നമ്പൂതിരി പേരു വെക്കാതെ അച്ചടിച്ച കൂട്ടത്തിൽ പെട്ടതാവുമെന്ന് മുൻകാല സഭാസാരഥികളായ വൈക്കം പി. എൻ.നമ്പൂതിരിയും മുല്ലനേഴി ശിവദാസൻമാഷും പറഞ്ഞു.

**വി.ടി.രാമൻ ഭട്ടതിരിപ്പാട് സെക്രട്ടറി ആയിരുന്ന ഘട്ടത്തിൽ സഹകാര്യദർശിയായി തൃശ്ശിവപേരൂരിലെ ഓഫീസ് ചുമതല നിർവ്വഹിച്ചത് നമ്പൂതിരി വിദ്യാലയത്തിൽ അദ്ധ്യാപകൻ കൂടിയായിരുന്ന ചെറുപ്പോയിലം കൃഷ്ണൻ നമ്പൂതിരി മാഷായിരുന്നു.**

സാഹിത്യ അക്കാഡമിക്ക് തന്റെ ഗ്രന്ഥശേഖരം സമർപ്പിക്കുകയും ജീവിതാനുഭവങ്ങൾ പുസ്തകമായി എഴുതുകയും ചെയ്ത സി.കെ.നമ്പൂതിരി ചെറുതുരുത്തി -തൃപ്പൂണിത്തുറ കാൽനട ജാഥയിലൂടനീളം മുൻപന്തിയിൽ ഉണ്ടായിരുന്നു. അതിനു ശേഷമാണ് കൊച്ചി നമ്പൂതിരി ബിൽ നിയമമായത്. മാഷുടെ മകളായിരുന്ന സി.കെ.പാർവ്വതി അന്തർജ്ജനം 2010 ൽ കോഴിക്കോട്ടു നടന്ന യോഗക്ഷേമസഭാ സംസ്ഥാന വാർഷികത്തിൽ അവശതകൾ വകവെക്കാതെ പങ്കെടുത്തതിന്റെ ഓർമ്മ തന്നെ പ്രേരണാദായകമാണ്

**ചിറ്റൂർ കുഞ്ഞൻ നമ്പൂതിരിപ്പാട്**

ചിറ്റൂർ അവണാവു മനക്കൽ ത്രിവിക്രമൻ നമ്പൂതിരിപ്പാടാണ് ചിറ്റൂർ കുഞ്ഞൻ നമ്പൂതിരിപ്പാട് എന്നറിയപ്പെട്ടിരുന്നത്. ശ്രീകൃഷ്ണപുരം എളേടത്തു മനയിലെ മരുമകനായിരുന്നു. 1909ചിങ്ങം അത്തം ജനനം. 15-ാമത്തെ വയസ്സിൽ സി. എൻ. എൻസ്കൂൾ ഭരണമടക്കമുള്ള തറവാട്ടു കാര്യങ്ങൾ നോക്കാൻ തുടങ്ങി. ഇംഗ്ലീഷ് ട്യൂഷൻ മാഷെ ഇല്ലത്തു താമസിപ്പിച്ചു പഠിച്ചു സഭായോഗങ്ങളിൽ പ്രസംഗിക്കാൻ വാശിയോടെ അഭ്യസിച്ചു. 1938 ൽ തൃശ്ശൂർ വിവേകോദയം സ്കൂളിൽ നടന്ന സഭ മുപ്പതാം വാർഷികത്തിൽ അദ്ധ്യക്ഷനായി അവരോധിക്കവെ അവരോധിച്ചയാൾ പറഞ്ഞ വിശേഷണം ഇങ്ങനെ:


“ ഈ സഭയുടെ ജനയിതാക്കളിൽ അഗ്രേസരനായിരുന്ന പരേതനായ ചിറ്റൂർ നാരായണൻ നമ്പൂതിരിപ്പാടിന്റെ സീമന്തപുത്രൻ, സമുദായ കാര്യങ്ങളിൽ പ്രവേശിച്ച നാൾമുതൽ ഇന്നേവരെ ഒരുപോലെ ശുഷ്ക്കാന്തിയോടെ സമുദായപ്രവർത്തനം ചെയ്യുന്ന ത്യാഗിവര്യൻ, നമ്പൂതിരിവിദ്യാലയത്തിന്റെ രക്ഷാസ്തംഭം, എല്ലാവർക്കും ഹിതകാര്യൻ, സർവ്വസമ്മതൻ ....... 1937ൽ ഈ ചിറ്റൂർ കുഞ്ഞൻ നമ്പൂതിരിപ്പാടാണ് വടക്കാഞ്ചേരിയിൽ നടന്ന സഭാവാർഷികത്തിന്റെ തീരുമാനപ്രകാരം കൊച്ചി ഭരണസിരാകേന്ദ്രം നിലകൊണ്ടിരുന്ന തൃപ്പൂണിത്തുറയിലേക്ക് ചെറുതുരുത്തിയിൽ നിന്നാരംഭിച്ചതും ഒരു മാസം നീണ്ടു നിന്നതുമായ കാൽനട ജാഥ നയിച്ചതും. രാജാവിനെ കണ്ട് കൊച്ചി നമ്പൂതിരി ബില്ലിൽ ഒപ്പിടാൻ വീണ്ടും അഭ്യർത്ഥിച്ചതും.

“ നിങ്ങളുടെ കാര്യം നേരേയാക്കാം” എന്ന വാക്കാൽ മറുപടിയും സമ്പാദിച്ചു. പിന്നീടാണ് ചെറിയ ഭേദഗതികളോടെ തുല്ല്യം ചാർത്തൽ ഉണ്ടായത്.

1975 ഡിസംബർ 21 ന് തൃശ്ശൂർ നമ്പൂതിരി വിദ്യാലയത്തിൽ നടന്ന ലയനസമ്മേളനത്തിലും കുഞ്ഞൻ നമ്പൂതിരിപ്പാട് അദ്ധ്യക്ഷനായിരുന്നു. സഭയുടെ മൂന്നു വാർഷികങ്ങളിൽ അദ്ധ്യക്ഷനായിട്ടുണ്ട്. നമ്പൂതിരി പെൺകിടാങ്ങളുടെ വിദ്യാഭ്യാസത്തിനായി ‘സദനം’ തുടങ്ങിയപ്പോൾ തന്റെ മകൾ ലീലയെ അവിടെ താമസിച്ചു പഠിപ്പിച്ച് മാതൃക കാട്ടി. 83/1976 ആയി റജിസ്റ്റർ ചെയ്യപ്പെട്ട യോഗക്ഷേമസഭയുടെ ആദ്യ പ്രമാണത്തിൽ ഒപ്പിട്ട 29 പേരിൽ ഏക അന്തർജ്ജനം ആദ്യ പ്രസിഡണ്ടിന്റ സഹധർമ്മിണി പൂമുള്ളി ലീലാ അന്തർജ്ജനം അടുത്ത കാലത്താണ് ദിവംഗതയായത്./1984 എടവത്തിൽ മകം നാളിൽ ചിറ്റൂർ കുഞ്ഞൻ നമ്പൂതിരിപ്പാട് 75-ാം വയസ്സിൽ അന്തരിച്ചു .

**മദിരാശി ലെജിസ്ലേറ്റീവ് കൗൺസിലിൽ അംഗമായിരുന്ന മട്ടന്നൂർ തങ്ങളെ അന്തർജനങ്ങളെങ്കിലും മറക്കാൻ പാടില്ല. അക്കാലത്ത് നമ്പൂതിരി കുടുംബങ്ങളിൽ സ്ത്രീകൾക്ക് സ്വത്തവകാശം ഉണ്ടായിരുന്നില്ല. സ്വത്തവകാശം നൽകുന്നതിനുള്ള നമ്പൂതിരിബിൽ നിയമനിർമ്മാണത്തിലൂടെ പാസാക്കി എടുത്തത് മട്ടന്നൂർ തങ്ങളാണ്.**

# നമ്പൂതിരിമാരുടെ തങ്ങൾ



പുല്ലേരി ഇല്ലത്ത് മധുസൂദനൻ തങ്ങൾ

**മട്ടന്നൂർ നാരായണൻ നമ്പൂതിരി, മഹിമ**



തങ്ങൾ എന്നു പറഞ്ഞാൽ നമ്പൂതിരിയാണോ എന്ന് സംശയം തോന്നാം. എന്നാൽ മട്ടന്നൂർ തങ്ങൾ ശുദ്ധ നമ്പൂതിരിയാണ്. മദിരാശി ലെജിസ്ലേറ്റീവ് കൗൺസിലിൽ അംഗമായിരുന്ന തങ്ങളെ അന്തർജനങ്ങളെങ്കിലും മറക്കാൻ പാടില്ല. അക്കാലത്ത് നമ്പൂതിരി കുടുംബങ്ങളിൽ സ്ത്രീകൾക്ക് സ്വത്തവകാശം ഉണ്ടായിരുന്നില്ല.സ്വത്തവകാശം നൽകുന്നതിനുള്ള നമ്പൂതിരിബിൽ നിയമനിർമ്മാണത്തിലൂടെ പാസാക്കി എടുത്തത് മട്ടന്നൂർ തങ്ങളാണ്.

1930കളിൽ മധുസൂദനൻ തങ്ങളായിരുന്നു മദിരാശി ലെജിസ്ലേറ്റീവ് കൗൺസിലിൽ അവിഭക്ത മലബാറിന്റെ പ്രതിനിധി. എംഎൽസി എന്നാണ് അറിയപ്പെടുക. അക്കാലത്ത് നമ്പൂതിരി സ്ത്രീകൾക്ക് വിവാഹശേഷം പിതാവിന്റെ സ്വത്ത് അവകാശപ്പെടാൻ സാധിക്കുമായിരുന്നില്ല. ആ വിഷയത്തിലായിരുന്നു തങ്ങളുടെ ഇടപെടൽ.

അക്കാലത്തുതന്നെ അദ്ദേഹം നമ്പൂതിരി യോഗക്ഷേമസഭയുടെ അമരക്കാരനായും മലബാർ ഡിസ്ട്രിക്ട് ബോർഡ് മെമ്പർ, മിലിറ്ററി സെലക്ഷൻ ബോർഡ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചുവന്നു. സമുദായ പരിഷ്കർത്താവ് എന്ന നിലയിൽ മഹാത്മജിയിൽ നിന്ന് മധുസൂദനൻ തങ്ങൾക്ക് അഭിനന്ദന സന്ദേശവും ലഭിച്ചു.

ഗുരുവായൂർ സത്യാഗ്രഹം കൊടുമ്പിരിക്കൊണ്ട 1931-32 കാലത്ത് സാമൂതിരി രാജാവ് ക്ഷേത്രം പൂട്ടിയിടുകയുണ്ടായി . ആ സമയത്ത് പ്രശസ്തരടങ്ങുന്ന പത്തംഗ സംഘവുമായി ചെന്ന് സംസാരിച്ച് സാമൂതിരിയുടെ മനം മാറ്റാൻ കഴിഞ്ഞു. 1932 ജനുവരി 28ന് ക്ഷേത്രം തുറക്കുകയും ക്രമേണ ആരാധനാസ്വാതന്ത്ര്യം ലഭിക്കുകയും ചെയ്തു.

ഉദയെ സവിതാ രക്തഃ
രക്തശ്ചാസ്തമയേ തഥാ
സമ്പത്തൗച വിപത്തൗച
മഹതാമേകരൂപതാ

ഉദയാസ്തമയങ്ങളിൽ രക്തച്ഛവി പരത്തിക്കൊണ്ട് വിരാജിക്കുന്ന സവിതാവിനെപ്പോലെ മഹാത്മാക്കൾ സമ്പത്തിലും വിപത്തിലും ഭാവഭേദമില്ലാതെ ഒരേപോലെ കാണപ്പെടുന്നു.മട്ടന്നൂർ മധുസൂദനൻ തങ്ങൾക്ക് ഏറ്റവും ഉചിതമായ ഉദാഹരണമാണ് മേലെഴുതിയത്. ഗീതാകാരന്റെ ഭാഷയിൽ പറഞ്ഞാൽ പണ്ഡിതനും സമദർശിയും ആയിരുന്നു അദ്ദേഹം.

1970 നവംബർ ഒന്നിനായിരുന്നു മരണം. അമ്പതു വർഷം കഴിഞ്ഞു. അദ്ദേഹത്തെ ഒടുവിൽ കണ്ടത് ആ മെയ്മാസത്തിലാണ്. എന്റെ അച്ഛനും മുത്തശ്ശനും അദ്ദേഹത്തിന്റെ സഹവർത്തികളായിരുന്നു. 1897ലായിരുന്നു ജനനം. അദ്ദേഹത്തിന്റെ ജാതകർമ്മം തൊട്ടുള്ള ക്രിയകൾ നിർവ്വഹിച്ചത് മുത്തശ്ശനായിരുന്നു. തങ്ങൾ സമുദായത്തിന്റെ പൗരോഹിത്യവും ക്ഷേത്രങ്ങളിലെ താന്ത്രിക കർമ്മങ്ങളും മുത്തച്ഛന് ചുമതലപ്പെട്ടതായിരുന്നു.

കഥകളിയുടെ ഈറ്റില്ലമായ ഉത്തരമലബാറിലെ പഴയ കോട്ടയം താലൂക്ക് (ഇന്നത്തെ തലശ്ശേരി, ഇരിട്ടി താലൂക്കുകൾ) നാടുവാഴി ബ്രാഹ്മണ കുടുംബങ്ങളായ തങ്ങൾ സമുദായക്കാരുടെ

**1930കളിൽ മധുസൂദനൻ തങ്ങളായിരുന്നു മദിരാശി ലെജിസ്ലേറ്റീവ് കൗൺസിലിൽ അവിഭക്ത മലബാറിന്റെ പ്രതിനിധി. എം എൽ സി എന്നാണ് അറിയപ്പെടുക. അക്കാലത്ത് നമ്പൂതിരി സ്ത്രീകൾക്ക് വിവാഹശേഷം പിതാവിന്റെ സ്വത്ത് അവകാശപ്പെടാൻ സാധിക്കുമായിരുന്നില്ല. ആ വിഷയത്തിലായിരുന്നു തങ്ങളുടെ ഇടപെടൽ.**

സങ്കേതങ്ങളായിരുന്നു. മട്ടന്നൂരിൻ പുരാനെന്ന പേരുകേട്ട മഹാരഥൻ.പുല്ലേരിത്തറവാടിന്റെ നാഥനുമായ പുല്ലേരി ഇല്ലത്ത് മധുസൂദനൻ തങ്ങൾ ബഹുഭാഷാപണ്ഡിതനും വാഗ്മിയുമായിരുന്നു.

വിദ്യാലയം കണ്ടിട്ടില്ല. എന്നിട്ടും സ്വപ്രയത്നം കൊണ്ട് ഇംഗ്ലീഷിനും സംസ്കൃതത്തിനും പുറമേ ഹിന്ദി, തമിഴ്, കർണ്ണാടകം എന്നീ ഭാഷകളിലും അറിവു നേടി. നമ്പൂതിരി ബിൽ മദിരാശി നിയമനിർമാണ സഭയിലൂടെ പാസ്സാക്കിയെടുക്കാൻ അദ്ദേഹത്തിന് സഹായകമായത് തമിഴിലുള്ള പാണ്ഡിത്യമാണ്.

ശർമ്മാജി എന്ന പേരിലറിയപ്പെട്ടിരുന്ന പരമേശ്വരൻ വല്യച്ഛൻ, മട്ടന്നൂർ തങ്ങളുടെ സഹചാരിയായി വളരെ നാളുകൾ മട്ടന്നൂർ മഹാദേവക്ഷേത്രത്തിൽ താമസിച്ചിരുന്നു. അദ്ദേഹത്തിന്റെ മകളെയാണ് അഡ്വക്കേറ്റ് എം.സി. വാസുദേവൻ ഭട്ടതിരിപ്പാട് വേളികഴിച്ചത്. ആ വാസുവേട്ടന്റെ മകൾ വിമലയെ ആണ് മധുസൂദനൻ തങ്ങളുടെ മകളുടെ മകനായ കണ്ണമ്പേത്തില്ലത്ത് മധുസൂദനനും വേളി കഴിച്ചു.അതിനാൽ □നമ്മളൊന്നായി□ എന്ന ഒരു സന്തോഷം ഉണ്ടായിരുന്നു തങ്ങൾക്ക്. അതെല്ലാം സംസാരിച്ച് അന്ന് യാത്ര പറഞ്ഞിറങ്ങി. പിന്നീട് ലക്ഷദ്വീപിൽ വച്ചാണ് മാതൃഭൂമി പത്രത്തിലൂടെ അദ്ദേഹത്തിന്റെ ചരമ വാർത്ത അറിയുന്നത്.

ശ്രീശങ്കരന്റെ കാലടികൾ പിന്തുടർന്ന ആ അധൃഷ്യപ്രതിഭ ശ്രീ കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിലെ സ്ഥിരം സന്ദർശകനായിരുന്നു.

ഭാരതത്തിലെ പുണ്യപുരാതന ക്ഷേത്രങ്ങളിലെല്ലാം തീർഥാടനം നടത്തിയ അദ്ദേഹം 1954ൽ കാലടിയിൽ വച്ചുനടന്ന സർവ്വമതസമ്മേളനത്തിന് തലതൊട്ടപ്പനായി അധ്യക്ഷപദവി അലങ്കരിച്ചുവെന്നത് ആകസ്മികമല്ല.

1897 സെപ്റ്റംബർ ഒമ്പതിന് ശനിയാഴ്ച പുണർതം നാളിൽ ജനിച്ച തങ്ങളുടെ 120ആം ജന്മവാർഷികത്തോടനുബന്ധിച്ച് ശ്രീമഹാദേവക്ഷേത്രം തന്ത്രിക്കും ക്ഷേത്രകലാകാരന്മാർക്കുമായി ഒരു പുരസ്കാരദാനം സംഘടിപ്പിക്കാൻ ഒരു ശ്രമം നടത്തിയിരുന്നു.

2017 മാർച്ച് 5 ഞായറാഴ്ചയായിരുന്നു പ്രസ്തുത ചടങ്ങ്. മഹാദേവക്ഷേത്ര മഹോത്സവത്തിന്റെ സമാപന ചടങ്ങിൽ ക്ഷേത്രസമിതി പ്രസിഡൻറ് ശ്രീ സി എം ബാലകൃഷ്ണൻ നമ്പ്യാർ അദ്ധ്യക്ഷത വഹിച്ചു. പുരസ്കാരദാനം നടത്തിയത് മട്ടന്നൂർ നാരായണൻ നമ്പൂതിരി കെ ടി പി ആയിരുന്നു.

പ്രസ്തുതദിവസത്തിന് മറ്റൊരു പ്രാധാന്യം കൂടി ഉണ്ടായിരുന്നു. കുംഭമാസത്തിലെ രോഹിണി നക്ഷത്രം ഈ ലേഖകന്റെ വന്ദ്യപിതാവിന്റെ ജന്മനാൾ ആയിരുന്നു.

എന്റെ അച്ഛൻ മുഴക്കുന്ന് മൃദംഗശൈലം കടിക്കാവിൽ താഴത്തില്ലത്ത് പാലോന്നം വലിയനാരായണൻ നമ്പൂതിരി, മധുസൂദനൻ തങ്ങളുടെ സമകാലീനനും സുഹൃത്തും



*മദിരാശിയിൽ എം.എൽ.സിയായ മധുസൂദനൻ തങ്ങൾ; ഇരുവശങ്ങളിലായി നിയമോപദേഷ്ടാവ് അഡ്വ:കെ.ടി. ചന്തു നമ്പ്യാരും(ഇടത്) വലംകൈയായ തലശ്ശേരിയിലെ ഒരു എസ.എൻ.ഡി.പി പ്രവർത്തകനും. (1930 കളിലെ ഫോട്ടോ)*

**ഗുരുവായൂർ സത്യാഗ്രഹം കൊടുമ്പിരിക്കൊണ്ട 1931–32 കാലത്ത് സാമൂതിരി രാജാവ് ക്ഷേത്രം പൂട്ടിയിടുകയുണ്ടായി . ആ സമയത്ത് പ്രശസ്ത രടങ്ങുന്ന പത്തംഗ സംഘവുമായി ചെന്ന് സംസാരിച്ച് സാമൂതിരിയുടെ മനം മാറ്റാൻ കഴിഞ്ഞു. 1932 ജനുവരി 28ന് ക്ഷേത്രം തുറക്കുകയും ക്രമേണ ആരാധനാസ്വാതന്ത്ര്യം ലഭിക്കുകയും ചെയ്തു.**

സഹചാരിയും ആയിരുന്നു. മുത്തച്ഛൻ ക്ഷേത്രത്തിലെ താന്ത്രികകർമ്മങ്ങൾ അനുഷ്ഠിക്കുമ്പോൾ അച്ഛൻ ശീവേലി എഴുന്നള്ളിക്കുക പതിവായിരുന്നു.

ഒരർത്ഥത്തിൽ മധുസൂദനൻ തങ്ങൾ എനിക്ക് പിതൃസ്ഥാനീയൻ കൂടിയാണ്. ‘അന്നദാതാ ഭയത്രാതാ’ എന്ന് പറഞ്ഞ കൂട്ടത്തിൽ എനിക്കു ഇന്ന് അഭയസ്ഥാനം ആയിത്തീർന്നത് മഹിമ എന്ന് പുനർനാമകരണം ചെയ്യപ്പെട്ടതും മധുസൂദനൻ തങ്ങളുടെ ജന്മഗൃഹം ആയിരുന്ന പുല്ലേരി ഇല്ലത്തിന്റെ പൊളിച്ചുമാറ്റപ്പെട്ട പഴയ നാലുകെട്ടിന്റെ നഷ്ടാവശിഷ്ടമായ അടുക്കളയോട് ചേർന്നുള്ള ചെറിയ ഭവനവും സർപ്പക്കാവും കുളവും ഉൾക്കൊള്ളുന്ന ആവാസകേന്ദ്രമാണ്. ഇതാണ് അദ്ദേഹത്തോടുള്ള കടപ്പാട്.

മട്ടന്നൂരിന്റെ മുഖച്ഛായ മാറ്റുന്നതിൽ തങ്ങൾക്ക് വലിയ പങ്കുണ്ട്. പല സ്ഥാപനങ്ങൾക്കും അദ്ദേഹം മട്ടന്നൂരിന്റെ മർമ്മസ്ഥാനത്തു തന്നെ ഇടം നല്കി. വിദ്യാലയം കണ്ടിട്ടില്ലാത്ത അദ്ദേഹം സ്വന്തം ദേവാലയപരിസരത്തു തന്നെ ഒരു സരസ്വതീ ക്ഷേത്രം നിർമ്മിച്ച് മലബാർ ഡിസ്ട്രിക്ട് ബോർഡിന് നൽകി. ഒരു മുസ്ലിം ആരാധനാലയവും അദ്ദേഹത്തിന്റെ തണലിൽ മട്ടന്നൂരിന്റെ ഹൃദയ ഭാഗത്താണ് കിളിർത്തു വളർന്നുവന്നത് .

ഒരു പോലീസ് സ്റ്റേഷൻ, ഇൻസ്പെക്ഷൻ ബംഗ്ലാവ്, പി.സി.സി. സൊസൈറ്റി എന്നിവ അക്കാലത്ത് സ്ഥാപിതമായി. അദ്ദേഹം രക്ഷാധികാരിയായ സൊസൈറ്റിയാണ് പിന്നീട് മട്ടന്നൂർ കോ ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ആയി രൂപാന്തരപ്പെട്ടത്. ഭാരതകേസരി മന്നത്തു പത്മനാഭനും വേദാന്തകേസരി മധുസൂദനൻ തങ്ങളും സമശീർഷരും മട്ടന്നൂർ പഴശ്ശി രാജാ എൻ. എസ. എസ് കോളേജിന്റെ സ്ഥാപകരും ആണ്.

സാഹിത്യകാരന്മാരുടെയും കലാകാരന്മാരുടെയും കേളീരംഗമായി അദ്ദേഹം മട്ടന്നൂരിനെ മാറ്റി. വാഴകുന്നം നമ്പൂതിരിയുടെ മാസ്മരജാലവിദ്യാ പ്രകടനവും കലാമണ്ഡലം കഥകളിയരങ്ങും വള്ളത്തോളിന്റെ സാഹിതീസപര്യയും മഹാദേവക്ഷേത്രാങ്കണത്തെ നിത്യോത്സവം കൊണ്ടു ചൈതന്യധന്യമാക്കി.

മധുസൂദനൻ തങ്ങളുടെയും ധർമ്മപത്നി മഹാദേവി അന്തർജനത്തിന്റെയും സ്മരണകളുണർത്തുന്ന മഹിമയുടെ നിരൃതികോണിൽ പ്രത്യക്ഷമായ പുല്ലേരി നാഗത്തിലെ പ്രതിഷ്ഠയ്ക്ക് മുന്നിൽ സകുടുംബം വണങ്ങി ഉരുവിടാറുള്ള പ്രാർത്ഥനാശ്ലോകം ഇതാണ്.

“മഹിമയിലിളകൊള്ളും
നാഗകന്യാസമേതം
മഹിയിതിലമരും ശ്രീ
നാഗലക്ഷ്മിക്കുമൊപ്പം
ഫണിവര സകുടുംബം
മൽക്കുടുംബത്തിനെന്നും
തുണയരുളുക ദേവാ
കൈതൊഴാം നാഗരാജൻ”

---

മട്ടന്നൂർ നാരായണൻ നമ്പൂതിരി
മൊബൈൽ: 9946560029

# ദുഃഖസ്മരണ



എ.പി നമ്പൂതിരി



വിജയ മന്ദിരം പെരിഞ്ചേരി, കയനി പി.ഒ, മട്ടന്നൂർ വഴി,
കണ്ണൂർ ജില്ല . പിൻ: 670702 മൊബൈൽ: 8086771361

ആളുകൾ ഒന്നൊന്നായങ്ങൊഴിഞ്ഞു, ബന്ധുക്കളോ
യാത്രയായ്, ചിതാഗ്നിയോ ക്രൂരമായ് ജ്വലിക്കുന്നു.
ഖിന്നനായ്, തളർന്നു ഞാൻ, എന്തിനിവേണ്ടു, ചെയ്വ-
തെന്തെന്നുമറിയാതെയിരുന്നു ചിലനേരം.

മക്കളുണ്ടവരുടെ മക്കളും ജാമാതാക്കൾ
ഒക്കെയും പരിസരത്തുള്ളതും ആശ്വാസമായ്
ഏകനല്ലെല്ലാവരുമുണ്ടെന്ന സമാശ്വാസ
വാക്കുകൾ കേൾക്കുമ്പോഴും ഏകനെന്നതേ സത്യം.

ബന്ധുക്കൾ ചുറ്റും നിൽക്കെ ധർമ്മപത്നിയായ് നിന്നെ
കൊണ്ടനാൾ തൊട്ടെന്നും നീ എന്റേതായിരുന്നല്ലോ
മന്ത്രകോടിയാൽ മൂടി നിന്ന നിൻ കൈതൊട്ടപ്പോൾ
എന്തോ ഞാൻ എന്നെത്തന്നെ മറന്നു നിന്നേനല്ലോ !

വർഷങ്ങൾ അനേകമായതിവേഗത്തിൽ നീങ്ങി
ഹർഷോന്മാദത്താൽ കാലം പോയതുമറിയാതെ
സുന്ദര മോഹങ്ങളാൽ കെട്ടിയ കൊട്ടാരങ്ങൾ
ഇന്നെല്ലാം വൃഥാവിലായ് എല്ലാം വീണുടഞ്ഞുപോയ്

ജീവിതസായാഹ്നത്തിൽ ശോകമൂകമാമിരുൾ
മൂടുമ്പോൾ സന്ധ്യാദീപം നീയല്ലോ തെളിയിച്ചു
ക്ലേശങ്ങൾ വരുംനേരം ആശ്വാസം തന്നും കോപ
താപങ്ങളേറുംനേരം സാന്ത്വനമതും തന്നു!

നീ നട്ടുവളർത്തിയ മുല്ലയും, ഗന്ധോന്മാദ -
രാവുകൾ തീർക്കും നിശാഗന്ധിയും, നന്ത്യാർവട്ടം
മന്ദാരം, പനിനീരും നിൻ സ്പർശമേൽക്കാതിപ്പോൾ
കേഴുന്നു രാവിൽ മഞ്ഞുതുള്ളിയായനാരതം .

നീ പോകുന്നേരമൊന്നും ചൊന്നില്ല, വിഷാദമു -
ണ്ടേറെയെന്നുള്ളിൽ, കാണാൻ മോഹവുമേറിടുന്നു !
ഏകനാണിവൻ, പ്രായമേറിയോൻ വരുന്നേരം
കാത്തിരിക്കേണം, കാണാമെന്നു ഞാനാശിക്കുന്നു!

'സർവ്വേഷാം മംഗളം ഭവതു'

- ക്ഷേത്രോത്സവം,ശുദ്ധി, പൂജകൾ തുടങ്ങി ക്ഷേത്ര സംബന്ധമായ എന്തിനും ഏതിനും...
- ഹോമ, പൂജാദ്രവ്യങ്ങൾ, വെള്ളിക്കുടം, വെള്ളി ശംഖ്, പ്രതിമകൾ എന്നിങ്ങനെ എല്ലാമെല്ലാം ..
- ഷോഡശ ക്രിയകൾക്കുള്ളതെല്ലാം ..
- മിതമായ നിരക്കിൽ ഉത്തരവാദിത്തത്തോടെ ഓൺ ദി സ്പോട്ട് ഡെലിവറി.

ശിവാഞ്ജലി പൂജാ സ്റ്റോഴ്സ്
ചെത്തുകടവ്, കുന്ദമംഗലം

ശ്രീജിത്ത് കൊറ്റിവട്ടം 9447357865
വാസുദേവൻ പേരൂർ 9446356185
ശ്രീകാന്ത് കൊറ്റിവട്ടം 9745012354
kottivattam@gmail.com

ജയൻ പുതുമന വഴി ഏപ്രിൽ മാസത്തെ സ്വസ്തി വായിക്കാൻ ഇടയായി അതിൽ ആമുഖത്തിൽ എഴുതിയത് വായിച്ചു. മറ്റു സമുദായങ്ങളിലേ സ്ത്രീകൾക്കിടയിൽ ഉണ്ടായ മുന്നേറ്റം നമ്പൂതിരി സ്ത്രീകൾക്കിടയിൽ ഉണ്ടായോ എന്ന ചോദ്യത്തിന് മറുപടിയായി എന്റെ  ജീവിതവഴി എഴുതട്ടെ.പിന്നിട്ട വഴികളിലേക്ക് ഒരു തിരിഞ്ഞു നോട്ടത്തിന് സഹായിച്ച സ്വസ്തിക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു. ഇനി എന്റെ കഥ



ഭർത്താവ് മോഹനൻ പോറ്റിയോടൊപ്പം

### അറിയേണ്ട അന്തർജനം

# അങ്ങനെ ഞാൻ രാഷ്ട്രീയത്തിലിറങ്ങി ജയിക്കുകയും ചെയ്തു

**ശൈലജ അന്തർജനം**

ഈ അന്തർജനങ്ങൾ പാർട്ടി പ്രവർത്തനത്തിലും പഞ്ചായത്തിലും ഒക്കെ എന്ത് ചെയ്യാനാ ? ഒരു ആവശ്യവും ഇല്ലാത്ത കാര്യം. അല്ലാ, ശരിക്കു ആലോചിച്ചിട്ട് പോരെ ഇതെല്ലാം? അവൾക്കിതു എന്തിന്റെ ആവശ്യമാണ്. വെറുതേ ഓരോ കാര്യത്തിൽ ചെന്ന് തലയിട്ടോളും. മനുഷ്യരെ കൊണ്ട് പറയിക്കാൻ.'

ഇതുപോലെ കേൾക്കാത്തവരായി അധികമാരും ഉണ്ടാവില്ല. ധാരാളം കേട്ടു കഴിയുമ്പോൾ മനസ്സ് മടുത്തു ചെയ്ത കാര്യം പാതിവഴിക്ക് ഇട്ടു പോകുന്നവരും ധാരാളമുണ്ട് നമുക്കിടയിൽ. അങ്ങനെയുള്ളവരിൽ നിന്നും വ്യത്യസ്തയാണ് ശൈലജ അന്തർജനം എന്ന ഈ ഞാൻ.

1959 ഡിസംബർ മാസം 12 തിയതി അയർക്കുന്നം ചോമാലയില്ലത്ത് നീലകണ്ഠൻ നമ്പൂതിരിയുടെയും ആര്യ അന്തർജനത്തിന്റെയും ഏഴാമത്തെ കുട്ടിയായി  പൂരാടം നാളിൽ ജനനം. വേളി വരെയുള്ള ജീവിതമല്ലായിരുന്നു അതിനുശേഷം ഉള്ള അച്ഛന്റെ ജീവിതമെന്ന് പറഞ്ഞുകേട്ടിരുന്നു. സമയദോഷം, അല്ലാതെന്തു പറയാൻ. ഞാനും എന്റെ കൂടപ്പിറപ്പുകളും അത്യാവശ്യം നല്ല കഷ്ടപ്പാടിൽ ആയിരുന്നുവളർന്നത് .

അന്നത്തെ കാലത്ത് 9 മക്കളെന്നത് അതിശയോക്തിയല്ല. പക്ഷെ ഇത്രയും പേരെ വളർത്തിയെടുക്കുക അത്ര എളുപ്പമല്ലായിരുന്നു. അതുകൊണ്ടു തന്നെ, എനിക്ക് തിരിച്ചറിവ് ആയപ്പോഴേക്കും സഹോദരങ്ങളുടെ എണ്ണം ഒമ്പതിൽ നിന്നും അഞ്ചിലേക്കു ചുരുങ്ങിപ്പോയി. പൂരാടം ആയതു കൊണ്ടാവാം കരിം പൂരാടം ഒറ്റപ്പൂരാടം എന്നൊക്കെയാണ് വിളിപ്പേരുകൾ കിട്ടിയിരുന്നത്.

എന്റെ രൂപവും ഇതിനെയൊക്കെ സാധൂകരിക്കുന്ന തരത്തിൽ ആയിരുന്നു. അച്ഛനായിരുന്നു എന്നും പ്രചോദനം. എവിടെയും തളരാതെ തന്റേടത്തോടെ ജീവിക്കാനുള്ള മനക്കരുത്ത് തന്നിട്ടാണ് അച്ഛൻ വിടപറഞ്ഞത്.

ജീവിച്ചു തുടങ്ങും മുമ്പു തന്നെ നീ എന്തിനു എന്നെ സൃഷ്ടിച്ചു എന്ന് പലതവണ ദൈവത്തോട് ചോദിച്ചു പോയിട്ടുണ്ട്. ഒരു കുട്ടിയുടെ നിഷ്കളങ്കമായ ചോദ്യമായി തമ്പുരാൻ അതിനെ കണ്ടിട്ടുണ്ടാകും. അല്ലെങ്കിൽ ഇങ്ങനെ എഴുതാൻ ഞാൻ ഉണ്ടാവുമായിരുന്നില്ല. ഒരിക്കലല്ല മൂന്നു തവണയാണ് ഭഗവാൻ എനിക്ക് പുനർജീവൻ നൽകിയത്. അതിലൂടെ നിനക്കായി പലതും ഞാൻ കരുതിയിരിക്കുന്നു എന്ന സന്ദേശം അദ്ദേഹം ഒളിപ്പിച്ചിരുന്നു എന്ന് ഞാൻ കരുതുന്നു.

കാലം കഴിഞ്ഞു പോയി. ജീവിത പ്രാരാബ്ധങ്ങൾക്കിടയിലും പത്താം ക്ലാസ് പാസ്സായി. ഇനി എന്തെന്ന ചോദ്യം ഉയർന്നു.

അച്ഛൻ ഒരല്പം പരിഷ്കാരി ആയി

**മകളുടെ കല്യാണവും കഴിഞ്ഞു. എന്നാൽ, കടബാധ്യതകൾ കൂടിക്കൂടി വന്നു. ഈ സമയത്താണ് യോഗക്ഷേമസഭയുടെ നോമിനിയായി പഞ്ചായത്തു ഇലക്ഷനിൽ നിൽക്കാമോ എന്ന ഒരു ചോദ്യം എനിക്കു മുന്നിൽ വന്നത്. വല്ലാത്തൊരവസ്ഥയായിരുന്നു അപ്പോൾ.സഭയുടെ ആക്റ്റിവ് മെമ്പർ അല്ലാതിരുന്നിട്ട് കൂടി അങ്ങനെ ഒരു അവസരം വന്നത് ഈശ്വരേച്ഛ ആയിരിക്കാം.**

രുന്നു. അതുകൊണ്ടു തന്നെ അവ നവനെ കൊണ്ടാകുന്ന രീതിയിൽ തുടർന്ന് പഠിപ്പിക്കാൻ തീരുമാനിച്ചു. അങ്ങനെ ഞാൻ അൽപ്പം ടൈപ്പ് റൈറ്റിങ് പഠിച്ചെടുത്തു.

പക്ഷെ അധികം മുന്നോട്ടുപോകാനായില്ല. ഇല്ലത്തെ പ്രാരാബ്ധം നാൾക്കുനാൾ വർധിച്ചു വരുന്നതും മകൾക്കു പ്രായമായതും അദ്ദേഹത്തെ അലട്ടിയിരിക്കാം. അതിന്റെയെല്ലാം പരിണിതഫലമായി എന്റെ വേളി തിരുമാനിച്ചു. സാഹചര്യങ്ങളായിരിക്കാം എന്തോ വേളി എന്ന് കേൾക്കുമ്പോൾ ഒരു കൗമാരക്കാരിക്കു ഉണ്ടാകേണ്ട ഉത്കണ്ഠയൊന്നും ഉണ്ടായില്ല. അങ്ങനെ 1979 ജൂലൈ 15 ന് വേളി കഴിഞ്ഞു.

പടപേടിച്ചു പന്തളത്തു ചെന്നപ്പോൾ അവിടെ അതിലും വലിയ പട. അതായിരുന്നു വേളി കഴിഞ്ഞ എന്റെ അവസ്ഥ. അമ്പലപ്പുഴ കണ്ണനെ ദിവസവും കണ്ടുതൊഴാം എന്നതായിരുന്നു എന്നിൽ ഏറെ ആശ്വാസം ഉണ്ടാക്കിയത്. വേളി കഴിക്കുമ്പോൾ അദ്ദേഹത്തിന് ഒരു സ്ഥിരവരുമാനം ഇല്ലായിരുന്നു, ആറു മക്കളിൽ മൂന്നാമൻ ആയിരുന്നു. അദ്ദേഹത്തിന്റെ തറവാട്ടിൽ അമ്മയും ബുദ്ധിസ്ഥിരത കുറഞ്ഞ ഒരു സഹോദരനും ഒരു സഹോദരിയുമാണ് ഉണ്ടായിരുന്നത്. അച്ഛനെങ്ങനെ ഈ വേളിക്ക് തീരുമാനം എടുത്തുവെന്നത് ആദ്യനാളുകളിൽ എന്നെ അദ്ഭുതപ്പെടുത്തിയിരുന്നു. എല്ലാം ഈശ്വരേച്ഛ എന്നാണ് അന്നും ഇന്നും കരുതുന്നത്.

കാലം കടന്നു പോയി. ഞങ്ങൾക്ക് ആദ്യത്തെ കുട്ടിയുണ്ടായി. ദൈവാനുഗ്രഹത്താൽ അവനു 6 മാസം ആയപ്പോഴേക്കും അദ്ദേഹത്തിന് ദേവസ്വം ബോർഡിൽ ബ്രാഹ്മണവാച്ചർ ആയി ജോലികിട്ടി. അതും അമ്പലപ്പുഴ അമ്പലത്തിൽ തന്നെ. ഞാനും പതുക്കെ പുതിയ ജീവിതത്തിന്റെ താളത്തിലേക്കു വന്നത്തി. കുടുംബ ചെലവിൽ എങ്ങനെ അദ്ദേഹത്തിന് ഒരു സഹായിയാവാം എന്നതായിരുന്നു ആദ്യമായി ചിന്തിച്ചു തുടങ്ങിയത്.

ഭർതൃഗൃഹത്തിലെ സാഹചര്യങ്ങൾ എനിക്ക് പുറത്തു പോയി ജോലി നോക്കുന്നതിനു പറ്റിയതായിരുന്നില്ല. അല്ലെങ്കിലും 10 ക്ലാസും ഗുസ്തിയും ഉള്ളവൾക്ക് എന്ത് പണികിട്ടാൻ. എന്റെ ചിന്തകൾ മറ്റുപലവഴികളിലൂടെ തിരിഞ്ഞു. പശുവിലേക്കു എത്തി. ഒരു കറവപ്പശുവിനെ സ്വന്തമാക്കുകയാണ് ആദ്യം ചെയ്തത്. ജീവിതം വലിയ ബുദ്ധിമുട്ടുകൾ കൂടാതെ തുടർന്നു. ഒപ്പം രണ്ടാമത് ഒരു കുട്ടി കുടി ആയി.

ഈശ്വരൻ അവനു പ്രിയപ്പെട്ടവരെ ധാരാളം പരീക്ഷിക്കും എന്ന് പറയില്ലേ. അത് എന്റെ ജീവിതത്തിൽ അച്ചട്ടായിരുന്നു. കാര്യങ്ങൾ ഒരുവിധം കരക്കടുപ്പിച്ചു വരികയായിരുന്നു. അപ്പോഴാണ് എല്ലാം കീഴ്മേൽ മറിച്ചുകൊണ്ട് അദ്ദേഹത്തിന് ഒരു സസ്പെൻഷൻ. ഔദ്യോഗികജോലിയിൽ ഭംഗം വരുത്തി എന്നതായിരുന്നു കാരണം. ജോലി ചെയ്തിരുന്ന ക്ഷേത്രത്തിൽ ഒരാൾ അതിക്രമിച്ചു കയറിവിഗ്രഹം ഉടച്ചു.



*ഡയറക്ട് മാർക്കറ്റിംഗിലെ മികവിനു സമ്മാനിതയായപ്പോൾ*

ഈ സമയം അദ്ദേഹം സ്ഥലത്തുണ്ടായില്ല ഔദ്യോഗിക ആവശ്യത്തിനായി ആലപ്പുഴയിൽ പോയതായിരുന്നു. പക്ഷേ, മേലുദ്യോഗസ്ഥർക്ക് എന്തേലും നടപടി എടുത്തു എന്ന് കാണിച്ചു ഭക്തരെ അടക്കി നിർത്തേണ്ടിയിരുന്നു. അല്ലെങ്കിൽ സാമുദായിക സംഘട്ടനം ഉണ്ടാകും. നമ്മുടെ സമയദോഷം. അല്ലാതെന്തു പറയാൻ. വീണ്ടും പ്രാരാബ്ധങ്ങളുടെ നടുവിലായി.

ഈ സമയം മകൻ പത്താം ക്ലാസിലെത്തി. അദ്ദേഹത്തിന്റെ ജ്യേഷ്ഠന് അസുഖം കൂടി. ആകെ വല്ലാത്തൊരസ്ഥ. ആരുടേയും മുന്നിൽ കൈനീട്ടി ശീലിച്ചിട്ടില്ല. അതിനാൽ ചെറുതായി പലിശക്ക് പണം എടുത്തു തുടങ്ങി. എല്ലാം ശരിയാകും എന്ന കടുത്ത വിശ്വാസത്തിൽ. ഒരിക്കലും അമ്പലപ്പുഴ കണ്ണൻ കൈവിടില്ല എന്ന ഉറച്ച വിശ്വാസമുണ്ടായിരുന്നു.

കാലം കടന്നു പോയി. അദ്ദേഹം ജോലിയിൽ തിരികേ പ്രവേശിച്ചു. മക്കൾ പഠിച്ചു. വളർന്നു മകൻ ഒരു ചെറിയ ജോലിയിൽ പ്രവേശിച്ചു. മകളുടെ കല്യാണവും കഴിഞ്ഞു. എന്നാൽ, കടബാധ്യതകൾ കൂടിക്കൂടി വന്നു. ഈ സമയത്താണ് യോഗക്ഷേമസഭയുടെ നോമിനിയായി പഞ്ചായത്തു ഇലക്ഷനിൽ നിൽക്കാമോ എന്ന ഒരു ചോദ്യം എനിക്കു മുന്നിൽ വന്നത്. വല്ലാത്തൊരവസ്ഥയായിരുന്നു അപ്പോൾ.

യോഗക്ഷേമ സഭയുടെ ആക്റ്റിവ് മെമ്പർ അല്ലാതിരുന്നിട്ട് കൂടി അങ്ങനെ ഒരു അവസരം വന്നത് ഈശ്വരേച്ഛ ആയിരിക്കാം. തുടക്കത്തിൽ സൂചിപ്പിച്ചതു പോലെ ഒരുപാടു പ്രോത്സാഹനമുണ്ടായിരുന്നു. അതുപോലെ നിരുത്സാഹപ്പെടുത്തുന്ന സംഭവങ്ങളും. ഒരാൾപോലും എന്റെ തിന്മയെക്കരുതി പറഞ്ഞതല്ല എന്നറിയാം. എങ്കിലും ആകെ സങ്കടമായി.

എല്ലാവരെയും അറിയാം. എന്നാലും വല്ലാതെ പുറത്തേക്കിറങ്ങി ആളുകളുമായി ഇഴപഴകുന്ന ഒരു സ്വഭാവം ഇല്ലായിരുന്നു. അബദ്ധത്തിലെങ്ങാനും മെമ്പർ ആയാൽ പലതരത്തിലുള്ള ആളുകളുമായി ഇടപഴകണം. ഇതൊന്നും ഒട്ടും പരിചയം ഇല്ലാതെ എന്ത് ചെയ്യാൻ.

എന്തുതന്നെ ആയാലും ഇനിയിപ്പോൾ മക്കളുടെ കാര്യമോർത്തു വിഷമിക്കേണ്ട. എന്തുവന്നാലും ഞാനും അദ്ദേഹവും മാത്രം അനുഭവിച്ചാൽ മതി. ഇങ്ങനെയുള്ള വിചാരങ്ങളും പണ്ട് അച്ഛൻ നൽകിയ പ്രചോദനങ്ങളും ഉള്ളിലുണ്ടായിരുന്നു. പിന്നെ, അമ്പലപ്പുഴ കണ്ണൻ കൂടെയുണ്ടാകും എന്ന ഒരു ഉൾവിളിയും. എല്ലാംകൂടി ആയപ്പോൾ ഞാൻ സമ്മതം മൂളി. ജീവിതം മറ്റൊരു തലത്തിലേക്കു മാറുകയായിരുന്നു.

രാഷ്ട്രീയം എന്ന് കേട്ടിട്ടുണ്ട്. ഒരിക്കലും അത് എന്തെന്ന് മനസിലാക്കുകയോ അല്ലെങ്കിൽ മനസിലായവർക്കിടയിൽ ജീവിക്കുകയോ ചെയ്തിട്ടില്ല. അങ്ങനെയുള്ളപ്പോൾ ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ പിന്തുണയോടെ യോഗക്ഷേമസഭയുടെ സ്വതന്ത്ര സ്ഥാനാർഥിയായി മത്സരിക്കാൻ നിയോഗിക്കപ്പെടുക.

ഇലക്ഷൻ സമയത്ത് പറഞ്ഞ വാക്കുകൾ ഇന്നും ഓർമയിലുണ്ട്. ഇതുവരെ ഒരു രാഷ്ട്രീയ പാർട്ടിയിലും നിന്നിട്ടില്ല. ഒരിക്കലും പ്രസംഗിച്ചിട്ടില്ല. ആളുകൾ കൂടുന്നയിടത്ത് നിന്നും ഓടി ഒളിച്ചിട്ടേയുള്ളൂ. പക്ഷേ ഈശ്വരേച്ഛയാൽ ഇന്ന് ഞാൻ നിങ്ങളുടെ മുൻപിൽ നിൽക്കുന്നു. എന്നിൽ വിശ്വസിക്കുക. എനിക്കു ആകുന്നതു പോലെ ഒരു വിട്ടുവീഴ്ചക്കും വഴങ്ങാതെ നിങ്ങൾക്ക് വേണ്ട എന്ത്

കാര്യവും ഒരു ജനപ്രതിനിധി എന്ന നിലയിൽ ഞാൻ ചെയ്തിരിക്കും.

പിന്നീട് എപ്പോഴോ പറഞ്ഞു കേട്ടതാണ് ''മെമ്പറെ താങ്കളുടെ നിഷ്കളങ്കമായ മുഖവും പ്രായവും ഒക്കെ ഞങ്ങൾക്കു ഒരു കാര്യവും കയർത്തു പറയാൻ പറ്റാതെ ആക്കുന്നു. ഒരു പക്ഷേ ഈ ഘടകങ്ങൾ തന്നെയാകാം 13 വോട്ടിനു എന്നെ ജയിപ്പിച്ചു വിട്ടത്.

അങ്ങനെ ഒന്നുമില്ലായ്മയുടെ നടുവിൽ ജനിച്ചു ജീവിച്ച ഞാൻ ഇന്ന് ഒരു പഞ്ചായത്തു മെമ്പറായി. ഉത്തരവാദിത്തങ്ങൾക്കു മറ്റൊരു മുഖം വന്നു. ജനങ്ങളുമായി ഇടപഴകാൻ തുടങ്ങി. യോഗക്ഷേമ സഭയിൽ ആക്റ്റീവ് ആയി .ജീവിതത്തിന് ആകെ മാറ്റം വന്നു. ഇതേ കാലയളവിൽ ഞാൻ യോഗക്ഷേമസഭയുടെ അമ്പലപ്പുഴ ഉപസഭയുടെ വനിതാ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ വർഷം ഇത് തുടർന്നു. കുടുംബം അമ്പലപ്പുഴയിൽ നിന്നു വക്കത്തേക്കു പറിച്ചു നടുന്നത് വരെ.

അഞ്ചുവർഷത്തെ പഞ്ചായത്തു കാലയളവ് എന്റെ ജീവിതത്തിൽ ഒട്ടേറേ മാറ്റങ്ങൾക്കു കാരണമായി. നാലു ചുമരിനുള്ളിൽ കഴിഞ്ഞിരുന്ന ഞാൻ നാലാളറിയുന്ന ഒരാളായി. മന്ത്രിമാർ കളക്ടർമാർ തുടങ്ങി പ്രമുഖരുടെ ഒപ്പം പ്രവർത്തിക്കാൻ അവസരം ലഭിച്ചു. ഓരോ അവസരവും കണ്ണൻ എനിക്ക് തന്ന അനുഗ്രഹമായി കണ്ടുകൊണ്ടു മുന്നോട്ടു നീങ്ങി.

ജോലി ചെയ്ത അഞ്ചുവർഷക്കാലവും ജനങ്ങൾക്ക് കൊടുത്ത വാക്ക് പാലിക്കാനായി എന്നുതന്നെ വിശ്വസിക്കുന്നു. യോഗക്ഷേമസഭയിലും വനിതാ അംഗങ്ങൾക്കിടയിൽ ഒരു കൂട്ടായ്മ കൊണ്ടുവരാനും അതിലൂടെ പല നല്ലകാര്യങ്ങളും ചെയ്യുവാനും സാധിച്ചു. നാലമ്പലദർശനം വനിതാ കാറ്ററിംഗ്, ചെറിയ രീതിയിലുള്ള പാക്കറ്റ്ഫുഡ്, അങ്ങനെ പലതും. സഭയുടെ അകമഴിഞ്ഞ സഹായം എടുത്തു പറയേണ്ട ഒന്നാണ് .എല്ലാവരുടെയും സ്നേഹ സഹകരണങ്ങളോടെ ജീവിതം മുന്നോട്ടുപോകുമ്പോഴും മനസിനെ വല്ലാതെ അലട്ടിയ കാര്യമായിരുന്നു കടബാദ്ധ്യതകൾ.

മെമ്പറായുള്ള ജീവിതയാത്രയിലാണ് ഒരു സുഹൃത്തു വഴി ഡയറക്റ്റ് മാർക്കറ്റിങ് എന്ന നൂതന ബിസിനസ്സ് രീതിയെപ്പറ്റി അറിയാൻ ഇടയായത് .ഡയറക്റ്റ് മാർക്കറ്റിങ് എന്ന് കേൾക്കുമ്പോൾ പെട്ടെന്ന് എല്ലാവർക്കും ഓർമ്മവരിക മണിചെയിനും അതുപോലെയുള്ള മറ്റു സംരംഭങ്ങളും ഒക്കെയാണ്. എന്റെയും അവസ്ഥ മറിച്ചായിരുന്നില്ല. വളരെ അധികം ആശങ്കയോടെ ആണെങ്കിലും അതിലേക്കിറങ്ങി. ഇനിയെന്തായാലും തിരിച്ചില്ല എന്ന് ഞാൻ ഉറപ്പിച്ചു. ഉറക്കം പോയ ദിവസങ്ങൾ.

ഒരുകൈ നോക്കാം എന്ന് ഞാനും തീരുമാനിച്ചു തലക്കുമേലെ നിൽക്കുന്ന കട ബാധ്യതകളിൽ നിന്നും എളുപ്പവഴിയിൽ ഉള്ള ഒരു രക്ഷപ്പെടൽ ആയിരുന്നു ഉദ്ദേശം. പക്ഷേ വിചാരിച്ച അത്ര എളുപ്പമായിരുന്നില്ല ആ യാത്ര. എതിർപ്പുകളും ഭീഷണികളും ധാരാളം ഉണ്ടായി. പക്ഷേ, ഏതൊരു മുൾപ്പാതയുടെ അന്ത്യത്തിലും ഒരു നല്ല അനുഭവം നമുക്കായി കാത്തിരിക്കും.

കാലം കടന്നു പോയി. ഭഗവാൻ എന്റെ ഒപ്പം നിന്ന് ആ വിശ്വാസത്തിനു ചെറിയ ചെറിയ ആശ്വാസങ്ങൾ നൽകി. നിയമങ്ങൾ ഡയറക്റ്റ് മാർക്കറ്റിംഗ് അംഗീകരിച്ചു. ഇതിനായി ട്രേഡ് യൂണിയൻ രൂപീകരിക്കപ്പെട്ടു. ആയുഷ് മന്ത്രാലയത്തിന്റെ അംഗീകാരമുള്ള പ്രൊഡക്ടുകൾ വിൽക്കാൻ തുടങ്ങിയതോടെ ജനങ്ങളിലേക്ക് ബിസിനസ് കൂടുതൽ എത്തിച്ചേരാനായി.

എതിർത്തു നിന്നവർ പതുക്കെ അംഗീകരിച്ചു വന്നു. ഇന്ന് ഞാൻ വർക്ക് ചെയ്ത് ഡയറക്റ്റ് മാർക്കറ്റിംഗ് കമ്പനിയുടെ ജില്ലാ ടീം കോഓർഡിനേറ്റർ ആയി നിൽക്കുമ്പോൾ പിന്നിട്ട വഴികളും അതിൽ പിന്തുണച്ച നല്ല മനസുകളേയും കൃതാർത്ഥതയോടെ സ്മരിക്കുന്നു. എടുത്തു പറയേണ്ട കാര്യം ഭർത്താവിൻറെ പ്രോത്സാഹനമാണ്. അദ്ദേഹം വിചാരിച്ചിരുന്നു എങ്കിൽ സ്ത്രീയായ എന്നെ അദ്ദേഹത്തിന്റേയും മക്കളുടെയും കാര്യങ്ങൾ നോക്കി ഇല്ലത്ത് ഇരുത്താമായിരുന്നു. അതല്ലാ അങ്ങനെ ഒരു നിർദ്ദേശം വച്ചിരുന്നു എങ്കിൽ പോലും ഇന്ന്
കാണുന്ന ഞാൻ ഉണ്ടാകില്ല. പക്ഷെ അങ്ങനെ ഒരിക്കലും ഉണ്ടായില്ല .പകരം നീ ശ്രമിച്ചു നോക്ക് എന്നുമാത്രമാണ് പറഞ്ഞിട്ടുള്ളത്. വേളിയാലോചന വന്നപ്പോഴേ ഈ ഒരു മനസ് അച്ഛൻ കണ്ടിരുന്നുവോ? ജഗദീശ്വരനറിയാം.

നല്ലൊരു നാളെ എല്ലാവർക്കും ഉണ്ടാകുവാൻ ഈശ്വരൻ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് നിർത്തുന്നു

നിങ്ങളുടെ സ്വന്തം
ശൈലജ അന്തർജനം
മാന്ത്രമഠം
ഉദയനാപുരം
വൈക്കം
മൊബൈൽ 9061951106

# സ്വർണ്ണപ്പശു

## കെ.ബ്രഹ്മദത്തൻ

ദാനം കിട്ടിയ പയ്യിന്റെ
വാലും തൂക്കി നടക്കവേ
'ചത്ത പയ്യിനെ ഞങ്ങൾക്ക്
തരണം തമ്പുരാക്കളേ'

ചുറ്റും നോക്കിയവാറെക്ക-
ണ്ടകലെ കൃശഗാത്രനായ്,
പനമ്പും, കുട്ട, മുറവും
ഭേസീട്ടു, വിനയാന്വിതൻ

പറച്ചി പെറ്റ പന്ത്രണ്ടാം
പുത്രൻ, പരമപണ്ഡിതൻ
കുസൃതി ച്ചിരി മാറാതെ
ചോദ്യകർത്താവു,പാക്കനാർ

മഹാരാജാവ് സന്തുഷ്ട-
ചിത്തനായ്ത്തന്ന,ദക്ഷിണ,
സ്വർണ്ണഗോവിനെ താഴത്തു
വെച്ചു, ചൊല്ലി മഹീസുരൻ

'ചത്ത പയ്യിനെയങ്ങേക്ക്
തന്നാലതപഹാസ്യമാം
ഗോദാനമായ് സ്വീകരിക്കൂ
ജീവനുള്ളോരു ജന്തുവെ'

നിളയിൽ മുങ്ങി നീരാടി
നിന്നൂ വിപ്രനൊരരക്ഷണം
കൈക്കുടന്നയിലെത്തോയാൽ-
ത്തളിച്ചൂ സ്വർണ്ണഗോവിനെ.

പൈക്കിടാവു പുൽന്നാമ്പു ,തി-
ന്നോടിച്ചാടി നടക്കവേ
നേത്ര നാരായണൻ വിപ്രൻ
ഗോദാനത്തിന്നൊരുങ്ങിനാൻ

അത്ഭുതസ്തബ്ദ്ധനായ് പ്പോയ-
പാക്കനാരിത്ഥമോതിനാൻ
'അങ്ങാണു സാക്ഷാൽ തമ്പ്രാക്കൾ
മറ്റുള്ളോർ തമ്പുരാക്കളും'

അടിയന്നർഹമില്ലാത്ത-
തൊന്നും വേണ്ട മഹാപ്രഭോ
കുട്ടയും മുറവും വിറ്റി-
ട്ടടിയൻ പശി തീർത്തിടാം.

(തമ്പ്രാക്കൾ ക്ഷേത്രത്തിൽ മണി കൊട്ടി തൊഴുന്ന പതിവില്ല.നടക്കൽ നിന്നാൽ ദൈവത്തിന് അദ്ദേഹത്തിന്റെ സാന്നിധ്യം അറിയാവുന്നതു കൊണ്ട് നേത്ര നാരായണൻ എന്ന പേര് വന്നു.സാമ്രാട്ട് ലോപിച്ചത് തമ്പ്രാക്കൾ എന്ന് പറയുന്നു.) കെ.ബ്രഹ്മദത്തൻ,

മറവഞ്ചേരി കിഴക്കേടത്ത് മന,
പി.ഒ.പനങ്ങാട്ടുകര,
വടക്കാഞ്ചേരി, തൃശ്ശൂർ-680623

## നമുക്കിടയിലെ പ്രതിഭകൾ

# അവണാവിന്റെ വര ഗ്രീസിലുമെത്തി

**ജയൻ പഴങ്ങോട്ടു പൊറ്റ**



ഗ്രീസിൽ നിന്നും ഇന്ത്യയിലെ ചിത്രകലയെ പറ്റി പഠിക്കാനെത്തിയതാണ് 2011 ൽ ഫെനി . അവരുടെ അച്ഛൻ ഗ്രീക്കിലെ പ്രശസ്തനായ കലാനിരൂപകനായിരുന്നു. യാത്രക്കിടയിൽ കൊച്ചിയിലെത്തിയപ്പോഴാണ്  ഹിന്ദു പത്രത്തിൽ അവണാവ് നാരായണന്റെ ചിത്രങ്ങളെക്കുറിച്ച് നിരൂപണം ശ്രദ്ധയിൽപ്പെട്ടത്. തുടർന്ന് അവർ പത്ര ഓഫീസുമായി ബന്ധപ്പെട്ട് അവണാവിന്റെ ഫോൺ നമ്പർ തേടിപ്പിടിക്കുകയും രണ്ടോ മൂന്നോ മണിക്കൂറിനകം തൃശൂർ പേരാമംഗലത്തെ വീട്ടിലെത്തുകയും ചെയ്തു. അവിചാരിതമായ ഈ സൗഹൃദ സന്ദർശനം വളരെ വലിയൊരു കലാബന്ധമായി വളർന്നു.

മണിക്കൂറുകൾ ഇവിടെ ചെലവഴിച്ച് തിരിച്ച് പോവുമ്പോൾ 20 ചിത്രങ്ങൾ വില നൽകി വാങ്ങുകയും അവയെ ഗ്രീക്കിലും യൂറോപ്പിലും പരിചയപ്പെടുത്തുകയും ചെയ്തു. ഓൺലൈൻ സൗഹൃദം പങ്കിട്ട് വരുന്നു.

ആഗോള തലത്തിൽ ലഭിച്ച ഏറ്റവും വലിയ ഒരംഗീകാരമായി ഇത്. പ്രശസ്ത ചിത്രകാരൻ  എം.വി ദേവൻ അവണാവിന്റെ ചിത്രങ്ങളിലൊന്ന് ഇഷ്ടപ്പെട്ട് വില നൽകി വാങ്ങി മാഹി മലയാള കലാഗ്രാമത്തിൽ പ്രദർശിപ്പിച്ചതും വലിയ ബഹുമതി തന്നെ.

ആലുവയിൽ ചിത്ര പ്രദർശനം ഉദ്ഘാടനം ചെയ്യാൻ എത്തിയതായിരുന്നു എം.വി ദേവൻ. അവണാവ് വരച്ച ചിത്രങ്ങളും അവയിൽ ഉണ്ടായിരുന്നു.

നിത്യവും മൂന്നരക്ക് ദിനചര്യ ആരംഭിക്കും. രാവിലെ 2 മണിക്കൂറും വൈകിട്ട് 1 മണിക്കൂർ നടത്തത്തിനും പതിവായി  മാറ്റി വെക്കുന്നു. വ്യായാമത്തിനും പതിവ് ചിട്ടവട്ടങ്ങൾക്കും വിശ്രമം നൽകാൻ തയ്യാറല്ല. വന്നേരി ഹൈസ്കൂളിൽ ചിത്രകലാധ്യാപകനായിരുന്നു.  5 വർഷം മുമ്പ് വിരമിച്ചു.

രാവിലെ മൂന്ന് മണിക്ക് എഴുന്നേറ്റ് അടുത്തുള്ള ക്ഷേത്രത്തിലേക്കുള്ള നടത്തം. നിത്യവും 50 നമസ്കാരം. വ്യായാമം കഴിഞ്ഞാൽ ചിത്രങ്ങൾ വരക്കാൻ തുടങ്ങും. അപ്പോൾ ഏറ്റവും ഇഷ്ടപ്പെട്ട സംഗീതവും. തുടർന്ന് അഞ്ച് മണിയോടെ നവമാധ്യമങ്ങളിൽ ഓരോ ചിത്രം പോസ്റ്റ് ചെയ്യുന്ന പതിവ് എട്ടാം വർഷത്തിലേക്ക് കടക്കുന്നു.  വ്യത്യസ്തമായാണ് ഓരോ ദിനത്തിലെയും ചിത്രങ്ങൾ . ദിവസം നാലായിരത്തിലധികം പേരിലേക്ക് ഇത് കൈമാറിയെത്തുന്നു.ഈയൊരു രീതിയിലൂടെ ധാരാളം പ്രേക്ഷകരെ കണ്ടെത്താൻ കഴിഞ്ഞു.



**ഹിന്ദു പത്രത്തിൽ അവണാവ് നാരായണന്റെ ചിത്രങ്ങളെക്കുറിച്ച് നിരൂപണം ശ്രദ്ധയിൽപ്പെട്ടത്. തുടർന്ന് അവർ പത്ര ഓഫീസുമായി ബന്ധപ്പെട്ട് അവണാവിന്റെ ഫോൺ നമ്പർ തേടിപ്പിടിക്കുകയും രണ്ടാ മുന്നോ മണിക്കൂറിനകം തൃശൂർ പേരാമംഗലത്തെ വീട്ടിലെത്തുകയും ചെയ്തു. അവിചാരിതമായ ഈ സൗഹൃദ സന്ദർശനം വളരെ വലിയൊരു കലാബന്ധമായി വളർന്നു.**

പുറനാട്ടുകര ആശ്രമം സ്കൂളിലെ വാസുദേവൻ നമ്പൂതിരിപ്പാടിന്റെ കീഴിൽ 4 വർഷം സംഗീതം പഠിച്ചു. ഈയൊരു കരുത്തുമായി കേരളത്തിലെ ആദ്യ മ്യൂസിക്ക് റിയാലിറ്റി ഷോ എന്നറിയപ്പെടുന്ന ദൂരദർശൻ ഹംസധ്വനിയിൽ 3 എപ്പിസോഡ് വരെ പങ്കെടുക്കാൻ കഴിഞ്ഞു.

പേരാമംഗലം അവണാവ് നമ്പ്യാത്തൻ നമ്പൂതിരിപ്പാടിന്റെയും വൈദ്യമഠം വലിയ നാരായണൻ നമ്പൂതിരിപ്പാടിന്റെ മകൾ ശ്രീദേവി അന്തർജനത്തിന്റെയും മകനായി ജനനം. ചിത്രകലയിലെ താൽപര്യം തിരിച്ചറിഞ്ഞ് മുത്തശ്ശനാണ് ആർട്ടിസ്റ്റ് പെരിങ്ങോട് ഗണപതിയുടെ കീഴിൽ ഗുരുകുല സമ്പ്രദായത്തിൽ പഠിക്കാൻ കൊണ്ടാക്കിയത്. അഞ്ച് വർഷത്തോളം അവിടെ പഠിച്ചു. വീട്ടിലെ ജീവിത പ്രാരാബ്ധങ്ങൾ ഉപരിപഠനമെന്നതിനെ തളർത്തി. ഹൈസ്കൂളിൽ ജോലി കിട്ടിയതോടെയാണ് ജീവിതത്തിന്റെ വരകൾ കറുപ്പും വെളുപ്പിൽ നിന്നും നിറങ്ങളുടെ ലോകത്തേക്ക് എത്തിയത്.

വായനക്കും വരക്കാനുള്ള സാമഗ്രികൾ ശേഖരിക്കാനുമാണ് സമ്പാദ്യത്തിലേറെയും മാറ്റിവെച്ചത്. പത്ത് വർഷത്തോളം പെൻസിൽ ഡ്രോയിങ്ങിൽ മാത്രമാണ് ശ്രദ്ധിച്ചത്. പെൻസിൽ അക്രിലിക് പെയിന്റിങ് ഓയിൽ പെയിന്റിങ് ചാർക്കോൾ ഗ്രാഫൈറ്റ് തുടങ്ങി വൈവിധ്യമാർന്ന മീഡിയങ്ങൾ  തെരെഞ്ഞെടുക്കുന്നു

വരക്കാനായി ഇന്ന മീഡിയംഎന്ന് നിർബന്ധമില്ല. വാട്ടർ കളർ ചെയ്യാനായി പ്രത്യേക തരം പേപ്പറുകൾ ഉണ്ട്. നല്ല പേപ്പറുകൾ വരുന്നത് കൂടുതലും വിദേശത്ത് നിന്നാണ്. ഇപ്പോൾ അത്തരം പേപ്പറുകൾ ഇവിടെയും കിട്ടാനുണ്ട്. ഇറ്റലിയിൽ നിന്നും വരുത്തുന്ന ഫാബ്രിയാനോ എന്ന വാട്ടർ കളർ പേപ്പറാണ് വർഷങ്ങളായി ഉപയോഗിക്കുന്നത്.2011 ലും 2014 ലും കേരള ലളിതകലാ അക്കാദമി പുരസ്കാര ജേതാവും കൂടിയാണ്.

കേരളത്തിന് പുറത്ത് ദൽഹിയിലും ബാംഗ്ലൂരിലും ഒക്കെ ചിത്ര പ്രദർശനം നടത്തിയിട്ടുണ്ട്.നല്ലൊരു ഗായകൻ കൂടിയാണ്. നിരവധി കവിതകൾ ചൊല്ലിയത് നവമാധ്യമങ്ങളിൽ വൈറലായിട്ടുണ്ട്. 2 പെൺകുട്ടികളാണ്.  ഈ ലക്കം സ്വസ്തിയുടെ കവറിനുള്ള ചിത്രം വരച്ചത് അവണാവ് നാരായണനാണ്.

**അവണാവ് നാരായണൻ**
പേരാമംഗലം - തൃശൂർ 9447618445

**ഏതാ അങ്ങയുടെ ഗോത്രം ? ഈ ചോദ്യം നമ്പൂതിരിമാർക്ക് പരിചിതമാണ്. അവർക്കതിനു മറുപടിയുമുണ്ടാകും. ആ മറുപടി കാരണവന്മാരിൽ നിന്ന് പഠിച്ചു വെച്ചതുമാവും. ആ അറിവ് വിലപ്പെട്ടതാണ്.**

# ഗോത്രം അത്ര നിസ്സാരമല്ല

**ഡോ. തെന്നിലാപുരം പി. മഹാദേവൻ (മലയാള പരിഭാഷ: ഡോ. പി. വിനോദ് ഭട്ടതിരിപ്പാട്)**

ഗോത്രങ്ങൾക്കൊരു ദേശീയപാരമ്പര്യചരിത്രമുണ്ട്. നിങ്ങളുടെ ഗോത്രത്തിൽ പിറന്ന ബ്രാഹ്മണർ തമിഴ്നാട്ടിലും ആന്ധ്രയിലും ബംഗാളിലും കശ്മീരിലും ഒക്കെയുണ്ട്. ഉദാഹരണത്തിന് തമിഴ് ബ്രാഹ്മണനായ ഞാൻ പിറന്ന കാശ്യപ – ആവത്സാര – നൈധ്രുവ ഗോത്രത്തിൽ തന്നെയാണ് ഈ ലേഖനത്തിന്റെ (നമ്പൂതിരിയായ) പരിഭാഷകനും പിറന്നത്.

ഈ ചരിത്രം ആധികാരികമായി പറയാൻ ഇന്ന് സാധിക്കും. എന്നാൽ ലളിതമായി പറയുക എളുപ്പമല്ലതാനും. അതിനുള്ള ഒരു ശ്രമമാണ് ഈ ലേഖനം. അമേരിക്കയിലിരുന്ന് എന്റെ അഞ്ചു പതിറ്റാണ്ട് നീണ്ട പുരാതനസാഹിത്യ പഠനത്തിലൂടെയും പ്രശസ്ത പാശ്ചാത്യ ഗവേഷകരായ ഫ്രിറ്റ്സ് സ്റ്റാൾ, മൈക്കിൾ വിറ്റ്സെൽ, ആൽഫ് ഹീറ്റെബീറ്റൽ തുടങ്ങി നിരവധി ഇൻഡോളജിസ്റ്റുകളുടെ കൂടെ ഗവേഷണം ചെയ്യാൻ സാധിച്ചതിലൂടെയും ആർജ്ജിച്ച ചില അറിവുകൾ പങ്കുവെയ്ക്കുന്നു.

ബ്രാഹ്മണഗോത്രത്തെക്കുറിച്ചറിയാൻ 1500 ബിസി വരെ പുറകോട്ട് സഞ്ചരിക്കണം. അക്കാലത്ത് യാംനായ സംസ്ക്കാരമുള്ള ഒരു ജനത ഇന്നത്തെ ഖസാക്കിസ്ഥാൻ ഭാഗത്ത് ജീവിച്ചിരുന്നു. ഖസാക്കിസ്ഥാൻ എന്ന് കേൾക്കുമ്പോൾ അകലെയാണെന്ന് തെറ്റിദ്ധരിക്കരുത്. അന്നത്തെ ഭാരതത്തിന്റെ ഭാഗമായിരുന്ന ഇന്നത്തെ പാക്കിസ്ഥാൻ–അഫ്ഗാനിസ്ഥാൻ ഭാഗത്തിന്റെ അൽപം വടക്ക് ഭാഗത്താണ് ഖസാക്കിസ്ഥാൻ.

യാംനായ സംസ്ക്കാരമുള്ള അവരുടെ ഭാഷ ഇന്നത്തെ സംസ്ക്കൃതത്തിന്റെ പൂർവ്വരൂപമായിരുന്നു. അന്ന് ലിപികളില്ല. എഴുത്തുരൂപമില്ല. എന്നാലും, അവർക്ക് കവിത്വവും നല്ല വൃത്തത്തിൽ (ഛന്ദസിൽ) ശ്ലോകം രചിച്ച് ഓർമ്മയിൽ സൂക്ഷിക്കാൻ കഴിവുമുണ്ടായിരുന്നു. അതിനാൽ, ചെല്ലുന്നിടങ്ങളിലെല്ലാം നല്ല വരവേൽപ്പും സ്വീകാര്യതയും പണ്ഡിതർ എന്ന സൽപ്പേരും അവർക്ക് ലഭിച്ചിരുന്നു.

അക്കാലത്തും പാണ്ഡിത്യമുള്ളവർ




*ഡോക്ടർ മൈക്കൽ വിറ്റ്സെൽ കോഴിക്കോട് നടന്ന അന്താരാഷ്ട്ര വേദശില്പശാലയിൽ (2014 )*

**കശ്യപൻ, വിശ്വാമിത്രൻ, ഭാർഗ്ഗവൻ തുടങ്ങി അമ്പതോളം പ്രധാന കവികളായിരുന്നു ഋഗ്വേദം എന്ന ബൃഹത്തായ നിയമാവലിയുടെ കർത്താക്കൾ. ചൊല്ലിയും തദ്വാര ഓർമ്മയിൽ സൂക്ഷിച്ചുമായിരുന്നു ബൃഹത്തായ ഋഗ്വേദം ഉണ്ടാക്കിയതും സമാഹരിച്ചതും.**

അകലെ ദേശങ്ങളിൽ ചെന്ന് കൂടുതൽ ശ്രേഷ്ഠമായ ജീവിതം കെട്ടിപ്പടുക്കാൻ ശ്രമിച്ചിരുന്നു. യാംനായ പണ്ഡിതരും വ്യത്യസ്ഥരായിരുന്നില്ല. അക്കാലത്തു തന്നെ അവർ പടിഞ്ഞാട്ട് യൂറോപ്യൻ ദേശത്തേയ്ക്കും തെക്ക്-കിഴക്കോട്ട് അഫ്ഗാനിസ്ഥാൻ –പാക്കിസ്ഥാൻ അടങ്ങിയ ഭാരതദേശത്തേയ്ക്കും നീങ്ങാൻ തുടങ്ങിയിരുന്നു. ഇങ്ങനെയാണ് ഇവരിലൊരു കൂട്ടർ ഏകദേശം 1500 ബിസി കാലത്ത് ഇന്നത്തെ പഞ്ചാബ് ഭാഗത്തും തുടർന്ന് 1000 ബിസി കാലത്ത് സരസ്വതീനദിയുടെ തീരത്തുമെത്തുന്നതും അവിടെ അന്നത്തെ ദേശവാഴികളുടെ (കുരുവംശം) മനസ് കീഴടക്കുന്നതും കൊട്ടാരങ്ങളിലെ പണ്ഡിതർ എന്ന നിലയിൽ അറിയപ്പെടുന്നതും.

തങ്ങളുടെ പാണ്ഡിത്യം തങ്ങൾ ചെല്ലുന്നിടങ്ങളിലെ സമൂഹത്തിനു ഗുണകരമാക്കാനും അവർ ശ്രമിച്ചിരുന്നു. ആ ദേശങ്ങളുടെ സാമൂഹ്യജീവിതം ചിട്ടപ്പെടുത്തുന്നതിലും ഭരണം മെച്ചപ്പെടുത്തുന്നതിലും നിയമം രൂപപ്പെടുത്തുന്നതിലും ഭരണാധികാരികൾക്ക് ഇവർ സഹായകമായി . ഇക്കാര്യങ്ങൾക്കൊക്കെയായി ഉണ്ടാക്കിയ നിയമാവലികൾ ശ്ലോകരൂപത്തിലായിരുന്നു. അവർ വെവ്വേറെ ചിട്ടപ്പെടുത്തിയ ആ നിയമാവലികൾ പിന്നീട് അവർ കൂടിയിരുന്ന് സമാഹരിച്ചു. ആ സമാഹാരമാണ് ഋഗ്വേദം. കശ്യപൻ, വിശ്വാമിത്രൻ, ഭാർഗ്ഗവൻ തുടങ്ങി അമ്പതോളം പ്രധാനകവികളായിരുന്നു ഋഗ്വേദം എന്ന ബൃഹത്തായ നിയമാവലിയുടെ കർത്താക്കൾ. ചൊല്ലിയും തദ്വാര ഓർമ്മയിൽ സൂക്ഷിച്ചുമായിരുന്നു ബൃഹത്തായ ഋഗ്വേദം ഉണ്ടാക്കിയതും സമാഹരിച്ചതും. (ഓർമ്മയിൽ സൂക്ഷിക്കാൻ അവർ 1600 ബിസി മുതൽ തന്നെ പദപാഠ സാങ്കേതികതയാണ് ഉപയോഗിച്ചിരുന്നത്. ഇന്നും നമ്പൂതിരിമാർ വേദം ഹൃദിസ്ഥമാക്കാൻ ഉപയോഗിക്കുന്നത് പദപാഠസാങ്കേതികതയാണ്.)

മാത്രമല്ല, കവിതയുടെ ഛന്ദസും കവിയുടെ പേരും കവിതയിലുൾപ്പെടുത്തുന്ന സംസ്ക്കാരം അവർ അതിനു മുൻപ് തന്നെ തുടങ്ങിയിരുന്നു. ആ സംസ്ക്കാരം അവർ ഋഗ്വേദരചന

യിലും കാണിച്ചു. ഋഗ്വേദത്തിന്റെ ഓരോ ഭാഗത്തിന്റെയും ഛന്ദസ് ഏതാണെന്ന് അതത് ഭാഗത്ത് തന്നെയുണ്ട്. മാത്രമല്ല, ഋഗ്വേദത്തിന്റെ 10 മണ്ഡലങ്ങളിലായി കശ്യപൻ, വിശ്വാമിത്രൻ, ഭാർഗ്ഗവൻ തുടങ്ങി അമ്പതോളം കവികളുടെ (ഋഷിമാരുടെ) പേരുകൾ ഉണ്ട്.

ഈ ഋഷിമാരാണ് ബ്രാഹ്മണരുടെ ഗോത്രങ്ങൾ സ്ഥാപിച്ചത്. അതായത് ഒരു ഋഷിയും അവരുടെ കുടുംബാംഗങ്ങളും ശിഷ്യരും ആ ഋഷിയുടെ പേരിലുള്ള ഗോത്രക്കാർ എന്നറിയപ്പെടാൻ തുടങ്ങി. അങ്ങനെ കാശ്യപ ഗോത്രക്കാരും വിശ്വാമിത്രഗോത്രക്കാരും ഒക്കെ ഉണ്ടായി. അവർ രചിച്ച് സമാഹരിച്ച ഋഗ്വേദവും അവരുടെ ഗോത്രങ്ങളും ഒക്കെ ഒരു പുതിയ സംസ്ക്കാരത്തിന്റെ തുടക്കമാകുകയായിരുന്നു. ആ സംസ്ക്കാരമാണ് പിന്നീട് ആര്യ (ബ്രാഹ്മണ) സംസ്ക്കാരം എന്ന പേരിൽ ലോകത്ത് അറിയപ്പെട്ടത്.

ഈ അമ്പതോളം ഋഷിമാർക്കും നിരവധി അതിമിടുക്കരായ (സന്തതിമാരും അല്ലാതെയും) ശിഷ്യരുണ്ടായി. ശിഷ്യർ പ്രസിദ്ധരായതോടെ ഈ അമ്പതോളം ഗുരുക്കന്മാർ മൂലഋഷിമാർ എന്ന് അറിയപ്പെട്ടു. ഇതിലോരോ മൂലഋഷിയുടെയും ശിഷ്യർ വ്യത്യസ്ത ഗോത്രങ്ങൾ സ്ഥാപിച്ചു. എങ്കിലും, അവർ സ്ഥാപിച്ച ഗോത്രങ്ങളുടെ പേരുകളെല്ലാം തന്നെ അവരുടെ ഗുരുക്കന്മാരായ മൂലഋഷിമാരിൽ നിന്ന് തുടങ്ങുന്ന തരത്തിലായിരുന്നു. ഉദാഹരണത്തിന് കശ്യപൻ എന്ന മൂലഋഷിയുടെ മകനും ശിഷ്യനുമായ അവത്സാരൻ സ്ഥാപിച്ച കാശ്യപ-ആവത്സാര ഗോത്രവും വിശ്വാമിത്രൻ എന്ന മൂല ഋഷിയുടെ ശിഷ്യനായ മധു സ്ഥാപിച്ച വൈശ്വാമിത്ര-മാധുഛന്ദസ ഗോത്രവും ഒക്കെ അങ്ങനെ ഉണ്ടായതാണ്.

കാര്യങ്ങൾ അവിടെയും നിന്നില്ല. ഈ ശിഷ്യർക്കും ശിഷ്യരുണ്ടായി. അവരും പിന്നാലെ ഗോത്രങ്ങൾ സ്ഥാപിച്ചു. ഉദാഹരണത്തിന് ഇതോടൊപ്പമുള്ള പട്ടികയിൽ ഓരോ ഗോത്രത്തിന്റെയും പേരിൽ ആദ്യം മൂലഋഷിയുടെയും തുടർന്ന് വഴിക്കുവഴി ശിഷ്യരുടെയും പേരുകൾ കാണാം. പട്ടികയിലെ ഒന്നാമത്തെതായ ആംഗിരസ - ബാർഹസ്പത്യ - ഭാരദ്വാജ ഗോത്രം അംഗീരസന്റെ ശിഷ്യനായ ബൃഹസ്പതിയുടെ ശിഷ്യനായ ഭരദ്വാജൻ സ്ഥാപിച്ചതാണെന്ന് ആ പേരിൽ നിന്നു തന്നെ വായനക്കാർക്ക് മനസ്സിലാകുന്നുണ്ടല്ലോ. ആ പേരിൽ ആംഗീരസ എന്ന ഭാഗം ഗോത്രപ്പേരായും ബാർഹസ്പത്യ -



*ഡോ. മൈക്കൽ വിറ്റ്സെൽ, ഡോ.മഹാദേവൻ ഡോ. വിനോദ് ഭട്ടതിരിപ്പാട് എന്നിവർ 2019ൽ ക്രൊയേഷ്യയിലെ ദുബ്രോവ്നികിൽ നടന്ന അന്താരാഷ്ട്ര വേദശില്പശാലയിൽ പങ്കെടുത്തപ്പോൾ*




**ലോകപ്രശസ്ത ഇൻഡോളജിസ്റ്റുകളുടെ ഗവേഷണപ്രബന്ധങ്ങളിലൂടെ പുറത്തു വന്ന തെളിവുകൾ ചേർത്തുവായിച്ചാൽ മനസ്സിലാവുന്ന കാര്യങ്ങളാണിവ. ഇത് തെറ്റാകാൻ സാധ്യതയില്ലെന്ന് നമ്പൂതിരിമാരടക്കമുള്ള ബ്രാഹ്മണരുടെ ഗോത്രാചാരങ്ങൾ സശ്രദ്ധം വീക്ഷിച്ചാൽ മനസ്സിലാകും.**

ഭാരദ്വാജ എന്ന ഭാഗം പ്രവരമായും അറിയപ്പെട്ടു. അതായത് മൂലഋഷിയുടെ പേര് ഗോത്രപ്പേരായും തുടർന്ന് വരുന്ന ഭാഗം പ്രവരം എന്ന പേരിലും അറിയപ്പെട്ടു. നിങ്ങളുടെ ഗോത്രം ആംഗിരസ - ബാർഹസ്പത്യ - ഭാരദ്വാജമാണെങ്കിൽ നിങ്ങളുടെ പിതാമഹന്മാരും നിങ്ങളും ഈ ഗുരു-ശിഷ്യ പരമ്പരയിൽപ്പെട്ടവരാണെന്നാണർത്ഥം.

ലോകപ്രശസ്ത ഇൻഡോളജിസ്റ്റുകളുടെ ഗവേഷണപ്രബന്ധങ്ങളിലൂടെ പുറത്തു വന്ന തെളിവുകൾ ചേർത്തുവായിച്ചാൽ മനസ്സിലാവുന്ന കാര്യങ്ങളാണിവ. ഇത് തെറ്റാകാൻ സാധ്യതയില്ലെന്ന് നമ്പൂതിരിമാരടക്കമുള്ള ബ്രാഹ്മണരുടെ ഗോത്രാചാരങ്ങൾ സശ്രദ്ധം വീക്ഷിച്ചാൽ മനസ്സിലാകും. കൂടാതെ, ഭാഷാശാസ്ത്രപരമായ തെളിവുകളും ഉണ്ട്. ഖസാക്കിസ്ഥാൻ എന്ന പേരിലെ 'സ്ഥാൻ' എന്ന വാക്കിന്റെ മൂലവും സംസ്കൃതത്തിലും ഉറുദുവിലും ഹിന്ദിയിലും ഒക്കെയുള്ള 'സ്ഥാൻ' എന്ന വാക്കിന്റെ മൂലവും അന്വേഷിച്ച് പുറകോട്ട്പോയാൽ എത്തുന്നത് ഒരേ 'സ്ഥാന'ത്തായിരിക്കും എന്ന് ഭാഷാശാസ്ത്രജ്ഞർ പറയുന്നു. അത് യാംനായസംസ്ക്കാരമുള്ളവർ ഭാരതദേശത്തേയ്ക്ക് വന്നതിന്റെയും ആ ഭാഷ ദ്രവിഡർക്കിടയിൽ പരിചയപ്പെടുത്തിയതിന്റെയും ഒരു തെളിവാണ്. അതുപോലെ 'സ്ഥാൻ' എന്ന വാക്ക് അവരോടൊപ്പം പടിഞ്ഞാട്ട് (യൂറോപ്യൻ ഭാഗത്തേയ്ക്ക് പോയതിന്റെ തെളിവുകളാണ് ലാറ്റിനിലെ Stat, ഇംഗ്ലീഷിലെ Stance, Stand, State, Status എന്നീ വാക്കുകൾ. ഇവയെല്ലാം ഒരേ ധാതുവിലെത്തും. മാത്രമല്ല, 'യാംനായ' എന്ന വാക്കിന്റെയും 'ആംനായ' എന്ന സംസ്കൃത വാക്കിന്റെയും മൂലമന്വേഷിച്ചു പോയാലും ഇതേ അനുഭവമായിരിക്കും. ഇനിയുമുണ്ട് നിരവധി തെളിവുകൾ.

ഇനിയറിയേണ്ടത് ഭാരതത്തിന്റെ വടക്ക്-പടിഞ്ഞാറുള്ള സരസ്വതിനദിക്കരയിൽ മൂവായിരം വർഷങ്ങൾക്ക് മുമ്പ് വസിച്ചിരുന്ന വിവിധ ഗോത്രവിഭാഗങ്ങളായ ഈ ഋഗ്വേദബ്രാഹ്മണർ ഭാരതത്തിന്റെ തെക്കേയറ്റത്ത് വന്ന് എങ്ങനെ ഋഗ്വേദ-യജുർവേദ-സാമവേദ നമ്പൂതിരിമാരായി എന്ന കാര്യമാണ്. അതിനു 1000ബിസി മുതൽ 300-500എഡി കാലം വരെ നടന്ന ചില സംഭവങ്ങൾ അറിയണം. അതറിഞ്ഞാൽ തമിഴ്ബ്രാഹ്മണനായ ഈ ലേഖകനും നമ്പൂതിരിയായ പരിഭാഷകനും ഒരേ ഗോത്രക്കാരായതെങ്ങനെ എന്ന ചോദ്യത്തിനു മറുപടിയാകും. ആ സംഭവങ്ങൾ തെളിവുകളുടെ അടിസ്ഥാനത്തിൽ ഇങ്ങനെ ചുരുക്കിയെഴുതാം:

ഋഗ്വേദത്തിൽ തന്നെ സാമവേദത്തിന്റെയും യജുർവേദത്തിന്റെയും വിത്തുകളുണ്ടായിരുന്നു. ഇതിനു തെളിവ് ഋഗ്വേദത്തിലെ പവമാന മണ്ഡലവും മറ്റു ചടങ്ങുകളും തന്നെയാണ്. അവയിൽ നിന്നാണ് ഋഷിമാർ സാമവേദവും യജുർവേദവും പ്രത്യേകമായി വികസിപ്പിച്ചെടുത്തത്. ഈ

*ഡോ. വിനോദ് ഭട്ടതിരിപ്പാട്, ഡോ.മഹാദേവൻ ,ഡോ. ഫ്രിട്ട്സ് സ്റ്റാൾ ,ഡോ. മൈക്കൽ വിറ്റ്സെൽ*

മൂന്നു വേദങ്ങളും എല്ലാ ബ്രാഹ്മണരും ചൊല്ലിയും ഹൃദിസ്ഥമാക്കിയും സംരക്ഷിക്കണമെന്നതായിരുന്നു അക്കാലത്തെ വ്യവസ്ഥ. എളുപ്പമായിരുന്നില്ല ഈ ഉദ്യമം.

താമസിയാതെ, ബ്രാഹ്മണർ സരസ്വതിനദീതടത്തിൽ നിന്ന് കിഴക്കോട്ട് ദ്രുഷദ്വതിനദീതടത്തിലേയ്ക്ക് നീങ്ങി. മാത്രമല്ല, മൂലഋഷിമാർക്ക് ശേഷം അഞ്ചു തലമുറകൾ കഴിഞ്ഞപ്പോഴേയ്ക്കും (ഏകദേശം 850ബിസിയായപ്പോഴേയ്ക്കും) ബ്രാഹ്മണർ അഗ്നിഷ്ടോമം മുതൽ ഉഖ്ത്യം, ഷോഡശി, അതിരാത്രം, വാജപേയം, അത്യഗ്നിഷ്ടോമം, ആപ്തോര്യാമം വരെയുള്ള എല്ലാ യാഗങ്ങളും വികസിപ്പിച്ചെടുത്തതിനും ആദ്യത്തെ അഗ്നിചയന സോമയാഗം (ഇന്നത്തെ ഹര്യാനയിലെ) കുരുക്ഷേത്രയിൽ ജനമേജയൻ എന്ന രാജാവിന്റെ നേതൃത്വത്തിൽ നടത്തിയതിനും തെളിവുണ്ട്.

തുടർന്ന് 700-400ബിസിയായപ്പോഴേയ്ക്കും ഒരു കൂട്ടം ബ്രാഹ്മണർ കിഴക്കോട്ട് പോയി (ഇന്നത്തെ ദില്ലി ഭാഗത്തുള്ള) പാഞ്ചാലദേശത്ത് എത്തിയതിനു തെളിവുണ്ട്. അവിടെ വെച്ചാണ് ഋഗ്വേദത്തിന് കൗഷീതകി, ആശ്വലായന എന്നീ ശാഖകളും യജുർവേദത്തിന് ബൗധായന, ബാധൂലക എന്നീ ശാഖകളും യജുർവേദത്തെ അധികരിച്ച് തൈത്തിരീയ സംഹിത, ബ്രാഹ്മണം, ആരണ്യകം, ഉപനിഷദ് എന്നിവയും സാമവേദത്തിനു ജൈമിനീയശാഖയും ഉണ്ടാവുന്നത് എന്നും തെളിഞ്ഞിട്ടുണ്ട്.

700-400ബിസി കാലത്ത് തന്നെ വടക്കോട്ട് കശ്മീരിലേയ്ക്കു പോയവർ കഠയജുർവേദം ഉണ്ടാക്കിയതിനും, പടിഞ്ഞാട്ട് പോയവർ മൈത്രായണിയജുർവേദം ഉണ്ടാക്കിയതിനും കിഴക്കോട്ട് ബിഹാർ ഭാഗത്തേയ്ക്ക് പോയവർ ശുക്ലയജുർവേദം ഉണ്ടാക്കിയതിനും ഒക്കെ തെളിവുണ്ട്.

അക്കാലത്ത് ജീവിച്ചിരുന്ന ഒരു ബ്രാഹ്മണനും പിന്നീട് ഭാഷാശാസ്ത്രത്തിന്റെ പിതാവ് എന്ന് പാശ്ചാത്യഗവേഷകർ വിശേഷിച്ച പണ്ഠിതനുമായ പാണിനിയാണ് ആദ്യമായി അക്ഷരമാല (ശിവസൂത്രം) വികസിപ്പിക്കുന്നത്. ഈ അക്ഷരമാലയും അന്ന് ഓർമ്മയിൽ തന്നെയാണ് സൂക്ഷിച്ചിരുന്നത്. പദപാഠസാങ്കേതികത ഉപയോഗിക്കുമ്പോൾ പുറത്തുവരുന്ന ഓരോ ശബ്ദവും വേർതിരിച്ച് അതിനു അക്ഷരമുണ്ടാക്കിയാണ് ആ അക്ഷരമാല വികസിപ്പിച്ചത്. തുടർന്ന്, 300-200ബിസി കാലത്ത് അതിനു എഴുത്തു രൂപം കൊണ്ടുവന്നു. ബുർജപത്രത്തിലോ ഓലയിലോ ആണ് അവ എഴുതിത്തുടങ്ങുന്നത്. (അതേ കാലത്ത് ഭരണത്തിലിരുന്ന അശോകനിലേയ്ക്കും അതുവഴി ബുദ്ധമതത്തിലേയ്ക്കും ലിപിയുടെ ആവിർഭാവത്തെ കൂട്ടിക്കെട്ടാനാണ് പഴയ ചരിത്രകാരന്മാർ ശ്രമിച്ചിരുന്നത്. അക്കാലത്ത് പാറയിൽ എഴുതിയ അക്ഷരങ്ങൾ പിന്നീട് കണ്ടുപിടിച്ചതിനെത്തുടർന്ന് അങ്ങനെ ചിന്തിച്ചതാകാം. എന്നാൽ, പദപാഠസാങ്കേതികത അറിയാതെ അത്തരമൊരു അക്ഷരമാലയുണ്ടാക്കാനാകില്ല എന്ന വസ്തുത ആ ചരിത്രകാരന്മാർ ശ്രദ്ധിച്ചില്ല. ആ സാങ്കേതികത ബ്രാഹ്മണർക്കു മാത്രമെ അന്നറിഞ്ഞിരുന്നുള്ളൂ എന്ന് തെളിവുണ്ട്. പ്രജകളായ ബ്രാഹ്മണരുണ്ടാക്കിയ അക്ഷരമാല അന്നത്തെ രാജാവിന്റെയും അദ്ദേഹത്തിന്റെ മതത്തിന്റെയും കണക്കിലേയ്ക്ക് ചരിത്രകാരന്മാർ ചേർത്തതാകാം.)

ഇതിനിടെ, ഏകദേശം 300 ബിസി ആയപ്പോഴേയ്ക്കും മഹാഭാരതം രചിക്കപ്പെട്ടു. ഒരു സത്രം (ദൈർഘ്യമേറിയ ഒരു സോമയാഗം) നടക്കുന്ന കാലത്താണ് മഹാഭാരതം രചിക്കപ്പെടുന്നത്. സത്രത്തിൽ പങ്കെടുത്ത നിരവധി വിദഗ്ധരുടെ വർഷങ്ങൾ നീണ്ട കൂട്ടുപരിശ്രമമായിരുന്നു മഹാഭാരതം. ചൊല്ലിയും തദ്വാര ഓർമ്മയിൽ സൂക്ഷിച്ചും തന്നെയായിരുന്നു മഹാഭാരതം അക്കാലത്ത് സംരക്ഷിക്കപ്പെട്ടത്. മൂന്ന് വേദങ്ങൾക്കും നിരവധി യാഗമന്ത്രങ്ങൾക്കുമൊപ്പം. മഹാഭാരതവും അവർ ഓർമ്മയിൽ സൂക്ഷിച്ചിരുന്നു.

ഏകദേശം, 150ബിസിയായപ്പോഴേയ്ക്കും ബ്രാഹ്മണർ മൗര്യൻ-ബ്രഹ്മി എന്ന ലിപി വികസിപ്പിച്ചു. തുടർന്ന്, പതഞ്ജലിയുടെ കാലമായപ്പോഴേയ്ക്കും ആ ലിപി സർവ്വസാധാരണമായി.

ഇതിനിടെ (150ബിസിയോടെ), ബ്രാഹ്മണർ ഉത്തരഭാരതത്തിൽ നിന്ന് തെക്കോട്ട് നീങ്ങുന്നതായി കാണാം. ഏകദേശം പൂജ്യം ബിസി ആയപ്പോഴേയ്ക്കും ബ്രാഹ്മണർ ഇന്നത്തെ തമിഴ്നാട്ടിലുണ്ടായിരുന്നു എന്നതിനും മഹാഭാരതത്തിന്റെ തെക്കെയിന്ത്യൻ പതിപ്പുണ്ടാക്കിയതിനും തെളിവുണ്ട്. അക്കാലത്തുണ്ടായ സംഘകാലകവിതകളിൽ പൂർവ്വശിഖാ ബ്രാഹ്മണരെക്കുറിച്ചുള്ള പരാമർശം തന്നെയാണ് ഒരു തെളിവ്. വേറെയും തെളിവുകളുണ്ട്.

തുടർന്ന്, 400-500എഡി കാലമായപ്പോഴേയ്ക്കും ബ്രാഹ്മണർ കേരളത്തിലുമെത്തി. അവർ ഋഗ്വേദത്തിന്റെ കൗഷീതകി, ആശ്വലായന എന്നീ ശാഖകളും യജുർവേദത്തിന്റെ ബൗധായന, ബാധൂലക എന്നീ ശാഖകളും സാമവേദത്തിന്റെ ജൈമിനീയശാഖയും കൈകാര്യം ചെയ്യാൻ അറിവുള്ളവരായിരുന്നു. മാത്രമല്ല, തൈത്തിരീയവും സോമയാഗചടങ്ങുകളും ബ്രാഹ്മണങ്ങളും ഉപനിഷത്തുമെല്ലാം അവർക്ക് വശമായിരുന്നു. അവരുടെ കൈവശം മഹാഭാരതത്തിന്റെ മൂലഗ്രന്ഥവും തെക്കേയിന്ത്യൻ പതിപ്പും ഉണ്ടായിരുന്നു. അവരെല്ലാരും തന്നെ പൂർവ്വശിഖക്കാരായ (മുൻകുടുമക്കാരായ) ബ്രാഹ്മണർ. പക്ഷെ, വിവിധ ഗോത്രക്കാർ. ഇവരാണ് പിന്നീട് നമ്പൂതിരിമാർ എന്ന് അറിയപ്പെട്ടത്. (എന്നാൽ, ഇന്ന് നമ്പൂതിരിസമുദായത്തിലുള്ളവരുടെ പൂർവ്വികരെല്ലാം അക്കാലത്ത് തന്നെ ഇവിടെയെത്തിയിരുന്നു എന്ന് തെറ്റിദ്ധരിക്കരുത്. നൂറ്റാണ്ടുകൾക്ക് ശേഷം ഇവിടെയെത്തി കേരളീയാചാരം സ്വീകരിച്ച് നമ്പൂതിരിമാരായ ബ്രാഹ്മണരും ഉണ്ട്. ഉദാഹരണത്തിനു, കോലത്തിരിയുടെ നേതൃത്വത്തിൽ തുളുനാട്ടിൽ നിന്ന് ഉത്തരകേരളത്തിലേയ്ക്കും പിന്നീട്

# ബ്രാഹ്മണ ഗോത്ര–പ്രവരങ്ങൾ

1. ആംഗിരസ – ബാർഹസ്പത്യ – ഭാരദ്വാജ
2. ആംഗിരസ – ഗൗതമ – ആയാസ്യ
3. ആംഗിരസ – ആംബരീഷ – യൗവനാശ്വ
4. ആംഗിരസ – ആജമീഢ – കാണ്വ
5. ആംഗിരസ – വൈരൂപ – രഥീതര
6. ആംഗിരസ – പൗരുകുത്സ – ത്രാസദസ്യവ
7. ആംഗിരസ – സാംകൃത്യ- ഗൗരവിത
8. ആംഗിരസ – ഭാർമ്മ്യാശ്വ – മൗദ്ഗല്യ
9. ആംഗിരസ – ആമഹീയവ – ഔരുക്ഷയ
10. ആംഗിരസ – ബാർഹസ്പത്യ – ഭാരദ്വാജ – ശൈന – ഗാർഗ്ഗ്യ
11. ആംഗിരസ – ബാർഹസ്പത്യ – ഭാരദ്വാജ – വാന്ദന – മാതരവച
12. ആംഗിരസ – ഗൗതമ – ശാരദ്വത
13. ആംഗിരസ – ഔതഥ്യ – കാക്ഷീവത – ഗൗതമ – കൗമണ്ഡ
14. ആംഗിരസ – ഔതഥ്യ – കാക്ഷീവത – ഗൗതമ – ദൈർഘതമസ
15. ആംഗിരസ – ഗൗതമ – ഔശനസ
16. ആംഗിരസ – ഗൗതമ – കാരെണുപാല
17. ആംഗിരസ – ഗൗതമ – വാമദേവ
18. ഭാർഗ്ഗവ – ച്യാവന – ആപ്നവാന – ഔർവ്വ – ജാമദഗ്ന്യ
19. ഭാർഗ്ഗവ – വൈതഹവ്യ – സാവെതസ
20. ഭാർഗ്ഗവ – വാധ്വശ്വ – ദൈവൊദാസ
21. ഭാർഗ്ഗവ – വന്യു – പാർത്ഥ
22. ഭാർഗ്ഗവ – ച്യാവന – ആപ്നവാന – ഔർവ്വ – ബൈദ
23. ഭാർഗ്ഗവ – ച്യാവന – ആപ്നവാന – ആർഷ്ടിഷേണ – ആനൂപ
24. ശൗനക
25. അത്രി – ആർച്ചനാനസ – ശ്യാവാശ്വ
26. കാശ്യപ – ആവത്സാര – നൈധ്രുവ
27. കാശ്യപ – ആവത്സാര – രൈഭ
28. കാശ്യപ – ആവത്സാര – ശാണ്ഡില്യ
29. കാശ്യപ – ആവത്സാര – വാസിഷ്ഠ
30. കാശ്യപ – ആവത്സാര – ദൈവല
31. കാശ്യപ – ആവത്സാര – ദേവല – ആസിത
32. ആഗസ്ത്യ – ദാർഢ്വാച്യുത – ഐധ്മവാഹ
33. ആഗസ്ത്യ – ദാർഢ്വാച്യുത – സാംബവാഹ
34. ആഗസ്ത്യ – ദാർഢ്വാച്യുത – സൗമവാഹ
35. ആഗസ്ത്യ – ദാർഢ്വാച്യുത – യാജ്ഞവാഹ
36. ആത്രേയ – ആർച്ചനാനസ – ഗാവിഷ്ഠിര
37. ആത്രേയ – ആർച്ചനാനസ – പൗർവ്വാതിഥ
38. വൈശ്വാമിത്ര – ദൈവശ്രവസ – ദൈവതരസ
39. വൈശ്വാമിത്ര – കാത്യ – ആത്കില
40. വൈശ്വാമിത്ര – മാധുഛന്ദസ – ധാനഞ്ജയ
41. വൈശ്വാമിത്ര – മാധുഛന്ദസ – ആജ്യ
42. വൈശ്വാമിത്ര – ആഘമർഷണ – കൗശിക
43. വൈശ്വാമിത്ര – പൗരണ
44. വൈശ്വാമിത്ര – ആഷ്ടക – ലൗഹിത
45. വൈശ്വാമിത്ര – രൗക്ഷക – രൈണവ
46. വൈശ്വാമിത്ര – ഐന്ദ്ര – കൗശിക
47. വൈശ്വാമിത്ര – ദൈവരാത – ഔദുല
48. വാസിഷ്ഠ – മൈത്രാവരുണ – കൗണ്ഡിന്യ
49. വാസിഷ്ഠ – ഐന്ദ്രപ്രമദ – ആഭരദ്വസവ്യ
50. വാസിഷ്ഠ – ശാക്ത്യ – പാരാശര്യ

തിരുവിതാംകൂറിലേയ്ക്കും കൊണ്ടുവന്ന ബ്രാഹ്മണർ. അവരിലും വിവിധ ഗോത്രക്കാരുണ്ടായിരുന്നു.)

ബ്രാഹ്മണർക്ക് ഈ കാലം (ഏകദേശം 200–600എഡി) 'കാലബ്ര ഇന്റ റെഗ്നം' എന്ന് വിളിക്കപ്പെടുന്ന ഒരു കറുത്തകാലമായിരുന്നു. ബ്രാഹ്മണർക്കും അവരുടെ ഗ്രന്ഥങ്ങൾക്കും വേദത്തിലധിഷ്ഠിതമായ ജീവിതത്തിനും ബുദ്ധമതവും ജൈനമതവും ഒരുപാട് നാശം വരുത്തിയ കഷ്ടകാലം. ഈ കഷ്ടകാലത്താണ് ബ്രാഹ്മണരുടെ കേരളദേശത്തേയ്ക്കുള്ള ആഗമനം. ആ കറുത്തകാലം അതിജീവിക്കാനായി നിരവധി കടുത്തനിയമങ്ങളാണ് നമ്പൂതിരിമാർ സ്വയം നിർമ്മിച്ച് സ്വന്തം ജീവിതത്തിൽ നടപ്പാക്കിയത്. എല്ലാ പരിമിതികളെയും മറികടന്ന് ഏതാണ്ട് 10 വർഷങ്ങൾക്കിടയിൽ മേഴത്തോൾ അഗ്നിഹോത്രിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട 99 സോമയാഗങ്ങളും തുടർന്ന് ശ്രീശങ്കരന്റെ നേതൃത്വത്തിൽ ഭാരതമൊട്ടാകെ നടത്തിയ വലിയ മാറ്റങ്ങളും ഒക്കെ 800എഡി വരെയുള്ള ഈ അതിജീവനത്തിന്റെ പശ്ചാത്തലത്തിൽ വേണം കാണാൻ.

ഇക്കാലത്തെല്ലാം ബ്രാഹ്മണർ ത്രിവേദികളായിരുന്നു. (ഉത്തരേന്ത്യയിൽ ചിലയിടങ്ങളിൽ സാങ്കേതികാർത്ഥത്തിൽ ചതുർവേദികളും.) എന്നാൽ, കാലം പോകെ, ഓരോ നമ്പൂതിരി കുടുംബവും ഒരു വേദത്തിന്റെ ഒരു ശാഖയിൽ (ചരണത്തിൽ) മാത്രം ശ്രദ്ധകേന്ദ്രീകരിച്ചു. അങ്ങനെയാണ് നമ്പൂതിരിമാരിൽ അഞ്ച് വ്യത്യസ്ത വേദവിഭാഗക്കാർ (കൗഷീതക-ഋഗ്വേദികൾ, ആശ്വലായന-ഋഗ്വേദികൾ, ബൗധായന-യജുർവേദികൾ, ബാധൂലക-യജുർവേദികൾ, ജൈമിനീയ-സാമവേദികൾ) ഉണ്ടായത്. ഇതിലോരോന്നിലും വിവിധ ഗോത്രക്കാർ ഉണ്ടായിരുന്നു.

നമ്പൂതിരിമാരുടെ ഈ വേദ-ചരണ-ഗോത്ര മാതൃക ഗവേഷകർക്ക് അത്ഭുതമൊന്നുമുണ്ടാക്കുന്നില്ല. കാരണം, ഇതേ മാതൃക തന്നെയാണ് ഭാരതത്തിലാകമാനമുള്ള ബ്രാഹ്മണർക്കിടയിൽ കാണുന്നത്. വിവിധ ഭാഗങ്ങളിലേയ്ക്ക് മാറിതാമസിച്ച സംഘങ്ങളിൽ വിവിധ ഗോത്രക്കാരടങ്ങിയിരുന്നു. ഒരു ഭാഗത്തേയ്ക്ക് മാറിതാമസിച്ചവരെല്ലാം ഒരേ ഗോത്രക്കാരായിരുന്നുവെങ്കിൽ ഇതു സംഭവിക്കില്ലായിരുന്നു.

ഈ ആധുനിക കാലത്തും നമ്പൂതിരിമാർ ഗോത്രാചാരങ്ങളും വേദാലാപനവും തൈത്തിരീയ (അതായത് സോമയാഗ) ചടങ്ങുകളും കൈവിട്ടിട്ടില്ല എന്നത് ശ്ലാഘനീയം തന്നെ. അത്തരം വിഷയങ്ങളിലെ ഗവേഷകരായ എന്നെ പോലുള്ളവർക്ക് അത് നൽകുന്ന ഊർജ്ജം തെല്ലൊന്നുമല്ല.

അവസാനമായി പറയട്ടെ, ഈ സാഹിത്യ-ഭാഷാശാസ്ത്രതെളിവുകളെല്ലാം ഭാരതത്തിന്റെ കഴിഞ്ഞ മൂവായിരം വർഷത്തെ ആന്ത്രോപ്പോളജിക്കൽ ചരിത്രത്തിന്റെ ഭാഗമാണ്. ബ്രാഹ്മണരുടെ ചരിത്രമന്വേഷിച്ച ഭാരതത്തിലെ ചരിത്രകാരന്മാർ അധികം സഞ്ചരിക്കാത്ത (എന്നാൽ, സഞ്ചരിക്കേണ്ട) ഒരു വഴിയാണിത്. പാശ്ചാത്യ ഇൻഡോളജിസ്റ്റുകൾ പുറത്തുകൊണ്ടു വന്ന ഈ തെളിവുകൾ ഇന്ത്യയിലെ ചരിത്രപുസ്തകങ്ങളുടെ ഭാഗമാകുകയും വേണം.

(കുറിപ്പ് ഈ ലേഖനത്തിലെ ഭാഷാശാസ്ത്രപരമായ തെളിവുകൾ ലേഖകന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ഇംഗ്ലണ്ടിലെ പ്രശസ്തഭാഷാശാസ്ത്രജ്ഞൻ ഡോ. പിച്ചിരിക്കാട്ട് ഭാസ്ക്കരൻ നായർക്ക് നന്ദി)

# കൊറോണക്കു നന്ദി; നാമ ജപം പതിനൊന്നു ലക്ഷം കടന്നു



**ദിവസേനയുള്ള എന്റെ ഫോൺ വിളിയിൽ പ്രോത്സാഹനം കൂടിയായപ്പോൾ ദിവസവും 108 ന്റെ 108 സെറ്റായി ജപം. രാമ + നാരായണ + നമശ്ശിവായ = 2+4+ 5=1 1 പതിനൊന്നു ലക്ഷം കടന്നു. പിന്നെ ഹനുമാൻ ചാലിസയും പഞ്ചാക്ഷരം അക്ഷരലക്ഷത്തിലേയ്ക്ക് . കൊറോണയ്ക്ക് നന്ദി എന്ന് പറയാൻ തോന്നുന്നു എനിയ്ക്കിപ്പോൾ**

**ദിലീപ് നമ്പൂതിരിപ്പാട്**

ഞാൻ മുതുകുറുശ്ശി ദിലീപ് നമ്പൂതിരിപ്പാട് .ഇപ്പോൾ അമേരിയ്ക്കയിൽ വാൾമാർട്ടിൽ സോഫ്ട് വെയർ എഞ്ചിനീയർ. പത്നി അശ്വതിയും കുട്ടികൾ 10 വയസുകാരി അനഘയും 7 വയസുകാരൻ അവ്യയും മൈസൂരിൽ .

നവതി കഴിഞ്ഞ അച്ഛനും അശീതി കഴിഞ്ഞ അമ്മയും മൈസൂരിൽ നിന്നും നാട്ടിലുള്ള ഓപ്പോൾമാരുടെയടുത്തേയ്ക്ക് പോയതായിരുന്നു. ലോക്ക് ഡൗൺ കാരണം മടങ്ങാനായില്ല .

കഴിഞ്ഞ കൊല്ലം പ്രോജക്റ്റുമായി ബന്ധപ്പെട്ട് അമേരിയ്ക്കയിൽ വന്ന ഞാൻ മെയ് മാസത്തിൽ ഇന്ത്യയിലേയ്ക്ക് വരാനിരുന്നതായിരുന്നു .കോവിഡ് കാരണം അതു നടന്നില്ല . .

കുട്ടികൾ കളിയ്ക്കാൻ പറ്റാത്ത വിഷമത്തിലാണെന്ന് വിളിയ്ക്കുമ്പോൾ പറയും .സ്ക്കൂളടച്ചിട്ടും കളിയ്ക്കാൻ പോവാൻ പറ്റണില്യാ അച്ഛാ . പുറത്തിറങ്ങാൻ പാടില്യാത്രേ .

പാവം കുട്ടികൾ . നാലു ചുമരുകൾക്കുള്ളിൽപ്പെട്ട കുട്ടികൾ. ഇവർ മാത്രമല്ല എല്ലായിടത്തും.അവരുടെ മാത്രമല്ല നമ്മുടെ അവസ്ഥയും മാറ്റമില്ലല്ലോ .

ഫ്ളാറ്റുകളിൽ കഴിയുന്നവരുടെ അവസ്ഥ. പുറത്തേയ്ക്ക് എങ്ങോട്ട് നോക്കിയാലും അടുത്തടുത്ത് കെട്ടിടങ്ങൾ. കോൺക്രീറ്റ് വനം തന്നെ .ഇത്തരം അവസ്ഥയിൽ സദാ സമയവും ഇതിനുള്ളിൽ കഴിയുന്നവരുടെ അവസ്ഥ . ആലോചിയ്ക്കാൻ വയ്യാ . കുട്ടികളുടെ കഥ . പാവങ്ങൾ.ഓടിച്ചാടി നടക്കേണ്ട സമയത്ത് അതിനുള്ള ഓജസ്സുണ്ടായിട്ടും അതിനു പറ്റാണ്ടെ കൂട്ടിൽ പെട്ട അവസ്ഥ . സഹിയ്ക്കാണ്ടാവുമ്പോൾ വാശി പിടിയ്ക്കും . രക്ഷിതാക്കളുടെ ഇതു കാണുമ്പോഴത്തെ അവസ്ഥ പരമ ദയനീയം തന്നെ .

നമ്മൾക്ക് കുട്ടിക്കാലത്ത് മുത്തശ്ശൻ മുത്തശ്ശിമാരും അച്ഛനമ്മമാരും പറഞ്ഞു തന്ന പോലെ ഞാനും കുട്ടികളോടൊന്ന് പറഞ്ഞ് നോക്കി. നടന്നാൽ അവരുടെ മുഷിച്ചിൽ ഒന്ന് കുറയൂലോ . ഭൂഗോളത്തിന്റെ വിപരീതദിശകളിലേയ്ക്ക് നോക്കി നിക്കുന്ന ഞാനും കുട്ടികളും . പലപ്പോഴും ആലോചിയ്ക്കാറുണ്ട് . വലിയ ഒരു പന്ത് വായുവിൽ നിൽക്കുന്നു എന്ന് കരുതുക .അതിന്മേൽ കാലൂന്നി തല മുകളിലേയ്ക്കായി നിൽക്കുന്നു. ഒരാൾ ആ പന്തിന്റെ നേരെ എതിർ ഭാഗത്തുള്ളയാൾ തല കീഴ്ക്കാം തൂക്കായി അല്ലേ ?ആലോചിച്ചാൽ ബഹുരസം തന്നെ .വെറുതെയല്ലാ അനന്തമജ്ഞാതമവർണ്ണനീയം .എത്ര സത്യം . .

ഒരുദിവസം വിളിച്ചപ്പോ അവരോട് പറഞ്ഞു.നാമം ജപിച്ചോളൂ കുട്ട്യോളേ .അഷ്ടാക്ഷരോം .പഞ്ചാക്ഷരോം . രാമ രാമാ . ഒക്കെ ആയ്ക്കോട്ടെ . സ്വതേ തന്നെ സന്ധ്യയ്ക്ക് വിളക്ക് വച്ച് 108 ജപിയ്ക്കാറുണ്ടു .ചില ദിവസം 108 ന്റെ , അവരുടെ ഭാഷയിൽ 10 സെറ്റ് വരെ പതിവുണ്ടു .അതോണ്ടാവും പറഞ്ഞപ്പോ വല്ലാണ്ടെ മുഷിച്ചിലുണ്ടായില്ലാ .

ദിവസേനയുള്ള എന്റെ ഫോൺ വിളിയിൽ പ്രോത്സാഹനം കൂടിയായപ്പോൾ ദിവസവും 108 ന്റെ 108 സെറ്റായി ജപം .ഇപ്പോൾ രണ്ടാളും അഷ്ടാക്ഷരം നാലും , രാമനാമം രണ്ടും പതിനൊന്നു ലക്ഷം വീതമായി . പഞ്ചാക്ഷരം അക്ഷരലക്ഷത്തിലേയ്ക്ക് .

കൊറോണയ്ക്ക് നന്ദി എന്ന് പറയാൻ തോന്നുന്നു എനിയ്ക്കിപ്പോൾ . അതിനിടയിലാണ് അഹത്തുള്ളാളുടെ വക രസകരമായ ഒരു വിവരണം. മൈസൂരിൽ ഫ്ളാറ്റിന്റെ അഞ്ചാം നിലയിലാണ് ഞങ്ങളുടെ താമസം . ബാൽക്കണിയിൽ നിന്ന് നോക്കിയാൽ കുറച്ച് ദൂരെ വിശാലമായ ഒരു തടാകം കാണാം .ആരും പുറത്തിറങ്ങാത്തതിനാൽ റോഡിലൊന്നും പൊതുവേ ആരെയും കാണാറില്ല , വൈകുന്നേരമായാൽ തടാകത്തിന്റെ മറുകരയിൽ കുറച്ചു കുട്ടികൾ കളിയ്ക്കാൻ വരുന്നുണ്ടു , അവരെ കാണുമ്പോഴാണത്രെ ലോകത്ത് മനുഷ്യർ ഉണ്ടല്ലോ എന്ന തോന്നൽ തന്നെ . . ഇതു കാണാനായി കുട്ടികൾ ആ നേരം നോക്കി ബാൽക്കണിയിലെത്തും . .

ഒരു ദിവസം വൈകുന്നേരം പതിവുപോലെ കുട്ടികൾ ബാൽക്കണിയിൽ നോക്കിയിരിപ്പായി . ആരും വരുന്നത് കാണാനില്ല്യാ . കുട്ട്യോൾക്ക് സങ്കടായി . അവർ അടുക്കളയിലും മുറിയിലും ഒക്കെയായി അങ്ങോട്ടും ഇങ്ങോട്ടും നടപ്പായി ഒരു ഉത്സാഹവുമില്ല .

അതു കണ്ടു പത്നിക്കും . അതിനിടയിൽ ആ ഭാഗത്ത് നിന്ന് ശബ്ദം കേട്ട് നോക്കി , എല്ലാവരും എത്തി ,കളി തുടങ്ങി . ഞങ്ങളുടെ കുട്ട്യോൾക്കും , വല്ലാത്ത സമാധാനമായി .

( പത്മശ്രീ സത്യനാരായണൻ മുണ്ടയൂരിന്റെ അമ്മാമന്റെ മകനാണ് മുതുകുറുശ്ശി ദിലീപ്. ഏലങ്കുളത്തിനടുത്താണ് ഇല്ലം. വി.ടി ഭട്ടതിരിപ്പാട് ഓത്തു ചൊല്ലിയ ഇവിടെ വച്ചാണ് . ഗുരുകുലവാസം എന്ന അദ്ധ്യായത്തിൽ പ്രധാനം അവിടുത്തെ അനുഭവങ്ങളാണ്)

**ദിലീപ് ( ഇന്ത്യ ) +91 99722 87569**
**യു. എസ് +1 (479) 3199993**

# നവദമ്പതിമാർക്ക് സ്വസ്തിയുടെ മംഗളാശംസകൾ



അഴകത്ത് മന ദാമോദരൻ നമ്പൂതിരിപ്പാടിന്റെയും സുജാതയുടെയും മകൻ പരമേശ്വരനും (കണ്ണൻ) ഏലംകുളത്ത് പെരിയ മന വാസുദേവന്റെയും ലതികയുടെയും മകൾ ശിശിരയും പട്ടാമ്പി മുതുതല അഴകത്ത് മന (കൈലാസ്)യിൽ വിവാഹിതരായി



മലപ്പുറം പൂളമണ്ണ കൊടുമക്കാട്ട് മനയിലെ കെ.എം.നാരായണന്റെയും എൻ.എം.ശ്രീലതയുടെയും മകൾ ശ്രീദേവിയും എറണാകുളം കടവന്ത്ര കാരാക്കാട്ടില്ലത്ത് നാരായണൻ നമ്പൂതിരിയുടെയും ജയശ്രീയുടെയും മകൻ അജിത്തും വിവാഹിതരായി.



പറമ്പിടി പുതുശ്ശേരി ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരിയുടെയും രമണി അന്തർജനത്തിന്റെയും മകൻ സൂരജ് കൃഷ്ണനും അകഴി മന ബ്രഹ്മദത്തൻ നമ്പൂതിരിയുടെയും ദിവറാണി അന്തർജനത്തിന്റെയും മകൾ ദർശനയും തമ്മിലുള്ള വിവാഹം പറമ്പിടി പുതുശ്ശേരി ഇല്ലത്ത് വെച്ചു നടന്നു.



പന്നിക്കോട് ഉപസഭയിൽ ചുഴലിപ്പുറത്ത് ഇല്ലത്തെ പരേതനായ ശങ്കരൻ നമ്പൂതിരിയുടെയും സുധ അന്തർജനത്തിന്റെയും മകൻ ശശി പ്രസാദും (വാസുദേവൻ) രാമപുരം ആനല്ലൂർ തെക്കേടത്ത് മന (രാമനിലയം) രാമൻ നമ്പൂതിരിയുടെയും രാജശ്രീ അന്തർജനത്തിന്റെയും മകൾ ശ്രീദേവി രാമനും വിവാഹിതരായി. ആശംസകൾ.


## അഭിനന്ദനങ്ങൾ



പറമ്പിടി പുതുശ്ശേരി ഇല്ലത്തെ ഗോപികമാരും കൃഷ്ണനും



ഒന്നാം പിറന്നാൾ ആഘോഷിച്ച മഞ്ചേരി പുല്ലങ്കോട്ടില്ലത്ത് വിഷ്ണു - ശ്രീരഞ്ജിനി ദമ്പതികളുടെ മകൾ ആത്മിക




## ഇല്ലപ്പെരുമ മൂത്തേടത്തു പാലശ്ശേരിയിലുണ്ട്

# ചരിത്രത്തിന്റെ കലവറ






സഞ്ജുവിന്റെ കുത്ത്

### ടീം സ്വസ്തി

കേട്ടിട്ടുണ്ടോ വ്യാവസായികാടിസ്ഥാനത്തിൽ കുരുമുളകു കൃഷി ചെയ്തിരുന്ന ഒരു നമ്പൂതിരിയെപ്പറ്റി?കറുത്ത പൊന്നിന്റെ വൻ വിപണന സാധ്യത മനസ്സിലാക്കി ശാസ്ത്രീയ കൃഷിക്ക് ഒരുങ്ങിപ്പുറപ്പെട്ട കർഷകനെപ്പറ്റി? ഏറനാട്ടിലെ മഞ്ചേരി കരിക്കാട് മൂത്തേടത്തു പാലശ്ശേരി ശങ്കരൻ നമ്പൂതിരിയായിരുന്നു ആ കർഷകൻ .1889 ൽ മുന്നൂറേക്കർ കുരുമുളക് തോട്ടം .അതും അത്യുൽപ്പാദന ശേഷിയുള്ള പന്നിയൂർ ഇനം .വാഹന സൗകര്യങ്ങൾ ഇല്ലായിരുന്ന പത്തൊമ്പതാം നൂറ്റാണ്ടിൽ മഞ്ചേരിയിൽ നിന്നും നൂറു നാഴികയിലധികം അകലെ കണ്ണൂർ ജില്ലയിലെ പന്നിയൂരിലേക്ക് ആളെ വിട്ട് മികച്ചയിനം കുരുമുളക് കൊടികൾ സംഘടിപ്പിച്ചു കൊണ്ടുവന്ന കേങ്കേമൻ . വനവിഭവമായ കുരുമുളകിനെ തോട്ടമായി മാറ്റി കൃഷി ചെയ്ത വിപ്ലവമായിരുന്നു ശങ്കരൻ നമ്പൂതിരി നടത്തിയത് .ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഒത്താശയോടെ അക്കാലം ചില കമ്പനികൾ വലിയ എസ്റ്റേറ്റുകൾ കേരളത്തിൽ തുടങ്ങിയിരുന്നു .എന്നാൽ ഒരു വ്യക്തി കൂട്ടുകൃഷിയായി കുരുമുളകിന്റെ വൻകിട തോട്ടം തുടങ്ങുന്നത് ഏറനാടിന്റെ ചരിത്രത്തിൽ ആദ്യമാവും .മലബാറിൽ മലഞ്ചരക്കുകൾ കൃഷി ചെയ്യാൻ തുടങ്ങിയത്




*പാലശ്ശേരി മനയെപ്പറ്റി വിവിധ പത്രങ്ങളിൽ വന്ന വാർത്തകൾ*

കുടിയേറ്റക്കാരായ അച്ചായന്മാരായിരുന്നു എന്ന കഥ ഇനിയെങ്കിലും നാം മാറ്റി ധരിച്ചേ തീരൂ .ചരിത്രത്തിന്റെ വഴികളിൽ എന്നും വ്യത്യസ്തരായിരുന്നു പാലശ്ശേരിക്കാർ .

മലപ്പുറം ജില്ലയിൽ അരീക്കോടിനടുത്തുള്ള ഇരിവേറ്റി തൃപ്പനച്ചി ഗ്രാമക്കാരാണ് മൂത്തേടത്തു പാലശ്ശേരി .അവിടത്തെ ഗ്രാമക്ഷേത്രത്തിൽ ഊരാഴ്മയും ഉണ്ട് .തൃപ്പനച്ചിയിൽ ഇല്ലങ്ങൾ കുറഞ്ഞു വന്നപ്പോൾ 12 നാഴിക ദൂരെയുള്ള കരിക്കാടേക്ക് താമസം മാറ്റുകയായിരുന്നു പാലശ്ശേരിക്കാർ . 1862ലാണിത് . കരിക്കാട് വന്നതിനു ശേഷം കൃഷിയും വ്യവസായവും കലാസാംസ്ക്കാരിക പ്രവർത്തനങ്ങളും പാലശ്ശേരിപ്പെരുമക്ക് മാറ്റ് കൂട്ടി .

ചില സംഭവങ്ങൾ കാണുക .കോമൺവെൽത്ത് സി.എസ് ഐ കമ്പനികൾ മേച്ചിലോട് നിർമ്മിച്ചിരുന്ന കഥകൾ നമുക്കറിയാം .എന്നാൽ നൂറ്റമ്പതു കൊല്ലങ്ങൾക്കു മുമ്പ് എടവണ്ണയിൽ പ്രൈവറ്റ് ലിമിറ്റഡ് ഓട്ടുകമ്പനി തുടങ്ങിയിരുന്നത് പാലശ്ശേരി ഇല്ലക്കാരായിരുന്നു .മലബാറിൽ പലേടത്തുമുള്ള ധനാഢ്യരിൽ നിന്നും അമ്പതു രൂപയുടെ ഷെയറുകൾ പിരിച്ചായിരുന്നു കമ്പനിയുടെ മൂലധനം കണ്ടെത്തിയത് . കോഴിക്കോട് രാജാവ് സാമൂതിരിപ്പാടും വ്യാപാര പ്രമുഖൻ ദേശമംഗലം നമ്പൂതിരിപ്പാടും എടവണ്ണയിലെ വീരാൻ കുട്ടിയും അടങ്ങുന്ന ഷെയർ ഹോൾഡർമാർ .അക്കാലത്തെ മതസൗഹാർദ്ദത്തിന്റെ ഉത്തമോദാഹരണം . എടവണ്ണയിലെ ഓടു കമ്പനിയുടെ ചരിത്രം അവിടത്തെ നാട്ടുകാർക്കു തന്നെ വേണ്ടത്ര അറിയില്ല . വർഷങ്ങൾ പ്രവർത്തിച്ച ഏറനാട് ടൈൽ വർക്ക്സിന്റെ തിരുശേഷിപ്പുകൾ ഇന്നുമുണ്ട് . ഇപ്പോൾ ആ സ്ഥലത്ത് എടവണ്ണ യത്തീംഖാനയാണ് .കോമ്പൗണ്ടിൽ കൂട്ടിയിട്ടിരിക്കുന്ന മേച്ചിലോടുകളുടെയും തറയോടുകളുടെയും കഷ്ണങ്ങളിൽ പഴയ ഏറനാട് ടൈൽ വർക്സിന്റെ പേരുകൾ ചരിത്ര കുതുകികൾക്ക് വായിക്കാൻ കഴിയും .

പാലശ്ശേരി മനക്കാർ എല്ലാ അർത്ഥത്തിലും ചരിത്രം രചിച്ചവരാണ് . നൂറ്റമ്പതു കൊല്ലം മുമ്പാണ് . കരിക്കാട് ദേവസ്വം മാനേജരായി പാലശ്ശേരി കേശവൻ നമ്പൂതിരി നിയമിതനായി . കരിക്കാട് ക്ഷേത്രത്തിൽ 3 ദേവന്മാരാണ്. ഉത്സവത്തിന് എഴുന്നള്ളിക്കാൻ 3 ആനകൾ വേണം ആനക്കോപ്പുകൾക്ക് നിലമ്പൂരും മങ്കടയും പിന്നെ പാഴിയോട് മനയും. കേമമായ ഉത്സവമായിരുന്നു .മദ്രാസിൽ നിന്നാണ് പടക്കവും വാണവും പൂത്തിരിയും മറ്റും കൊണ്ടുവന്നത് . തീവണ്ടിയിൽ ഫറോക്ക് വരെ .പിന്നെ കാളവണ്ടിയിലായിരിക്കണം കരിക്കാട്ടെത്തിയത് . കണക്കുകൾ ഇന്നും ഭദ്രമായി പാലശ്ശേരിയിൽ ഉണ്ട് . അക്കാലം ഏറനാട്ടിൽ ഷോഡതി പതിവായിരുന്നു .പഴയ കാലത്തെ ഭാഗ്യക്കുറി .അലമാര ഷോഡതി, കട്ടിൽ ഷോഡതി ,ഒരണ ഷോഡതി അങ്ങിനെ പലതും . പാലശ്ശേരി കാരണവരും ചില ഷോഡ തികൾക്ക് നേതൃത്വം നൽകിയിരുന്നു .തിരുമണിക്കര ക്ഷേ

**സർക്കാരിന്റെ പുരാരേഖാ വകുപ്പ് പ്രത്യേക പരിഗണന നൽകിയ അപൂർവ്വം നമ്പൂതിരിമാരിലൊളാണ് പാലശ്ശേരി. ചരിത്ര ഗവേഷകരുടെ അടുത്ത സുഹൃത്ത്.കോഴിക്കോട് സർവ്വകലാശാലയിലെ ചരിത്രാധ്യാപകർക്കും വിദ്യാർത്ഥികൾക്കും മറ്റൊരു പാഠശാലയാണ് പാലശ്ശേരി ഇല്ലം. ഉണ്ണികൃഷ്ണൻ നമ്പൂതിരി സൂക്ഷിക്കുന്ന ചരിത്ര രേഖകളുടെ മൂല്യം വളരെ വലുതാണ്.**



*പാലശ്ശേരി ഉണ്ണികൃഷണൻ നമ്പൂതിരി താളിയോലകളുമായി*



കേശവൻ നമ്പൂതിരി കുടുംബാംഗങ്ങളോടെപ്പം



എം.പി.എസ്.നമ്പൂതിരി കുടുംബാംഗങ്ങളോടെപ്പം

ത്രക്കുളം പാലശ്ശേരി കേശവൻ നമ്പൂതിരിയാണ് കുഴിപ്പിച്ചത്. പ്രശസ്തമായിരുന്ന പുല്ലൂർ കഥകളിയോഗത്തിലെ പ്രധാന ശ്രമക്കാരനായും പാലശ്ശേരിയുമുണ്ടായിരുന്നു.

1923 ൽ സുഹൃത്തായ മുതുകാട് നാരായണൻ നായരോടൊപ്പം കരിക്കാട്ടെ ആദ്യ നാടക സംഘം രൂപീകരിച്ചത് പാലശ്ശേരി നാരായണൻ നമ്പൂതിരിയായിരുന്നു .

കചദേവയാനീ ചരിതം പോലുള്ള സംഗീത നാടകങ്ങൾ അക്കാലത്ത് ഏറനാട്ടിലെ ഒട്ടനവധി വേദികളിൽ കളിച്ചു .ചരിത്രത്തിന്റെ വഴികൾ പലതും ഇനിയും വേണ്ടത്ര വെളിച്ചം കണ്ടിട്ടില്ല .1935 ൽ കോഴിക്കോട്ട് തുടങ്ങിയ ദേശപോഷിണിയാണ് മലബാറിലെ പ്രധാന വായനശാലയായി പറയാറ്. എന്നാൽ അതിനും എത്രയോ മുമ്പ് 1932 ൽ തന്നെ കരിക്കാട് ഗ്രാമീണ വായനശാല പ്രവർത്തിച്ചിരുന്നു .ഈ വായനശാലയുടെ പ്രവർത്തനത്തിന് പണം കണ്ടെത്താനായി കരിക്കാട് വെച്ച് നാടകം കളിച്ചു .ഇതിന്റെയെല്ലാം പ്രധാന സംഘാടകൻ പാലശ്ശേരി നാരായണൻ നമ്പൂതിരിയായിരുന്നു .നാടകവിവരങ്ങളും അന്നത്തെ കണക്കുകളും എഴുതിയ ഡയറി കണ്ട് വിഖ്യാത ചരിത്രകാരൻ എം ജി എസ് നാരായണൻ വല്ലാതെ അത്ഭുതപ്പെട്ടത്രെ! വായനയിലും സാംസ്ക്കാരിക പ്രവർത്തനങ്ങളിലും അക്കാലത്തെ ഏറനാടും വള്ളുവനാടും ഒട്ടും പിന്നോക്കമായിരുന്നില്ല എന്ന് വിളിച്ചു പറയുന്നുണ്ട് ഈ ചരിത്ര വസ്തുതകൾ .

കരിക്കാട് പാലശ്ശേരി ഇല്ലത്ത് ഇപ്പോൾ താമസിക്കുന്നത് നാരായണൻ നമ്പൂതിരിയുടെ ഇളയ മകൻ ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി .ആധാരഭാഷയിൽ സ്വസ്ഥം ഗൃഹഭരണം .എന്താ ഏർപ്പാട് എന്നന്വേഷിച്ചാൽ വിശേഷിച്ച് ജോലിയൊന്നുല്യ എന്നല്ല അദ്ദേഹം പറയുക. എന്നു വെച്ചാൽ ഏറെ വിശേഷമായുള്ള ഒരു പ്രവർത്തിക്കാരനാണ് ഇദ്ദേഹം.പുരാരേഖാ സംരക്ഷണം തന്റെ ജന്മദൗത്യമായി ഏറ്റെടുത്ത താപസൻ . സർക്കാറിന്റെ പുരാരേഖാ വകുപ്പ് പ്രത്യേകം പരിഗണന നൽകിയ കേരളത്തിലെ ചുരുക്കം നമ്പൂതിരിമാരിലൊരാൾ. ചരിത്ര ഗവേഷകരുടെ അടുത്ത സുഹൃത്ത്.കോഴിക്കോട് സർവകലാശാലയിലെ ചരിത്രാധ്യാപകർക്കും വിദ്യാർത്ഥികൾക്കും മറ്റൊരു പാഠശാലയാണ് പാലശ്ശേരി ഇല്ലം .ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി സൂക്ഷിക്കുന്ന ചരിത്ര രേഖകളുടെ മൂല്യം വളരെ വലുതാണ് .വെറുതെയങ്ങ് സൂക്ഷിക്കുകയല്ല. ഈ രംഗത്തെ അതികായനായ കോഴിക്കോട്ടുകാരൻ അബ്ദുൾ മജീദിന്റെ മേൽനോട്ടത്തിൽ വേണ്ടും വിധം പരിപാലിച്ചുകൊണ്ടാണ് ഇതൊക്കെ സംരക്ഷിക്കുന്നത്. ജർമ്മനിയിൽ നിന്നും ഇറക്കുമതി ചെയ്ത ടിഷ്യൂ പേപ്പർ അകവും പുറവും ഒട്ടിച്ച് പഴയ കടലാസുകൾക്ക് കവചമൊരുക്കുന്നു . പുരാരേഖകൾ കാലത്തെ അതിജീവിച്ച് നവീനമായി നിലനിർത്തുന്ന സാങ്കേതിക വിദ്യയാണത് .

ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ വാക്കുകളിലേക്ക്. 'അച്ഛൻ നാരായണൻ നമ്പൂതിരി ഇല്ലത്തെ സ്വത്തുക്കൾ നേരത്തെ തന്നെ ഞങ്ങൾ മക്കൾക്ക് ഭാഗിച്ചു നൽകിയിരുന്നു.ജ്യേഷ്ഠൻമാ



അശ്വതി ശ്രീകാന്ത്

ഹീരാ സഞ്ജു



കലാമണ്ഡലം എം.പി.എസ്. നമ്പൂതിരിയുടെ ഹംസം. ഗോപി ആശാന്റെ നളന്റെ കൂടെ.

അജിത്തിന്റെ മകൾ മേഘന

ഉണ്ണികൃഷ്ണൻ നമ്പൂതിരി കുടുംബാംഗങ്ങളോടൊപ്പം

## സഞ്ജു ഡോക്ടർ മാത്രമല്ല, ലഫ്റ്റനന്റ് കമാന്റർ കൂടിയാണ്

ഉണ്ണിയേട്ടന്റെ മകൻ സഞ്ജു ഡോക്ടർ മാത്രമല്ല, ലഫ്റ്റനന്റ് കമാന്റർ കൂടിയാണ് . സ്കൂൾ യുവജനോത്സവത്തിൽ തുടർച്ചയായി 3 പ്രാവശ്യം ചാക്യാർകൂത്തിൽ ഒന്നാം സ്ഥാനം .കലാമണ്ഡലം രാമച്ചാക്യാരുടെയും തുടർന്ന് അദ്ദേഹത്തിന്റെ അനുജൻ പൈങ്കുളം നാരായണ ചാക്യാരുടെയും ശിഷ്യനാണ് സഞ്ജു . ചാക്യാർ കൂത്തിൽ സഞ്ജു നേടിയ ഹാടിക് നേട്ടം മറ്റൊരാളും ഇതുവരെ നേടിയിട്ടില്ല .MBBS പഠിക്കാൻ അൽപ്പം സാഹസികമായി റഷ്യയിൽ പോയി . ഇന്ത്യയും റഷ്യയും തമ്മിലുള്ള സ്റ്റുഡന്റ്സ് അയക്കൽ കരാർ അനുസരിച്ച് റഷ്യൻ എംബസി വഴി. അന്ന് റഷ്യ മാറ്റത്തിന്റെ പാതയിൽ .ഗോർബച്ചേവ് നേതൃത്വം ഒഴിയുന്ന കാലം.ഗ്ലാസ് നോസ്റ്റും പെരസ്ട്രോയിക്കയും .ഇംഗ്ലീഷ് റഷ്യയിൽ മാധ്യമമേ അല്ല .റഷ്യൻ ഭാഷ പഠിച്ചേ തീരു .ഒരു ഫോൺ ചെയ്യാൻ റൂബിളുകൾ വേണം .ഒരു കത്ത് ഇന്ത്യയിലേക്ക് അയച്ച് അതിന് മറുപടി കിട്ടണമെങ്കിൽ ചുരുങ്ങിയത് 40 ദിവസം . മെഡിക്കൽ ടെർമിനോളജിയിൽ വാക്കുകൾ ലാറ്റിൻ ഭാഷയിൽ ആയിരുന്നതിനാൽ വലിയ ബുദ്ധിമുട്ടുണ്ടായില്ല .ഉദാ: പാരസെറ്റാമോൾ ,അപ്പൻ ഡിസൈറ്റിസ് ..etc

സ്റ്റാലിൻഗ്രാഡിലാണ് മെഡിക്കൽ കോളേജ് .രണ്ടാം ലോക മഹായുദ്ധത്തിൽ ഹിറ്റ്ലറുടെ നാസിപ്പടയെ ചെമ്പട ബന്ദികളാക്കി യുദ്ധത്തിൽ റഷ്യയുടെ നേതൃത്വത്തിൽ സഖ്യകക്ഷികൾ ജയിച്ച സ്ഥലം .യുദ്ധത്തടവുകാരായ ജർമ്മനിക്കാരെ ഉപയോഗിച്ച് സ്റ്റാലിൻ പണി കഴിപ്പിച്ചതാണ് ഈ നഗരം .മെഡിക്കൽ കോളേജിന്റെ ഇൻഫ്രാസ്ട്രക്ചറും മറ്റും 'ക്ലാസ്'ആയിരുന്നു .ഒരു വർഷം വന്നു അവിടെ ഒന്ന് ജെൽ ആവാൻ .ഇല്ലത്തേക്കുള്ള കമ്യൂണിക്കേഷൻ അധികവും കത്തിടപാടുകൾ വഴി .ഏതു പ്രതിസന്ധിയിലും സഹായമായത് അമ്മയുടെ വാത്സല്യത്തിനൊപ്പം അച്ഛൻ തന്ന ധൈര്യവും അനുഗ്രഹവുമായിരുന്നു .


സഞ്ജു

പ്രസിഡണ്ട് ഗോർബച്ചേവിനെ സന്ദർശിച്ചതും തിയേറ്ററുകളിൽ നിന്നും ധാരാളം ഓപ്പറകൾ കണ്ടതും അനവധി സ്ഥലങ്ങളിലേക്ക് യാത്രകൾ ചെയ്തതും 6 വർഷങ്ങൾ നീണ്ട റഷ്യൻ ജീവിതത്തിലെ നനുത്ത ഓർമ്മകളാണ് .കോഴ്സ് പൂർത്തിയാക്കി ഇന്ത്യയിൽ എത്തിയ

ഞാൻ ഇന്ത്യൻ നേവിയിൽ മെഡിക്കൽ ഓഫീസർ ആവാൻ അപ്ലൈ ചെയ്തു .കടുകട്ടി ടെസ്റ്റും ഇന്റർവ്യൂവും ആയിരുന്നു .ജോലി ഓഫീസർ കേഡറിൽ മെഡിക്കൽ ഓഫീസർ ആയാണ് നിയമനം .5 വർഷം സർവ്വീസിന്റെ അവസാനം ഞാൻ ഏഴിമല നേവൽ അക്കാദമിയിലായിരുന്നു . ഞാൻ റിട്ടയർ ചെയ്യുമ്പോൾ നേവിയിൽ ലെഫ്റ്റനന്റ് കമാന്റർ .ഈ ടൈറ്റിലിന് ഒരു പ്രത്യേകതയുണ്ട് .അത് ലൈഫ് ലോംഗ് ആണ് .ഞാനിപ്പോൾ കേരളാ സർക്കാർ സർവ്വീസിൽ മെഡിക്കൽ ഓഫീസർ . ലെഫ്റ്റനന്റ് കമാന്റർ ഡോക്ടർ സഞ്ജു .നല്ല വേദികൾ ലഭിച്ചാൽ ചാക്യാർകൂത്ത് പ്രോഗ്രാം ഇന്നും നടത്തും ഈ ലെഫ്റ്റനൻറ് കമാന്റർ!

3 വർഷം എല്ലാ പ്രഫഷനൽസും പറ്റുമെങ്കിൽ ഡിഫൻസ് സർവ്വീസിന് പോകണമെന്നാണ് സഞ്ജുവിന് പറയാനുള്ളത് .ഇന്ത്യയെ അറിയാം ,പഠിക്കാം .ഒപ്പം ജീവിതത്തിൽ അടുക്കും ചിട്ടയുമുള്ളവരാവാം .

പുറങ്കടലിൽ നങ്കൂരമിട്ട യുദ്ധക്കപ്പലിൽ അച്ഛനെയും അമ്മയേയും കൊണ്ടുപോവാൻ പറ്റിയത് അവിസ്മരണീയമായി സഞ്ജു കരുതുന്നു. റഷ്യൻ പഠനകാലത്ത് സഞ്ജു അയച്ച കത്തുകൾ 'മകൻ അച്ഛനയച്ച കത്തുകൾ' എന്ന ടൈറ്റിലിൽ മാതൃഭൂമി അവരുടെ കാമ്പസ് പേജിൽ സീരിയൽ ആയി നൽകിയിരുന്നു .സഞ്ജുവിന്റെ സഹധർമ്മിണിയും താരമാണ് .അമൃതാ റിയാലിറ്റി ഷോ വനിതാരത്നം ആയ ഹീരാ നമ്പൂതിരി .ഹീരയും സംസ്ഥാന സർവീസിൽ മെഡിക്കൽ ഓഫീസർ .രണ്ട് കുഞ്ഞുങ്ങൾ.ഗൗരി പാർവ്വതി, ഗൗരാംഗ് കൃഷ്ണൻ .

---


രൊക്കെ ജോലിയുമായി തിരക്കുകളിലായി .മറ്റ് ഉദ്യോഗമില്ലാത്തതിനാൽ തറവാടും കൃഷിസ്ഥലവുമൊക്കെ എനിക്കായിരുന്നു .പഴയ സാധനങ്ങളും പ്രധാനപത്രങ്ങളും കൗതുകവസ്തുക്കളുമൊക്കെ എടുത്തു സൂക്ഷിക്കുന്നത് എനിക്കിഷ്ടമായിരുന്നു .അച്ഛന് പഴയ റെക്കോർഡുകൾ സൂക്ഷിക്കുന്ന ഒരു എഴുത്തുപെട്ടി ഉണ്ട് .എക്കൗണ്ട് ബുക്കുകൾ പോലെ അനവധി പുസ്തകങ്ങളാണതിൽ .ചിലതൊക്കെ കണക്കുകൾ സൂക്ഷിച്ചിരുന്ന തെരട്ട് (ലഡ്ജർ) ആയിരുന്നു .അണാ ,പൈ കണക്കുകൾ .മറ്റു ചിലതൊക്കെ, കണ്ടാൽ കണക്കു പുസ്തകം പോലെ തോന്നുമെങ്കിലും മറച്ചു നോക്കിയപ്പോൾ ഡയറികളാണെന്ന് മനസ്സിലായി . മുത്തശ്ശനും വലിയ മുത്തശ്ശനും എഴുതിയവ .പത്തൊമ്പതാം നൂറ്റാണ്ടിലെ ദിവസക്കുറിപ്പുകൾ .അക്ഷരങ്ങളും ലിപിയും ഭാഷയും പ്രയോഗവും എല്ലാം വേറൊരു തരത്തിൽ .ചന്ദ്രക്കല ഉപയോഗിക്കാത്ത മലയാള ഭാഷ . എനിക്ക് താൽപ്പര്യം ഏറിയേറി വന്നു. രാവിലെ കാപ്പി കുടി കഴിഞ്ഞാൽ ഈ ഡയറികൾ വായിക്കുകയായി എന്റെ പണി .കാലപ്പഴക്കം കാരണം പലതും വ്യക്തമായിരുന്നില്ല .വർഷങ്ങൾ എടുത്തു എന്റെ വായന പൂർത്തിയാക്കാൻ .

കേസു നടത്താൻ പല പ്രാവശ്യം കാളവണ്ടിയിൽ കോഴിക്കോട്ട് പോയ കഥകൾ ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട് .മറ്റൊന്ന് അന്നൊരു പൂരം കൂടാൻ പോയതാണ് . 1890 ൽ നൂറു നാഴിക ദൂരമുള്ള തൃശൂർക്ക് യാത്ര . ഫറോക്കിൽ നിന്നും തീവണ്ടിയിൽ

കയറാം. .അന്ന് ഭാരതപ്പുഴക്ക് ഷൊർണൂരിൽ പാലമില്ല .തൃശൂർ പോണമെങ്കിൽ ഷൊർണൂർ ഇറങ്ങുകയേ വഴിയുള്ളൂ .പിന്നെ തൃശൂർ വരെ കാളവണ്ടി ശരണം.

1921 ലെ ഖിലാഫത്തു കാലം . ഇല്ലക്കാർ രണ്ടു ഭാഗമായി തളിപ്പറമ്പിലേക്കും തൃശൂരിലേക്കും പലായനം ചെയ്തു . ഈ കഥകളെല്ലാം അക്കാലത്തെ ഡയറിയിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇല്ലത്തെ സംഭവങ്ങൾ എന്നതിലപ്പുറം ഒരു പ്രദേശത്തിന്റെ ചരിത്ര വസ്തുതകൾ കൂടി ഇവയിലൊക്കെ ഉൾച്ചേർന്നിരുന്നു. അന്നത്തെ കൃഷി രീതികൾ ,പാട്ടം വരവുകൾ ,ലളിതമായി നടത്തിയിരുന്ന വിവാഹ വിശേഷങ്ങൾ, ആശൗചവും ശുദ്ധാശുദ്ധങ്ങളും ,ബ്രിട്ടീഷ് ഭരണരീതികൾ എല്ലാം നൂറ്റാണ്ട് പിന്നിലേക്ക് എന്നെ കൊണ്ടുപോയി . അന്നേ അതൊക്കെ എഴുതി സൂക്ഷിച്ച പിതാമഹർ എന്നെ വല്ലാതെ അത്ഭുതപ്പെടുത്തി.മലബാറിൽ നിന്നും ഇന്നു വരെ കണ്ടെടുക്കപ്പെട്ടവയിൽ ഏറ്റവും പഴക്കം ചെന്ന ഡയറിക്കുറിപ്പുകളായിരുന്നു ഇല്ലത്ത് ഉള്ളത് . വേപ്പിലയും കുരുമുളക് മണി കൊഴിഞ്ഞ തിരിയും പെട്ടിയിൽ ഞാൻ കെട്ടി വെച്ചു .പിന്നെയാണ് രേഖകൾ സൂക്ഷിക്കുന്നതിന്റെ രീതികൾ ഞാനന്വേഷിക്കുന്നതും അറിയുന്നതും . മലപ്പുറത്തിന്റെയും കേരളത്തിന്റെയും കാണാപ്പുറങ്ങൾ വായിക്കാൻ ഇല്ലത്തെ പല രേഖകളും സഹായകമായെന്ന് ചരിത്രകാരന്മാർ പറഞ്ഞപ്പോഴാണ് എനിക്ക് കൂടുതൽ ബോധ്യമാവുന്നത് .അതുപോലെയാണ് പുരാണ ഗ്രന്ഥങ്ങൾ .വേദവും ഭാഗവതവും നാരായണീയവുമൊക്കെ ഇല്ലത്തുണ്ടായിരുന്നു . താളിയോലയിൽ എഴുതിയിരുന്ന ഇവയെല്ലാം പൊടി തട്ടി പ്രത്യേക ട്രീറ്റ്മെന്റിലൂടെ സംരക്ഷിക്കാനും എനിക്കു കഴിഞ്ഞു .ഇല്ലത്തു നിന്ന് കണ്ടെത്തിയ പല ചരിത്ര വസ്തുതകളും പത്രമാധ്യമങ്ങളിൽ വാർത്തയായി . പുരാരേഖാ സംരക്ഷണത്തിന് പുരസ്ക്കാരങ്ങളൊക്കെ എനിക്ക് ലഭിക്കുന്നത് പിന്നീടാണ് .

നമ്മുടെ തറവാടുകളിലൊക്കെ ഇങ്ങിനെ രേഖകളും ഗ്രന്ഥങ്ങളും പൊടിഞ്ഞു പോകുന്നുണ്ട് .ഒന്നു ശ്രദ്ധിച്ചാൽ നമുക്കവ സൂക്ഷിക്കാം .ഏറനാട്ടിൽ തന്നെ ധാരാളം വലിയ ഇല്ലങ്ങൾ ഉണ്ട് .അവിടെയൊക്കെ ഉള്ള പഴയ പ്രമാണങ്ങളും താളി



*പാലശ്ശേരി ഇല്ലത്ത് നാരായണൻ നമ്പൂതിരിയും പത്നി കുന്നംപള്ളി മൂത്തേടം ദേവസേന അന്തർജനവും*

# ബോംബിൽ നിന്ന് രക്ഷപ്പെട്ടത്

അമൃത ടി.വി ഗ്രേറ്റ് ഇന്ത്യാ റൈസ് എന്നൊരു ആക്ഷ്വാലിറ്റി ഷോക്ക് തുടക്കമിട്ടിരുന്നു. ഈ ട്രഷർ ഹണ്ടിലെ ഏഴു ടീമുകളിൽ ഒന്ന് 60 + പ്രായമുള്ള രണ്ട് പേരായിരുന്നു .ടീമിന്റെ പേര് ബോയ്സ് .രണ്ടംഗ ടീമിൽ ഒരാൾ പാലശ്ശേരി ഉണ്ണികൃഷ്ണൻ നമ്പൂതിരി . മത്സരത്തിന്റെ ഭാഗമായി ആനയെ കുളിപ്പിച്ചതും മീൻ പിടിച്ചതും കാവടിയാടിയതും തമിഴ്നാട്ടിൽ ചായക്കച്ചവടം നടത്തിയതും രസകരവും സാഹസികവുമായിരുന്നു.കേരളത്തിലും തമിഴ്നാട്ടിലും കർണ്ണാടകയിലും ഇങ്ങനെ പല ടാസ്കുകൾ ചെയ്യണം .അവയെല്ലാം റെക്കോർഡ് ചെയ്യും . കുതിരസവാരി, ഫ്രഞ്ച് ദമ്പതികൾക്ക് ഭക്ഷണം ഉണ്ടാക്കി നൽകൽ, പൊയ്ക്കാൽ നൃത്തം , തന്നിരിക്കുന്ന ക്ലൂ വച്ച് വിദൂരനഗരത്തിലെ സ്ഥലം കണ്ടു പിടിക്കൽ ഇതെല്ലാമായിരുന്നു മറ്റു ടാസ്കുകൾ . ഒരു മാസം നീണ്ട ആദ്യ റൗണ്ടുകളിൽ ജയിച്ചു . അടുത്ത ഘട്ടം രാജസ്ഥാനിലായിരുന്നു .പുറപ്പെടാനായി ടീമുകൾ ഗോവയിലെത്തി .ഏറെ കൊട്ടിഘോഷിച്ച് തുടങ്ങിയ ഷോയുടെ ഷൂട്ടിംഗ് അവസാനിപ്പിക്കുകയാണ് എന്ന വിവരമാണ് ലഭിച്ചത് . വലിയ സങ്കടത്തിലായി.

അടുത്ത ദിവസം തിരിച്ചു പോകുന്നതിനു മുമ്പ് മറ്റൊരു വാർത്തയെത്തി . തങ്ങൾ തലേന്ന് പോവാനിരുന്ന കേന്ദ്രം ഉൾപ്പെടെ പലയിടത്തും ഭീകരർ ബോംബാക്രമണം നടത്തിയെന്ന്. ടീം ബോംബു സ്ഫോടനത്തിൽ പെട്ടു പോവുമായിരുന്നെന്ന് ഓർക്കുമ്പോൾ ഇപ്പോഴും ഉൾക്കിടിലം മാറിയിട്ടില്ല.പ്ലാനനുസരിച്ച് തുടരാൻ പറ്റാത്തതിനാൽ ഈ റിയാലിറ്റി ഷോയുടെ എപ്പിസോഡുകൾ പിന്നീട് വെളിച്ചം കണ്ടില്ല .



*ഉണ്ണികൃഷണൻ നമ്പൂതിരി, ഹീരാ നമ്പൂതിരി, ഹീരയുടെ അനിയനുമൊത്ത് വനിതാ രത്നം വേദിയിൽ*

യോലകളുമൊക്കെ യഥാർത്ഥത്തിൽ ചരിത്രരേഖകളാണ് .നമുക്കതിന്റെ പ്രാധാന്യം വേണ്ടത്ര അറിയില്ല .നിങ്ങൾ അറിയിച്ചാൽ എവിടെ വേണമെങ്കിലും വരാനും അവ സൂക്ഷിക്കാനുള്ള നിർദ്ദേശങ്ങൾ നൽകാനും ഞാൻ എന്നും തയ്യാറാണ് .പുരാരേഖകളിൽ മറഞ്ഞു കിടക്കുന്ന ചരിത്രം തെളിയിച്ച് വായിക്കുന്നത് എനിക്കിപ്പോൾ അത്ര ഇഷ്ടമാണ് .മാത്രമല്ല ചരിത്ര വസ്തുതകൾ തമസ്കരിക്കേണ്ടവയല്ല .നമ്പൂതിരിയുടെ മഹത്വം കേരളത്തിന് ബോധ്യമാവാനും ഇവ സഹായിക്കും .99 കൊല്ലം മുമ്പ് നടന്ന ഖിലാഫത്ത് (1921) കലാപം പോലും ഇപ്പോൾ വ്യാഖ്യാനിക്കുന്നത് ഓരോരുത്തർക്കും തോന്നും പോലെയാണല്ലോ .സത്യം ഒന്നേയുള്ളൂ .അത് പുറത്ത് കൊണ്ടു വന്നാൽ മാത്രം മതി .നേതാവ് വാരിയൻകുന്നൻ മരാട്ട് മനയിലെ കുടിയാനായിരുന്നു .അക്കാലത്ത് അയാളും സംഘവും ചേർന്ന് ലഹളച്ചിലവുകൾക്കായി പൈസ ചോദിച്ച കണക്കു രേഖകൾ ചില ഇല്ലങ്ങളിലൊക്കെ ഉണ്ടായിരുന്നത്രെ . ലഹള പേടിച്ച് മരാട്ട് മനയിലെ ആൾക്കാർ തട്ടിൻപുറത്ത് ഒളിച്ചിരുന്നതും അന്ന് ലഹളക്കാർ ചോദിച്ച പണം മനയിലെ കാര്യസ്ഥർ എടുത്തു കൊടുത്തതും മറ്റും പണ്ട് കേട്ടിരുന്ന കഥയാണ് . അതുപോലെ ഖിലാഫത്തിന് മുമ്പൊരു കാലം നിലമ്പൂർ ചെമ്മന്തട്ട മഠം കലാപകാരികൾ തീവെച്ചതും അമ്പലം നശിപ്പിച്ചതുമായ പ്രചാരണങ്ങൾ ഇല്ലത്തെ വലിയ മുത്തശ്ശന്റെ ഡയറിക്കുറിപ്പുകളിൽ എഴുതിയിട്ടുണ്ട്. പുരാരേഖകൾ സൂക്ഷിക്കുന്നത് നമ്മുടെ ഉത്തരവാദിത്തമാണ് .ചരിത്രത്തോട് നീതി പുലർത്തണം എന്നൊക്കെ പറയില്ലേ? രേഖകളുടെ പ്രാധാന്യം അവിടെയാണ് .ഒരുദാഹരണം നോക്കുക . മലപ്പുറം ജില്ലയിലെ വണ്ടൂരിൽ പണ്ട് വിദ്യാലയം സ്ഥാപിക്കാൻ എല്ലാ ഉത്സാഹവും നടത്തിയത് വെള്ളയ്ക്കാട്ട് പട്ടേരിയായിരുന്നു (സാഹിത്യകാരി കെ ബി ശ്രീദേവിയുടെ പിതാവ് ) .നടുവം പോലുള്ള മനക്കാരും ധനസമാഹരണത്തിൽ പ്രവർത്തിച്ചു. സ്ഥലം സംഭാവന ചെയ്തത് കിടങ്ങഴി നമ്പൂരിപ്പാട് .വെള്ളയ്ക്കാട്ടു പട്ടേരിയോടുള്ള നാട്ടാരുടെ ആദരമായി ഈ വിദ്യാലയത്തിന് വി.എം സി എച്ച് എസ് എന്നായിരുന്നു പേര്. എന്നാൽ പഴയതൊക്കെ വിസ്മരിച്ച ചില പുതു വാല്യക്കാർ ഇയ്യിടെ ഈ വിദ്യാലയത്തിന്റെ പേരൊന്ന് മാറ്റാൻ ശ്രമിച്ചു ഭാഗ്യമെന്നു പറയട്ടെ ,ചരിത്രം നന്നായി അറിയുന്ന കുഞ്ഞാലിക്കുട്ടി മാസ്റ്റർ സ്കൂളിൽ ഉണ്ടായിരുന്നു .സ്കൂൾ ഇപ്പഴും വി.എം സി സ്ക്കൂൾ തന്നെയായി സർക്കാർ രേഖകളിൽ തുടരുന്നു .

പാലശ്ശേരി ഇല്ലത്തും അടുത്ത ബന്ധുക്കൾക്കുമായി പണ്ട് ധാരാളം കൃഷിസ്ഥലങ്ങൾ ഉണ്ടായിരുന്നു .ഇരുപത് ഏര് മൂരികളെയൊക്കെ പരിപാലിച്ചിരുന്ന കാലം . 1971 ൽ കൃഷിപ്പണികൾക്കായി ഞങ്ങൾ ട്രാക്ടർ വാങ്ങി.അന്ന് മലപ്പുറം ജില്ലയിൽ പത്തിൽ താഴെ ആളുകൾക്കേ ട്രാക്ടർ ഉള്ളൂ. അരീക്കോടിനടുത്ത് കുറ്റൂളിയിലുള്ള നടുവത്തേടത്ത് മനക്കാരുടെ വയലിൽ പൂട്ടാൻ ട്രാക്ടറുമായി ഞാനും പോയിരുന്നു .അന്ന് ചാലിയാറിന് അരീക്കോട് പാലമില്ല .ഫറോക്കിലേ ഉള്ളൂ .പത്തു നാഴിക ദൂരമുള്ള സ്ഥലത്തേക്ക് കൊണ്ടോട്ടി ,കുന്ദമംഗലം വഴി മുപ്പതു നാഴിക ചുറ്റിയാണ് ട്രാക്ടർ യാത്ര .അനവധി പണിപ്പെട്ട് സൈറ്റിൽ എത്തി .ഒരു ദിവസം കണ്ടം പൂട്ടി .കാർഷിക തൊഴിലാളികളുടെ ജോലി ഈ യന്ത്രം തടയുമെന്ന് പറഞ്ഞ് വണ്ടിയെ വയലിൽ തടഞ്ഞിട്ടു യൂനിയൻകാർ. . ട്രാക്ടറിന് ഘരാവോയും ഗോബാക്ക് വിളിയും ഉണ്ടായി.കാർഷിക മേഖലയിലെ യന്ത്രവൽക്കരണത്തിനെതിരായി കോഴിക്കോട് താലൂക്കിൽ നടന്ന ആദ്യത്തെ സമരം ഇതായിരുന്നു. പുഴവെള്ളത്തിൽ ട്രാക്ടർ മൂടിപ്പോയതും അത് തിരിച്ച് ഇല്ലത്തേക്ക് കൊണ്ടുവന്ന സാഹസങ്ങളും വലിയ അനുഭവങ്ങളാണ്.

ഈ സംഭവം കൃത്യമായി രേഖപ്പെടുത്തിയതിനാലാണ് ആധികാരികമായി പറയാൻ പറ്റുന്നതെന്ന് ഉണ്ണിക്ക്യഷ്ണൻ നമ്പൂതിരി പറഞ്ഞു. വർഷങ്ങൾക്കു മുമ്പുള്ള കാര്യങ്ങൾ പോലും നമ്മൾക്ക് ഓർക്കാൻ കഴിയില്ല .പ്രത്യേകിച്ചും ഇൻഫർമേഷൻ



*ഹീര അമൃതാ ടി വിയുടെ വനിതാ രത്നമായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ കിരീടധാരണം നടത്തുന്നു*

## ഡോക്ടർ ഹീര നമ്പൂതിരി

കേരളാ ഹെൽത്ത് സർവ്വീസിൽ മെഡിക്കൽ ഓഫീസർ , പാണ്ടിക്കാട്.അമൃതാ ടി.വി വനിതാരത്നം .മികച്ച നർത്തകി ,സാഹിത്യകാരി . കെ.പി നമ്പൂതിരിയുടെയും ആദ്ധ്യാത്മിക പ്രഭാഷകയായ കണ്ണാടി ദേവകി അന്തർജനത്തിന്റെയും മകൾ.സ്കൂൾ യുവജനോത്സവം ജില്ലാതല മത്സരങ്ങളിൽ നൃത്ത ഇനങ്ങളിലെ താരം. കോഴിക്കോട് സർവ്വകലാശാല കലാതിലകം.കണ്ണൂർ സർവ്വകലാശാല ഇന്റർ സോൺ മത്സരത്തിൽ ഭരതനാട്യം, കുച്ചിപ്പുഡി, മോഹിനിയാട്ടം സമ്മാനിത .മലയാളത്തിൽ അമ്മമാർക്കുള്ള ആദ്യത്തെ ടെലിവിഷൻ റിയാലിറ്റി ഷോ അമൃതാ ടി.വി വനിതാരത്നം (2007) ജേതാവ്. ഹീര തന്റെ ഔദ്യോഗിക തിരക്കുകൾ ക്കിടയിലും പൈങ്കുളം നാരായണ ചാക്യാരുടെ കീഴിൽ നങ്ങ്യാർ കൂത്ത് അഭ്യസിക്കുന്നു .മകൾ പത്താം ക്ലാസുകാരി ഗൗരി പാർവ്വതി സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ ഭരതനാട്യം ,ഓട്ടൻതുള്ളൽ എ ഗ്രേഡ് നേടി




എക്സ്പ്ലോഷനിലാണ് പുതുതലമുറ.ഇവിടെയാണ് പുരാരേഖകളുടെയും നവീനരേഖകളുടെയും കാത്തു സൂക്ഷിക്കലിന്റെ പ്രസക്തിയും പ്രാധാന്യവും .

വർഷം1963 .അങ്ങാടിപ്പുറം ഇന്നത്തെ തളി ശിവക്ഷേത്രം നിൽക്കുന്ന സ്ഥലം കാടുപിടിച്ച പുറംപോക്കായിരുന്നു . ഒരു പൊളിഞ്ഞ തറയും ശിവലിംഗവും .അതിനു മുകളിൽ മീൻ കൊട്ട വെച്ച് കച്ചവടം . കേരള ഗാന്ധി എം.കെ കേളപ്പൻ അങ്ങാടിപ്പുറം ക്ഷേത്ര വിമോചന സമരത്തിന് നേതൃത്വം നൽകി . ആ സമരത്തിൽ താൻ പങ്കെടുത്തതും അറസ്റ്റിലായതും ഉണ്ണികൃഷ്ണൻ നമ്പൂതിരി ഇന്നെന്ന പോലെ ഓർക്കുന്നു .ഇതു പോലെയുള്ള ചരിത്ര സംഭവങ്ങളുമായി ബന്ധപ്പെട്ട പത്രവാർത്തകൾ ചിട്ടയായി ഒട്ടിച്ച് ഫയൽ ചെയ്തിരിക്കുന്നു പാലശ്ശേരിയിൽ .മലയാളത്തിൽ ഇറങ്ങിയിരുന്ന പ്രധാന പ്രസിദ്ധീകരണങ്ങളുടെ ഓണം വിശേഷാൽ പ്രതികളും അവയുടെ കവർ ചിത്രങ്ങളും ഉണ്ണിയേട്ടന്റെ ശേഖരത്തിലുണ്ട് .എല്ലാം ക്രൊണോളജിക്കൽ ഓർഡറിൽ ചിട്ടയായി .

ചരിത്ര സൂക്ഷിപ്പുകളുടെ ക്യൂറേറ്റർ എന്ന ധർമ്മ പ്രവൃത്തിയുടെ കൂടെ പുരാണ പാരായണവും കൂടെയുണ്ട് .ഭാഗവതവേദികളിൽ പാരായണക്കാരനാവുന്നത് ഉണ്ണിയേ



*ദാമോദരൻ നമ്പൂതിരി,രാധ,അനിൽ,അജിത്,അഞ്ജലി*



*നാരായണൻ നമ്പൂതിരി, സാവിത്രി. മധു. ശ്രീജ*

# എം.പി.എസ് കലാമണ്ഡലം പ്രിൻസിപ്പാൾ

കലാമണ്ഡലം പ്രിൻസിപ്പാൾ ആയി റിട്ടയർ ചെയ്ത എം.പി ശങ്കരൻ നമ്പൂതിരി ചെറുതുരുത്തി താമസിക്കുന്നു .കഥകളിയിലെ സമസ്ത മേഖലകളിലും ഒരതോറിറ്റി തന്നെയാണ് ശങ്കരൻ നമ്പൂതിരി .ഗോപിയാശാൻ കലാമണ്ഡലത്തിൽ ചേർന്നതിനു ശേഷമുള്ള ആദ്യ ബാച്ചിലെ വിദ്യാർത്ഥിയായിരുന്നു എം പി. എസ് .1958 ൽ കലാമണ്ഡലത്തിൽ അധ്യാപകനായി ചേർന്നു .കഥകളിക്കാരനും സംഘാടകനുമായി ധാരാളം വിദേശ രാജ്യങ്ങളിൽ എം പി എസ് ചെന്നെത്തി .ലോസ് ആഞ്ചലസിലെ യൂനിവേഴ്സിറ്റി ഓഫ് കാലിഫോർണിയയിലും കാനഡയിലെ മിനസോട്ടയിലുള്ള യൂനിവേഴ്സിറ്റിയിലും വിസിറ്റിംഗ് പ്രഫസറായിരുന്നു മൂത്തേടത്ത് പാലശ്ശേരി ശങ്കരൻ നമ്പൂതിരി .ഇന്ത്യാ ഗവർമെന്റിന്റെ



*എം.പി.എസ്.നമ്പൂതിരി*

ഫെലോഷിപ്പോടെ പെർഫോർമിംഗ് ആർട്സിൽ ശ്രീലങ്കയിൽ ഗവേഷണം നടത്തിയിട്ടുണ്ട് എം പി എസ് .പ്രശസ്തരും അപ്രശസ്തരുമായ കഥകളിക്കാർ എല്ലാം തന്നെ MPS ന്റെ സുഹൃത്തുക്കളോ ശിഷ്യന്മാരോ ആണ് .ഏറ്റവും ഇഷ്ടവേഷം കുചേലവൃത്തത്തിലെ കുചേലൻ .ഗോപിയാശാന്റെ കൃഷ്ണന്റെ കൂടെ എത്രയോ വേദികളിൽ കുചേലവൃത്തം ആടി ആസ്വാദകരെ നിർവൃതിയിലാറാടിച്ചിട്ടുണ്ട് എം.പി.എസ് .നളചരിതത്തിലെ ഹംസവും കല്യാണസൗഗന്ധികത്തിലെയും ലവണാസുരവധത്തിലെയും ഹനുമാനും എം പി എസി ന്റെ പ്രധാന വേഷങ്ങളാണ് . കഥകളിസംബന്ധമായി വിവിധപുസ്തകങ്ങളുടെ കർത്താവാണ് എം പി എസ് .മാതൃഭൂമി ,ഭാഷാപോഷിണി തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ ധാരാളം ലേഖനങ്ങൾ എഴുതി . എത്രയോ പുരസ്ക്കാരങ്ങൾ എം പി എസി നെ തേടി വന്നു .കേന്ദ്ര കലാ അക്കാദമിയുടെ പ്രസിഡൻഷ്യൽ പുരസ്ക്കാരം അന്നത്തെ രാഷ്ട്രപതി പ്രണബ് മുക്കർജിയായിരുന്നു സമ്മാനിച്ചത് . കഥകളിയുടെ അക്കാദമികമായ അറിവുകളും പ്രയോഗപരമായ സാധ്യതകളും ഒരുപോലെ സമ്മേളിച്ച ത്ര്യക്ഷരിയായി എം പി.എസിനെ കാണാം


Kala. M.P.S Namboodiri<br>
Kathakali Actor, Palasseri Mana,<br>
Cheruthuruthy (Post),<br>
Thrissur, Kerala - 679 531<br>
Mob: +91-9846960059


---

ട്ടന്റെ ഇഷ്ടജോലിയാണ്. തിരുപ്പതി ദേവസ്ഥാനക്കാരുടെ ക്ഷണമനുസരിച്ച് ചെന്ന് വെങ്കടേശ്വരസന്നിധിയിൽ ഭാഗവത പാരായണം നിർവ്വഹിക്കാൻ കഴിഞ്ഞത് മുജ്ജന്മസുകൃതമായാണ് ഉണ്ണിയേട്ടൻ കാണുന്നത് . തന്റെ കുടുംബത്തിലേക്ക് കൈമാറുന്നതും ഈ വിശ്രമമില്ലാത്ത കർമ്മസപര്യയാണ്.

ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി വേളി കഴിച്ചത് പാഞ്ഞാൾ താമസിക്കുന്ന കൊടക്കാട് കുത്തുള്ളിയിൽ നിന്നാണ് .സഹധർമ്മിണി പാർവ്വതി ടീച്ചർ .രണ്ടു കുട്ടികൾക്കും അമ്മയായ ശേഷം പ്രത്യേകം പഠനം.അതേ പ്രായമുള്ള 3 അമ്മമാരുടെ കൂടെ. ഇടത്തോട്ട് എഴുതിയും വായിച്ചും ഉർദു ഭാഷ സ്വായത്തമാക്കിയാണ് ഉറുദു കോഴ്സ് പാസാവുന്നത് .അരീക്കോട് ആറ്റുപുറത്തിന്റെ സ്കൂളിൽ ടീച്ചറുമായി .ജോലിയോടൊപ്പം ഉണ്ണിയേട്ടന്റെ ശക്തയായ കെയർടേക്കർ കൂടിയാണ് ടീച്ചർ . തിരച്ചിലുകളിലും പുരാരേഖാ സംരക്ഷണത്തിലും ടീച്ചറുടെ സാന്നിധ്യം തനിക്കൊരു ബലമാണെന്ന് ഉണ്ണിയേട്ടൻ . ഡോക്ടർ സഞ്ജുവും ടീച്ചറായി സേവനമനുഷ്ഠിക്കുന്ന സഗിയും മക്കൾ

**ചരിത്ര സൂക്ഷിപ്പുകളുടെ ക്യൂറേറ്റർ എന്ന ധർമ്മ പ്രവൃത്തിയുടെ കൂടെ പുരാണ പാരായണവും കൂടെയുണ്ട് .ഭാഗവതവേദികളിൽ പാരായണക്കാരനാവുന്നത് ഉണ്ണിയേട്ടന്റെ ഇഷ്ട ജോലിയാണ്. തിരുപ്പതി ദേവസ്ഥാനക്കാരുടെ ക്ഷണമനുസരിച്ച് ചെന്ന് വെങ്കടേശ്വരസന്നിധിയിൽ ഭാഗവത പാരായണം നിർവ്വഹിക്കാൻ കഴിഞ്ഞത് മുജ്ജന്മസുകൃതമായാണ് ഉണ്ണിയേട്ടൻ കാണുന്നത്**

സഞ്ജുവിന്റെ ഓപ്പോൾ സഗിയെ എറിയാട്ട് നാരായണൻ നമ്പൂതിരി വേളി കഴിച്ചു .രണ്ടു പേരും അധ്യാപകർ .കലാപാരമ്പര്യത്തിൽ സഗിയും പിന്നിലല്ല .പദ്യം ചൊല്ലലിൽ സംസ്ഥാന യുവജനോത്സവ വിജയിയുമായിരുന്നു .മുത്തശ്ശിയായ ശേഷം പണ്ടു പഠിച്ച നൃത്തച്ചുവടുകൾ വീണ്ടും ഉറപ്പിച്ചു സഗി. തൃപ്പനച്ചിയിൽ പ്രമോദ് മാസ്റ്ററുടെ കീഴിൽ വീണ്ടും മോഹിനിയാട്ടം പരിശീലനം .അമ്മമാരുടെ ടീം ഉണ്ടാക്കി ഗുരുവായൂരപ്പന്റെ മുന്നിൽ അരങ്ങേറ്റം .ഒപ്പം ധാരാളം വേദികളിലും സഗിയും സംഘവും നൃത്തസന്ധ്യ ഒരുക്കി .

മൂത്തേടത്തു പാലശ്ശേരി വലിയ മുത്തശ്ശന് (ശങ്കരൻ നമ്പൂതിരി ) രണ്ട് പെൺമക്കളായിരുന്നു .ഇല്ലം നിലനിർത്താൻ ആൺ സന്തതികൾ വേണമെന്നതിനാൽ മുതുമുത്തശ്ശി, ശങ്കരൻ നമ്പൂതിരിയുടെ അനുജനായ കേശവൻ നമ്പൂതിരിയെക്കൊണ്ട് സാവിത്രി അന്തർജനത്തെ വേളി കഴിപ്പിച്ചു .ഈ ദമ്പതികൾക്ക് ഒരു മകൻ മാത്രം.നാരായണൻ നമ്പൂതിരി .അദ്ദേഹത്തിന്റെ മക്കളും പേരക്കുട്ടികളും പാലശ്ശേരിപ്പെരുമയുടെ ശാഖോപശാഖകളായി പരിലസിക്കുന്നു . സംസ്ക്കാരത്തിന്റെ ഈടുവെപ്പുകളെ കാത്തു സൂക്ഷിക്കാനുള്ള സവിശേഷമായ നിയോഗം ഏറ്റെടുത്തു കൊണ്ട് മകൻ ഉണ്ണിക്കൃഷ്ണൻ നമ്പൂതിരിയും .


മൊബൈൽ<br>
ഉണ്ണികൃഷ്ണൻ നമ്പൂതിരി 9496702912<br>
സഞ്ജു പാലശ്ശേരി. 9447316663<br>
ഹീര സഞ്ജു 9447771663



# വാദ്യരംഗത്തെ വിസ്മയദ്വയങ്ങൾ!

**പ്ളാച്ചേരി ശ്രീദേവി അന്തർജനം**



പൂരക്കമ്പയത്തിലും ആനക്കമ്പത്തിലും മേളക്കമ്പത്തിലും ഒരുപോലെ ശോഭിച്ച ഇരട്ട സഹോദരന്മാർ. കുട്ടിക്കാലത്ത് പ്ലാസ്റ്റിക് ബക്കറ്റും പിടിയുള്ള അടപ്പുകളും അവരുടെ ഭാവനയില ചെണ്ടയും ഇലത്താളവുമായിരുന്നു. കടലാസ് ചട്ടയിൽ തിരുവമ്പാടിയുടേയും പാറമേക്കാവിന്റെയും മാതൃകയുണ്ടാക്കി. കളിപ്പാട്ടത്തിലുള്ള ആനകളെയും നിരത്തി. അവരുടെ പൂരം കാണാൻ നല്ല രസമായിരുന്നു അച്ഛൻ ഓഫീസ് ജോലി കഴിഞ്ഞ് വന്നാൽ രണ്ടുപേരെയും പിടിച്ചിരുത്തി ആനക്കഥകളും പൂക്കഥകളും പറഞ്ഞുകൊടുക്കും. ഇരുപത് വർഷമായി ചെണ്ട വാദ്യരംഗത്തെ പ്രതിഭകളാണ്.

കലാമണ്ഡലം ശിവദാസൻ ആശാന്റെ ശിക്ഷണത്തിൽ 2000-ൽ കലാക്ഷേത്രത്തിൽ ആദ്യബാച്ചിൽ പഠനം പൂർത്തിയാക്കി .തുടർന്ന് പൂക്കാട്ടിരി ദിവാകര പൊതുവാളിന്റെ കീഴിൽ തായമ്പക പഠനം. ഇപ്പോൾ ഇരുവരും പാറമേക്കാവ് കലാക്ഷേത്രത്തിലെ അദ്ധ്യാപകമായി സേവനമനുഷ്ഠിക്കുന്നു.

ഔദ്യോഗികരംഗത്തെ തിരക്കിനിടയിലും തൃശ്ശൂരും പരിസരങ്ങളിലും ഉള്ള പ്രായമായ ഡോക്ടർമാരും എഞ്ചിനീയർമാരും നവ ഉദ്യാഗസ്ഥരും അടങ്ങിയ ഒരു വലിയ ശിഷ്യപരമ്പര ഇവർക്കുണ്ട്. പൂരങ്ങളുടെ പൂരമായമായ തൃശൂർ പൂരത്തിൽ ഇലഞ്ഞിത്തറ മേളത്തിന് മുൻനിരയിൽ പെരുമനം കുട്ടൻമാരാരുടെ കൂടെ കൊട്ടിവരുന്നു. തൃശ്ശൂർ പൂരത്തിൽ മുൻ നിരയിൽ സ്ഥാനം കിട്ടുക എന്നുള്ളത് ഏതൊരു വാദ്യകലാകാരനും ലഭിക്കുന്ന അംഗീകാരമാണ്. ഇത്2012 മുതൽ തുടർച്ചയായി ലഭിക്കുന്നുണ്ട്. കൂടാതെ ഗുരുവായൂർ ഉത്സവം, അഷ്ടമിരോഹിണി തുടങ്ങിശേഷ പരിപാടികൾക്കും പങ്കെടുക്കുന്നുണ്ട് .പെരുമനം കുട്ടന്മാരാർക്കൊപ്പം വിദേശ പര്യടനങ്ങളിൽ സ്ഥിരസാന്നിദ്ധ്യമാണ്.

അകഴി അഷ്ടമൂർത്തി നമ്പൂതിരിയുടെയും റിട്ട ഏജീസ് ഓഫീസ്, മാന്തിട്ട ലീലഅന്തർജനത്തിന്റെയും മക്കളാണ് .ഇരിങ്ങാടക്കുട കൂറ്റമ്പിള്ളി അംഗമായ സൗമ്യ അജീഷ് നമ്പൂതിരിയുടെ സഹധർമ്മിണി.മക്കൾ: ശിവാനി. കൈലാസ് കൃഷ്ണൻ. പഴയന്നൂർ കാട്ടിലക്കോട്ട് ഇല്ലത്തെ അഞ്ജു അനീഷ് നമ്പൂതിരിയുടെ സഹധർമ്മിണി മക്കൾ: രേവതി, ഋഗ്വേദ്.


പുലാച്ചേരി മന
പത്തിരിപ്പാല, പാലക്കാട്.
മൊബൈൽ : 7012659063




അനീഷ് നമ്പൂതിരി
അജീഷ് നമ്പൂതിരി



കുടുംബാംഗങ്ങൾക്കൊപ്പം





**സഭാഭ്യ: സഭാപതിഭ്യശ്ചവോ നമോ നമ:**

## കൃഷ്ണയജുർവേദം തൈത്തിരീയ സംഹിത

യജുർവേദം പൂർണരൂപത്തിൽ ഭാഷ്യത്തോടുകൂടി മലയാളത്തിൽ ആദ്യമായി പ്രസിദ്ധീകരിക്കുകയാണ്.

7 കാണ്ഡങ്ങളും 44 പ്രപാഠകങ്ങളുമുള്ള ബൃഹദ് ഗ്രന്ഥമാണ് യജുർവേദം. സായണന്റെ ഭാഷ്യത്തെ ആധാരമാക്കി ഭഗവതീശ്വരശർമ്മ നാൽപ്പതു വർഷങ്ങളെടുത്തു തയ്യാറാക്കിയയാണ് വേദാർത്ഥവും വ്യാഖ്യാനവും . എഡിറ്റർ :ഡോ: തോട്ടം ശിവകരൻ നമ്പൂതിരി .പ്രസാധനം :ഡി.സി ബുക്ക്സ് കോട്ടയം .

**എല്ലാ ഇല്ലങ്ങളിലും നിർബന്ധമായും സൂക്ഷിക്കേണ്ട ഗ്രന്ഥം**

സ്വസ്തി വായനക്കാർക്ക് പ്രീ പബ് സൗജന്യ നിരക്കിൽ ബുക്ക് ചെയ്യാം ഈ നമ്പറിൽ.. 9946109101 വിശദ വിവരങ്ങൾക്ക് സ്വസ്തി ബാക്ക് കവർ കാണുക.



# 71 സെന്റിലെ കരുതലും പുണ്യവും

ടി.എൽ. സുശീലൻ നമ്പൂതിരിപ്പാട്



ലീലാ അന്തർജ്ജനത്തിന്റെ പാദങ്ങളിൽ സാഷ്ടാംഗനമസ്ക്കാരം. ഇഷ്ടത്തോടെ നടത്തുന്ന ദാനമാണ് ഇഷ്ടദാനം. ഇവർ ദാനം ചെയ്തത് 71 സെന്റ് സ്ഥലമാണ്. അവിടെയാകട്ടെ 3 കോടിയോളം രൂപ ചെലവിൽ നിർമ്മിയ്ക്കുന്ന സുകർമ്മ വികാസ് കേന്ദ്രയുടെ പണി പൂർത്തിയായി വരികയുമാണ്.

അങ്കമാലിയ്ക്കടുത്ത് പാറക്കടവിൽ കുന്നപ്പിള്ളി പരേതനായ ജയന്തൻ നമ്പൂതിരിയുടെ പത്നിയാണ് ഇവർ. ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്ന 33 വയസായ തന്റെ മകനെപ്പോലുള്ളവരെ സംരക്ഷിയ്ക്കുന്ന ഒരു പ്രസ്ഥാനത്തിനാണ് ലക്ഷങ്ങൾ വിലമതിയ്ക്കുന്ന സ്ഥലം ദാനം ചെയ്തത്. അങ്കമാലി സേവാഭാരതി ഈ അമ്മയുടെയും മകന്റെയും സംരക്ഷണം ഏറ്റെടുക്കുകയും ചെയതു.അമ്മയുടെ മനം നിറയുന്നു, തന്നെപോലുള്ളവർക്ക് ആശ്വാസമാവുമെന്ന പ്രതീക്ഷയാൽ .

ജയന്തൻ നമ്പൂതിരിയ്ക്കും ലീലാ അന്തർജ്ജനത്തിനും മൂന്ന് ആൺമക്കളും ഒരു പെൺകുട്ടിയുമുണ്ടായി. പെൺകുട്ടി നേരത്തെ മരിച്ചു. മാനസിക വെല്ലുവിളികളോടെ ജനിച്ച 3 ആൺകുട്ടികളിൽ ഒരാൾ 28 വയസിലും, മറ്റെയാൾ 10 വയസിലും മരിച്ചു. 33 വയസ്സുള്ള വിനയൻ മാത്രം ജീവിച്ചിരിയ്ക്കുന്നു. പ്രായത്തിനനുസരിച്ചു ശരീര വളർച്ചയുള്ള ഈ മകന് എല്ലാം എല്ലാം ഈ അമ്മ തന്നെ.

അങ്കമാലിയ്ക്കടുത്ത പുളിയനത്താണ് കുന്നപ്പിള്ളി തറവാട്.മുത്തഫന്റെ പത്നിയായ പിഷാരസ്യാർ നൽകിയ ഈ സ്ഥലത്തേയ്ക്ക് ജയന്തൻ നമ്പൂതിരി പിന്നീട് താമസം മാറ്റി. ഇരിങ്ങാലക്കുട മുരിങ്ങോത്ത് ശങ്കരൻ നമ്പൂതിരിയുടെ മകളാണ് ലീലാ അന്തർജ്ജനം .

ദേവസ്വം ബോർഡിൽ മൂഴിക്കുളം മുതലായ ക്ഷേത്രങ്ങളിൽ മേൽശാന്തിയായിരുന്നു ജയന്തൻ നമ്പൂതിരി.വയ്യാത്ത കുട്ടികളെ സംരക്ഷിയ്ക്കാൻ ഏറെ ബുദ്ധിമുട്ടിയിരുന്നു. അതിനിടയിൽ ജയന്തൻ നമ്പൂതിരിയ്ക്കും വയ്യാതായതോടെ ലീലാ അന്തർജ്ജനം രണ്ടു പേരുടെയും കാര്യങ്ങൾക്കായി വളരെയധികം കഷ്ടപ്പെട്ടു . നാലുവർഷം മുമ്പ് ജയന്തൻ നമ്പൂതിരി മരിച്ചു. പിന്നീട് ഒറ്റയ്ക്കായ അന്തർജ്ജനം സ്ഥലം ഏറ്റെടുത്ത് മകൻ വിനയനെ സംരക്ഷിയ്ക്കണമെന്ന് ആവശ്യപ്പെട്ട് പലരെയും സമീപിച്ചു.

ഇടക്കാലത്ത് മകനെ സംരക്ഷിച്ചിരുന്ന (ക്രിസ്തീയ) പ്രസ്ഥാനം ഇവരെ ഏറ്റെടുത്തു നടത്താൻ വച്ച ചില വ്യവസ്ഥകളും, അവരുടെ സമീപനത്തിലെ ചില പൊരുത്തക്കേടുകളും കാരണം അന്തർജനം അവരെ സ്വീകരിച്ചില്ല.

യോഗക്ഷേമസഭ എറണാകുളം, തൃശൂർ ജില്ലാ കമ്മറ്റികളുമായും, സംസ്ഥാന കമ്മറ്റിയുമായും ബന്ധപ്പെട്ടിരുന്നു. സഭയുടെ സംസ്ഥാന പ്രസിഡണ്ട് ( അക്കീരമൺ കാളിദാസ ഭട്ടതിരിപ്പാട് ) ലീലാ അന്തർജ്ജനവുമായി നേരിൽ കണ്ട് സംസാരിച്ചെങ്കിലും അതും ഫലം കണ്ടില്ല. പിന്നീട് ഇവരുടെ സഹോദരൻ കൃഷ്ണൻ നമ്പൂതിരി അങ്കമാലി സേവാഭാരതിയുമായി ബന്ധപ്പെട്ടു. അവർ ഈ അമ്മയുടെ മോഹം സാധിപ്പിയ്ക്കാൻ സർവ്വാത്മനാ തയ്യാറായി.

61 സെന്റ് സ്ഥലം സേവാഭാരതിയ്ക്ക് ഇഷ്ടദാനമായി നൽകി . 10 സെന്റ് സ്ഥലവും താമസിയ്ക്കുന്ന ഇല്ലവും അന്തർജ്ജനത്തിന്റെ കാലശേഷം സേവാഭാരതിയ്ക്ക് നൽകാനുള്ള ധാരണാപത്രവും തയ്യാറാക്കി.

നിലവിൽ ഭക്ഷണം, ചികിത്സ, യാത്രയ്ക്ക് വേണ്ട സൗകര്യങ്ങൾ എന്നിവയ്ക്ക് പുറമെ ഒരു സഹായിയെയും ഈ കുടുംബത്തിന് സേവാഭാരതി ഏർപ്പെടുത്തിക്കൊടുത്തിട്ടുണ്ട് .

അങ്കമാലിയിലെ സ്വകാര്യാശുപത്രിയിലെ ഹൃദയ ചികിത്സാ വിഭാഗത്തിലെ ഒരു ഡോക്ടർ മാനസിക വെല്ലുവിളികളുള്ള തന്റെ ഏക മകനെപ്പോലുള്ളവരുടെ സംരക്ഷണത്തിനായുള്ള ഈ സ്ഥാപനത്തിന് വലിയ ഒരുസംഖ്യ സംഭാവന നൽകി . ഇതുപോലെ മറ്റനേകം മഹദ് വ്യക്തികളും. 2.63 കോടി രൂപാ ചെലവിലാണ് കെട്ടിടം പൂർത്തിയാക്കുന്നത്.

അന്തർജ്ജനം സൽക്കർമ്മത്തിന്റെ മാതൃകയായി. വാർത്ത കേട്ട മറ്റു രണ്ടമ്മമാർ അവരുടെ 24.5, 17.5 സെന്റ് സ്ഥലം ഇതിനായി നൽകി.ദീപാവലിയ്ക്ക് ഉദ്ഘാടനം നടത്തുന്ന സുകർമ്മ വികാസ് കേന്ദ്രത്തിലേയ്ക്ക് അമ്പതിലധികം പേരുടെ അപേക്ഷകൾ ലഭിച്ചു കഴിഞ്ഞു. 78 വയസായ പുണ്യവതിയ്ക്ക് സന്തോഷത്തോടെ ആത്മാഭിമാനത്തോടെ ശിഷ്ടജീവിതം നയിയ്ക്കാം.

**ടി.എൽ. സുശീലൻ,**
യോഗക്ഷേമസഭാ തൃശൂർ ജില്ലാ
ജോ.സെക്രട്ടറിയാണ്
മൊബൈൽ 9447694390



# പ്രായമറിയിച്ചവൾ

## ദിലീപ് ഇ. എം



തനിക്കെന്താ സംഭവിച്ചത് .? അവൾക്ക് മനസ്സിലായില്ല . മുത്തശ്ശി വന്ന് കുറേ ഉപദേശിച്ചു.. ഇനി അങ്ങനെ നടക്കരുത്... ഇങ്ങനെ ഇരിക്കരുത് ... തുടങ്ങി കുറേ .

അതു കഴിഞ്ഞ്, വല്യമ്മമാരുടെ വക എണ്ണ തേക്കാനും, കുളിക്കാനും മറ്റും. വേറെ കുറെ ഇന്നലെ വരെ അങ്ങനെയൊക്കെ നടക്കാം ഇരിക്കാം, ഇന്നിപ്പോ. ആ കുഞ്ഞു മനസ്സിനാകെ ആശയക്കുഴപ്പമായി. അങ്ങനെ സങ്കടത്തോടെയിരിക്കുമ്പോൾ അതാ അച്ഛൻ വരുന്നു.

അച്ഛന്റെയടുത്തേക്ക് പൂമുഖത്തേക്കവൾ ഓടിച്ചെന്നു .കെട്ടിപ്പിടിക്കാനൊരുങ്ങുമ്പോഴേക്കും, മുത്തശ്ശി ഓടിവന്നു.

കുട്ടീ മാറി നിക്കങ്ങ്ട്... രണ്ടീസോം കൂടി കഴിഞ്ഞേ എല്ലാരേം തൊടാൻ പാടൂ... അശുദ്ധീം അയ്ത്തോം ക്കെ പറഞ്ഞ് തന്നതല്ലേ ... ഇനീപ്പോ ഉമ്മറത്തൊന്നും ആളുണ്ടാവുമ്പോ ങ്ങനെ വന്നിരിക്കന്നും വേണ്ടാ ... മുത്തശ്ശിക്കുണ്ടായ മാറ്റം അവളെ അത്ഭുതപ്പെടുത്തി... എന്താ തന്നോട് ഇങ്ങനൊക്കെ. കേശവാ.. പെങ്കുട്ട്യോള് പ്രായം തെകഞ്ഞാ. അതിന്റേതായ സ്ഥാനത്ത് നിർത്തണം . കൂടുതൽ സ്വാതന്ത്ര്യം കൊട്ത്ത് നീ ലാളിച്ച് വഷളാക്കണ്ട. പ്പൾത്തെ കുട്ട്യോൾക്ക് ദൊന്നും അറിയൂല്ല്യ വേണ്ടേനും എന്ന് വെച്ച് .

ന്താ അമ്മേ ഈ പറയ്ണേ... അത് കുട്ട്യല്ലേ... മനസ്സിന്റെ കുട്ടിത്തം ഒരു രാത്രി കൊണ്ടങ്ങ്ട് മാറ്വോ. പഴേ കാലോം പഴേ തലമുറേം ഒന്നുമല്ലല്ലോ .. ങ്ഹാ...

കുട്ടിക്കളിയൊക്കെനി മാറ്റണം, കാലം മാറീന്നൊന്നും പറഞ്ഞിട്ട് ഒരു കാര്യോല്യ. പഴേ ആചാരോം പഴേ ശീലങ്ങളും ഒക്കെ നീയിപ്പോ മാറ്റാൻ നോക്കണ്ട. പെങ്കുട്ട്യോൾക്ക് അന്നും ഇന്നും ഒക്കെ പ്രായമറിയിച്ചാൽ പിന്നെ ഇങ്ങനൊക്കെത്തന്ന്യാണ്... ... നീയീ പരിഷ്കാരൊന്നും പറഞ്ഞ് എന്റടുത്തേക്ക് വരണ്ട ... ഇനീപ്പോ എല്ലാര്ടേം കൂടെ ഓടിക്കളിക്കാനും, കൊളത്തിൽ പോയി ചാടിത്തുള്ളാനൊന്നും പാടില്ല .എല്ലാറ്റിലും ഒരു അടക്കോം ഒതുക്കോം ഒക്കെ വേണം. സ്കൂൾ വിട്ടു വന്നാൽ, കുളക്കടവിലെ കൽപ്പടവുകളിൽ ഓരോന്നാലോചിച്ചിരിക്കാനും, കൂട്ടുകാരൊത്ത് വെള്ളത്തിൽ നീന്തിക്കളിക്കാനും .... ഒന്നും തനിക്കിനി പറ്റില്ലേ.സ്ത്രീ ജൻമം പുണ്യ ജന്മാത്രേ. എന്ത് പുണ്യം.

രാത്രി ഉറക്കം വരാതെ, തിരിഞ്ഞും മറിഞ്ഞും കിടന്ന് .അവൾ തേങ്ങിക്കരഞ്ഞു.രണ്ട് ദിവസായിട്ട് കേൾക്കുന്നതെല്ലാം അരുതുകളാണ്.അത് ചെയ്യരുത്, അത് പാടില്ല, ഇത് പാടില്ല . പ്രായം അറിയിച്ചൂത്രേ. ആരറിയിച്ചു.എന്തിനാ അറിയിച്ചേ. ഉച്ചക്ക് പെണ്ണുങ്ങൾ സംസാരിക്കുമ്പോൾ അതിലാരോ പറയുന്നത് കേട്ടു .

പെങ്കുട്ട്യോൾക്ക് പ്രായമറിയിക്കുന്നതോടെ അവരുടെ സ്വാതന്ത്ര്യം പകുതി പോയി. കല്യാണം കഴിഞ്ഞാൽ പിന്നെ മുഴുവനും പോയീന്ന്. ശരിയാണെന്ന് തോന്നുന്നു. തനിക്കിഷ്ടമുള്ള വസ്ത്രം ധരിക്കാൻ അമ്മ പോലും സമ്മതിക്കുന്നില്ല. വസ്ത്രധാരണം പോലും മുത്തശ്ശിയും വല്യമ്മമാരും കൂടി മാറ്റി.

പഴേ പോലെ, അച്ഛന്റടുത്തും ഇരിക്കാനും കിടക്കാനുമൊന്നും പാടില്ലാത്രേ . ഇക്കാലമത്രയും അച്ഛനെ ഒട്ടിക്കിടന്നുറങ്ങിയിരുന്ന അവൾ വിഷമത്തോടെയറിഞ്ഞു .അതും അരുതുകളിൽ പെട്ടുപോയത്. ആ മനസ്സിന്റെ കുട്ടിത്തത്തിന് അതെല്ലാം ഉൾക്കൊള്ളുവാൻ വിഷമമായിരുന്നു . ഒരു വയസ്സിന് മൂത്ത തന്റെ ഏട്ടന് ഇതൊന്നും ബാധകമല്ലേ .

ഉണ്ണിയേട്ടന് സ്വാതന്ത്ര്യം കുറച്ച് കൂടുകയല്ലേ ചെയ്തത്. ഇതു വരെ ഓടിച്ചാടി കളിച്ചു നടന്നവൾ പെട്ടെന്നൊരു നാൾ അരുതുകളിൽ തളച്ചിടപ്പെടുന്നു..പെൺകുട്ട്യോൾക്ക് മാത്രേ ഈ ദുർവിധിയുള്ളൂ.. !

കാച്ചെണ്ണയുടെ മണം മൂക്കിലടിച്ചപ്പോൾ .പിന്നിൽ അമ്മ വന്നത് അവളറിഞ്ഞു . മുടിയിഴകളിൽ തഴുകി, അമ്മ അവളോട് പറഞ്ഞു... മോള് വെഷമിക്കണ്ട ട്ടോ... സ്ത്രീകൾ ഇങ്ങനെള്ള ആചാരങ്ങളും മാറ്റങ്ങളും ഒക്കെ മനസ്സിലാക്കി മാറണം. കൊറച്ചീസം കഴിയുമ്പോ ഒക്കെ ങ്ങട് ശീലാവും.. ങ്ഹേ... അമ്മക്കെന്നെ തൊടാമോ.. അമ്മേം മുത്തശ്ശീം മുതുമുത്തശ്ശീം ഒക്കെ മോളെപ്പോലെത്തന്നേര്ന്നില്ല്യേ.... പിന്നെപ്പിന്നെ ,അര്ത് , പാടില്ല്യ... ന്നൊക്കെ കേൾക്കുമ്പോ ദേഷ്യോം സങ്കടോം ഒന്നും വരില്ല്യ... അതൊക്കെയാ ശരി ,അങ്ങനെ തന്നെല്ലേ വേണ്ടേ.. ന്നാവും... കാലം മാറീ കോലം മാറീന്നൊക്കെ എത്രന്നെങ്ങ്ട് പറഞ്ഞാലും പെണ്ണുങ്ങൾക്കൊന്നും അങ്ങ്ട് മാറാൻ പറ്റില്ല്യ... ഒക്കെങ്ങ്ട് ശീലായ്ക്കോളും ..... തലമുടിയിൽ തഴുകിക്കൊണ്ട് അമ്മ അങ്ങനെ എന്തൊക്കെയോ പറഞ്ഞു കൊണ്ടിരുന്നു. എല്ലാം മൂളിക്കേട്ടുകൊണ്ട്, അമ്മയുടെ മടിയിൽ കിടന്ന് ആ കിടാവ്... സ്ത്രീയായി മാറുവാൻ ഒരുങ്ങിത്തയ്യാറാവുകയായിരുന്നു .മൂളൽ നിന്നു... തഴുകലും നിന്നു, നിദ്രയുടെ പടുകുഴിയിലേക്കവൾ വഴുതി വീണു...

നമ്മുടെയെല്ലാം പിൻതലമുറക്കാരുടെ യാതനകളും കഷ്ടപ്പാടുകളും ആചാരങ്ങളും, അകത്തളങ്ങളിൽ നിശബ്ദമായി .. പൊലിഞ്ഞു പോയ, ജീവിക്കാതെ ജീവിച്ച .. അകത്തമ്മമാരും, അവരനുഭവിച്ച മാനസിക പീഡനങ്ങളുമെല്ലാം .... അലോസരപ്പെടുത്തുന്ന വേദനിപ്പിക്കുന്ന ചിത്രങ്ങളാണ്... അങ്ങനെയുണ്ടായിരുന്ന അനേകം പേരാണ് പിന്നീട്, നമ്മുടെ ജീവിതം കുറച്ച് മനോഹരമാക്കിയതിന് മൂലകാരണമായത്... ഓരോരോ ഗ്രാമങ്ങളിൽ, ഗൃഹങ്ങളിൽ പലതും ത്യജിച്ച്, പുറം ലോകമറിയാതെ, കൊഴിഞ്ഞു വീണുപോയ ജീവിതങ്ങൾ... അവരുടെ ത്യാഗങ്ങൾ . അതെല്ലാം ഓർക്കുമ്പോൾ , ഓർക്കാൻ ശ്രമിക്കുന്നതു തന്നെ ആ പിൻതലമുറകളോടുള്ള ആദര സൂചകങ്ങളാണ്..


ഇരിപ്പമണ്ണ മന
വാണിയമ്പലം
മൊബൈൽ9544646626

# സാന്ത്വനത്തിന്റെ വേരുകൾ

അമ്മയുടെ നൂറാം ജന്മദിന വാർഷികം 2020 സെപ്തം 7 1196 ചിങ്ങം 22 ഭരണി

**സ്മരണാഞ്ജലികൾ. മക്കളും പേരമക്കളും കുടുംബവും**





## മങ്ങത്തായ കേശവൻ നമ്പൂതിരി

**1899-1960**

## നീലി (നങ്ങേലി ) അന്തർജനം

**1920-2004**

**മക്കൾ:** ഗോവിന്ദൻ നമ്പൂതിരി (വിമുക്ത ഭടൻ- റിട്ട. ഫോറസ്റ്റർ) കൃഷ്ണൻ നമ്പൂതിരി (റിട്ട. അധ്യാപകൻ), സംസ്ഥാന യോഗക്ഷേമസഭ മുൻ ജന.സെക്രട്ടറി, പാർവതി അന്തർജനം (ചെമ്പകശ്ശേരി ഇല്ലം), ലീല അന്തർജനം (പുത്തൂര് മുതുമന ഇല്ലം).

**മരുമക്കൾ:** സാവിത്രി അന്തർജനം (ചെമ്പകശ്ശേരി ഇല്ലം) പാർവതി അന്തർജനം(പുത്തുര് മുതുമന) കേശവൻ നമ്പൂതിരി (ചെമ്പകശ്ശേരി ഇല്ലം) പി.എം വിഷ്ണു നമ്പൂതിരി (പുത്തൂര് മുതുമന).

**പേരമക്കളും കുടുംബവും:** പ്രവീൺ എം.ജി (പെയിൻ & പാലിയേറ്റീവ്) & ജ്യോതി (ജുഡി. ഡിപ്പാ.), പ്രവിത എം.ജി (ടീച്ചർ- നമ്പൂതിരി വിദ്യാലയം തൃശ്ശൂർ ) & തേലമ്പറ്റ നാരായണൻ നമ്പൂതിരി (ഗുരുവായൂർ പൂജാരി, ടീച്ചർ), സ്വപ്ന എം.കെ (ടീച്ചർ-സെൻറ്.ജോസഫ്സ് എച്ച്എസ് തലശ്ശേരി ) & പ്രസാദ് മുല്ലപ്പള്ളി (സീനിയർ സബ് എഡിറ്റർ മാതൃഭൂമി കണ്ണൂർ), സഞ്ജീവ് എം.കെ (എഞ്ചിനീയർ ടി.സി എസ് കൊച്ചി & ഡോ. വിധു എം.എം.കൊച്ചി), ശ്രീജ എം.സി & കറുത്തേടം കൃഷ്ണൻ (എഞ്ചിനീയർ കൊച്ചി) ഡോ. സുധ പി.എം & രാജീവ് യു.എസ് എ, പരേതയായ സിന്ധു ചന്ദനവേലി, പരമേശ്വരൻ ഡോ: സന്ധ്യ പി.എം മേജർ (ഇന്ത്യൻ ആർമി).

# ആശംസകളോടെ



**പാർഥിവ്**
+2 വിന് 93.8 % മാർക്ക് നേടിയ ചേവായൂർ പുതിയമഠം ബാലകൃഷ്ണൻ മൂസദിന്റെ പേരക്കുട്ടി (ശ്രീ അരവിന്ദന്റെ മകൻ)



**ആർദ്ര**
തെഞ്ചേരി ഇല്ലം, എൽ എസ് എസ് വിജയി 2020 രാമല്ലൂർ ഉപസഭ.



**ഹൃദ്യ**
യു.എസ് എസ് വിജയി കിഴക്കില്ലം വാസു ദേവ ശർമ്മയുടെ മകൾ. താമരശ്ശേരി ഉപസഭ




**അനുപമ**
എസ് എസ് എൽ സി എ പ്ലസ് ചോക്കൂർ പുതുവാരിടം കേശവനുണ്ണിയുടെ മകൾ. ചാത്തമംഗലം ഉപസഭ



**ഭദ്രേന്ദു ആയടം**
എസ്എസ്എൽസിഎ+ കരുവഞ്ചേരി സുരേഷ് നമ്പൂതിരിയുടെയും പാർവതി അന്തർജ്ജനത്തിന്റെയും മകൾ.വടകര ഉപസഭ




**സൂര്യ ശങ്കർ**
എസ് എസ് എൽ സി ക്ക് ഫുൾ എപ്ലസ് നേടിയ ആയേടം മധു നമ്പൂതിരിയുടെ മകൻ.വടകര ഉപസഭ











തൃശൂർ ജില്ലയിൽ പുതുക്കാട് രാപ്പാൾ ഗ്രാമത്തിലാണ്, 'ദധ്യന്നം' എന്ന പ്രത്യേക വഴിപാട് നിവേദ്യമുള്ള ശ്രീകൃഷ്ണ ക്ഷേത്രം. എല്ലാ വർഷവും ധനു 1 മുതൽ 30 ദിവസം പ്രഭാതത്തിൽ ഈ നിവേദ്യം ഭഗവാന് സമർപ്പിക്കുന്നു. ദധി (തൈര്) കൊണ്ടുള്ള 'അന്ന'മാണ് ഇത്. പാകമായ നിവേദ്യത്തിലേക്ക്, നാഴി അരിക്ക് നാഴി തൈര് എന്ന കണക്കിൽ ആവശ്യത്തിന് കുരുമുളക്, ഇഞ്ചി, ഉപ്പുമാങ്ങ, ഉപ്പ് എന്നിവ ചേർത്താണ് ദധ്യന്നം തയ്യാറാക്കുന്നത്. സൂര്യോദയത്തിനു മുൻപായി ഇത് നിവേദിക്കുന്നു. അർജുനന്റെ സാരഥിയായി നിലകൊണ്ട ഭഗവാൻ ശ്രീകൃഷ്ണൻ മഹാഭാരത യുദ്ധം നടന്ന 18 ദിവസവും ഈ ഭക്ഷണം കഴിച്ചാണ് യുദ്ധത്തിന് പുറപ്പെട്ടതെന്നാണ് വിശ്വാസം. അതുകൊണ്ടുതന്നെ ധനു 1 മുതൽ 18 ദിവസത്തെ നിവേദ്യം പ്രധാനമാണ്. എന്നാലും ധനു മാസം മുഴുവൻ ദധ്യന്നം വഴിപാട് ഉണ്ട്. **സന്താന സൗഭാഗ്യം ലഭിക്കാത്ത ദമ്പതിമാർക്ക് ഉത്തമ ഫലസിദ്ധിയെന്നും ശ്രുതി.** കേരളത്തിന്റെ അകത്തും പുറത്തുമായി ധാരാളം ഭക്തജനങ്ങൾ എല്ലാ വർഷവും ഈ വഴിപാടിനായെത്താറുണ്ട്. ഓൺ ലൈൻ വഴിപാട് സൗകര്യങ്ങൾക്കായി ബന്ധപ്പെടുക. പരമേശ്വരൻ

**ബന്ധപ്പെടാവുന്ന ഫോൺ നമ്പറുകൾ**

**0480 2792100 / 8547783860 / 9446362860**

# കപ്പ് കേക്കിനുള്ളിലെ രണ്ടിറ്റു കണ്ണീർ



**ആറാം ക്ലാസ്സിൽ എത്തിയപ്പോൾ അവൻ ഉള്ള ബി ഡിവിഷൻ ചാർജ് ഏറ്റെടുക്കാൻ ആരും തയ്യാറായില്ല. കാലങ്ങളായി അഞ്ചാം ക്ലാസ്സിൽ ആയിരുന്ന എനിക്കും അവൻ കാരണം ആറിലേക്കു പ്രൊമോഷനായി.**

**വി.എം. ഹേന**



പരിചിതമല്ലാത്ത നമ്പറിൽ നിന്നും വന്ന ഫോൺ കാൾ അത്ര കാര്യമാക്കിയില്ല.കാത്തിരുന്ന യാത്രയയപ്പും സ്കൂൾ വാർഷികവും കൊറോണക്ക് സമർപ്പിച്ചു.ആളും ആരവവും ഇല്ലാതെ പടിയിറങ്ങിപ്പോന്ന മൗഢ്യത്തിലാണ്. ലോക്ക്ഡൌൺ ദിവസങ്ങളെ 'ലോക്ക്ഡൌൺ' ആക്കാൻ പല വഴികളും ആസൂത്രണം ചെയ്തു. എവിടെയും എത്താത്ത അസ്വസ്ഥത...

അതേ നമ്പറിൽ നിന്നും വീണ്ടും വിളി.പിന്നെയും ഫോൺ ബെല്ലടിച്ചപ്പോൾ മനസ്സില്ലാ മനസ്സോടെ എടുത്തു. 'ടീച്ചറേ, ഇങ്ങക്ക് ന്നെ മനസ്സിലായോ.. ഞാനാ നാസർ..'
പഴയൊരു ഏഴാം ക്ലാസ്സ് ബി ഡിവിഷൻ ഓർമ്മയിലെത്തി.. ഏഴാം ക്ലാസ്സിൽ എത്തിയപ്പോഴേക്കും കുട്ടിത്തം നഷ്ടപ്പെട്ട നാസർ.

അഞ്ചാം ക്ലാസ്സിൽ ആണ് അവനെ ആദ്യം പഠിപ്പിക്കുന്നത്. അവന്റെ രീതിയിൽ മാത്രം സ്കൂളിൽ വരികയും പെരുമാറുകയും ചെയ്യുന്ന നാസർ.അടുത്ത് വിളിച്ചിരുത്തി സംസാരിക്കാനും അവന്റെ മനസ്സു ഒന്ന് തുറക്കാനും കുറെ ശ്രമിച്ചു.കഴിഞ്ഞില്ല. കുട്ടികളുടെ മുന്നിൽ കർക്കശക്കാരായിരുന്ന സാവിത്രി ടീച്ചറും മറ്റു ചിലരും അവരുടെ വടിവച്ചും അവനെ വരുതിയിലാക്കാൻ നോക്കി.

ആറാം ക്ലാസ്സിൽ എത്തിയപ്പോൾ അവൻ ഉള്ള ബി ഡിവിഷൻ ചാർജ് ഏറ്റെടുക്കാൻ ആരും തയ്യാറായില്ല. കാലങ്ങളായി അഞ്ചാം ക്ലാസ്സിൽ ആയിരുന്ന എനിക്കും അവൻ കാരണം ആറിലേക്കു പ്രൊമോഷനായി. പൊരുത്തക്കേടുകൾ പരമാവധി ഉള്ളിലൊതുക്കി ഞാൻ അവനിലേക്ക് ഇറങ്ങി ചെല്ലാൻ ശ്രമിച്ചു.

നാസർ പിടിതരാതെ ദൂരെ തന്നെ. പി ടി എ മീറ്റിംഗ് നടക്കുമ്പോൾ അവന്റെ ഉപ്പ വരും. അയാളോട് എനിക്കൊന്നും സംസാരിക്കാൻ കഴിഞ്ഞില്ല. എന്റെ കഴിവുകേടിനെ സ്വയം ശപിച്ചിട്ടുണ്ട് അന്നൊക്കെ.

ഫോണിന്റെ മറുതലക്കൽ നാസർ വീണ്ടും.. 'ടീച്ചറേ ഇങ്ങളെന്താ മിണ്ടാത്തെ...'
'പറ നാസറെ.. നീ നാട്ടിലെത്തിയോ'
'ഇല്ല ഞാൻ ജിദ്ദയിലാ. പണിപോയി.. വിസ കഴിയാറായി.. ഈ സൂക്കേടാ ആകെ കൊയപ്പാക്കിയേ ടീച്ചറെ'

ഞാൻ വീണ്ടും ആറാം ക്ലാസ്സിൽ തന്നെ. ഒരു ദിവസം അവന്റെ ഉമ്മയെ മൊയ്ദുപ്പന്റെ കടയിൽ വച്ചു കണ്ടു. കൂടെ ഉണ്ടായിരുന്ന റംല ടീച്ചർ ആണ് ആളെ പറഞ്ഞു തന്നത്. ഞാൻ അവരുടെ അടുത്ത് ചെന്നു. പർദ്ദയിൽ മൂടിയ ഒരു രൂപം.

'നാസറിന്റെ ഉമ്മയല്ലേ.' ഞാൻ ചോദിച്ചു..

'അതേ' എന്ന് മറുപടി.

എങ്കിലും ചോദിച്ചതവർക്കിഷ്ടമായില്ല എന്ന് മുഖം പർദ്ദക്കുള്ളിൽ ആണെങ്കിലും തിരിച്ചറിഞ്ഞു. ഒരു ദിവസം സ്കൂളിൽ വരാമോ എന്ന് ഞാൻ അവരോടു ചോദിക്കുകയും ചെയ്തു. അവർ വന്നില്ല.എല്ലാവരുടെയും പരാതികളും ശാസനകളും അവന്റെ കുഞ്ഞു മനസ്സിൽ വിടവുകൾ ഉണ്ടാക്കുന്നുണ്ടാവാം. ഞാൻ ഓർത്തു.

തീരെ വിചാരിക്കാതെ ഒരു ദിവസം സയൻസ് പീരീഡ് ആരും ചെയ്തു വരാതിരുന്ന ഒരു പ്രവർത്തനത്തിന്റെ ഉത്തരം അവൻ അലക്ഷ്യമായി വിളിച്ചു പറഞ്ഞു. സയൻസ് ക്ലാസ്സ് അവൻ ആസ്വദിക്കാൻ തുടങ്ങുന്നു എന്നെനിക്കു തോന്നി. ഒരു പിടിവള്ളി കിട്ടിയപോലെ. അവനെ അടുത്തു വിളിച്ചു.

അവന്റെ വിരലുകൾ പിടിച്ചു. ഒന്നു ഞെട്ടി. ഇത്ര നാൾ ക്ലാസ്സിൽ അവൻ ഉണ്ടായിട്ടും അറിയാതെ പോയ ഒരു സത്യം. അവന്റെ വലതുകൈയിലെ പാമ്പുവിരൽ പകുതിവരെ മാത്രേ ഉള്ളു. എന്തു പറ്റിയതാണാവോ എന്ന് മനസ്സിൽ പറഞ്ഞു. ചോദിക്കാൻ ധൈര്യം ഉണ്ടായില്ല. അന്ന് വൈകുന്നേരം കുട്ടികളെല്ലാം ക്ലാസ്സിൽ നിന്നും പോകുമ്പോൾ 'നാസർ

ഒന്നു നില്ക്കു' എന്ന് ഉള്ളിലൊരു പേടിയോടെ പറഞ്ഞു.

അവനിഷ്ടമില്ലാത്തതു പറഞ്ഞാൽ ചോദിച്ചാൽ അവന്റെ സ്വഭാവം ആകെ മാറും. ചൂടാവും ആരോടായാലും, സഹപാഠികളോടും അധ്യാപകരോടും.എന്നാലും വിളിച്ചു അടുത്തു നിർത്തി. വിരൽ എന്തു പറ്റിയതാ എന്ന് ചോദിച്ചു.അവൻ ഒന്നും മിണ്ടിയില്ല. ഇഷ്ടപ്പെടാത്തൊരു നോട്ടം മാത്രം. ഞാൻ വിട്ടില്ല.

'ജനിക്കുമ്പോൾ ഇങ്ങനെ ആയിരുന്നോ?' അതിനും ഒന്നും പറഞ്ഞില്ല. 'നീ പറ നാസറെ..'

വീണ്ടും വീണ്ടും ചോദിച്ചപ്പോൾ പറഞ്ഞു അടക്ക പൊളിക്കുമ്പോൾ കത്തി പാളിപ്പോയി വിരല് മുറിഞ്ഞു പോയി എന്ന്.

'എപ്പോ' എന്നു ചോദിച്ചപ്പോൾ കിട്ടിയ ഉത്തരം വീണ്ടും ഞെട്ടലായി. 'സ്കൂളിൽ പഠിക്കാൻ വരണെന്റെ മുൻപാന്നും.' അവൻ പറഞ്ഞു.

കൂടുതൽ സംസാരിക്കാൻ എന്തോ അവൻ അന്ന് തയ്യാറായി. തീരെ ചെറിയ പ്രായത്തിലെ അവൻ കൂലി പണിയെടുക്കാൻ പോകുന്നു. അതവന്റെ ശീലമായി. അവധി ദിവസങ്ങളിലും എല്ലാം അവൻ പണിക്കുപോകുന്നു. അവനെക്കാൾ വളരെ മുതിർന്നവർക്കൊപ്പം അവരു ചെയ്യുന്ന ജോലിയും ചെയ്യുന്നു. അവരുടെ കൂട്ടത്തിൽ ആയതിൽ പിന്നെ അവന്റെ ജീവിത രീതിയിൽ മാറ്റം വന്നു എന്നെനിക്കു തോന്നി.

ചെറിയ തോതിൽ ലഹരി വസ്തുക്കളും അവന്റെ ജീവിതത്തിൽ താളപ്പിഴ ഉണ്ടാക്കുന്നുണ്ടെന്നു എനിക്ക് തോന്നി. വീണ്ടും ഒരു ദിവസം അവന്റെ ഉമ്മാനെ കണ്ടു.. അന്ന് പർദ്ദയിൽ ആയിരുന്നില്ല ഒരു സുന്ദരി.കൂടെ അവന്റെ താഴെയുള്ള കുട്ടികളും. ഒന്ന് സ്കൂളിൽ വരാമോ എന്ന് വീണ്ടും ചോദിച്ചു.

എന്തോ പിറ്റെ ദിവസം തന്നെ അവർ വന്നു.അവന്റെ ഉമ്മ, ഉമ്മയുടെ വീട്ടിൽ ആണ് താമസം എന്നവരുടെ സംസാരത്തിൽ നിന്നും മനസ്സിലായി. ദാമ്പത്യത്തിലെ പൊരുത്തക്കേടുകൾ ആണെന്നൊരു സൂചനയും കിട്ടി. ഇവിടെ ഉമ്മയില്ലാതെ ജീവിക്കുന്നത് അവനെ സാരമായി ബാധിക്കുന്നു എന്നെനിക്ക് തോന്നി.നാസറിന്റെ ശബ്ദം വീണ്ടും. അവനെന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. അതൊന്നും ഞാൻ കേൾക്കുന്നുണ്ടായിരുന്നില്ല.

അക്കൊല്ലത്തെ വാർഷിക പരീക്ഷ കഴിഞ്ഞതോടെ എനിക്കും ആശ്വാസം. വലിയ പരുക്കില്ല. സ്കൂൾ തുറന്നപ്പോൾ എനിക്ക് വീണ്ടും പ്രൊമോഷൻ. അന്ന് ഞാനും കുറച്ചു

**എന്തോ പിറ്റെ ദിവസം തന്നെ അവർ വന്നു.അവന്റെ ഉമ്മ, ഉമ്മയുടെ വീട്ടിൽ ആണ് താമസം എന്നവരുടെ സംസാരത്തിൽ നിന്നും മനസ്സിലായി. ദാമ്പത്യത്തിലെ പൊരുത്തക്കേടുകൾ ആണെന്നൊരു സൂചനയും കിട്ടി.**

ഇമോഷൻ ആയി.രണ്ടുകൊല്ലമായി ശ്വാസം വിടാൻ പറ്റാതെ.ഇക്കൊല്ലം എനിക്കെന്റെ പഴയ അഞ്ചു തന്നെ വേണം എന്നു കുറെ പറഞ്ഞു.

അവന്റെ ക്ലാസ്സ് ഏറ്റെടുക്കാൻ എല്ലാവർക്കും മടി. അവസാനം ക്ലാസ്സ് എനിക്കുതന്നെ. വെല്ലുവിളി പോലെ അതേറ്റെടുത്തു. അവനെ ഒന്നു നേരയാക്കാനും.. അക്കാലത്താണ് പട്ടാമ്പി, ഷൊർണ്ണൂർ സബ് ജില്ലയിലെ സ്കൂളുകൾക്ക് വേണ്ടി രാധാലക്ഷ്മി എന്നൊരു സ്പെഷ്യൽ ടീച്ചർ നിയമിക്കപെട്ടത്.

നാസറിന്റെ ഉമ്മയെ വിളിച്ചു സംസാരിച്ചു അവനെ ടീച്ചറുടെ അടുത്തു കൊണ്ടുപോവാൻ ഞാൻ തീരുമാനിച്ചു. സ്കൂളിലേക്ക് വന്ന ഉമ്മയോട് ഇതേ പറ്റി വിശദമായി സംസാരിച്ചു. രണ്ടു മൂന്നു ദിവസം അവൻ സ്കൂളിൽ വന്നില്ല. എവിടെയെങ്കിലും പണി കിട്ടിയാൽ അവൻ സ്കൂളിൽ വരാറില്ല. അതാവും എന്നാണ് കരുതിയത്.

ഒരു ദിവസം കൊടുങ്കാറ്റു പോലെ അവനും ഉമ്മയും ക്ലാസ്സിലേക്ക്. □ഇങ്ങള് ന്റെ മോനെ പ്രാന്തനാക്കാ□എന്നൊരു അട്ടഹാസത്തോടെ. □അതൊന്നും നടക്കൂല ട്ടോ. അവനെ ഇങ്ങള് എവടക്കും കൊണ്ടൊണ്ട.. ഇങ്ങക്ക് ബയ്യാച്ച ആ ടി സി തന്നോളീ□ എന്നൊരു പ്രസ്താവനയും.

ഞാൻ നിന്നുരുകി.. അന്ന് ഹെഡ്ടീച്ചർ ആയിരുന്ന ശാന്തടീച്ചർ അവരെ പറഞ്ഞു മനസ്സിലാക്കാൻ കുറെ ശ്രമിച്ചു. നടന്നില്ല. പോണ പോക്കിൽ അവൻ പറഞ്ഞു □അതിന്റെ മൂട്ടറിന്റെ ബ്രേക്ക് ഞാൻ മുറിക്കും□ (ആ കാലത്ത് ഷൊർണ്ണൂർ നിന്നും ഞാൻ എന്നും വണ്ടിയിൽ ആണ് വന്നിരുന്നത് )സ്കൂളിൽ വണ്ടി കയറ്റി വക്കാൻ സൗകര്യം ഇല്ലാത്തതു കൊണ്ട് അന്ന് റോഡിൽ നിർത്തി ഇടുകയായിരുന്നു പതിവ്.

ടീച്ചറെ.. ഇനി വണ്ടിയിൽ വരണ്ട.. അവൻ പറഞ്ഞത് പോലെ ചെയ്യും എന്നൊക്കെ മറ്റു കുട്ടികൾ പറഞ്ഞു. ചില കുട്ടികൾ കരച്ചിലായി.ഞാൻ പറഞ്ഞു അതാണ് വിധിയെങ്കിൽ അങ്ങനെ.വണ്ടി കൊണ്ടുവരും എന്ന നിലപാടിൽ ഞാനും. കുറച്ചു ദിവസം അവൻ സ്കൂളിൽ വന്നില്ല. വിഷമം തോന്നി. ഞാൻ അവനെ കുറ്റപ്പെടുത്തി സംസാരിക്കാറില്ല.. അവന്റെ ഇഷ്ടങ്ങൾക്ക് ഒപ്പം നിന്ന് മനസ്സിൽ ഒന്നു കയറിപ്പറ്റാൻ ശ്രമിക്കാറേ ഉള്ളു. എന്നിട്ടും.. വീണ്ടും വരാൻ തുടങ്ങിയപ്പോൾ ഞാൻ പരമാവധി അകലം പാലിക്കാൻ തുടങ്ങി. അധ്യാപകരെ വിഷമിപ്പിച്ചു കൊണ്ടിരുന്നു എങ്കിലും പെൺകുട്ടികൾക്ക് അവൻ ശല്യമായിരുന്നില്ല. അതൊരുആശ്വാസം. വർഷാവസാനമായി.ക്ലാസ്സിലെ എല്ലാകുട്ടികൾക്കും ഞാൻ കപ്പ് കേക്ക് വാങ്ങി പരീക്ഷയുടെ തലേ ദിവസം വിതരണം നടത്തി.

അവൻ ആദ്യം വാങ്ങാൻ തയ്യാറായില്ല. അവന്റെ കൈ പിടിച്ചു ഞാൻ കൈയിൽ വച്ചു കൊടുത്തു. മുറിഞ്ഞു പോയ പാമ്പു വിരൽ ദീനതയോടെ എന്തോ പറഞ്ഞു. ആ കേക്ക് അവൻ പുറത്തേക്ക് വലിച്ചെറിഞ്ഞു. ബാഗ് എടുത്തു ക്ലാസ്സിൽ നിന്നും ഇറങ്ങി ഓടിപ്പോയി.

ഭർത്താവിന്റെ അമ്മക്ക് ചിക്കൻ പോക്സ് വന്നതിനാൽ പരീക്ഷക്കാലത്ത് ഞാൻ പിന്നെ സ്കൂളിൽ പോയില്ല. അവനെ കാണാനും സാധിച്ചില്ല .രണ്ടു മൂന്നു തവണ കൊന്നയും മുക്കുറ്റിയും പൂത്തു. ഒരു മഴ ദിവസം. സ്കൂൾ വിട്ടു ഷൊർണ്ണൂർക്ക് വണ്ടിയിൽ തന്നെ.

പെട്ടെന്നാരോ വണ്ടിക്കു മുൻപിൽ. ഈശ്വരാ. നാസർ. ഇനിയും ഇവന്റെ കലിപ്പ് അവസാനിച്ചില്ലേ.ബ്രേക്ക് മുറിക്കാൻ പറ്റാത്ത വിരോധം തീർക്കാൻ.അവൻ അടുത്തു വന്നു. ടീച്ചറെ.. എന്നു വിളിച്ചു. ഞാൻ ഒന്നു കൈനീട്ടി.. അവൻ അതു ആഗ്രഹിച്ച പോലെ...അവന്റെ പുറത്തൊന്നു തട്ടി.. അവന്റെ കണ്ണുകൾ ഒന്നു തിളങ്ങി.. മുറിഞ്ഞു പോയ വിരൽ ഒന്നു പിടിച്ചു.

അവൻ ഒന്നുകൂടി അടുത്തു വന്നു. ഉമ്മയും അനിയനും അനിയത്തിയും ഇപ്പോൾ വീട്ടിൽ ഉണ്ടെന്നു പറഞ്ഞു. ടീച്ചർടെ വണ്ടിക്ക് ഒരു അപകടവും പറ്റാതിരിക്കണേ എന്ന് പ്രാർഥിക്കാറുണ്ടെന്നും.അപ്പോൾ നിറഞ്ഞത് എന്റെ കണ്ണാണ്.

ചുമട്ടു തൊഴിലാളിയായ അവന്റെ ഉപ്പയെ എപ്പഴും കാണും. അവന്റെ വിശേഷങ്ങൾ ചോദിക്കാൻ ഒരിക്കലും മറക്കാറില്ല. ഒരു ദിവസം ഉപ്പ സ്കൂളിൽ വന്നു. നാസറു നാളെ ജിദ്ദയിൽ പോവാണ്. അവനു ടീച്ചറെ വന്നു കാണണം എന്നുണ്ട്. മടിയാണ്. അതോണ്ട് ഞാൻ വന്നു പറയാണെന്നു പറഞ്ഞു. സന്തോഷം.

അവൻ നന്നാവട്ടെ എന്നു ഞാനും.

അവന്റെ ഉപ്പയുടെ സഹോദരന്മാരുടെ മക്കളൊക്കെ പല കാലങ്ങളിൽ പഠിച്ചു പോയി. ഇപ്പോഴും ഒരാളുണ്ട് ആറാം ക്ലാസ്സിൽ. അവരോടൊക്കെ അവൻ എന്റെ വിവരം ചോദിക്കാറുണ്ടെന്ന് അവരു പറയും. കൊന്നയും മുക്കുറ്റിയും പല തവണ പിന്നെയും പൂത്തു. കഴിഞ്ഞ കൊല്ലം അവൻ വീട്ടിൽ വന്നു. അവന്റെ കല്യാണത്തിന് ക്ഷണിക്കാൻ. സ്കൂളിൽ ആരെയും വിളിച്ചില്ല. എന്നെ മാത്രം. ഞാൻ പോയി അവനൊരു ഷർട്ട് മേടിച്ചു കൊടുത്തു.

'ടീച്ചറെ.. ഇങ്ങള് ഇക്കൊല്ലം പിരിഞ്ഞോ' ഫോണിന്റെ മറുതലക്കൽ അവന്റെ ശബ്ദം..

'ഉപ്പ് നാസറെ.. ഞാൻ പറഞ്ഞു.നിന്റെ വീട്ടിലെ അൻസിൽ എന്റെ അവസാന ക്ലാസ്സിലെ ഒരു കുട്ടിയാണ്.'

'കുടിലേക്കു വിളിച്ചപ്പോ ഒനാണ് പറഞ്ഞത് ടീച്ചറ് പിരിഞ്ഞുന്ന്. കഷ്ടായി.' അവൻ പറഞ്ഞു..

'ഒരു പ്രായം കഴിഞ്ഞാൽ അതൊക്കെ വേണ്ടതല്ലേ' ഞാൻ പറഞ്ഞു..

'ഞാൻ കുറച്ചു കൂടെ മുൻപേ കല്യാണം കഴിക്കായിരുന്നു.. നാന്റെ കുട്ടീനേം ടീച്ചർ പഠിപ്പിച്ചേർന്നു'

നിഷ്കളങ്കമായി അവൻ പറഞ്ഞു...

എനിക്കതു മാത്രം മതിയായിരുന്നു.അവന്റെ മനസ്സിൽ ഞാൻ ആരാണെന്നു തിരിച്ചറിയാൻ. 37 കൊല്ലം ധന്യമായി.മാത്രമല്ല ഈ കൊറോണക്കാലവും ഇനിയുള്ള കാലവും.അന്നവൻ പുറത്തെറിഞ്ഞ കപ്പ്കേക്കിലെ കപ്പിനുള്ളിലെ രണ്ടുതുള്ളി കണ്ണീരു ഞാനെന്തേ അന്ന് കാണാതെ പോയത്?

**വി .എം .ഹേന**
പരിയാനമ്പറ്റ മന മുളയങ്കാവ്'
പാലക്കാട് ജില്ല .9495743188



**സ്മിത വാസുദേവൻ**
**9495277279**



# കോവിഡിന്റെ പശ്ചാത്തലത്തിൽ ഒരു സുമംഗലി

ഈശ്വരാ ഇതെന്തൊരു മഹാമാരി. ഇത് ഇങ്ങനെ പടർന്നു പിടിച്ചാൽ എന്താകും? എത്ര പേരാ മരിച്ചു വീഴുന്നേ! കൊറിയയിലും മോശമില്ലാതെ ഉണ്ട് എന്നാ കേട്ടത്. ഓരോ ദിവസം കഴിയുന്തോറും മരണസംഖ്യ കൂടാണല്ലോ ഗുരുവായൂരപ്പാ ഇതിപ്പോ? ഇനി ഒരു മാസം കഴിഞ്ഞാൽ ന്റെ കുട്ടിയുടെ പെൺകൊട ആണല്ലോ? എന്താ ചെയ്യാ ഭഗവാനെ എല്ലാം നിശ്ചയിച്ചു, ദേഹണ്ണത്തിന് ആളെയും ഏൽപ്പിച്ചു. കുട്ടിക്കാണെങ്കിൽ അടുത്തേക്ക് ട്രാൻസ്ഫറും ആയി.

ഇനിപ്പോ നാളെ കർഫ്യൂ ആണത്രേ. പ്രധാനമന്ത്രി പ്രഖ്യാപിച്ചിരിക്കുന്നു.സ്കൂളുകളും കോളജുകളും അടച്ചു. മനുഷ്യന്മാർ തമ്മിൽ അകലം പാലിക്കണം സോഷ്യൽ ഡിസ്റ്റൻസിംഗ്- ഇതല്ലാതെ വേറെ ഒന്നും ചെയ്യാനില്ല. കൈ കഴുകുകയും മുഖം മറക്കുകയും മാത്രമേ ഇതിന് പ്രതിവിധി ഉള്ളൂ! പ്രതിരോധ മരുന്നൊന്നും കണ്ടെത്തിയിട്ടില്ല. 'ചൈനയിലെ വുഹാനിലെ മാംസ ചന്തയിലാണ് ഈ വൈറസ് ഉണ്ടായത്. 2019 ഡിസംബറിൽ ആണ് ഇതിന്റെ ഉത്ഭവം എന്നതുകൊണ്ട് കോവിഡ് 19 എന്ന് ശാസ്ത്രജ്ഞന്മാർ നാമകരണം ചെയ്തു' നിശ്ചയിച്ച തീയതി മാറ്റണംന്നുണ്ട്. പക്ഷേ പിന്നെ മുഹൂർത്തം നോക്കി എന്ന് നടത്താനാ? ഒന്നുമറിയില്ല ഗുരുവായൂരപ്പാ വലിയ തന്ത്രിടേ ഇല്ലത്തേക്കാന്ന് കേട്ടപ്പോ എനിക്ക് ആദ്യം വലിയ സമ്മതം ഒന്നുമുണ്ടായില്ല. പിന്നെ ഗുരുവായൂരപ്പന്റെ ഇഷ്ടം അതാണെങ്കിൽ ആയിക്കോട്ടെ. എല്ലാ മാസവും ഗുരുവായൂരിൽ പോയി തൊഴുമ്പോൾ ഒന്നുമാത്രമേ പ്രാർത്ഥിച്ചുള്ളൂ. ന്റെ കുട്ടിക്ക് നല്ല ഒരു ഭർത്താവിനെ കിട്ടണേന്ന്. കേട്ടവരൊക്കെ പറഞ്ഞു നല്ല ബന്ധമാണ്. പയ്യനെ പറ്റിയും നല്ല അഭിപ്രായാ. ഈശ്വരഭക്തി ഒക്കെ നല്ലോണം ഉള്ള കൂട്ടത്തിലാ. കുട്ടീടെ അച്ഛനും എതിർപ്പില്ല.

നിശ്ചയം ഒക്കെ ഗംഭീരമായി കഴിഞ്ഞു. വേളിയ്ക്ക് ഇത്തിരി താമസം പറഞ്ഞു. സ്കൂളുകളും കോളേജുകളും അടക്കട്ടെ അവന്റെ പരീക്ഷയും കഴിയട്ടെ കുട്ടിയ്ക്ക് നാട്ടിലേയ്ക്ക് ട്രാൻസ്ഫർ കിട്ടണം. ഇപ്പൊ എല്ലാം ഒത്തു വന്നു!

ഈശ്വരാ ഇനി പത്ത് ദിവസമേ ഉള്ളൂ വേളിയ്ക്ക്! നാട്ടില് കോവിഡ് രോഗികളുടെ എണ്ണം വർദ്ധിക്കുന്നു. എന്താ ചെയ്യാ? ആഭരണം കുറച്ചൊക്കെ വാങ്ങി, പഴയതൊക്കെ പിന്നെ കുറച്ചുണ്ട്. ജ്വല്ലറില് ഏൽപ്പിച്ചിട്ടുണ്ട് കുറച്ച് ആഭരണങ്ങൾ. ഓരോന്ന് വേണ്ട സമയത്ത് ചെയ്തതുകൊണ്ട് അതിനൊന്നും ബുദ്ധിമുട്ടായില്ല. കുട്ടിടെ അച്ഛൻ പിരിഞ്ഞു പോരുമ്പോൾ കിട്ടിയ പി.എഫ്, ഗ്രാറ്റുവിറ്റിയും ഒക്കെയായി തരക്കേടില്ലാത്ത സംഖ്യ ബാങ്കിൽ ഉണ്ട്. പിന്നെ കുട്ടിയ്ക്ക് ജോലിയും ഉണ്ടല്ലോ?

കുട്ടീടെ അച്ഛൻ ഒരു പാട് സ്ഥലത്ത് ജോലി ചെയ്തു കൊണ്ട് ഒരുപാട് സഹപ്രവർത്തകർ ഉണ്ട്. എപ്പ കാണുമ്പോഴും രാമകൃഷ്ണനും നാസറും ഒക്കെ ചോദിക്കുംത്രേ തിരുമേനി എന്നാ മോളുടെ കല്യണംന്ന്? അതുകൊണ്ട് മുതുക്കുടിയുടെ അന്ന് വൈകുന്നേരം റിസപ്ഷനായിട്ട് നടത്താം എന്നാ വെച്ചിരുന്നത്. ഒരു ഹാളും ടൗണിൽ ബുക്ക് ചെയ്തു. അഡ്വാൻസും കൊടുത്തിട്ടുണ്ട്. ഈശ്വരാ ഇനി ഒരാഴ്ചയേയുള്ളൂ വേളിക്ക്. പയ്യന്റെ ഇല്ലത്തുള്ളോർക്ക് നിർബന്ധം. നിശ്ചയിച്ച മുഹൂർത്തത്തിൽ വേളി നടത്തണമെന്ന്. ഈ നശിച്ച മഹാമാരി കാരണം പുറത്തിറങ്ങാൻ വയ്യ. ഒരു കടയും തുറക്കുന്നില്ല. കാറിലാണെങ്കിൽ മൂന്നുപേരിൽ കൂടുതൽ യാത്ര ചെയ്യാൻ പാടില്ല. ഈശ്വരാ ഗുരുവായൂരപ്പാ ഇനി എന്ത് ചെയ്യാനാ ഞങ്ങൾ!

ഇത് എന്തൊരു കലികാലം. മനു

# ദിനമലർ

ബാബു നമ്പൂതിരി
കരുവാറ്റ ഇല്ലം



അങ്ങു ദൂരെ മലമുകളിൽ സ്വർണ്ണ
ഗോപുരനടയിൽനിന്നും
ചില്ലു വാതിൽ തുറന്നു കിളികളെ
ഉമ്മവെച്ചു കിരണങ്ങളാൽ
തള്ളമാറിനു ചൂടു നൽകി
നടന്നുനീങ്ങി ദിനനായകൻ
മുത്തമേൽക്കാൻ കണ്ണുപൂട്ടി
ഒരുങ്ങിനിന്നു വാരിജങ്ങളും
പൂമരങ്ങളെ തഴുകി മന്ദം
സ്വന്തമെന്ന പോൽ മാരുതൻ
അടർന്നുവീണു വിടർന്ന പൂവുകൾ
വീഥികൾക്കു സുഗന്ധമായ്
മധുനുകർന്നു മത്തരായോ
പാട്ടുമൂളിയ വണ്ടുകൾ

പട്ടുടുപ്പിൻ ചിറകു വീശി
നൃത്തമാടി ശലഭങ്ങളും
ഹിമകണങ്ങൾ താലമേന്തി
ഇലകൾ നിന്നു നിരകളായ്

നഖംകടിച്ചു മുഖംകുനിച്ചു
നാണമാർന്നൊരു നെൽക്കതിർ
പുലരി വന്നതറിഞ്ഞതില്ല
തളർന്നുറങ്ങിയ വള്ളികൾ
മാമ്പഴത്തിനു മത്സരിച്ചു
അണ്ണാർക്കണ്ണനെ കാക്കകൾ
പച്ചമെത്തവിരിച്ചു പാടം
ഉച്ചവെയിലിനു മേയുവാൻ
കൊയ്ത്തു പാടം ബാക്കിയാക്കി
കൂടുതേടീ പ്രാവുകൾ
പകലിനൊപ്പമലഞ്ഞ വെയിലിനു
ദാഹമേറി തളർച്ചയും
കാത്തുനിന്നൊരു സാഗരത്തിൽ
അലിഞ്ഞുപോയി ദിനമലർ

# കണ്ണനോട്

എൻ.ടി. ശ്രീദേവി
വൈത്തല എടക്കാട്ട് ഇല്ലം
9496840685



കണ്ണാ കണ്ണാ കാർമുകിൽ വർണ്ണാ
ഒന്നെൻ മുന്നിൽ വാ...വാ...
കണ്ണും പൂട്ടിയിരിപ്പൂ ഞാനെൻ
കണ്ണാ നിന്നെ കണികാണാൻ
കണ്ണും പൂട്ടിയിരിപ്പൂ ഞാനെൻ
കയ്യിലൊരിത്തിരി വെണ്ണയുമായ്
മഞ്ഞപ്പട്ടുടയാടയിതെന്തേ
മങ്ങിയതൽപ്പം മണിവർണ്ണാ
അമ്മ പറഞ്ഞതു കേൾക്കാതിന്നും
മണ്ണിൽ പൂണ്ടു കളിച്ചല്ലേ
ചീകി കെട്ടിയ പീലിത്തിരുമുടി
ഉലഞ്ഞതെന്തേ മണിവർണ്ണാ
കാലിയെ മേയ്ക്കാൻ കാട്ടിൽ പോയി

കാളിയമർദ്ദനമാടിട്ടോ
കുഞ്ഞിക്കവിളിണയെന്തേ കണ്ണാ

ചെമ്മാനത്തിൻ നിറമാർന്നു
ഗോപിക രാധയതേകിയ ചുംബന
മലരിൻ നിറമോ മണിവർണ്ണാ
അരമണി കിങ്ങിണി തരിവളയൽപ്പം
കിലുങ്ങിടാതെയൊളി കണ്ണാൽ
തിരിഞ്ഞു നോക്കി പോകുവതെങ്ങോ
അരയാലിൻ മേലേറാനോ
കുഞ്ഞിക്കാലു പിണച്ചും ചുണ്ടിൽ
പൊന്നോടക്കുഴൽ ചേർത്തും
കുഞ്ഞിക്കണ്ണിൽ കുസൃതിയുമായെൻ
മുന്നിൽ വാ ....വാ.. കണ്ണാ ....
വെണ്ണയൊരൽപ്പം തന്നീടാം ഞാൻ
ഉണ്ണിക്കണ്ണാ വാ...വാ...
പൊന്നുണ്ണിക്കണ്ണാ...വാ...വാ...

ഷ്യൻ മനുഷ്യനെ കാണാൻ പാടില്ലാ, തൊടാൻ പാടില്ല എപ്പോഴും കൈ കഴുകണം മുഖം മറയ്ക്കണം. പുറത്തു പോയി വന്നാൽ കുളിക്കണം. പണ്ടത്തെ കാലം ഓർത്ത് പോകുന്നു ഞാൻ. അമ്മേടെ അമ്മാഞ്ഞ മുത്തശ്ശിയ്ക്ക് പുറത്തുപോയി വന്നാൽ കുളി നിർബന്ധമാണ്. ആര് പുറത്തുപോയി വന്നാലും സോപ്പും തോർത്തും പൂമുഖത്ത് വച്ചിട്ടുണ്ടാകും. കുളിച്ചേ അകത്തു കേറാനാകൂ. രണ്ടു നേരം കുളിയ്ക്കും എപ്പോഴും കൈ കഴുകും.. മുത്തശ്ശ്യമ്മേ എല്ലാരും കളിയാക്കും ജലപിശാചാണ് ന്ന് പറഞ്ഞ്. എന്തായാലും എല്ലാർക്കും അത് ശീലായിന്ന് മാത്രം. മുത്തശ്ശ്യമ്മ പഠിപ്പിച്ച ശീലം അമ്മയ്ക്കുണ്ട്. അമ്മ പഠിപ്പിച്ച ഇത്തിരി ശീലൊക്കെ ഞങ്ങൾക്കുണ്ട്. മുത്തശ്ശ്യമ്മയ്ക്ക് എപ്പോഴും കൈ കഴുകണം. വൃത്തിയായില്ലാന്നൊരു തോന്നലാ. കൈ കഴുകി കൈ കഴുകി മുത്തശ്ശ്യമ്മ ഞങ്ങളെ വിട്ടുപോയി. ഇപ്പോ ഈ ലോകത്തുള്ളോരും മുത്തശ്ശ്യമ്മേ പോലെയാകുമോ? ഈശ്വരാ നാളെ ആയ നിയൂൺ., ഇന്ന് ആരുമില്ല. ഇല്ലത്തു നിന്ന് അമ്മയും ഏട്ടത്തിയും അനിയത്തിയും മാത്രം. കുട്ടിയുടെ ഇല്ലത്തുള്ളോർ നാളെ രാവിലെ എത്തും. ഓരോരുത്തർക്ക് ഓരോ സമയം കൊടുത്തിട്ടുണ്ട് ഊണ് കഴിച്ച ഉടനെ പോവുകയും വേണം എന്തൊരു വിധി. ആയനിയൂൺ ചടങ്ങ് മാത്രമായി കഴിഞ്ഞു.

രാവിലെ നേരത്തെ പോകണം, കിടന്നിട്ട് ഉറക്കം വരുന്നില്ല. കുട്ടിയുടെ പെട്ടികൾ എല്ലാം ഒതുക്കി കാറിൽ വച്ചു കണ്ണാടി പൈകൂറ തുടങ്ങിയ സാധനങ്ങൾ എടുത്തു വച്ചു, രണ്ടുകാറിൽ 6 പേർ മാത്രം.പേടി കാരണം ഉറക്കം വരുന്നില്ല

ഇവിടെ റെഡ് സോൺ ആണല്ലോ? റെഡ് സോണിൽനിന്ന് ഗ്രീൻ സോണിലേക്ക് പോകാൻ പാടില്ല. പിന്നെ കലക്ടറുടെ പെർമിഷൻ വാങ്ങിയിട്ടുള്ളതു കൊണ്ട് കുഴപ്പമില്ലായിരിക്കും.പേടി കാരണം ഉറക്കം വന്നില്ല.പെൺ കുട്ടികൾ ഉണ്ടാകുന്ന ഏത് അമ്മയുടെയും ആശങ്ക പോലെ മനസ്സ് കലുഷിതമായി. ഒരമ്മയ്ക്കും ഇതുപോലൊരു ഗതി വരില്ല.സ്വന്തം മകളുടെ വേളിയ്ക്ക് വെറും ആറു പേർ! അങ്ങനെ ചിന്തിച്ച് എന്തോ ഒന്നു മയങ്ങിപ്പോയി.പെട്ടെന്ന് ഫോൺ റിംഗ് ചെയ്യുന്നു. ഫോൺ എടുത്തു മറ്റേ തലയ്ക്കൽ ഞാൻ ജില്ലാ കലക്ടർ ആണ്. നിങ്ങൾ പോകുന്ന കാറിൽ 2 പേർ മാത്രമേ പോകാൻ പാടു . അപ്പോൾ ഞാൻ പറഞ്ഞു. സാറേ ഞങ്ങൾക്ക് വിവാഹത്തിന് ഒരുപാട് ചടങ്ങുകൾ ഉണ്ട്. അതിന് 5 പേരെങ്കിലും ഇല്ലെങ്കിൽ പറ്റില്ല. ഓക്കെ. ഡ്രൈവർ അടക്കം 3 പേർ മാത്രം. യാത്ര ചെയ്യാം. ഫോൺ കട്ടായി. ഈശ്വരാ വീണ്ടും പരീക്ഷണം. ഞാനും കുട്ടീടെ അച്ഛനും ആകെ പരിഭ്രമിച്ചു. അവിടെ എത്തിയാലും കുറെ ചടങ്ങില്ലേ? പിന്നെ കുട്ടിയെ ഒരുക്കേണ്ടേ? ഞാനൊറ്റയ്ക്ക് എന്ത് ചെയ്യാനാ.

നേരത്തെ എണീറ്റു സത്യം പറഞ്ഞാൽ പിന്നെ ഉറക്കം ഉണ്ടായില്ല എന്ന് പറയുന്നതാവും ശരി. മൂന്നു മണിക്ക് തന്നെ കുട്ടിയെ കൊണ്ട് രണ്ടു കാർ 1500 ഓളം ആളുകൾ പങ്കെടുക്കേണ്ട വേളിയ്ക്ക് വെറും 6പേർ. എന്തായാലും വേളി ഭംഗിയായി കഴിഞ്ഞു. എല്ലാവരും മുഖാവരണമണിഞ്ഞാണ് ചടങ്ങ് നടത്തിയത്. ഇനി ഫോട്ടോ എടുക്കൽ. ഫോട്ടോ എടുക്കൽ കഴിഞ്ഞ ഉടനെ ഊണിന് ഇല വച്ചു. ഊണു കഴിച്ചു കൊണ്ടിരിയ്ക്കുമ്പോൾ വീണ്ടും ഫോൺ റിംഗ് ചെയ്യുന്നു. ആരോഗ്യപ്രവർത്തകർ ആണ് വരുന്നത് ഈ വീട്ടിൽ ആരൊക്കെ ഉണ്ടോ അവർ ക്വാറന്റയിനിൽ പോകേണ്ടിവരും. ന്റെ കുട്ടിയോട് യാത്ര പോലും പറയാതെ തിരിച്ച് കാറിലേയ്ക്ക്. ഈശ്വരാ ഇങ്ങനെയൊരു വിധി ഒരമ്മയ്ക്കും ഉണ്ടായിക്കാണില്ല. പാവം ന്റെ കുട്ടി. അങ്ങനെ കോവിഡിന്റെ പശ്ചാത്തലത്തിൽ ന്റെ കുട്ടി സുമംഗലിയായി! വരനും വധുവും കോറന്റയിനിലും ആയി.



Dr . DEEPA K.K
BAMS, MD, PhD (Ay)
Chief Co-ordinator
Ayushguru,
The educational
portal of Ministry
of Ayush GOI
Mob 6282694629

# ആയുഷ് ഗുരുവിന്റെ ചീഫ് കോർഡിനേറ്റർ ഒരു അന്തർജനമാണ്

## സാരഥ്യം

**ഇന്ത്യാ ഗവർമെന്റ് ആയുഷ് മന്ത്രാലയത്തിന്റെ എഡ്യൂക്കേഷൻ പോർട്ടലായ ആയുഷ് ഗുരുവിന്റെ ചീഫ് കോർഡിനേറ്ററാണ് ഡോ.കെ.കെ.ദീപ. ആ ആയുർവേദ മേഖലയിൽ ദ്രവ്യ ഗുണ വിഭാഗത്തിൽ ഇത്തരം ഒരു നിഘണ്ടു എഡിറ്റ് ചെയ്യുന്നതും, സംസ്കൃത നിഘണ്ടുക്കളെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുന്നതും എം.ഡി, പി.എച്ച്.ഡി ഗവേഷണത്തിന്റെ ഭാഗമാക്കുന്നതും ആദ്യമായാണ്.**

ഇന്ത്യാ ഗവർമെന്റ് ആയുഷ് മന്ത്രാലയത്തിന്റെ എഡ്യൂക്കേഷൻ പോർട്ടലായ 'ആയുഷ് ഗുരു'വിന്റെ ചീഫ് കോർഡിനേറ്ററണ് ഡോ.കെ.കെദീപ.

ആയുർവേദം വേദകാലത്തോളം പഴക്കമുള്ള ശാസ്ത്ര ശാഖയാണ്. വൈദ്യശാസ്ത്രത്തിന്റെ ആധികാരിക ഗ്രന്ഥശേഖരങ്ങളെല്ലാം തന്നെ താളിയോല ഗ്രന്ഥങ്ങളുടെ കയ്യെഴുത്ത് പ്രതികളാണ്. അവയിൽ വിരലിലെണ്ണാവുന്നവ മാത്രമേ പിഴ തീർത്ത് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളു. അത്തരമൊരു വിഷയത്തിലാണ് ദീപയുടെ ഡോക്ടറേറ്റ്.

**ആയുർവേദഗ്രന്ഥശേഖരങ്ങളെല്ലാം തന്നെ താളിയോല ഗ്രന്ഥങ്ങളുടെ കയ്യെഴുത്ത് പ്രതികളാണ്. അവയിൽ വിരലിലെണ്ണാവുന്നവ മാത്രമേ പിഴ തീർത്ത് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളു. അത്തരമൊരു വിഷയത്തിലാണ് ദീപയുടെ ഡോക്ടറേറ്റ്.**

വേദങ്ങളെപ്പോലെ ആയുർവേദ സംഹിതകളും നിഘണ്ടു എന്ന പദാവലിയോടു കൂടിയാണ് പ്രാചീന കാലത്ത് ഉണ്ടായിരുന്നത്. നിഘണ്ടുക്കളിൽ അധികവും സംഹിതകളിൽ പറഞ്ഞിട്ടുള്ള സസ്യങ്ങളുടേയും ജാന്തവ ദ്രവ്യങ്ങളുടേയും മറ്റു മരുന്നുകളുടേയും പര്യായങ്ങളും മറ്റു വിശദാംശങ്ങളുമാണ് പ്രതിപാദിച്ചിരുന്നത്. എ.ഡി ഒൻപതാം നൂറ്റാണ്ടു മുതൽ സ്വതന്ത്ര നിഘണ്ടുക്കൾ നിലവിൽ വന്നു. ഏകദേശം 150 ഓളം ആയുർവേദ നിഘണ്ടുക്കൾ നാം കണ്ടെത്തിയിട്ടുണ്ട്.

എ.ഡി പതിനാറാം നൂറ്റാണ്ടിന്റെ അവസാന പാദത്തിൽ ഒറീസ - ബംഗാൾ ഭാഗത്ത് (ഉത്കലദേശം) പ്രസിദ്ധമായിരുന്ന ഒരു നിഘണ്ടുവാണ് പര്യായമുക്താവലി . സുന്ദരമായ പദ്യശൈലിയിലുള്ള ഈ ഗ്രന്ഥം രചിച്ചത് ഹരിചരണസേനനാണ്. 23 അദ്ധ്യായങ്ങളിലായി 475 സസ്യങ്ങളേയും 38 ലോഹങ്ങളേ യും 60 ഓളം ഭക്ഷണ പദാർത്ഥങ്ങളേയും 35 തരം പാനീയങ്ങളേയും മറ്റും ഇതിൽ വിസ്തരിക്കുന്നു. പര്യായങ്ങളിലൂടെ ആണ് ഓരോന്നും വിശദീകരിക്കുന്നത്. പഠിതാക്കൾക്ക് എളുപ്പത്തിൽ ആ മരുന്നുകളെക്കുറിച്ച് ഓർമിക്കാൻ പാകത്തിന് പ്രാസമൊത്ത ഈരടികളിലായാണ് പര്യായങ്ങൾ കോർത്തിണക്കിയിരിക്കുന്നത്.

ഈ ഗ്രന്ഥത്തിന്റെ 150 ഓളം താളിയോല പ്രതികൾ ഉത്കലദേശത്ത് ലഭ്യമാണ്. അവയുടെ അടിസ്ഥാനത്തിൽ വിവിധ കാലഘട്ടങ്ങളിലായി പര്യായമുക്താവലി മൂല ശ്ളോകങ്ങൾ മാത്രമായി 3 പ്രിൻറുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പല വിധ പാഠഭേദങ്ങളും തെറ്റുകളും അവയൊന്നും ആധികാരികമല്ല എന്നതിന് തെളിവാണ്. കൂടാതെ ഈ മൂലശ്ലോകങ്ങളെ വ്യാഖ്യാനിക്കാനോ പര്യായങ്ങളുടെ അർത്ഥം ഗ്രഹിക്കാനോ അതിലൂടെ മരുന്നുകളെ തിരിച്ചറിഞ്ഞ് ഉറപ്പിക്കാനോ ആരും തുനിഞ്ഞിരുന്നില്ല. ആ ശ്രമകരമായ ദൌത്യമാണ് പി.എച്ഡിയുടെ ഭാഗമായി ഗൈഡ് പ്രൊരബിനാരായണൻ ആചാര്യയുടെ കീഴിൽ ഏറ്റെടുത്തത്.

ആദ്യമായി ഈ ഗ്രന്ഥങ്ങൾ ശേഖരിച്ചു. അവയെ പ്രത്യേക കോഡ് നമ്പറുപയോഗിച്ച് രേഖപ്പെടുത്തി. ഓരോ വരികളായി പ്രത്യേക കൊളേഷൻ ഷീറ്റുകളിൽ എഴുതി. താരതമ്യം ചെയ്ത് പാഠഭേദങ്ങൾ രേഖപ്പെടുത്തി. അവയിൽ നിന്നും ഏറ്റവും അർത്ഥവത്തായ ഒരു അടിസ്ഥാന പാഠത്തെ തയ്യാറാക്കി, പാഠഭേദങ്ങളും പ്രത്യേക അടിക്കുറിപ്പുകളായി രേഖപ്പെടുത്തി. ഇങ്ങനെ 2000 ത്തോളം പാഠഭേദങ്ങൾ 23 വർഗ്ഗങ്ങളിലായി കണ്ടെടുത്തു. പിന്നീട് ഈ ഗ്രന്ഥത്തിലെ ഓരോ വാക്കും പാഠഭേദവും വാചസ്പത്യം, അമരകോശം തുടങ്ങിയ സുപ്രസിദ്ധ സംസ്കൃത ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക എന്ന ബൃഹദ് കർമ്മമായിരുന്നു . നാനാർത്ഥങ്ങളും മറ്റു സംശയങ്ങളുമെല്ലാം സംസ്കൃത വിദ്വാന്മാരുടെ സഹായത്തോടെ വിചാരം ചെയ്ത് ഉചിതമായ അർത്ഥം വേർതിരിച്ചു. അങ്ങിനെ കണ്ടെത്തിയ അർത്ഥത്തെ ബോട്ടണി, ഫാർമക്കോളജി, വൈദ്യശാസ്ത്രത്തിലെ വിവിധ ശാഖകൾ തുടങ്ങിയവയുമായി ബന്ധപ്പെടുത്തി , ഈ സസ്യത്തിന് ആ പര്യായം എങ്ങിനെ യോജിക്കുന്നു എന്ന് സ്ഥാപിച്ചു .അതിന്റെ അടിസ്ഥാനത്തിൽ സസ്യത്തിന്റെ ശാസ്ത്രീയ നാമവും സ്ഥിരീ

കരിച്ചു. യോജിക്കാത്ത അർത്ഥമുള്ള പാഠഭേദങ്ങളെ തള്ളിക്കളയാനും ഈ ശാസ്ത്രീയമാർഗം തന്നെ സ്വീകരിച്ചു. അങ്ങിനെ 4500 ഓളം പദങ്ങൾ വിശകലനം ചെയ്തു.

ആകെ പ്രതിപാദിച്ച 475 സസ്യങ്ങളിൽ 458 സസ്യങ്ങളുടേയും ശാസ്ത്രീയ നാമം ആധികാരികമായി സ്ഥിരീകരിച്ചു. 2662 പര്യായപദങ്ങളേയും വിശകലനം ചെയ്തു.ആയുർവേദ മേഖലയിൽ ദ്രവ്യഗുണ വിഭാഗത്തിൽ ഇത്തരം ഒരു നിഘണ്ടു എഡിറ്റ് ചെയ്യുന്നതും, സംസ്കൃത നിഘണ്ടുക്കളെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുന്നതും എം.ഡി , പി.എച്ച്.ഡി ഗവേഷണത്തിന്റെ ഭാഗമാക്കുന്നതും ആദ്യമായാണ്. ഇനി ഈ ഗവേഷണ ഫലത്തെ പുസ്തക രൂപത്തിൽ തയ്യാറാക്കുകയാണ് ലക്ഷ്യം.

കരിപ്പം കെ.കെ നാരായണൻ നമ്പൂതിരിയുടേയും ഓ ടി പാർവതി അന്തർജനത്തിന്റേയും മകൾ.സ്കൂൾ വിദ്യാഭ്യാസം താഴക്കോട് എൽ.പി , മുക്കം ഹൈസ്കൂൾ.സംഗീതം, സംസ്കൃതം എന്നിവയിൽ നിരവധി ജില്ലാതല സമ്മാനങ്ങൾ നേടി.പ്രീ ഡിഗ്രി കോഴിക്കോട് പ്രൊവിഡൻസ് കോളേജിൽ . കോഴിക്കോട് സർവകലാശാല ബി സോൺ സംസ്കൃത സർഗപ്രതിഭ.

കർണാടക കൊപ്പ എ.എൽ. എൻ റാവു മെമ്മോറിയൽ ആയുർവേദ മെഡിക്കൽ കോളേജിൽ നിന്ന് ബി.എ.എം.എസ് പഠനം.ഡൽഹിയിൽ നടന്ന യൂത്ത് പാർലമെന്റിലും ഹിമാചൽ പ്രദേശിൽ നടന്ന നാഷനൽ ഇൻറഗ്രേഷൻ ക്യാമ്പിലും സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തു. ഡിസ്റ്റിംഗ്ഷനോടെ കോഴ്സ് പാസായി 3 വർഷം പ്രഗല്ഭ ഡോക്ടർമാരുടേയും പാരമ്പര്യ വൈദ്യമാരുടേയും കീഴിൽ പ്രാക്ടീസ്.

ദ്രവ്യഗുണത്തിന് കൊപ്പ കോളേജിൽ നിന്നും എം.ഡി. 3 വർഷം ശാന്തിഗിരി ആയുർവേദ കോളേജിൽ ലക്ചറർ. ഗുജറാത്ത് ആയുർവേദ യൂനിവേഴ്സിറ്റിയിൽ നിന്നും പി.എച്ച്.ഡി. ഗുജറാത്ത് യൂനിവേഴ്സിറ്റിയിലെ ആയുർവേദ കോളേജിൽ വിദേശികൾ ഉൾപ്പെട്ട വിദ്യാർത്ഥികളെ പഠിപ്പിച്ചു കൊണ്ട് വീണ്ടും ലക്ചററായി. പി എച്ച് ഡി നേടി. രാജ്കോട്ടിലെ വി.എം.എം ആയുർവേദ കോളേജിൽ റീഡറായി തുടരുന്നു .അനേകം സെമിനാറുകളിൽ റിസോഴ്സ് പേഴ്സൺ, പ്രെസൻറർ, ഓർഗനൈസിംഗ് സെക്രട്ടറി തുടങ്ങിയ രീതിയിൽ പ്രവർത്തിച്ചു.

ഭർത്താവ് ഭാഗവതാചാര്യൻ തോട്ടം നീലകണ്ഠൻ നമ്പൂതിരി , എം.ഡി , ശ്രീഭദ്ര ആയുർവേദ ഔഷധശാല തോട്ടം മന, വടശ്ശേരി, പാലക്കാട്.മക്കൾ. അനുവിന്ദ, അദ്രിജ, ഋഷീകേശ്. അരീക്കോട് കരിപ്പത്താണ് സ്വന്തം ഇല്ലം.



# സാനിറ്റൈസേഷൻ

**മറ്റുള്ളവരിലേക്ക് കൊറോണ പകരാതിരിക്കാനുള്ള ഒരേ ഒരു വഴി ശരിയായ സാനിറ്റൈസേഷൻ ആണെന്ന് ഈ കുറച്ചു ദിവസങ്ങൾക്കുള്ളിൽ തോമസുകുട്ടിയുടെ ചെറിയ മനസ്സ് മനസ്സിലാക്കിയിരുന്നു.**

**സുനീതി ദിവാകരൻ**



അരിവാങ്ങാൻ റേഷൻ കടയുടെ മുമ്പിൽ വരച്ച വട്ടത്തിനുള്ളിൽ വരി നിൽക്കുകയാണ് തോമസുകുട്ടി. താലൂക്കാശുപത്രിയിലെ സ്വീപ്പർ ആണയാൾ. കൊറോണ വന്ന് ആശുപത്രിയിൽ വെച്ച് ബീരാൻകോയ മരിച്ചതിനെ തുടർന്ന് ആശുപത്രിയും പരിസരവും സാനിറ്റൈസു ചെയ്തിരുന്നു. അതിനു ശേഷം വീടിനു പുറത്ത് ഇറങ്ങുന്നത് ഇന്നാണ്. ഈ മാസത്തെ റേഷൻ വാങ്ങാൻ. കൊറോണയെ തുരത്താനാണ് മരുന്നടിച്ചുള്ള സാനിറ്റൈസേഷൻ പരിപാടി. താലൂക്കാശുപത്രിയിലെ ശുചീകരണപ്രവർത്തകരെ അതു പറഞ്ഞു മനസ്സിലാക്കാൻ ഹെൽത്ത് ഡിപ്പാർട്മെന്റിൽ നിന്ന് വിദഗ്ധർ എത്തിയിരുന്നു.

തോർത്ത് മുണ്ട് കൊണ്ട് മൂക്കും വായയും മറച്ചു തന്റെ ഊഴം എത്താൻ കാത്തു നിൽക്കുകയായിരുന്നു. അതിനിടയിൽ തോമസുകുട്ടി നിർത്താതെ ആറോ ഏഴോ തവണ ചുമച്ചു.നാലു പുറത്തു നിന്നും കുത്തിത്തുളക്കുന്ന നോട്ടങ്ങൾ തന്നിലേക്ക് നീളുന്നതും, മറ്റുള്ളവരിൽ നിന്ന് തന്നിലെക്കുള്ള അകലം ഗവണ്മെന്റ് നിർദേശിച്ചതിലും കൂടുന്നതും തോമസുകുട്ടി അറിഞ്ഞു. അരി തൂക്കിത്തരുന്ന രാഘവേട്ടന്റെ മുഖത്ത് എന്നത്തേയും പോലെ ചിരി വിടർന്നില്ല എന്ന് മാത്രമല്ല മറിച്ചു പേടി കലർന്ന ഒരു ഭാവം നിറഞ്ഞതും തോമസുകുട്ടി തിരിച്ചറിഞ്ഞു. മുഖത്തിനു ചുറ്റും തോമസുകുട്ടി തോർത്തു മുണ്ട് ഒന്നു കൂടി മുറുക്കിച്ചുറ്റി.
അരി സഞ്ചിയുമായി വീട്ടിലേക്ക് നടക്കുമ്പോൾ തോമസുകുട്ടിക്ക് തൊണ്ട കീറിമുറിക്കുന്നതു പോലൊരു വേദന അനുഭവപ്പെട്ടു. കൈകാലു

കൾ തളരുന്നതു പോലെയും തല കോടാലി കൊണ്ട് വെട്ടിപ്പിളരുന്നത് പോലെയും തോന്നി. മകളുടെ ഓൺലൈൻ ക്ലാസ്സിന്റെ ആവശ്യത്തിനു ഒരു സ്മാർട്ട് ഫോൺ വാങ്ങാൻ അയ്യായിരം കടം ചോദിച്ചത് ഇന്ന് തരാം എന്ന് ഗവണ്മെന്റ് സ്കൂളിലെ സാവിത്രി ടീച്ചർ പറഞ്ഞിരുന്നു. ഈ അവസ്ഥയിൽ ഇനി ടീച്ചറുടെ വീട്ടിലേക്ക് കയറാൻ വയ്യെന്ന് തോമസുകുട്ടിക്ക് തോന്നി. കാലുകൾ വലിച്ചു നീട്ടി നേരെ വീട്ടിലേക്ക് നടന്നു. അരി സഞ്ചി ഭാര്യയെ ഏല്പിച്ചു. മക്കൾക്ക് കഞ്ഞി വെച്ച് കൊടുക്ക്, ഞാൻ ഇത്തിരി നേരം കിടക്കട്ടെ എന്ന് പറഞ്ഞ് തോമസുകുട്ടി കട്ടിലിന്റെ ഒരു ഓരത്ത് ചുരുണ്ടു കൂടി. ഫോണിന്റെ കാര്യം എന്തായെന്ന് മകൾ ചോദിക്കുന്നത് ഒരു പുകമറക്കുള്ളിലെന്നപോലെ തോമസുകുട്ടി കേൾക്കുന്നുണ്ടായിരുന്നു. അച്ഛനെ ശല്യപ്പെടുത്താതെ അനിയനെയും കൊണ്ട് പുറത്ത് എവിടെയെങ്കിലും പോയി കളിക്ക്. ഭാര്യ മകളോട് പറയുന്നതും തോമസുകുട്ടി പുകപടലങ്ങൾക്കപ്പുറത്തു നിന്നും കേട്ടു.

കഞ്ഞി തയ്യാറായി എന്ന് പറഞ്ഞ് വിളിച്ചുണർത്തിയപ്പോൾ തോമസുകുട്ടിയുടെ ദേഹം തീയ്യുപോലെ പൊള്ളുന്നുണ്ടായിരുന്നു. തന്റെ ദേഹത്തിൽ കൊറോണ കടന്നു കൂടിയിട്ടുണ്ട് എന്നും, തൊണ്ടയും ശ്വാസനാളങ്ങളും മരുന്നടിച്ചു സമ്പൂർണ്ണമായി സാനിറ്റയിസ് ചെയ്യാനുള്ള സമയമായെന്നും തോമസുകുട്ടിക്ക് മനസിലായത് അപ്പോളാണ്. മറ്റുള്ളവരിലേക്ക് കൊറോണ പകരാതിരിക്കാനുള്ള ഒരേ ഒരു വഴി ശരിയായ സാനിറ്റൈസേഷൻ ആണെന്ന് ഈ കുറച്ചു ദിവസങ്ങൾക്കുള്ളിൽ തോമസുകുട്ടിയുടെ ചെറിയ മനസ്സ് മനസ്സിലാക്കിയിരുന്നു.

**അഞ്ചാമത്തെ സ്പൂൺ കഞ്ഞി വായിൽ നിന്ന് ഇറങ്ങിയതോടെ തോമസുകുട്ടിയുടെ തൊണ്ടയിൽ നിന്ന് ശ്വാസകോശത്തിലേക്ക് നീങ്ങാൻ തയ്യാറായി ഇരിക്കുകയായിരുന്ന കൊറോണ വൈറസുകൾ സമ്പൂർണ്ണമായി സാനിറ്റൈസ് ചെയ്യപ്പെട്ടു**

കട്ടിലിൽനിന്ന് പതുക്കെ എഴുന്നേറ്റ് തോമസുകുട്ടി അടുക്കള മുക്കിലിരുന്ന് കഞ്ഞി കുടിക്കുന്ന മക്കളെ കണ്ണു നിറയെ ഒന്നു നോക്കി. പിന്നെ പതുക്കെ ഉമ്മറത്ത് ഉത്തരത്തിൽ തിരുകിവെച്ചിരുന്ന കായക്കറിക്കടിച്ച കീടനാശിനിയുടെ കുപ്പി കയ്യെത്തിച്ചെടുത്തു. കുപ്പിയിൽ ബാക്കിയുണ്ടായിരുന്നത് മുഴുവൻ കഞ്ഞിക്കിണ്ണത്തിലേക്ക് കമിഴ്ത്തുമ്പോൾ തോമസുകുട്ടിയുടെ കണ്ണുകളിൽ നിന്ന് നാലഞ്ചു തുള്ളി ചുടുകണ്ണുനീർ കിണ്ണത്തിലേക്ക് അടർന്നു വീണു.

സാവിത്രി ടീച്ചർ ദാനം കൊടുത്ത സ്മാർട്ട് ഫോണിൽ മകൾ ഓൺലൈൻ ക്ലാസ്സിൽ പങ്കെടുക്കുന്നതും താലൂക്കാശുപത്രിയിലെ തന്റെ സ്വീപ്പർ പണി ഭാര്യക്ക് കിട്ടുന്നതും മനക്കണ്ണിൽ കണ്ടു കൊണ്ട് തോമസുകുട്ടി കഞ്ഞി കോരിക്കുടിക്കുവാൻ തുടങ്ങി. തൊടിയിലേക്ക് വലിച്ചെറിഞ്ഞ കീടനാശിനിയുടെ കാലിക്കുപ്പി നക്കിത്തുടച്ച അടുത്ത വീട്ടിലെ പൂച്ച വടക്കുപുറത്ത് കിടന്നു പിടയുന്നത് തുറന്നിട്ട അടുക്കള വാതിലിലൂടെ തോമസുകുട്ടി കണ്ടു. അഞ്ചാമത്തെ സ്പൂൺ കഞ്ഞി വായിൽ നിന്ന് ഇറങ്ങിയതോടെ തോമസുകുട്ടിയുടെ തൊണ്ടയിൽ നിന്ന് ശ്വാസകോശത്തിലേക്ക് നീങ്ങാൻ തയ്യാറായി ഇരിക്കുകയായിരുന്ന കൊറോണ വൈറസുകൾ സമ്പൂർണ്ണമായി സാനിറ്റൈസ് ചെയ്യപ്പെട്ടു. പിഴവുകൾ ഇല്ലാതെ സാനിറ്റൈസേഷൻ നടത്തി തന്റെ കടമ നിർവഹിച്ച സംതൃപ്തിയിൽ തോമസുകുട്ടി കണ്ണുകൾ ഇറുക്കി അടച്ചു.

(സുനീതി ദിവാകരൻ, മലപ്പുറം രാമപുരം കുട്ടല്ലൂർ മനയിൽ പരമേശ്വരൻ നമ്പൂതിരിയുടെയും വാസന്തി അന്തർജനത്തിന്റെയും മകളാണ്. തിരുവേഗപ്പുറ പുത്തില്ലത്തെ ദിവാകരന്റെ പത്നി. മുംബൈയിൽ സ്ഥിരതാമസം
**മൊബൈൽ: 09970219061** )

# ഓർക്കാപ്പുറത്തെ രസതന്ത്രം

## സ്നേഹജ കരിങ്ങനേഴി



**ഈ ക്ളാസ് കഴിയുമ്പോൾ 'യെസ് ഐ ഫോളോ യൂ' എന്നു പറഞ്ഞ് നീ സാറിന്റെ ഒപ്പം പോകണം. ഞാൻ ഒരു ഞെട്ടലോടെ അതു കേട്ടു. ഈ സാറിന്റെ ഒപ്പം പോകാനോ ശ്ശൊ! വല്ലാത്ത ചതിയായല്ലൊ.**

പ്രീഡിഗ്രിക്ക് പഠിക്കുന്ന കാലം. ക്ലാസുകൾ തുടങ്ങിട്ട് രണ്ടോ മൂന്നോ മാസമേ ആയിട്ടുള്ളു. ഉച്ചക്ക് ശേഷമുള്ള പീരിഡിൽ ബോറഡിപ്പിക്കുന്ന കെമിസ്ട്രിയാണ് . സാർ പതിവ് പോലെ വന്ന് ഓർക്കാനിഷ്ടപ്പെടാത്ത ഓർഗാനിക് കെമിസ്ട്രിയെപ്പറ്റി പ്രഭാഷണം തുടങ്ങി. ഇടക്കിടക്ക് ബോർഡിൽ എഴുതുന്നു, വരക്കുന്നു. എല്ലാവരെയും നോക്കുന്നു. അവരെല്ലാം അവരവരുടെ ലോകത്താണെന്ന് സാർ അറിയുന്നില്ലല്ലോ .

സാർ നോക്കുമ്പോൾ എല്ലാവരും സാറെത്തന്നെ നോക്കി നല്ലകുട്ടി ചമഞ്ഞിരിക്കുന്നു. ചിലർ ചിത്രം വരക്കുന്നു. ചിലർ പരദൂഷണം പറയുന്നു. ചിലർ പൂജ്യം വെട്ടിക്കളിക്കുന്നു.

ചില ലലനാമണികളും പൂവാലന്മാരും പരസ്പരം മിഴികളിലൂടെ എന്തോ കൈമാറുന്നു . ഇതു കൂടാതെ സാർ ബോർഡിലേക്ക് തിരിയുന്ന ഞൊടിയിട കൊണ്ട് കടലാസു റോക്കറ്റുകൾ അങ്ങോട്ടുമിങ്ങോട്ടും ചീറിപ്പായുന്നു. ലാസ്റ്റ് ബഞ്ചിലെ കുഞ്ഞുങ്ങൾ ഉറക്കത്തിന്റെ പറുദീസ തേടി പോകുന്നു. സാർ ക്ളാസിൽ എപ്പോഴും ചോദിക്കുന്ന ഒരു ചോദ്യമുണ്ട് 'യു ഫോളോ മീ?'

ഇങ്ങനെ ഇടക്കിടക്ക് ചോദിച്ചു കൊണ്ടേയിരിക്കും.... ചിലർ സാറിന്റെ പ്രീതിക്കായി തലയാട്ടും .

ചിലർ ഇതൊന്നും തങ്ങളെ ബാധിക്കുന്ന കാര്യമല്ല എന്ന മട്ടിൽ ദിവാസ്വപ്നം കണ്ടിരിക്കുന്നു.. ഫസ്റ്റ് ബഞ്ചിൽ ഭിത്തിയെ സ്നേഹിച്ചുള്ള സീറ്റിലാണ് ഞാൻ ഇരിക്കുന്നത്. എപ്പോഴും അങ്ങനെയാണ്. -- . അടുത്തിരിക്കുന്ന ഷീലയും ജാനകിയും എന്തോ എഴുതുന്നു. പഠിക്കുന്ന കാര്യമല്ല അവർ എഴുതുന്നതെന്ന് നന്നായറിയാം. എന്നാലും അവർ എഴുതുന്നത് എന്തെന്ന് അറിയാൻ ഇടം കണ്ണിട്ട് അവരുടെ ബുക്കിലേക്ക് നോക്കി.

ഞെട്ടലോടെ കണ്ടു. അവർ സിനിമാ നടൻമാരുടെ പേരുകൾ എഴുതി കളിക്കുന്നു. എനിക്ക് ഉള്ളിൽ ചിരി പൊട്ടി. ഏറ്റവും കൂടുതൽ നടൻമാരുടെ പേര് എഴുതുന്നവർക്ക് .ഒരു ഐസ്ക്രീമും കിറ്റ് ക്യാറ്റും തോൽക്കുന്ന കക്ഷി വാങ്ങി കൊടുക്കണം. ഇതെനിക്ക് നേരത്തേ അറിയാം.

ഫിസിക് ക്ളാസും ഹിന്ദി ക്ളാസും ഇതേ രീതിയിൽ ഇവർ ആവർത്തിച്ചിട്ടുണ്ട് . ഞാൻ പറഞ്ഞു. ക്ളാസിൽ ശ്രദ്ധിക്കൂ. ഇതൊക്കെ പിന്നീടാവാം.എന്റെ സാരോപദേശം കേട്ട് അവർ ഒരു മണ്ടത്തരം എഴുന്നള്ളിച്ച വിഡ്ഢിയേ നോക്കും പോലെ എന്നെ നോക്കി ചിരിച്ചു. ഞാൻ വീണ്ടും ഗൗരവത്തോടെ തലയാട്ടൽ തുടർന്നു. ക്ളാസിൽ ശ്രദ്ധിക്കുന്ന മട്ടിൽ ഇരുന്നു. സാർ എന്നെ നോക്കി 'യു ഫോളോ മീ?' എന്ന് പറഞ്ഞു കൊണ്ടിരുന്നു.

ആ സാറിനെ പറ്റി പറയുകയാണെങ്കിൽ കാണാൻ യാതൊരു ഭംഗിയുമില്ല. കറുത്ത് മെലിഞ്ഞ് പൊക്കമുള്ള അദ്ദേഹത്തിന്റെ മുഖത്ത്, ഒരനുസരണയുമില്ലത്ത നാലു പല്ലുകൾ എപ്പോഴും വായുടെ പുറത്ത് വന്ന് തുറിച്ച് നോക്കി ഇരിക്കും, പിന്നെ ആഴങ്ങളിൽ ആണ്ടു പോയ രണ്ടു കണ്ണുകൾ. അവയ്ക്ക് മോചനം നൽകാൻ എന്ന വണ്ണം ഒരു കറുത്ത കണ്ണട മൂക്കിന് മുകളിൽ തപസ്സ് ഇരിക്കുന്നു. ഇനിയുമുണ്ട് സാറിനെ പറ്റി പറയാൻ . ഇതൊന്നും ഒരു ഗുരുനിന്ദ ആയി കരുതരുതേ. സാറ് സംസാരിക്കുപ്പോൾ മുൻ ബഞ്ചിലെ സുന്ദരികൾക്കും സുന്ദരൻമാർക്കും തുപ്പൽ മഴ ആയി കിട്ടും. ഫ്രീആയി കിട്ടുന്ന ഒന്നും വാങ്ങാൻ താൽ പര്യമില്ലത്തവർ മുമ്പിൽ നിന്നും ബാക്കിലേക്ക് വലിഞ്ഞ് ഇരിക്കുന്നു.

പെട്ടെന്ന് ജാനകിയും ഷീലയും എന്റെ മുഖത്തേക്ക് നോക്കി ഒരു ചോദ്യം. ഞങ്ങൾ ക്ളാസിൽ ശ്രദ്ധി



**അടുത്തിരിക്കുന്ന ഷീലയും ജാനകിയും എന്തോ എഴുതുന്നു. പഠിക്കുന്ന കാര്യമല്ല അവർ എഴുതുന്നതെന്ന് നന്നായറിയാം. എന്നാലും അവർ എഴുതുന്നത് എന്തെന്ന് അറിയാൻ ഇടം കണ്ണിട്ട് അവരുടെ ബുക്കിലേക്ക് നോക്കി.**

ച്ചിരിക്കാം. പകരം നീ ഒരു ബെറ്റിന് സമ്മതിക്കണം. ഞാൻ ആശ്ച്ചര്യത്തോടെ തലയാട്ടി. നിങ്ങൾ പറയുന്ന എന്തും ഞാൻ സമ്മതിക്കാം. ഓക്കെ, ഇതാണ് ബെറ്റ് അവർ പറഞ്ഞു സാർ ഈ ക്ളാസിൽ 50 ൽ കൂടുതൽ തവണ 'യു ഫോളോ മീ?' എന്നു പറയുകയാണെങ്കിൽ നീ സാറിന്റെ ഒപ്പം ഈ ക്ളാസ് കഴിയുമ്പൊൾ 'യെസ് ഐ ഫോളോ യൂ' എന്നു പറഞ്ഞ് പോകണം.

ഞാൻ ഒരു ഞെട്ടലോടെ അതു കേട്ടു. ഈ സാറിൻെ ഒപ്പം പോകാനോ ശ്ശൊ! വല്ലാത്ത ചതിയായല്ലൊ. വെറുതെ ഇരിക്കുമ്പോൾ വിറച്ചിരിക്കുക എന്നു പറഞ്ഞ പോലെ .അപ്പോൾ മുതൽ ഞങ്ങൾ എണ്ണാൻ തുടങ്ങി യു ഫോളോ കൾ . 20, 25,30,35 ....... അങ്ങനെ 40,45 വരെ. ഓ, ബെല്ല് അടിക്കാൻ ഇനി പത്തു മിനിറ്റേ ബാക്കിയുള്ളു.അതിന് മുമ്പ് ഇനി അഞ്ചെണ്ണം കൂടി പറയില്ലന്ന് ഞാൻ ഉറച്ച് വിശ്വസിച്ചു. പെട്ടെന്ന് അത് സാർ വീണ്ടും പറയുന്നു.അതിനു ശേഷം വീണ്ടും വീണ്ടും അങ്ങനെ 49 എത്തി. ഞാൻ ദൈവത്തെ വിളിച്ചു. സാർ വേഗം ക്ളാസ് നിർത്തി പോകണേ .പെട്ടെന്ന് അത് സംഭവിച്ചു. സാർ എന്റെ മുഖത്ത് നോക്കി അവസാനത്തെ 'യു ഫോളോ മീ?'യും പറഞ്ഞു. പെട്ടന്ന് ഞാൻ ബാഗുമെടുത്ത് ചാടി എണീറ്റ് പറഞ്ഞു.'യെസ് ഐ ഫോളോ യൂ' ക്ലാസിൽ കൂട്ടച്ചിരി ഉയർന്നു. കാര്യമറിയാതെ സാർ എന്നെ മിഴിച്ച് നോക്കി. കുഴിയിൽ കിടന്ന കണ്ണുകളെ സർവ്വ ശക്തിയും എടുത്ത് പുറത്തേക്കിട്ട്. അപ്പോഴും ആ അനുസരണ ഇല്ലാത്ത നാല് പല്ലുകൾ പുറത്തേക്ക് നോക്കി തുറിച്ച് നിന്നു.ഞാൻ എന്ത് ചെയ്യണമെന്ന് അറിയാതെ സാറിന്റെ മുഖത്തേക്ക് ദയനീയമായി നോക്കി.

സ്നേഹജ കരിങ്ങ നേഴി
പി.ഓ.രാമപുരം
മലപ്പുറം
പിൻ. 679321
മൊബൈൽ 7594948076

# പാണിഗ്രഹണം

**എസ്.കെ.ദത്ത്** (23) ജനനത്തീയതി: 26.11.1996. സമയം: 4.59 pm. മകയീരം, ജന്മസ്ഥലം: അടൂർ. ഉയരം: 168 സെ.മീ, ആഢ്യൻ നമ്പൂതിരി. വിദ്യാഭ്യാസം: ബി.എ, എൽ.എൽ.ബി. (അവസാനവർഷം), ജോലി ഇല്ല. അച്ഛൻ ജി.ശ്രീനാരായണൻ പണ്ടാരത്തിൽ. അമ്മ വി.എൻ. മഞ്ജുമണി അന്തർജനം. അമ്മാത്ത്: വടശ്ശേരി മന, ഞാറക്കൽ. സഹോദരി (പഠിക്കുന്നു). വിശ്വാമിത്ര ഗോത്രം. സൂത്രം: ബൗധായനൻ. വിലാസം: എടമന മഠം, പന്നിവിഴ, അടൂർ പി.ഒ., പത്തനംതിട്ട- 691523. ഫോൺ: 04734 224169, 9447564458.

സ മാ

| | | | |
|---|---|---|---|
| മ ശി | ല | ച | |
| മാ | ഗ്രഹ സ്ഥിതി | | |
| | | | ക |
| ഗു | ര ബു | ശു | സ |

ബു ശു ച മ

ല ഗു ര ക ശി

**അശ്വിൻ കൃഷ്ണ ടി.എം,** ജനനതീയ്യതി: 11.01.1995, സമയം: 8.58 pm, കാർത്തിക. ജന്മസ്ഥലം: കോഴിക്കോട്, ഉയരം: 170 സെ.മീ, ജാതി: നമ്പൂതിരി, വിദ്യാഭ്യാസം: ബി.ഇ. മെക്കാനിക്കൽ എൻജിനീയറിംഗ്, (എം.ബി.എ.ക്ക് തയ്യാറെടുക്കുന്നു), ജോലി: സീനിയർ അനലിസ്റ്റ്, ഇൻഡീജിൻ, ബാംഗ്ലൂർ. മുൻഗണന: വിദ്യാഭ്യാസവും, ജോലിയും ഉള്ളവർ അല്ലെങ്കിൽ ഡിഗ്രിക്ക് പഠിക്കുന്ന 1996 നും 1999 നും മദ്ധ്യേ ജനിച്ചവർ. അച്ഛൻ: മധു ടി.കെ, റിട്ട. എയർഫോഴ്സ്, അമ്മ: ശ്രീജ പി., മുൻ പ്രൈമറി സ്കൂൾ ടീച്ചർ, ഒരു സഹോദരി. വിലാസം: താമരക്കുളം ഇല്ലം, പി.ഒ. മണാശ്ശേരി, മാമ്പറ്റ, മുക്കം, കോഴിക്കോട്- 673602 മൊബൈൽ: 9444181996, 9444578196

സ ല ബു മാ

| | | | |
|---|---|---|---|
| | ച ശി | | |
| മ | ഗ്രഹ സ്ഥിതി | | |
| ബു | | | ല കു |
| ര മാ | ഗു ശു | സ | |

കു മ ര ച ശി

ഗു ശു

**ശ്രീയേഷ് ദാമോദരൻ**, ജനനത്തീയതി: 28.04.1993, ജനന സമയം: 3 മണി 4 മിനിട്ട് pm, സ്ഥലം: കോഴിക്കോട്, നക്ഷത്രം: പുണർതം, ജോലി: ബിസിനസ്, വിദ്യാഭ്യാസം: ബി.എസ്.സി, മാത്സ്, അമ്മാത്ത്: കാഞ്ഞിരത്തോട്ടത്തിൽ ഇല്ലം, കോഴിക്കോട്, ഉയരം: 168 സെ.മീ, സഹോദരി: ഒരാൾ (വേളി കഴിഞ്ഞു), അച്ഛൻ: ദാമോദരൻ ഭട്ടതിരി, അമ്മ: രമ. വിലാസം: ചെറുകടപ്പുറത്ത് ഇല്ലം (ചെറൂട്ടപ്പുറം), മര്യാതുരുത്ത് പി.ഒ, കോട്ടയം- 686017.

ബു ശു ര ശി ച

| | | | |
|---|---|---|---|
| | ഗു | | ച |
| ബു | ഗ്രഹ സ്ഥിതി | | ശി |
| സ | | | കു |
| | ല മ | ഗു | മാ |

മ കു മാ ല ഗു

സ

**പരമേശ്വരൻ ടി.എൻ** ജനനത്തീയതി: 24.02.1992, ഉയരം: 169 സെ.മീ, നക്ഷത്രം: വിശാഖം, വിദ്യാഭ്യാസം: എം.എ. ഇക്കണോമിക്സ്, ജോലി: സ്കിൽ ട്രെയിനർ, പ്രൈവറ്റ് സ്ഥാപനം, അച്ഛൻ: നാരായണൻ ടി.പി, അമ്മ: സരസ സി.എം, സഹോദരങ്ങൾ ഇല്ല. വിലാസം; മഴമംഗലത്ത് താരനനെല്ലൂർ മന, ചെറുവത്തേരി, പി.ഒ. ചേവൂർ, തൃശൂർ- 680027. മൊബൈൽ: 9495713805

| | | | |
|---|---|---|---|
| ല | | | മാ ശി |
| ര ബു | ഗ്രഹ സ്ഥിതി | | |
| മ കു ശു | | | ഗു |
| സ | | ച | |

സ മാ

| | | | |
|---|---|---|---|
| ച | സ | | ര മാ |
| ഗു | ഗ്രഹ സ്ഥിതി | | ബു ഭൃ |
| | | | |
| കു | ശ | ശി | ല |

ഗു ല ര ഭൃ ച കു ബു

ശ ശി

ശിഷ്ടദശ: 18വർഷം 7മാസം 2145 ദിവസം ശനിദശ. ഉദയാൽ 14നാഴിക 30 വിനാഴിക.

**രാംകുമാർ.പി.എൻ** ജനനത്തീയതി: 28.06.1986, ജനന സമയം: 1161 മിഥുനമാസം 13ന് ശനിയാഴ്ച പകൽ 12മണി, സ്ഥലം: പാലക്കാട് , നക്ഷത്രം: ഉത്രട്ടാതി, ജോലി: അസി. പ്രൊഫസർ. എം.ഇ.എ എഞ്ചിനീയറിംഗ് കോളേജ് പെരിന്തൽമണ്ണ, സഹോദരൻ: ഒരാൾ (വേളി കഴിഞ്ഞു)അച്ഛൻ: പി.എം.നാരായണൻ നമ്പൂതിരി (റിട്ട. റബർ ബോർഡ്) അമ്മ: എം.പി ഉഷ (റിട്ട. ജില്ലാ ബാങ്ക് മലപ്പുറം) ഗോത്രം: വിശ്വാമിത്ര, യോഗ്യത:എം.ടെക്.,പി. എച്ച് ഡി തീസിസ് സമർപ്പിച്ചു. അമ്മാത്ത്: പയ്യപ്പള്ളി (സഗരപുരം), ഉയരം: 186 സെ.മീ, വിലാസം: പാവുട്ടി മന, ശ്രീകൃഷ്ണപുരം പാലക്കാട് -679513. മൊബൈൽ: 9447016486/ 9447840290

ച മാ

| | | | |
|---|---|---|---|
| | | | ച ഗു |
| | ഗ്രഹ സ്ഥിതി | | ശി |
| സ | | | |
| ശു മ | ര ബു | ല കു | മാ |

ശി കു ഗു ല ര ബു ശു മ സ

**ശ്രീരാജ് കെ. നമ്പൂതിരി** (30) ജനനത്തീയതി: 17.11.1989. 6.15 a.m. പുണർതം, ജന്മസ്ഥലം: കോഴിക്കോട്. ഉയരം: 164 സെ.മീ. വിദ്യാഭ്യാസം: ബി.എഡ്. ജോലി: യു.പി.സ്കൂൾ ഹിന്ദി അദ്ധ്യാപകൻ. അച്ഛൻ ശ്രീധരൻ നമ്പൂതിരി, അമ്മ ഇന്ദിര. ഒരു സഹോദരൻ. വിലാസം: ശ്രീരാജ് നിലയം, കല്ലുരുട്ടി, ഓമശ്ശേരി (വഴി), കോഴിക്കോട്- 673582. അമ്മാത്ത്: പാണ്ടിക്കടവ് വരിക്കൽ ഇല്ലം. മൊബൈൽ: 8943002522, 9446951969

# കോഴിക്കോട് ജില്ലയിൽ പുതിയ 761 മെമ്പർമാർ

**പെൻഷൻ അപേക്ഷകൾ 10**

**വിദ്യാനിധി പുരസ്ക്കാരത്തിന് 32 പേർ**

**ആസ്ഥാന മന്ദിരത്തിന് 24 ലക്ഷം**

**ജില്ലാ മെമ്പർഷിപ്പ് 3175**

| | | | |
|---|---|---|---|
| 1.വടകര- | 448 | 9.ഫറോക്ക് - | 186 |
| 2.പെരുമണ്ണ - | 323 | 10.ചാത്തമംഗലം- | 176 |
| 3.കൊയിലാണ്ടി | 313 | 11.ചേവായൂർ - | 143 |
| 4.കണ്ണിപറമ്പ് - | 285 | 12.മുക്കം - | 138 |
| 5.കോഴിക്കോട്- | 260 | 13.താമരശ്ശേരി | 126 |
| 6.ബാലുശ്ശേരി- | 260 | 14.മുയിപ്പോത്ത് - | 79 |
| 7.രാമല്ലൂർ - | 192 | 15.ഉച്ചക്കാവ് - | 76 |
| 8.കക്കോടി - | 190 | ആകെ | 3175 |



*കക്കോടി ഉപസഭഅംഗങ്ങൾക്ക് വിതരണം ചെയ്യാനുള്ള പ്രതിരോധ മരുന്ന് ഡോ നീതുവിനോദിൽ നിന്ന് സ്വീകരിക്കുന്നു*



*പുതിയ ലക്കം സ്വസ്തി ശബരിമല തന്ത്രി ബ്രഹ്മശ്രീ മഹേഷ് മോഹനർക്കും മേൽശാന്തി അരീക്കര സുധീർ നമ്പൂതിരിക്കും സമർപ്പിച്ചപ്പോൾ*

761 പേരുടെ വർദ്ധനയോടെ മെമ്പർഷിപ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് സംസ്ഥാന വിഹിതം അടച്ചു. ജില്ലാ മെമ്പർഷിപ്പ് 3175 ആണ്.കുന്നമംഗലം, നീലേശ്വരം, അത്തോളി, നടുവണ്ണൂർ തുടങ്ങി പുതിയ ഉപസഭാരൂപീകരണ പ്രവർത്തനം വിവിധഘട്ടങ്ങളിലാണ്.

ജില്ലയിൽ നിന്നും 10 പെൻഷൻ അപേക്ഷകൾ സംസ്ഥാനഅംഗീകാരത്തിനായി അയച്ചു. മാസം 1000 മുതൽ 5000 ക വരെ പെൻഷൻ ലഭിക്കുന്ന അടൽ പെൻഷൻ യോജനയുടെ വിശദവിവരങ്ങൾ എല്ലാ ഉപസഭകൾക്കും നൽകി.

അസംഘടിത തൊഴിലാളി ക്ഷേമനിധിയിൽ അർഹരായ എല്ലാഅംഗങ്ങളേയും ചേർക്കുകയെന്നത് ജില്ലാ സഭയുടെ ഒരു സ്വപ്ന പദ്ധതിയാണ്. നമുക്കും അംഗമാകാം. ഉപസഭകൾ കാര്യമായ ശ്രമം നടത്തുന്നുണ്ട്.

ജില്ലയിൽ 32 പേർ വിദ്യാനിധി പുരസ്ക്കാരത്തിന് അർഹരായി.

ആസ്ഥാന മന്ദിര നിർമ്മാണത്തിന് 24 ലക്ഷത്തോളം രൂപ ചെലവാക്കിക്കഴിഞ്ഞു. ഇനി 15 ലക്ഷം കൂടിവേണം. താഴത്തെ നിലയുടെ പ്രവർത്തി പൂർത്തിയായി വരുന്നു.

സ്വസ്തി ത്രൈമാസികയ്ക്ക് കഴിഞ്ഞ ഒറ്റ മാസം കൊണ്ട് 182 പുതിയ പോസ്റ്റൽ വരിക്കാരുണ്ടായത് വലിയ അംഗീകാരം തന്നെ. ഉപസഭകളുടേയും, വനിതാ – യുവജനസഭകളുടേയും സംസ്ഥാന സഭയുടേയും പൂർണ സഹകരണമാണ് ജില്ലാസഭയുടെ ഊർജം. എല്ലാവർക്കും നന്ദി.

ചിങ്ങം ഒന്നാം തീയതി കോവൂരിൽ ആസ്ഥാന മന്ദിരത്തിൽ വെച്ചും സ്വന്തം ഇല്ലങ്ങളിൽ വെച്ചും ഗായത്രീ മന്ത്രജപവുമായി യോഗക്ഷേമസഭ കോഴിക്കോട് ജില്ല അംഗങ്ങൾ പ്രാർത്ഥനായജ്ഞം നടത്തി

**താമരക്കുളം ദിവാകരൻ**
ജില്ലാ സെക്രട്ടറി
യോഗക്ഷേമസഭ, കോഴിക്കോട്.

## ജില്ലാ വനിത സഭ

3/6/2020 ന് ജില്ല വനിത സഭയുടെ ഒരു ഓൺലൈൻ മീറ്റിംഗ് നടന്നു. ഏകദേശം എല്ലാ ഉപസഭകളിൽ നിന്നും പ്രാതിനിധ്യം ഉണ്ടായിരുന്നു.ജില്ലാ വനിത സഭയുടെ നാരായണീയ പാരായണം, ഗീത പാരായണം എന്നിവ തുടരുന്നു.15 ഉപസഭകളിൽ 14 ലും വനിത സഭ രൂപീകരിച്ച് പ്രവർത്തനം തുടങ്ങി.

**ശ്രീജ അരീക്കര** ജില്ലാ വനിത സെക്രട്ടറി

## കൊയിലാണ്ടി ഉപസഭ

കലണ്ടർ പ്രകാരമുള്ള മാസ പരിപാടികളാണ് നടത്തുന്നത്. 18 വയസ്സിനു മുകളിലുള്ള എല്ലാവരേയും മെമ്പർമാരാക്കിയിട്ടുണ്ട്.750 പേർക്കുള്ള സദ്യക്ക് വെക്കാനും വിളമ്പാനുമുള്ള പാത്രങ്ങൾ ഉണ്ട്. വിളമ്പാനായി ഒരു ശ്രമ സംഘവും രൂപീകരിച്ചിട്ടുണ്ട്. കരിയർ ഗൈഡൻസ് ക്ലാസ്, വൃക്ഷത്തൈ വിതരണം, രാമായണ മാസാചരണം, ഓണാഘോഷം, തിരുവാതിര ആഘോഷം, മൈസൂരിലേക്ക് ടൂർ എന്നിവയെല്ലാം നടത്താൻ കഴിഞ്ഞെങ്കിലും കലാമേള, കായിക മേള എന്നിവ നടത്തുവാൻ പറ്റിയില്ല. ഓൺലൈൻ മത്സരങ്ങളിലൂടെ അത് മറികടക്കുവാൻ കഴിഞ്ഞു. സ്വസ്തിക്ക് 50 ഓളം വരിക്കാരുണ്ട്. പരസ്പര സഹായ നിധിയും നടത്തി വരുന്നു.

**പ്രതീഷ് പെരുമ്പള്ളി** സെക്രട്ടറി.

## ചാത്തമംഗലം ഉപസഭ

40 പുതിയ മെമ്പർ മാരെ ചേർത്ത് 176 മെമ്പർമാരുടെ ലിസ്റ്റ് ജില്ലാ സെക്രട്ടറിക്ക് കൈമാറി. ജൂലൈ മാസത്തിൽ വനിതാ – യുവജനസഭകൾ രൂപീകരിച്ചു പ്രവർത്തനം തുടങ്ങി.

**പാറക്കോട് ശങ്കരൻ നമ്പൂതിരി**
സെക്രട്ടറി.

## ഫറോക്ക് ഉപസഭ

ലോക് ഡൗൺ കാരണം ജനറൽ ബോഡി ഓൺലൈൻ ആയാണ് നടത്തിയത്. SSLC, +2 വിൽ മുഴുവൻ A+ നേടിയ ഉപസഭയിലെ 5 പേരേയും അനുമോദിച്ചു. ഒന്നാം ക്ലാസിൽ ചേർന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകി. മാർച്ച് മാസത്തിൽ തന്നെ 35 പുതിയ മെമ്പർമാരെ ചേർത്ത് മെമ്പർഷിപ്പ് 186 ആക്കി.

ഉപരിപഠന തിരക്കുകൾ കാരണം മുല്ലപ്പള്ളി രാമനുണ്ണി രാജി വച്ച ഒഴിവിൽ ബാലസുബ്രമണ്യനെ പുതിയ സെക്രട്ടറിയായി തിരഞ്ഞെടുത്തു . യുവജന സഭ യുടെ നേതൃത്വത്തിൽ രാമായണ മാസ ദിനാഘോഷവും രക്ഷാ ബന്ധനം എന്നിവ നടത്തി രക്ഷാബന്ധൻ പരിപാടിയിൽ സമാഹരിച്ച 3100 രൂപ പി. എം. കെയേഴ്സിലേക്ക് അയച്ചുകൊടുത്തു

**നീലമന ശങ്കരൻ ,പ്രസിഡണ്ട്**

## വടകര ഉപസഭ

448 മെമ്പർ. ജില്ലയിലെ ഏറ്റവും കൂടുതൽ മെമ്പർമാരുള്ള ഉപസഭ. യുവജനസഭ രൂപീകരിക്കാനും വനിതാസഭയെ വികസിപ്പിക്കാനും തീരുമാനിച്ചു. 15 ഇല്ലങ്ങളിലെ സ്ത്രീകൾ തയ്ച 1500 മാസ്കുകൾ വടകര പോലീസ് സ്റ്റേഷൻ, ലോകനാർകാവ് ക്ഷേത്രം, തുടങ്ങിയ സ്ഥലങ്ങളിൽ വിതരണം നടത്തി .

ലോക്ഡോൺ കാലത്തു നടന്ന മഞ്ചാടിക്കുരു, സർഗാത്മകതയുടെ ക്വാറന്റൈൻ എന്നിവയും സുഭാഷിതം, നാരായണീയം, ശ്രീമദ്ഭാഗവതം, രാമായണം എന്നിവയുടെ പാരായണ പ്രഭാഷണങ്ങളും വിവിധ ഓൺലൈൻ മത്സരങ്ങും ജനശ്രദ്ധ നേടി.

**ശ്രീഹരി അമ്പിളിക്കുന്നം**,സെക്രട്ടറി


## ഉച്ചക്കാവ് ഉപസഭ

മെമ്പർഷിപ് പ്രവർത്തനം പൂർത്തീകരിച്ച് ജില്ലാ – സംസ്ഥാനവിഹിതം കൈമാറി. ഭാരവാഹികളുടെ ലിസ്റ്റ് നൽകി. ആസ്ഥാനമന്ദിരത്തിന്റെ ഒരു ഷെയർ എടുത്തു.

**ചെറുവക്കാട് കേശവൻ നമ്പൂതിരി**
സെക്രട്ടറി.

## സിറ്റി ഉപസഭ

കോവിഡ് പ്രതിസന്ധി കാരണം മീറ്റിംഗ് കൂടാൻ പറ്റാത്ത സാഹചര്യമാണല്ലോ എങ്കിലും ഓൺലൈൻ കൂട്ടായ്മ സജീവമായി നടക്കുന്നുണ്ട് .നാരായണീയ വായനയും ഓൺലൈൻ പ്രഭാഷണവും



## സ്വസ്തിയെപ്പറ്റി അവർ പറയുന്നു

*( യോഗക്ഷേമസഭ ) കേന്ദ്ര സഭ സ്വന്തമായി മാസിക തുടങ്ങട്ടെ. ആവശ്യം ശരിയാണ്. അത് ഇപ്പോൾ ആറു മാസികകളിലൂടെ ( 240 പേജുകൾ) വെളിച്ചം കാണുന്ന അനേകം രചനകളെ മുടക്കിയിട്ടു വേണോ. കോഴിക്കോട് നിന്നിപ്പൊൾ ഇറങ്ങുന്ന സ്വസ്തി ത്രൈമാസികത്തിന്റെ ഉള്ളടക്കം എടുപ്പ് എന്നിവയിലെ മേനി ശ്രദ്ധിച്ചോ? സമീപ കാലത്തെങ്ങും ഇത്ര ആകർഷകമായി ഒരു മാസിക നമ്പൂതിരിമാരുടെയിടയിൽ നിന്ന് ഇറങ്ങിയിട്ടുണ്ടോ എന്ന് സംശയം*

**ജീവൻ കോട്ടവട്ടം**
*യജ്ഞോപവിതം എഡിറ്റർ*
*തിരുവനന്തപുരം.*

നടത്തുന്നു.

**പങ്കജം കക്കാട്**

### കക്കോടി ഉപസഭ

കക്കോടി ഉപസഭയിൽ 190 മെമ്പർമാരാണ് ഉള്ളത്. എക്സിക്യൂട്ടീവ് യോഗം ഓൺലൈൻ ആയി നടത്തി. ഭാഗവത ആചാര്യൻ വിനോദ് നമ്പൂതിരി എടമനയുടെയും പറമ്പിടി പുതുശ്ശേരി നീലകണ്ഠൻനമ്പൂതിരിയുടെയും നേതൃത്വത്തിൽ 10 ദിവസത്തെ ഭാഗവത പ്രശ്നോത്തരി നടത്തി. യോഗാചാര്യൻ പുതിയടം ശങ്കരൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ ബുധൻ, ഞായർ ദിവസങ്ങളിൽ യോഗാ പഠനം തുടങ്ങി. ഉപസഭയിലെ രണ്ട് പേർ ചേർന്ന് ഓൺലൈൻ ട്യൂഷൻ ആരംഭിച്ചു.

**ശ്രീകുമാരൻ കോൽപ്പുറം,** പ്രസിഡണ്ട്

### കണ്ണിപറമ്പ് ഉപസഭ

എൻ.ടി.ഉണ്ണികൃഷ്ണൻ നമ്പൂതിരി നൽകുന്ന സ്ഥലത്ത് ഓഫിസ് നിർമ്മിക്കാൻ തീരുമാനിച്ചു. ആദ്യമായി സ്കൂളിലേക്ക് പോകുന്ന കുട്ടികൾക്ക് ബാഗ് കുട എന്നിവ നൽകി. മരണങ്ങൾ സംഭവിച്ചാൽ പിണ്ഡത്തിന് ഒരു ചാക്ക് അരി എത്തിച്ച് നല്കാമെന്ന് തീരുമാനിച്ചു.തലപ്പെരുമണ്ണ ശ്രീ സത്യസായി വൃദ്ധസദനത്തിലെ 20 അന്തേവാസികൾക്ക് ഭക്ഷണം നല്കി .തൊട്ടു പുറത്തില്ലത്ത് സംഗീത് മാധവന് ചികിത്സക്കായി 12,000/ രൂപ നലകി.

**വീട്ടിക്കാട്ട് പരമേശ്വരൻ**
സെക്രട്ടറി, കണ്ണിപറമ്പ് ഉപസഭ

### പെരുമണ്ണ ഉപസഭ

വൈദിക വിജ്ഞാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ രാമായണക്വിസ്, പാരായണം, കവിതാ രചന , പ്രഭാഷണം

## ജില്ലാകമ്മിറ്റി കെട്ടിടനിർമ്മാണത്തിന് സംഭാവന നൽകിയവർ

### (കഴിഞ്ഞ ലക്കം തുടർച്ച)

54.പന്ന്യംവള്ളി കുമാരൻ ഭട്ടതിരി 50000
55.ചാത്തമംഗലം ഉപസഭ - 20000
56.പാറക്കോട് ശങ്കരൻ നമ്പൂതിരി 5000
57.താമരക്കുളം സുദേവൻ നമ്പൂതിരി 5000
58.തിരുമംഗലം നാരായണൻ നമ്പൂതിരി 10000
59. പാടേരി വാസുദേവൻ നമ്പൂതിരിപ്പാട് 10000
60.പട്ടാഴി നാരായണൻ നമ്പൂതിരി 10000
61.കുണ്ടിൽ കുളം ശ്രീധരൻ നമ്പൂതിരി 10000
62.കരിപ്പം നാരായണൻ നമ്പൂതിരി 7000
63.കൽപ്പള്ളി വാസുദേവൻ നമ്പൂതിരി 1000
64.ചേക്രക്കൽ ശ്രീകുമാരൻ നമ്പൂതിരി 50000
65.ഒ.ടി.ജയശങ്കരൻ നമ്പൂതിരി 10000
66.വിനോദ് നടുവിലേടം 10000
67.മാങ്കുളം ശങ്കരൻ നമ്പൂതിരി 10000
68.മധു പൗർണമി, രാമല്ലൂർ 50000
69.പി.കെ.സി രാജ 10000
70.മേലേടം രതീഷ് നമ്പൂതിരി 10000
71.ശ്രീജു നടുവിലേടം 10000
72.ഉച്ചക്കാവ് ഉപസഭ 10000
73.കരിപ്പം ഭാസൻ നമ്പൂതിരി 10000
74.പുത്തൂർ മുതുമന സതീശൻ നമ്പൂതിരി 10000
75.നടുവിലേടം രാമചന്ദ്രൻ നമ്പൂതിരി 10000
76.അശ്രനാമത്ത് വിഷ്ണു നമ്പൂതിരി 10000
77.ഒഴയാടി എടക്കാട് മധുസൂദനൻ നമ്പൂതിരി 10000
78.വിനോദ് മങ്ങത്തായ 10000



*താഴത്തെ നില പണി പൂർത്തിയായ ജില്ലാകമ്മിറ്റി കെട്ടിടം*

എന്നിവ നടത്തി. വനിതാ ദിനത്തിൽ മുതിർന്ന അംഗങ്ങളെ ഇല്ലങ്ങളിൽ പോയി പൊന്നാട അണിയിച്ചു .ഉപസഭയുടെ പേരിൽ ആസ്ഥാന മന്ദിരത്തിന്റെ ഒരു ഷെയർ എടുത്തു . വേദവാടികയിൽ വെച്ച് മഹാമൃത്യുഞ്ജയ ഹോമം നടത്തി.

**ലത തായട,സെക്രട്ടറി**

### മുയിപ്പോത്ത് ഉപസഭ

നിർവ്വാഹക സമിതി ഓൺലൈനായി ചേർന്നു. 79 മെമ്പർമാരുണ്ട്. ഉന്നത വിജയം നേടിയ ശരത് വാകയാട്ടില്ലം ,വിനയ ബിയ്യോത്തില്ലം എന്നിവരെ അനുമോദിച്ചു.സ്വസ്തിക്ക് വരിക്കാരെ ചേർക്കാനും സ്വയം സഹായനിധി തുടങ്ങാനും തീരുമാനിച്ചു.

**എം.ഇ.ഉണ്ണികൃഷ്ണൻ ,സെക്രട്ടറി**

### മുക്കം ഉപസഭ

ഉപസഭാ സെക്രട്ടറിയായി താമരക്കുളം ടി.കെ.കൃഷ്ണകുമാർ ചാർജ് എടുത്തു. പരീക്ഷകളിൽ ഉന്നത വിജയം നേടിയവരെ മൊമെന്റോ നൽകി അഭിനന്ദിച്ചു. വനിതാസഭ നന്നായി പ്രവർത്തിക്കുന്നു .

**താമരക്കുളം കൃഷ്ണകുമാർ ,സെക്രട്ടറി**

### താമരശ്ശേരി ഉപസഭ

ചെറിയ ആഘോഷങ്ങൾ നടത്തുന്നതിനാവശ്യമായ പാചക സാമഗ്രികൾ,പബ്ലിക് അഡ്രസ്സ് സിസ്റ്റം എന്നിവയുണ്ട് . കളം ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ നേതൃത്യത്തിൽ പൂജാപഠന ശിബിരം നടക്കുന്നു. ഗുണനിലവാരമുള്ള മുഖാവരണങ്ങൾ തുച്ഛമായ വിലക്ക് അംഗങ്ങൾക്ക് നൽകി വരുന്നു.

ആസ്ഥാനമന്ദിരത്തിന് 2 ഷെയറുകൾ എടുത്തു. ഉന്നത വിജയം നേടിയവരെ ഇല്ലങ്ങളിൽ ചെന്ന് അനുമോദിച്ചു. സാകേതം എന്ന പേരിൽ കർക്കിടക മാസം മുഴുവൻ പ്രഭാഷണ പരമ്പര നടത്തി.

**അരുൺ ചെല്ലം കളത്തിൽ ,സെക്രട്ടറി**

### ചേവായൂർ ഉപസഭ

പ്രൊഫഷനലായി കൃത്യതയോടെയാണ് ചേവായൂർ ഉപസഭയുടെ പ്രവർത്തനങ്ങൾ. യോഗക്ഷേമസഭ കോഴിക്കോട് ജില്ലയുടെ മന്ദിര നിർമ്മാണത്തിന് ചുക്കാൻ പിടിക്കുന്നതും ചേവായൂരിലെ പ്രവർത്തകരാണ്.

**ഉണ്ണികൃഷ്ണൻ തായാട്ട്,സെക്രട്ടറി**

### രാമല്ലൂർ ഉപസഭ

രാമായണ പരിക്രമണം - ഓണാഘോഷം ഇവയുടെ ഭാഗമായി ചിത്രരചന, പൂക്കളമത്സരം എന്നിവ നടത്തി, വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. കിടപ്പുരോഗിയായ നാട്ടുകാരന് കട്ടിൽ, ബെഡ് എന്നിവ നൽകി .

**തെഞ്ചേരി ഉണ്ണികൃഷ്ണൻ നമ്പൂതിരി**
സെക്രട്ടറി.

### ബാലുശ്ശേരി ഉപസഭ

കർക്കിടക മാസത്തിൽ രാമായണ പാരായണം ഓൺലൈൻ ആയി നടത്തി. ഉപസഭാ എക്സിക്യൂട്ടീവ് മീറ്റിംഗും വാട്സ് അപിലൂടെ ഓൺലൈൻ നടത്തി തുടക്കം കുറിച്ചു.

**കളം വേണുനാഥ്** ജോയന്റ് സെക്രട്ടറി





പെരുമ്പാവൂർ പുളിക്കാ മാത്തിൽ ഡോ. ഇ എൻ കേശവൻ നമ്പൂതിരി .മക്കൾ. നാരായണൻ നമ്പൂതിരി, ഡോ. പൂർണ്ണിമ ലിനേഷ്. മരുമകൻ താമരക്കുളം ലിനേഷ് നമ്പൂതിരി



പയ്യന്നൂർ അറത്തിൽ ഓണത്താൻ കാരക്കാട്ടില്ലത്ത് ഒ.കെ പരമേശ്വരൻ നമ്പൂതിരി. സർക്കാറിന്റെ അഗ്രോ ഫോറസ്ട്രി അവാർഡ് ജേതാവാണ്.



## ഇ.ടി.നാരായണൻ മൂസ്

തൃശ്ശൂർ ഒല്ലൂർ തൈക്കാട്ടുശേരി ഗ്രാമത്തെ ലോക പ്രശസ്തിയിലേക്കുയർത്തിയ ഇ.ടി നാരായണൻ മൂസ് (87) അന്തരിച്ചു. വൈദ്യരത്നം സ്ഥാപനങ്ങളുടെ ചെയർമാനും മാനേജിങ് ഡയറക്ടറുമാണ്. തൈക്കാട്ടുശേരി എളേടത്തു തൈക്കാട്ട് നീലകണ്ഠൻ മൂസിന്റെയും ദേവകി അന്തർജനത്തിന്റെയും പത്തു മക്കളിൽ ഏകമകനായി 1933 സെപ്തംബർ 15നാണ് (1109 ചിങ്ങം 31) ജനനം. ആയുർവേദ ചികിത്സാ രംഗത്ത് നൽകിയ ഉന്നത സംഭാവനകൾക്ക് രാഷ്ട്രം പത്മഭൂഷണും പ്രധാനമന്ത്രിയുടെ സ്വദേശി പുരസ്കാരവും നൽകി ആദരിച്ചു. മുത്തച്ഛൻ നാരായണൻ മൂസിനെ 1924ൽ ബ്രിട്ടീഷ് വൈസ്രോയി 'വൈദ്യരത്ന' ബഹുമതി നൽകി ആദരിച്ചു. അച്ഛൻ ഇ.ടി നീലകണ്ഠൻ മൂസിന് 1992ൽ പത്മശ്രീ ലഭിച്ചു. 2010ൽ നാരായണൻ മൂസിന് പത്മഭൂഷണും ലഭിച്ചു. കേരളത്തിൽ ആദ്യകാലത്ത് 16 അഷ്ടവൈദ്യകുടുംബങ്ങൾ ഉണ്ടായിരുന്നത് ഇപ്പോൾ ആറാണ്. അതിൽ പ്രമുഖമാണ് ബ്രിട്ടീഷ് സർക്കാർ 'വൈദ്യരത്ന' ബഹുമതി നൽകിയ എളേടത്ത് മന. ശാരീരിക അവശതകളുണ്ടെങ്കിലും അടുത്തിടെ വരെ രോഗികളെ നോക്കിയിരുന്നു. ആയുർവേദം അംഗീകരിച്ച എട്ടു ശാഖകളിൽ സ്പെഷ്യലൈസ് ചെയ്യുമ്പോഴാണ് അഷ്ടവൈദ്യനാവുക. 1941ൽ നാരായണൻ മൂസിന്റെ അച്ഛൻ നീലകണ്ഠൻ മൂസാണ് വൈദ്യരത്നം ഔഷധശാല തുടങ്ങിയത്. 1954ൽ നാരായണൻ മൂസ് ചുമതലക്കാരനായി. കലിക്കറ്റ് സർവകലാശാലയ്ക്കു കീഴിലുള്ള ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജ്, നേഴ്സിങ് കോളേജ്, മൂന്ന് ഔഷധ നിർമാണ ശാല, കേന്ദ്ര ആയുഷ് വകുപ്പിന്റെ സെന്റർ ഓഫ് എക്സലൻസ് അംഗീകാരം നേടിയ ആയുർവേദ ഗവേഷണ കേന്ദ്രം, ചാരിറ്റി ഹോസ്പിറ്റൽ, മൂന്ന് ആയുർവേദ ഔഷധ ഫാക്ടറികൾ,നിരവധി ഔഷധശാലകൾ തുടങ്ങിയവയുടെ സ്ഥാപകനുമാണ് നാരായണൻ മൂസ്. ആയിരത്തിലധികം പേർക്ക് ഈ സ്ഥാപനങ്ങൾ തൊഴിൽ നൽകുന്നു. സതി അന്തർജനമാണ് ഭാര്യ. മക്കൾ: ഡോ. ഇ.ടി നീലകണ്ഠൻ മൂസ്, അഷ്ടവൈദ്യൻ ഇ.ടി പരമേശ്വരൻ മൂസ്, ഷൈലജ ഭവദാസൻ. നാരായണൻ മൂസ്സ് തൃശ്ശൂർ ജില്ലയിലെ തലോർ ഉപസഭാംഗമാണ്. തൃശ്ശൂർ ജില്ലാ ആതുരശുശ്രൂഷാ പദ്ധതിയായ ജീവാമൃതം ട്രസ്റ്റിന്റെ ചെയർമാൻ നീലകണ്ഠൻ മൂസ്സ് മകനാണ്.



ചാത്തമംഗലം അരീക്കര ഇന്ദിരയുടെ അമ്മ പൂലൂർ സരോജിനി അന്തർജനം



നായർകുഴി കരിപ്പാല ഇല്ലത്ത് ത്രിവിക്രമൻ നമ്പൂതിരി. കണ്ണിപറമ്പ് ഉപസഭ.



പെരുമണ്ണ കുട്ടമംഗലം മോഹനൻ നമ്പൂതിരി, പെരുമണ്ണ ഉപസഭ.



ഉച്ചക്കാവ് പന്നിക്കോട് നടുവിലേടം ശ്രീധരൻ നമ്പൂതിരിയുടെ സഹധർമ്മിണി ദേവകി അന്തർജനം.



കോഴിക്കോട് മക്കട കുന്നത്ത് ഇല്ലത്ത് ദേവകി അന്തർജനം



ഓർക്കാട്ടേരി പാറോളി ഇല്ലത്ത് കാരണവരായ ദാമോദരൻ നമ്പൂതിരി. വടകര ഉപസഭ.



മുക്കം ആനയാം കുന്ന് കമ്പളത്തില്ലത്ത് ശ്രീദേവി അന്തർജനം മുക്കം ഉപസഭ.



പെരുവള്ളൂർ പുത്തൂർ തെഞ്ചേരി വാസുദേവൻ നമ്പൂതിരി. ഭാര്യ പാലാഞ്ചേരി ജിഷ, മകൻ വിഷ്ണു



മരങ്ങാട് വാകയാട്ടില്ലം ഈശ്വരൻ നമ്പൂതിരി. മക്കൾ ഗീത ഡൽഹി. പ്രസാദ്. മുയിപ്പോത്ത് ഉപസഭാംഗം



പാണ്ടിക്കാട് എറിയാട് മനക്കൽ സാവിത്രി അന്തർജനം



കൊടക്കാട് വാസുദേവൻ നമ്പൂതിരിയുടെ (കാരശ്ശേരി മുക്കം) ഭാര്യ ശ്രീദേവി അന്തർജനം




കരിങ്ങമണ്ണ ഭാർഗ്ഗവി അന്തർജ്ജനം (ഭാർഗവി ഏടത്തി) താമരശ്ശേരി ഉപസഭ

## വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



മാടമന ഇല്ലത്ത് സുബ്രമ
ണ്യൻ നമ്പൂതിരി (90) തിരുവ
ണ്ണൂർ ശ്രീകൃഷ്ണപുരം ക്ഷേ
ത്രം മേൽശാന്തി ആയിരുന്നു.



കോഴിക്കോട് ഓമശ്ശേരി
എളമന ഇല്ലത്ത് ശ്രീധരൻ
നമ്പൂതിരി (കൊച്ചുണ്ണി).
നീലേശ്വരം ഉപസഭ



ചെത്തുകടവ് മായറുകര
ഇല്ലത്ത് പരേതനായ സൂര്യ
കുമാരൻ മൂസ്സതിന്റെ ഭാര്യ
രുക്മിണി അന്തർജനം



കാഞ്ഞങ്ങാട് പുല്ലൂർ ഗോശാല
ഇല്ലത്ത് പി.എസ്.ശിവപ്രസാദിന്റെയും
(തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമി
ക്ഷേത്രം കീഴ്ശാന്തി) വി.പി.ഹേമയുടെ
യും (മുൻ ചീഫ് സബ് എഡിറ്റർ, അമൃത
ടി.വി.) മകൻ സാകേത് സുബ്രഹ്മണ്യൻ (7)



വെള്ളിപറമ്പ് കൊറ്റിവട്ടം
ഇല്ലത്ത് ഉണ്ണികൃഷ്ണൻ
നമ്പൂതിരി
പെരുമണ്ണ ഉപസഭ



പെരുമണ്ണ കൽപ്പകശ്ശേരി
പാട്ടം ഇല്ലത്ത്
ഉമാദേവി അന്തർജനം.
പെരുമണ്ണ ഉപസഭ



വടകര പുത്തൂർ അക്ലോത്ത്
കോയിമീത്തില്ലത്ത്
സാവിത്രി അന്തർജനം .
വടകര ഉപസഭ

### ആദരാഞ്ജലികൾ.



ചെർപ്പുളശ്ശേരി പാതിരിക്കുന്നത്ത് മന
(കൊളപ്പുറം) കാരണവരായ ജാത
വേദൻ നമ്പൂതിരി (86) വിഷ്ണുപ
ദം പൂകി. മക്കൾ രുദ്രൻ നമ്പൂതിരി,
നീലകണ്ഠൻ നമ്പൂതിരി, നവീൻ
നമ്പൂതിരി, ഉമാദേവി അന്തർജനം, ശ്രീ
ദേവി അന്തർജനം . സഹോദരങ്ങൾ -
രുദ്രൻ നമ്പൂതിരി
( L ), അഷ്ടമൂർത്തി നമ്പൂതിരി ( L),
മാധവൻ നമ്പൂതിരി ( L), ശങ്കരൻ നമ്പൂ
തിരി, കൃഷ്ണൻ നമ്പൂതിരി, ചേവായൂർ
ഉപസഭാ പ്രസിഡണ്ട് നാരായണൻ
നമ്പൂതിരി , ലീല അന്തർജനം.



വടകര കുന്നംകുളങ്ങര
വെന്റിലൊറ്റ ഇല്ലത്ത്
പ്രകാശൻ നമ്പൂതിരി (45)
വടകര ഉപസഭ




കൊയിലാണ്ടി അരിക്കുളം
ആയമഠം (മൊളേരി )
ഇല്ലത്ത് കല്യാണിക്കുട്ടി
അന്തർജ്ജനം(77)



വടകര എളയടം ചിറക്കൽ
വെള്ളയോട്ടില്ലം കുഞ്ഞികൃഷ്
ണൻ നമ്പൂതിരി (95)
വടകര ഉപസഭ



പെരുമണ്ണ ഉപസഭയിലെ കൊറ്റി
വട്ടത്തില്ലത്ത് പരേതനായ ഉണ്ണി
കൃഷ്ണൻ നമ്പൂതിരിയുടെ
മകൾ രാധിക (25)



വടകര ഉപസഭാ പ്രസിഡണ്ട്
ഓർക്കാട്ടേരി കുനിയില്ലത്ത്
കേശവൻ നമ്പൂതിരിയുടെ
മാതാവ് ദേവകി അന്തർജനം



വൈക്കം മഹാദേവ ക്ഷേത്രത്തി
ലെ മുൻ കീഴ്ശാന്തി വടകര
കുട്ടോത്ത് കൊളായി ഇല്ലത്ത്
കെ.ശങ്കരൻ നമ്പൂതിരി (61)

### അഞ്ചാം ശ്രാദ്ധദിനം



**നടുവം രാമൻ നമ്പൂതിരി**
(വൃശ്ചികം 21 ഡിസംബർ 6)
ആദരാഞ്ജലികൾ
കോഴിക്കോട് സിറ്റി ഉപസഭ



മഞ്ചേരി പുല്പറ്റ തിരുവാലൂർ
കൃഷ്ണൻ നമ്പൂതിരി (86).
ഭാര്യ ചെറുതയ്യൂർ കീഴേടത്ത്
ദേവകി അന്തർജ്ജനം.



കാറൽമണ്ണ വേദഗുരുകുലത്തിലെ
പ്രധാനാചാര്യനും ആര്യസമാജത്തിലെ
ഉന്നതനായ വ്യാകരണാചര്യനുമാ
യിരുന്ന ആചാര്യ ചതുർഭുജ് ആര്യ(69)



കണ്ണൂർ ജില്ലയിലെ
തളിപ്പറമ്പ്കൊയ്യത്ത്
ചെപ്പന്നൂർ ഇല്ലത്ത്
കെ.സി. വാമനൻ നമ്പൂതിരി

**ശ്രാദ്ധങ്ങൾ അനുസ്മരിക്കാം
പരസ്യങ്ങൾക്ക് 500 രൂപ
വിളിക്കുക മൊബൈൽ 9745137987**

# എല്ലാ ലക്കങ്ങളും വായിക്കുന്ന ഒരാളാണ് ഞാൻ

സ്വസ്തിയുടെ എല്ലാ ലക്കങ്ങളും വായിക്കുന്ന ഒരാളാണ് ഞാൻ. ത്രൈമാസികയായിട്ടാണ് പ്രസിദ്ധീകരിക്കുന്നതെങ്കിലും ആ മൂന്ന് മാസത്തെ സർഗമൂല്യം കാത്ത് സൂക്ഷിക്കാൻ സ്വസ്തിക്ക് കഴിയുന്നത് അഭിമാനാർഹമാണ്. ഇത്തരം പ്രസിദ്ധീകരണങ്ങളാണ് സഭയുടെ വളർച്ചക്ക് ആക്കം കൂട്ടിയിട്ടുള്ളത്. വളരെമുമ്പ് തന്നെ നമുക്ക് പത്രമാധ്യമങ്ങൾ ഉണ്ടായിരുന്നു.



സാമൂഹ്യ നവോത്ഥാന പരിവർത്തനത്തിന് സർഗസംഭാവനകൾ നൽകാൻ അവക്ക് കഴിഞ്ഞിട്ടുണ്ട്. യോഗക്ഷേമ മാസിക, പാശുപതം, ഉണ്ണി നമ്പൂതിരി തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ ഉണ്ടായിരുന്നു. ശങ്കരാചാര്യസ്വാമികൾ മേൽപ്പത്തൂർ പൂന്താനം ചെറുശ്ശേരി തൊട്ട് വി.ടി, എം ആർ ബി ലളിതാംബിക അന്തർജനം കുറൂർ ഉണ്ണി നമ്പൂതിരിപ്പാട് ഇ. എം. എസ് നമ്പൂതിരിപ്പാട് തുടങ്ങി ഒട്ടേറെ സർഗധനർ നവോത്ഥാന പ്രക്രിയക്ക് വളർച്ച ഉണ്ടാക്കാനായി ശ്രമിച്ചിട്ടുണ്ട്. കേരളത്തെ പിടിച്ച് കുലുക്കിയ ഒരു നാടകമായിരുന്ന അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്നത്.സാഹിത്യം കല പ്രവർത്തനങ്ങളിലൂടെ വിപ്ലവാത്മകമായ ചലനങ്ങൾ സമുദായത്തിലും അതിലൂടെ സമൂഹത്തിലും ഉണ്ടാക്കിയെടുക്കാൻ നമുക്ക് കഴിഞ്ഞു. അത് പിന്തുടരാൻ സ്വസ്തി ത്രൈമാസികക്ക് കഴിയുന്നുണ്ട്. ഈ കോവിഡ് മഹാമാരിയെ മറികടന്ന് യോഗക്ഷേമസഭ പ്രവർത്തനങ്ങളിലെ കിതപ്പ് മാറ്റി കുതിപ്പാക്കി മാറ്റി പ്രവർത്തിക്കാൻ കഴിയട്ടെ എന്നും ആശംസിക്കുന്നു. ജയ് ജയ് യോഗക്ഷേമം.ആശംസകൾ.

**ടി. ആർ വല്ലഭൻ നമ്പൂതിരിപ്പാട്.**
സംസ്ഥാന പ്രസിഡന്റ് യോഗക്ഷേമസഭ

# പ്രിയപ്പെട്ട സ്വസ്തി പത്രാധിപർക്ക്

ഞാൻ ഹരി. കെ.സി. റവന്യു വകുപ്പിൽ വില്ലേജ് ഓഫീസറായി ജോലി ചെയ്യുന്നു. എനിക്കുണ്ടായ ഒരു ദുരനുഭവത്തെപ്പറ്റി സ്വസ്തിയിൽ എന്റേതായ വാക്കുകൾ എന്ന രീതിയിലുള്ള കുറിപ്പ് കാണാനിടയായി. കുറിപ്പ് പ്രസിദ്ധീകരിച്ചതിലെ ഉദ്ദേശശുദ്ധിയെ ബഹുമാനിക്കുന്നുവെങ്കിലും തെറ്റായ ചില വിവരങ്ങൾ, അതും ഞാൻ തന്നെ എഴുതുന്ന രീതിയിൽ വന്നതിൽ ദുഃഖം തോന്നുന്നതിനാലാണ് ഈ തിരുത്ത് അയയ്ക്കുന്നത്.

റവന്യൂ സ്റ്റാഫ് അസോസിയേഷൻ ഈ പ്രശ്നം ജില്ലാ കളക്റ്ററുടെ ശ്രദ്ധയിലെത്തിച്ചു എന്ന് എഴുതിയിരിക്കുന്നു. എന്നാൽ, രാഷ്ട്രീയ-സംഘടനാ ഭേദമെന്യേ എല്ലാവരും ഈ പ്രശ്നത്തിലിടപെട്ടിട്ടുണ്ട് എന്നതാണ് സത്യം . ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസസ് ഓർഗനൈസേഷൻ, കെ. ആർ. ഡി. എസ്. എ തുടങ്ങിയ സംഘടനകൾ ഈ പ്രശ്നത്തിൽ ശക്തമായി ഇടപെട്ട് ജില്ലാ കളക്ടറുടെ ശ്രദ്ധയിൽ പെടുത്തിയത് വിസ്മരിക്കാനാവില്ല. എൻ. ജി.ഒ യൂണിയനും ഈ പ്രശ്നത്തിൽ ശക്തമായി പിന്തുണച്ചിട്ടുണ്ട്. അതിനാൽ ഒരു സംഘടനയുടെ പേര് മാത്രം നൽകിയത് ശരിയായില്ല. എനിക്ക് മുത്തശ്ശിയില്ല. ചെറിയമ്മയും കുടുംബത്തിലില്ല. എന്റെ അമ്മയെ സംബന്ധിച്ച കാര്യമാണ് മുത്തശ്ശി എന്ന തരത്തിൽ കുറിപ്പിൽ എഴുതിയിരിക്കുന്നത്.

ദയവായി , അടിയന്തിരമായി തെറ്റുകൾ തിരുത്തി ത്രൈമാസികയിൽ പ്രസിദ്ധീകരിക്കണമെന്ന പേക്ഷിക്കുന്നു. 'ഞാൻ' എന്ന രീതിയിൽ നൽകുമ്പോൾ, ആ വ്യക്തിയെ വിളിച്ച് അന്വേഷിച്ച് ശരിയാണോ എന്നുറപ്പ് വരുത്തിയേ ഇത്തരം വാർത്തകൾ നൽകാവൂ എന്നും ഓർമ്മപ്പെടുത്തുന്നു. വാട്സാപ്പ്, ഫേസ് ബുക്ക് തുടങ്ങിയ നവ മാദ്ധ്യമങ്ങൾ വഴി വരുന്ന വാർത്തകളിൽ വളരെയധികം നുണകളും, തെറ്റുകളും കാണുന്നുണ്ട്. ആകയാൽ ഔദ്യോഗിക ജീവിതത്തെ ബാധിക്കുന്ന തരത്തിൽ തെറ്റായ വിവരങ്ങൾ നൽകരുതെന്നും ജാഗ്രതയോടെ മാത്രം 'സ്വസ്തി'യിൽ ലേഖനങ്ങളും കുറിപ്പുകളും നൽകണമെന്നും അപേക്ഷിക്കുന്നു. സ്നേഹത്തോടെ .

**ഹരി. കെ.സി** മണയത്താറ്റ് മന
മൊബൈൽ: 9020115211

### ○ നന്ദിയും സന്തോഷവും

നമസ്തേ ,ഇത്തവണത്തെ
സ്വസ്തി ( സ്ത്രീ സ്വസ്തി )
തപാലിൽ കിട്ടി .നന്ദിയും ഒപ്പം
സന്തോഷവും അറിയിയ്ക്കട്ടെ

ഡോക്ടർ ശ്രീഗംഗ ,ആലപ്പുഴ
**മൊബൈൽ:9447343069**

വായനക്കാരുടെ കത്തുകൾ വായനക്കാരുടെ കത്തുകൾ

ലോകത്തിലെ എല്ലാ നമ്പൂതിരി കൂട്ടായ്മകളിലും സ്വസ്തി എത്തുമെന്ന് ഉറപ്പു വരുത്തണം.മുൻപേജിലെ പേരുകൾ പ്രതീക്ഷ തരുന്നുണ്ട്. വരിസംഖ്യ പിരിക്കുന്ന കാര്യത്തിൽ ഒരു ശുഷ്കാന്തി കുറവുണ്ടോ? ഞാനൊക്കെ കുടിശ്ശിക ആയിട്ടുണ്ടാവും. ഒന്ന് നോക്കി പറഞ്ഞാൽ. അതോ വരിസംഖ്യയേക്കാൾ കൂടുതൽ ആളുകളിൽ എത്തിക്കുക എന്ന ഉത്സാഹം കൊണ്ടാണോ? ഒരു അഭിപ്രായം പറഞ്ഞില്ലെങ്കിൽ സുഖിപ്പിക്കാൻ പറഞ്ഞതാണെന്നു കരുതിയാലോ? അത് കൊണ്ട്.... അന്തർജ്ജനക്കുട്ടി എന്ന പ്രയോഗത്തിൽ ഒരു കല്ലുകടി തോന്നി. എന്റെ ഒരു ധാരണ പെങ്കൊടക്കു ശേഷമാണ് അന്തർജ്ജനം എന്നാണ്. അത് വരെ പെങ്കിടാവ്എന്റെ ധാരണ തെറ്റാവാം.

**രാമചന്ദ്രൻ ടി**
ഓഫീസർ,ധനലക്ഷ്മി ബാങ്ക്
മൊബൈൽ:
9496444500

### ○ വളരെ നല്ല സംരംഭം.

കെട്ടിലും മട്ടിലും അച്ചടിയിലും നല്ല
നിലവാരം പുലർത്തുന്നു.
ഉള്ളടക്കത്തിലും.
ഭാവുകങ്ങൾ നേരുന്നു.

**കൃഷ്ണൻ നമ്പൂതിരി കോടനാട്**
9605741529

ഉണ്ണിയേട്ടന്റെ ( സത്യ നാരായണൻ മുണ്ടയൂരിന്റെ) ഫ്ളാറ്റിൽ ആണ് ഞാൻ താമസിച്ചരുന്നതു 70കളിൽ, മുംബൈ ബോറിവിലിയിൽ. 3 –4 കൊല്ലം എന്റെ റൂം മേറ്റ് ആയിരുന്നു. കണ്ടൻചാത ഓയ്ക്യന്റെ തന്നെ ആദ്യം വായിച്ചു. അസ്സലായിട്ടുണ്ട്... ഇതൊക്കെ സ്വസ്തിയിൽ വന്നില്ലെങ്കിൽ ആരറിയാൻ.

**രവി തെക്കേടത്ത്**
മുംബയ് പൻവേൽ.
മൊബൈൽ:9867203567

ശുഷ്കാന്തി കുറവുണ്ടോ

### ധാരാളം കണ്ടന്റ്

വളരെ നന്നായിട്ടുണ്ട്. ധാരാളം കണ്ടന്റ് ഉണ്ടല്ലോ.പല കാറ്റഗറിയിൽ പെട്ടത്. പഴമ – പുതുമകളുടെ സമ്മിശ്രണം .കുറച്ചു കൂടി ചിത്രങ്ങൾ ഉൾപ്പെടുത്തിയാൽ നന്നായിരിക്കും എന്ന് തോന്നുന്നു.എഴുത്തിന്റെ ധരാളിത്തത്തിന് ഒരു ആശ്വാസം ആവും.

**തെഞ്ചേരി രാമചന്ദ്രൻ** .ബെംഗളൂരു ഉപസഭ മൊബൈൽ:9611108909

### കൊറോണ മയം

വല്യ മന്ത്രമൊക്കെ പഠിച്ചു, ഒരു നമ്പൂരി വ്യാഘ്രം ആയി. തിരിച്ചു നമ്പൂരി ആവാനുള്ള മന്ത്രം ആത്തേമ്മാര് ജപിച്ചു തളിക്കണം. വ്യാഘ്രത്തെ കണ്ട ആത്തേമ്മാരുടെ കിളി പോയി. നമ്പൂരിശ്ശൻ നരിയമ്മോനുമായി, കാടെ നമുക്ക് ഗതി... അന്ന് മുതലാവണം പുലി പുല്ലു തിന്നാൻ തുടങ്ങിയത്

**ബാണത്തൂർ കൃഷ്ണൻ നമ്പൂതിരി** മൊബൈൽ:9447338016

### ഭക്ഷണ സംസ്കാരം: പരാമർശം ഒഴിവാക്കാമായിരുന്നു

ജൂലായ് ലക്കത്തിൽ ഐ.എഫ്.എസിൽ പതിനെട്ടാം റാങ്ക് നേടിയ ആര്യശ്രീ യുമായുള്ളചർച്ചയിൽ വെജിറ്റേറിയനാണോ എന്നുള്ള ചോദ്യത്തിന് 'എഗ്ഗേ റിയനാണ്' എന്ന പരാമർശം കണ്ടു. യോഗക്ഷേമസഭയുടെ പ്രസിദ്ധീകരണ ങ്ങളിൽ ഇത്തരത്തിലൊരു പരാമർശം ഒഴിവാക്കാമായിരുന്നു. നമ്മുടെതിൽ നിന്നും വ്യത്യസ്തമായ ഈ ഭക്ഷണ സംസ്കാരം ബ്രാഹ്മണരുടെ ഭാവി തലമുറയ്ക്ക് ദോഷം വരുത്തും.

**അഡ്വ: കാഞ്ഞിരത്തോട്ടം ശങ്കരൻ നമ്പൂതിരി** എം.എ.എൽ എൽ ബി, മുൻ അസി. രജിസ്ട്രാർ കോഴിക്കോട് യൂനിവേഴ്സിറ്റി

### എഫർട്ടിന് ആദരങ്ങൾ; യുവാക്കൾക്ക് കരിയർ പാത്ത് വേണം

ജൂലായ് ലക്കം ഗംഭീരമായി .ഇതിനു പിന്നിലുള്ള വലിയ എഫർട്ടിന് ആദര ങ്ങൾ .ജയഗാഥകൾക്കൊപ്പം യുവാക്കൾക്ക് കരിയർ പാത്ത് കണ്ടു പിടിക്കാൻ സഹായകമായ ഫോൺ നമ്പറും മറ്റു വിവരങ്ങളും കൂടി കൊടുത്താൽ നല്ല താണ് .

**അഡ്വക്കറ്റ് ശ്രീകുമാർ .പി** മൊബൈൽ 9061802397

## വലിയ സർപ്രൈസ്



എന്നെപ്പറ്റിയുള്ള സ്വസ്തി ഫീച്ചർ വളരെ നന്നായി .സെക്രട്ടറിയേറ്റ് ജീവനക്കാരുടെ സർവ്വീസ് മാഗസിനിൽ വന്ന ചെറിയ വാർത്താസ്റ്റോറിയും മുഖ്യ പത്രങ്ങളിൽ വന്ന റാങ്കു വാർത്തയും മാത്രമായിരുന്നു ഇതുവരെ .ഇതാദ്യമായി ഞാൻ ഐ എഫ് എസ് നേടിയ വഴികൾ സമഗ്രമായി നൽകിയ പ്രസിദ്ധീകരണം സ്വസ്തിയാണ് .എന്റെ മുഖചിത്രം എനിക്ക് വലിയ സർപ്രൈസ് ആയി .അങ്ങിനെ പ്രൊജക്റ്റ് ചെയ്യാൻ മാത്രം ഞാനൊന്നുമല്ലല്ലോ എന്ന് തോന്നി .പ്രത്യേകിച്ചും ഈ ലക്കത്തിൽ തന്നെ ഉള്ള സോണിയച്ചേച്ചിയുടെ ഫീച്ചർ (അന്തർജനമല്ല അന്തർജീൻ) വായിക്കുമ്പോൾ .ആൾ ഇന്ത്യാ ഗോൾഡ് മെഡലിസ്റ്റ് ആണ് ചേച്ചി .

സ്വസ്തി ഫീച്ചർ ഷെയർ ചെയ്തത് വായിച്ച് ഞങ്ങളുടെ കുടുംബത്തിൽ പെട്ടവരും സുഹൃത്തുക്കളും വിളിച്ചു .നന്നായി എന്ന് പറഞ്ഞു. ഓരോ കാര്യങ്ങളും നിരവധി പ്രാവശ്യം എനിക്കയച്ച് വസ്തുതാപരമായ കറക്ഷൻ ഇല്ലെന്ന് ഉറപ്പു വരുത്തിയിരുന്നു .മനോഹരമായ സ്വസ്തിയുടെ പ്ര വർത്തകരോട് വലിയ നന്ദി.

**ആര്യശ്രീ ഐ.എഫ്.എസ്.** അസി. ഫോറസ്റ്റ് കൺസർവേറ്റർ. വാർദ്ധ. മഹാരാഷ്ട്ര മൊബൈൽ:8281912234

### അതി ഗംഭീരം



കൊറോണ വിശേഷങ്ങൾ അതി ഗംഭീരം... ഫലിത രസങ്ങൾ ആയതും, വിജ്ഞാന പ്രദമായ തും, അതിലേറെ അമ്മമാരുടെ മനസ്സിലെ നൊമ്പരം അടങ്ങിയതുമായ കാര്യങ്ങൾ... എല്ലാവരും മനസ്സിൽ തട്ടും വിധം അവതരിപ്പിച്ചു. ജൂലായ് സ്വസ്തിയുടെ ഉള്ളടക്കം അസ്സലായി...ട്ടോ. സ്നേഹം നിറഞ്ഞ.അഭിനന്ദനങ്ങൾ

ഗീത അരീക്കര , മൊബൈൽ: 8593972928

## കുമ്മിണി വൈദിക കുടുംബമല്ല

2020 ഏപ്രിൽ മാസത്തെ സ്വസ്തി ഇല്ലപ്പെരുമയിൽ മൊടപ്പിലാപ്പിള്ളി ഇല്ലത്തെക്കുറിച്ചുള്ള ലേഖനത്തിൽ അവിടത്തെ മഹളായ സാവിത്രി അന്തർജനത്തെ കനറാ ബാങ്ക് ഓഫീസറായ കുമ്മിണി വൈദികൻ വാസുദേവൻ നമ്പൂതിരി വേളി കഴിച്ചു എന്ന ഒരു പരാമർശമുണ്ട്. ഈ പറഞ്ഞ വാസുദേവൻ ഞാനാണ് .പക്ഷേ എന്റെ ഇല്ലമായ കുമ്മിണി വൈദിക കുടുംബമല്ല. മുത്തശ്ശൻമാരും മുത്തപ്ഫൻമാരും അതിലെ ഒരു അറിയപ്പെടുന്ന കണ്ണിയായി എന്റെ അച്ഛനും ഓത്തന്മാരായിരുന്നു എന്നല്ലാതെ വൈദികരല്ല. ഇക്കാര്യങ്ങളൊക്കെ നന്നായി അറിയുന്നവരും അത്ര അറിവില്ലാത്തവരുമായ നമ്മുടെ സമുദായക്കാർ ഇത് വായിക്കാനിടയായാൽ അവർ തെറ്റിദ്ധരിക്കാതിരിക്കാനാണ് ഇത് എഴുതിയത്. അറിയപ്പെടാത്ത പലരെയും പരിചയപ്പെടുത്തുന്ന ഒരു പ്രസിദ്ധീകരണമെന്ന നിലക്ക് വസ്തുതകൾ ശരിയാംവിധം അന്വേഷിച്ച് ഉറപ്പു വരുത്തി പ്രസിദ്ധീകരിച്ചാൽ നന്നായിരിക്കും .സ്വസ്തിക്ക് എല്ലാ ഭാവുകങ്ങളും നേർന്നുകൊണ്ട്.....

**കുമ്മിണി വാസുദേവൻ**
കവളപ്പാറ ഷൊർണൂർ
kumminisouth@gmail.com

### സ്വസ്തി തികച്ചും ശക്തിദായകം തന്നെ

നമസ്ക്കാരം ലേഖനങ്ങൾ തികച്ചും ശക്തിദായകം തന്നെ. എഴുത്തുകാർക്കും ഈ വനിതാരത്നങ്ങൾക്കും മഹാശയന്മാർക്കും എന്റെ അഭിവാദ്യങ്ങളും ആശംസകളും. പത്രാധിപസമിതി അംഗങ്ങൾക്കും ഈ രംഗത്തെ ശ്രദ്ധാപൂർവ്വമായ സംഭാവനകൾക്കും നന്ദിയും അഭിനന്ദനങ്ങളും. വാർഷിക വരിസംഖ്യ 5 കൊല്ലത്തെ ഒരുമിച്ചയക്കുന്നു 2019ലെ പഴയ അക്കങ്ങൾ തൃശ്ശൂർക്ക് അയച്ചാൽ മതി. അമ്മയ്ക്കും കുറച്ചു വായിക്കാമല്ലോ .വിലാസം:

M S Arya,
c/o Dr Sathish' Mundayoor
Flat No. 1002, 10th floor
Confident Vega,VINPY Nagar
Paravattani,Thrissur 680005
cell: 8089081969

**സത്യനാരായണൻ മുണ്ടയൂർ**
അരുണാചൽ പ്രദേശ് 9436228613



സ്വസ്തിക്കും പ്രിയങ്കരായ വായനക്കാർക്കും സംസ്ഥാന സമിതിയുടെ ഹൃദ്യമായ ആത്മാർത്ഥമായ അഭിനന്ദനങ്ങളും ആശംസകളും.

**എം.വി സുബ്രഹ്മണ്യൻ നമ്പൂതിരി**
ജനറൽ സെക്രട്ടറി
യോഗക്ഷേമസഭ
സംസ്ഥാന സമിതി



സ്വസ്തിയുടെ വായനക്കാർക്കെല്ലാം ആശംസകൾ.

**മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി**
യോഗക്ഷേമസഭ
സംസ്ഥാന ഉപാധ്യക്ഷൻ



മലയാളത്തിന്റെ അഭിമാനമായ സ്വസ്തി ത്രൈമാസികക്ക് എല്ലാവിധ മംഗളാശംസകളും നേരുന്നു.

**എസ്. രാധാകൃഷ്ണൻ പോറ്റി**
ജനറൽ സെക്രട്ടറി അഖില കേരള തന്ത്രി മണ്ഡലം

# സമുദായത്തിന്റെ മികച്ച പ്രസിദ്ധീകരണമായി മാറി



ബ്രാഹ്മണ്യം മാസികക്ക് കൈത്താങ്ങായി വർത്തിക്കേണ്ടി വന്ന ആ സുവർണ കാലത്തെ സ്മരണകളാണ് എന്റെ മനസ്സിലേക്ക് ഓടിയെത്തുന്നത്.പിന്നീട് കുറെ കാലം കഴിഞ്ഞാണ് കോഴിക്കോട് നിന്നും ഒരു നമ്പൂതിരി പ്രസിദ്ധികരണം സ്വസ്തി എന്ന പേരിൽ ഉദയം ചെയ്തു എന്നറിഞ്ഞത്. സ്വസ്തിയുടെ വളർച്ചയുടെ പടവുകൾ അതിശീഘ്രഗതിയിൽ അയിരുന്നു. നമ്പൂതിരി സമുദായത്തിന്റെ മികച്ച ഒരു പ്രസിദ്ധീകരണമായി സ്വസ്തി ഇതിനകം മാറിക്കഴിഞ്ഞു.കലുഷിതമായിരിക്കുന്ന നമ്പൂതിരിയുടെ ജീവിത പ്രാരബ്ധങ്ങളാൽ വഴികാട്ടിയായി സഹചാരിയായി സരസ്വതി പ്രസാദമായി സ്വസ്തി ഇനിയും നീണ്ട കാലം വിരാജിക്കട്ടെ എന്നാശംസിക്കുന്നു.

**പ്രൊഫ.ചെമ്മരം നാരായണൻ നമ്പൂതിരി**
ട്രഷറർ യോഗക്ഷേമസഭ
സംസ്ഥാന സമിതി.

# കൃത്യമായി എല്ലാ ലക്കങ്ങളും വായിക്കാറുണ്ട്



നമ്പൂതിരി സമുദായം വളരാൻ വേണ്ടത് ബൗദ്ധികമായ വളർച്ചയാണ്. അംഗബലം കൊണ്ട് നേടിയെടുക്കാൻ കഴിയുന്ന വിഷയങ്ങൾക്ക് ഉപരി ബൗദ്ധികമായ വളർച്ച. കൃത്യമായ ദിശാബോധത്തോടെ ചിന്തിക്കാനും സംസ്കാരം വളർത്താനും ശങ്കരാചാര്യസ്വാമികൾ പറഞ്ഞ പോലെ എല്ലാം ഒന്നായി കാണാനുള്ള വിശാലതയും നമുക്ക് ഉണ്ടാവണം. സംസ്ഥാന അധ്യക്ഷൻ എന്ന നിലയിൽ പ്രവർത്തിച്ചിരുന്ന കാലം തൊട്ടെ കോഴിക്കോട് നല്ലൊരു ഉയർന്നസാംസ്കാരിക പശ്ചാത്തലം ഉണ്ടെന്നും ബൗദ്ധികമായ വളർച്ചക്ക് ഏറെ സാധ്യതയുണ്ടെന്നും എനിക്കറിയാം.

എത്ര തന്നെ സാമ്പത്തിക ശേഷിയുണ്ടെന്നാലും ഒരു ഒറ്റത്തോർത്തുടുത്ത് ലളിതമായി ജീവിക്കാനുള്ള പരിശീലനം നമ്മുടെ പൂർവികർ നമുക്ക് തന്നിട്ടുണ്ട്.നമ്പൂതിരിയുടെ സദ്യയിലെ ഏറ്റവും പ്രധാനവിഭവം ഓലനാണെന്ന് പറയാറുണ്ട്. എന്നു വെച്ചാൽ എത്ര തന്നെ സമ്പത്ത് ഉള്ള ആളാണെങ്കിലും ഭക്ഷണത്തിലും വേഷത്തിലും നമ്പൂതിരി മിതത്വവും ലാളിത്യവും ഉള്ള ജീവിതത്തിന് ഉടമയായിരുന്നു എന്നത് തന്നെയാണ്. നമ്പൂതിരി സംസ്കാരം നമ്മുടെ നാട്ടിൽ നിന്ന് അന്യം നിന്ന് പോകാതിരിക്കാനുള്ള ബൗദ്ധിക പ്രവർത്തനമായാണ് സ്വസ്തിയുടെ വളർച്ചയെ ഞാൻ വീക്ഷിക്കുന്നത്.

കൃത്യമായി എല്ലാ ലക്കങ്ങളും ഞാൻ വായിക്കാറുണ്ട്. സ്വസ്തിയുടെ വായനക്കാർക്കെല്ലാം ഹൃദ്യമായ ആശംസകൾ നേരുന്നു. ഇനിയും ഒരുപാട് ഉയരങ്ങളിലേക്ക് ഉയരാൻ കഴിയട്ടെ എന്നും ആശംസിക്കുന്നു.

**അക്കീരമൺ കാളിദാസ ഭട്ടതിരിപ്പാട്**
മുൻ സംസ്ഥാന അധ്യക്ഷൻ
യോഗക്ഷേമസഭ

# വായിക്കുമ്പോൾ ലഭിക്കുന്നത് ഒരു പോസിറ്റീവ് ഫീലിങ്ങാണ്




സ്വസ്തി വായിക്കുമ്പോൾ ലഭിക്കുന്നത് ഒരു പോസിറ്റീവ് ഫീലിങ്ങാണ്. വിപണിയിലിപ്പോൾ ഇറങ്ങുന്ന പല മാസികകളും വായിക്കുമ്പോൾ വിഷമവും വേദനയുമാണ്. ഒരു കൂട്ടുകുടുംബാന്തരീക്ഷത്തിലേക്ക് എത്തിച്ചേർന്ന ഒരു മധുരാനുഭൂതിയാണ് സ്വസ്തിയുടെ ഓരോ വായനയും .

ഓരോ വിഭവങ്ങളും വേറെ വേറെയല്ല ഇതിൽ ഉൾച്ചേർത്തിരിക്കുന്നത്. എല്ലാം കൂടി സമഞ്ജസമായി യോജിച്ച് ചേർന്നതാണ്. ഒരു കൂട്ടുകുടുംബത്തിലെത്തി അവിടെത്തെ എല്ലാവരുമായി സംസാരിക്കുന്നതു പോലൊരു മധുരാനുഭൂതി. ചുരുങ്ങിയ കാലത്തിനുള്ളിൽ ഇത്രയധികം പേർ വരിക്കാരായി ചേർന്നതും കോഴിക്കോട് ജില്ലയുടെ പ്രസിദ്ധീകരണമായിട്ടും കേരളമൊട്ടാകെ പ്രചരിക്കാനുമൊക്കെ കാരണം അതായിരിക്കാം. വിവിധ മത്സര പരിക്ഷകളിലും ജോലികളിലും വളരെ ഉയർന്ന സ്ഥാനങ്ങളിലും പദവികളിലുമെത്തി ചേർന്ന കുട്ടികൾ യുവജനങ്ങൾ മുതിർന്നവർ അവരെയൊക്കെ കുറിച്ചുള്ള ലേഖനങ്ങൾ ഇതെല്ലാം നമുക്ക് നൽകുന്നത് നന്മയിലെക്കുള്ള നറും വെളിച്ചമാണ്. ഒരുതരം പ്രൗഡ് ഫീലിങ്ങ്. അല്ലെങ്കിൽ ഫീൽ ഓഫ് പൊസസ്സീവനെസ് ഒക്കെയാണ് സമ്മാനിക്കുന്നത് . ഇവരൊക്കെ നമ്മുടെയാണെന്ന തോന്നൽ ഉണ്ടാക്കുന്ന തരത്തിലാണ് സ്വസ്തി അവതരിപ്പിക്കുന്നത്. ഓരോ പേജും ഏറെ നല്ലതാണ്.

**ഡോ. പി വിനോദ് ഭട്ടതിരിപ്പാട്.**
കോഴിക്കോട് ഫോറൻസിക് വിദഗ്ദ്ധൻ.

# വിവിധ ജേതാക്കൾക്ക് സ്വസ്തിയുടെ അനുമോദനങ്ങൾ

**മികച്ച നേട്ടം കൈവരിച്ച പ്രതിഭകൾക്ക് അഭിനന്ദനങ്ങൾ. തുടർന്നുള്ള കാലത്തും ഇതുപോലെ നേട്ടമുണ്ടാക്കാൻ ഈശ്വരാനുഗ്രഹം ഉണ്ടാവട്ടെ!**



ആകാശവാണിയുടെ ഓഡിഷൻ ടെസ്റ്റിൽ ഫ്ളൂട്ടിന് ബി ഗ്രേഡ് കിട്ടിയ പുളിപ്പിലാശ്ശേരി ഗോപിനാഥൻ നമ്പൂതിരി. ഫറോക്ക് ഉപസഭ.



എൻഐടി കാലിക്കറ്റ് നിന്നും മെക്കാനിക്കൽ എൻജി. ഫസ്റ്റ് റാങ്ക് ശ്രീപതി. s/o ബാലകൃഷ്ണൻ മാസ്റ്റർ - തൃക്കരിപ്പൂർ വനിതാസഭ പ്രസിഡണ്ടു ജയശ്രീ ടീച്ചർ



പ്ലസ് ടു വിന് അഞ്ച് എ പ്ലസും ഒരു എ യും അനഘ ശ്രീറാം. കൈനാട്ടി എടക്കഴിപ്പുറം ഇല്ലത്ത് ശ്രീരാമൻ നമ്പൂതിരിയുടെയും ബിന്ദു അന്തർജ്ജനത്തിന്റെയും മകളാണ്- വടകര ഉപസഭ



യു.എസ്.എസ്. /സംസ്കൃതം സ്കോളർഷിപ്പ് നേടിയ കാലടി ശങ്കരാചാര്യ സംസ്കൃതം സ്കോളർഷിപ്പിന് അർഹയാകുകയും ചെയ്ത ആർദ്ര ടി.എസ്.



+2 വിന് ഫുൾ എപ്ലസ് നേടിയ എടവല്യം പുരുഷോത്തമ ശർമ്മയുടെ മകൻ രോഹിത് ശർമ്മ കൊയിലാണ്ടി ഉപസഭ



+2 വിന് 92% മാർക്ക് നേടിയ കിഴക്കേ പുതുവാരിടം കേശവൻ നമ്പൂതിരിയുടെ മകൻ ദേവനാരായണൻ, ചാത്തമംഗലം ഉപസഭ



+2 വിന് 95% മാർക്ക് നേടിയ കുഴിപ്പുറം കൃഷ്ണൻ നമ്പൂതിരിയുടെ മകൾ മാളവിക, ചാത്തമംഗലം ഉപസഭ



എസ് എസ് എൽ സി ക്ക് മുഴുവൻ എ പ്ലസ് നേടിയ കല്ലറ സുരേഷ് ബാബുവിന്റെ മകൾ ശാശ്വതി. താമരശ്ശേരി ഉപസഭ.



എസ് എസ് എൽ സി പരീക്ഷയിൽ മുഴുവൻ എ പ്ലസ് നേടിയ ആർദ്ര മങ്ങത്തായ D/o സതീശൻ മങ്ങത്തായ, പെരുമണ്ണ ഉപസഭ



+2 വിന് 95.1% മാർക്ക് നേടിയ താമരക്കുളം ടി.കെ.നാരായണൻ നമ്പൂതിരിയുടെ മകൾ അഞ്ജന, മുക്കം ഉപസഭ



+ 2വിന് ഫുൾ എപ്ലസ് നേടിയ മാധവപ്പള്ളി ശങ്കരനാരായണൻ നമ്പൂതിരിയുടെ മകൾ ധനശ്രീ ശങ്കർ, കൊയിലാണ്ടി ഉപസഭ



+2 വിന് മുഴുവൻ എ വൺ നേടിയ ആദിത്യ കേശവ് S/o കേശവൻ നമ്പൂതിരി, അകപ്പുറത്തില്ലം, കൊയിലാണ്ടി ഉപസഭ



എസ് എസ് എൽ സി എ പ്ലസ് നേടിയ ബാണത്തൂർ ഹരികൃഷ്ണൻ നമ്പൂതിരിയുടെ മകൻ വിവേക് നാരായണൻ . പെരുമണ്ണ



പ്ലസ് ടു വിന് മുഴുവൻ എ വൺ നേടിയ പുത്തൂർ മുതുമന ഇല്ലത്ത് മനോജ് നമ്പൂതിരിയുടെ മകൾ നന്ദന. നീലേശ്വരം



എസ് എസ് എൽ സി ക്ക് മുഴുവൻ എ പ്ലസ് നേടിയ കളം വേണുനാഥിന്റെ മകൾ ഗായത്രി . ബാലുശ്ശേരി ഉപസഭ



എസ് എസ് എൽ സി ക്ക് മുഴുവൻ എ പ്ലസ് നേടിയ കുനിയില്ലത്ത് ദാമോദരൻ നമ്പൂതിരിയുടെ മകൾ സ്നേഹ . വടകര ഉപസഭ



പ്ലസ് ടു എ പ്ലസ് അജയ് കൃഷ്ണൻ. s/oഒാർക്കാട്ടേരി അലിയങ്ങൽ നാരായണൻ നമ്പൂതിരി - ശ്രീവത്സ അന്തർജനം വടകര ഉപസഭ



അനസ്തേഷ്യ സ്പെഷ്യാലിറ്റിയിൽ പി.ജി. അഡ്മിഷൻ നേടിയ ഡോ. അഞ്ജു പി.എം. (എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ). പന്നിക്കോട് ചെറുവക്കാട്ട് ഇല്ലത്ത് (വൈഷ്ണവം) കേശവൻ നമ്പൂതിരിയുടെയും ശശികലയുടെയും മകൻ ഡോ. വിഷ്ണു സായി പ്രസാദിന്റെ പത്നിയാണ്. പടിഞ്ഞാറെപ്പാട്ട് ഇല്ലത്ത് മാധവൻ നമ്പൂതിരിയുടെയും ജയശ്രീയുടെയും മകളാണ്

**വിദ്യാരംഭം ആശംസകൾ**



**പാർത്ഥിവ് നാരായണൻ. ഇ**

S/o ശ്രീകാന്ത്. ഇ &ആരതി. P. S എടവല്ല്യത്തില്ലം കൊയിലാണ്ടി



എസ് എസ് എൽ സി എ പ്ലസ് വേണാട്ട് ദാമോദരൻ നമ്പൂതിരിയുടെ മകൻ നന്ദകുമാർ . ബാലുശ്ശേരി ഉപസഭ



എസ് എസ് എൽ സി എ പ്ലസ് അനിരുദ്ധ് കേശവ്, S/o സജീവ് എ.കെ., അകപ്പുറത്തില്ലം, കൊയിലാണ്ടി ഉപസഭ



എസ് എസ് എൽ സി ക്ക് മുഴുവൻ എ പ്ലസ് നേടിയ മുത്തേടം ബിജു നമ്പൂതിരിയുടെ മകൾ ഭദ്ര . കക്കോടി ഉപസഭ

# എല്ലാം അമ്മയുടെ അനുഗ്രഹം



**കൊറോണ മൂലം മധ്യവേനലവധിയും സ്കൂൾ പ്രവേശനോത്സവവും നഷ്ടപ്പെട്ട് ടി.വി. യ്ക്കും കമ്പ്യൂട്ടറിനും ഓൺലൈൻ ക്ലാസുകൾക്കുമിടയിൽ മറ്റൊരു ലോകത്തിലെത്തിപ്പെട്ട കുട്ടികൾ പലരും പല തരത്തിലാണ് സമയം ചെലവഴിച്ചത്. പഴങ്ങോട്ടുപറ്റ ജയന്റേയും ഉമയുടെയും മകൾ ആര്യ സമയം അവിസ്മരണീയമാക്കിയത് മഹദ് വ്യക്തിത്വങ്ങളുമായി ഓൺലൈൻ സംഭാഷണത്തിലൂടെ സ്നേഹം പങ്കുവെച്ചാണ്. കൈതപ്രം ദാമോദരൻ നമ്പൂതിരിയുമായി ആര്യ നടത്തിയ ഓൺലൈൻ സംഭാഷണത്തിലെ ചില ഭാഗങ്ങൾ.**

ആര്യ: നമസ്കാരം മുത്തശ്ശാ... മുത്തശ്ശന്റെ പാട്ടുകളെനിക്കിഷ്ടാണ്. പ്രത്യേകിച്ചും ദേശാടനം, കളിയാട്ടം.... ആദ്യത്തെ പാട്ടേതാണ്?

കൈതപ്രം ദാമോദരൻ നമ്പൂതിരി: ആര്യമോളെ കൈതപ്രം മുത്തശ്ശന് സന്തോഷായീട്ടോ.കവിത ധാരാളം വായിക്കുകയും എഴുതുകയും ചെയ്തിരുന്നു. അനുഭവങ്ങൾ ചാലിയ്ക്കുക എന്നൊക്കെ കേട്ടിട്ടില്ലേ? നാടകത്തിലും തരംഗിണി കാസറ്റുകളിലുമാവും (ഗ്രാമീണ ഗാനങ്ങൾ)ആദ്യം പാട്ടെഴുതിയിട്ടുണ്ടാവുക. ഡയറക്ടർ ഫാസിലാണ് സിനിമയിൽ ആദ്യമായി അവസരം തരുന്നത്. സിനിമ എന്നെന്നും കണ്ണേട്ടന്റെ.

ആര്യ: കുട്ടിക്കാലത്തെക്കുറിച്ചും ഇല്ലപ്പെരുമയെക്കുറിച്ചും കണ്ണാടിപ്പുഴയെക്കുറിച്ചും ഒന്നു പറഞ്ഞു തരാമോ?

കൈതപ്രം: നിറച്ച് ഇല്ലങ്ങളാണ് കൈതപ്രത്ത്. വളഞ്ഞൊഴുകുന്ന പുഴ. മൂന്നമ്പലങ്ങൾ. പുഴയിൽ ചാടാനും നീന്താനും ഒക്കെ പഠിച്ച കാലം.

ആര്യ: മുത്തശ്ശൻ കവിതാ ലോകത്തേയ്ക്കു വന്നതെങ്ങനെയാണ്? സഹായികൾ? വഴികാട്ടികൾ?

കൈതപ്രം: കുറേ പേരുണ്ട്. കാവാലം, നെടുമുടി വേണു, പി.സി. തോമസ്, സിനിമയിൽ ഡയറക്ടർ ഫാസിൽ...

ആര്യ: മുത്തശ്ശനേറ്റവും ഇഷ്ടപ്പെട്ട വരികൾ എനിയ്ക്കൊന്നു പാടിത്തരാമോ?

കൈതപ്രം: ആറ്റു നോറ്റുണ്ടായൊരുണ്ണീ... അമ്മ കാത്തു കാത്തുണ്ടായൊരുണ്ണീ... സിനിമ ജയരാജന്റെ ശാന്തം ആണ് ട്ടോ.

ആര്യ: മുത്തശ്ശന് കിട്ടിയ അവാർഡുകൾ?

കൈതപ്രം: ധാരാളം അവാർഡുകൾ ഉണ്ട്. സ്റ്റേറ്റ് അവാർഡുകൾ 5 എണ്ണം. രചനയ്ക്കും സംഗീതത്തിനും അവാർഡ് കിട്ടിയിട്ടുണ്ട്.

ആര്യ: മുത്തശ്ശന്റെ ഇല്ലത്ത് മൂകാംബികേന്നു കൊണ്ടുവന്ന കെടാവിളക്ക് ഉണ്ട് എന്നു കേട്ടിട്ടുണ്ട്.

കൈതപ്രം: ശരിയാണ് മോളെ.ഇല്ലത്തെപ്പോഴും ഒരാളുണ്ടാവും.മൂകാംബികയിലെ വിളക്ക് ഇരുപതു കൊല്ലമായി കെടാവിളക്കായി സൂക്ഷിയ്ക്കുന്നു. മനസ്സിനും കുടുംബത്തിനും ഐശ്വര്യമാണ്. അവിടത്തെ ശാന്തിക്കാർക്കു പോലും പറ്റുന്നുണ്ടോയെന്നറിയില്ല. എല്ലാം അമ്മയുടെ അനുഗ്രഹം.



**മൂകാംബികയിലെ വിളക്ക് ഇരുപതു കൊല്ലമായി കെടാവിളക്കായി സൂക്ഷിയ്ക്കുന്നു. മനസ്സിനും കുടുംബത്തിനും ഐശ്വര്യമാണ്.**

ആര്യ. സ്കൂൾ കാലത്തെ മറക്കാനാവാത്ത അനുഭവം പറയാമോ? സമരമൊക്കെ ഉണ്ടായിരുന്നോ?

കൈതപ്രം: ഏറ്റവും നല്ല കാലമല്ലേ സ്കൂൾ കാലം. അഞ്ചാം ക്ലാസിൽ പഠിയ്ക്കുന്ന സമയത്തായിരുന്നു വിമോചന സമരം. ക്ലാസ് കട്ട് ചെയ്ത് പോയി നിൽക്കും.

ആര്യ: പാട്ടെഴുതുമ്പോൾ എന്തൊക്കെയാണ് ശ്രദ്ധിക്കേണ്ടത്? മുത്തശ്ശൻ രാവിലെയാണോ രാത്രിയാണോ എഴുതാറ്?

കൈതപ്രം: നല്ല വാക്കുകൾ, നല്ല സന്ദർഭം, നല്ല ആശയം .മനസ്സ് തയാറായാൽ എപ്പോളുമെഴുതാം. ആശയങ്ങളും വാക്കുകളും ഡയറിയിൽ കുറിച്ചു വയ്ക്കാറുണ്ട്. എഴുതാനിഷ്ടം വെളുപ്പാൻ കാലത്താണ്.

ആര്യ: മുത്തശ്ശന് ഞങ്ങൾ കുട്ടികളോട് എന്തൊക്കെയാണ് പറഞ്ഞു തരാനുള്ളത്?

കൈതപ്രം: ധാരാളം വായിയ്ക്കുക. കൃഷ്ണപ്പാട്ട്, രാമായണം, സുഗതകുമാരി ടീച്ചറുടെ കവിതകൾ എല്ലാമെല്ലാം. എന്നാലെഴുതാനും പാടാനും പറ്റും. ഇപ്പൊ കൊറോണക്കാലമല്ലേ? ലോക്ക് ഡൗൺ നിയമങ്ങൾ പാലിയ്ക്കാം. നമ്മുടെ സംസ്കാരത്തെ അറിയാനായി ആദ്യം സംസ്കൃതം പഠിക്കാം. ഇതേ ഉള്ളൂ എനിക്ക് പറയാൻ. കോഴിക്കോട്ട് വരുമ്പോൾ എല്ലാവരും കുടി ഇവിടെ വരണം ട്ടോ.




**നന്ദകിഷോർ** ഡി.എസ്.വേണാട്ടില്ലം
ഓർക്കാട്ടേരി നോർത്ത് യു.പി.സ്കൂൾ (നാലാം തരം)





**കേശവ് ദേവ്**
മലയമ്മ ഇല്ലം
കരുവശ്ശേരി,
കക്കോടി ഉപസഭ
അച്ഛൻ: ലിനീഷ് വാ
സുദേവൻ നമ്പൂതിരി,
അമ്മ-ശുഭ
വേദവ്യാസ സ്കൂൾ -
VI ക്ലാസ്സ്





**നിഹാരിക പി.**
D/o പി.വാസുദേവൻ
പെരിഞ്ചീരി ഇല്ലം
ആലത്തൂർ, തിരൂർ





**റാംശങ്കർ.പി.**
First Std.
പേരൂർ ഇല്ലം
S/o വാസുദേവൻ &
രഞ്ജിനി



നരിയങ്ങൽ തലപ്പണ
മേലേ കീടേരി
D/o എൻ.ടി.നാരായണൻ

# കരുതൽ

**പാർവതി എൻ.ടി.**

പിറന്നു വീണതു ചൈനയിലയ്യാ
ഒരു വിത്ത് മണ്ണിൽ നടുമ്പോൾ
മനസ്സിൽവളരുകയാണ്
പ്രതീക്ഷതൻ മാമരം
ജലകണമിറ്റു പകർന്നീടുമ്പോൾ
ആശതൻ സാഗരം
പകരുകയാണു ഞാൻ
ഒരു കുഞ്ഞു പുതുനാമ്പ്
തല പൊക്കിടുമ്പോൾ
പൂത്തുതളിർക്കുകയാണെന്റെ മാനസം
ഒരു കൊച്ചു ചെടിയായ് വളർന്ന നേരം
തുടികൊട്ടിയാഹ്ലാദമെൻ മനസ്സിൽ
കുളിർ കാറ്റു വന്നു തണുപ്പു നൽകി
മഴയൊന്നു ചാറി ജലം പകർന്നു
സൂര്യൻ ജ്വലിച്ചു വെയിൽ പകർന്നു
ഞാനെന്റെ കയ്യാൽ തലോടി മെല്ലെ
ഇല വന്നു പൂ വന്നു
കായ്കൾ വന്നു
ഒടുവിൽ വലിയ വിളവു തന്നു
സ്നേഹവും കരുതലും നൽകുവോളം
ആഹ്ലാദമേറിടും ജീവിതത്തിൽ



പ്ലസ് ടു സയൻസ്
ഗവ: കാമ്പസ്
എച്ച്.എസ്.എസ്.
കോഴിക്കോട്

# എന്റെ പപ്പി

**സുവർണ്ണ മുല്ലപ്പള്ളി**

ഉമ്മറ വാതിൽ പടിയുടെ മേലെ
കാലും നീട്ടി മയങ്ങും
കണ്ണുകൾ രണ്ടും ചിമ്മിച്ചിമ്മി
കൂട്ടിനകത്തു കിടക്കും
കുരച്ചു ചാടി കള്ളന്മാരെ
വിരട്ടിയാട്ടിയകറ്റും
എന്നെ കണ്ടാൽ വാലാട്ടിക്കൊ-
ണ്ടടുത്ത് ചുറ്റും കൂടും
പപ്പീയെന്നൊരു വിളികേട്ടാലുട-
നടുത്തു വന്നു കിടക്കും
തൊട്ടുതലോടാനടുത്തു നിൽക്കും
മുഖത്തു നോക്കും മുരളും
നീളൻ വടിയെൻ കയ്യിൽ കണ്ടാൽ
ഓടും ദൂരെക്കകലും
സ്നേഹംമാത്രം തിരിച്ചു തന്നിടു-
മിവനാണെൻ പ്രിയ പപ്പി

# ചുവന്ന റോസാപ്പൂ



**നീരജ്കൃഷ്ണ പി**
S/o മധുസൂദനൻ പുത്തില്ലം
ബേപ്പൂർ നോർത്ത്
കോഴിക്കോട്.673015

ഇന്ന് രാവിലെ മകൻ രാജീവന്റെ കൂടെ പെണ്ണ് കാണാൻ പോയതായിരുന്നു വാസുദേവൻ. തിരിച്ചു വീട്ടിൽ എത്തിയത് മുതൽ വല്ലാത്തൊരു ആലോചന. അതുകണ്ടു ഭാര്യ രമ ചോദിച്ചു.

'നിങ്ങൾക്ക് ഇത് എന്ത് പറ്റി? ഇന്ന് പെണ്ണുകണ്ടു വന്നപ്പോൾ മുതലുള്ള ഇരിപ്പാ. എന്താണ് ആലോചിക്കുന്നത്? കല്യാണത്തെപ്പറ്റിയാണോ?'

'ഒന്നുമില്ല'. വാസു പറഞ്ഞു. അയാൾ തന്റെ പിൻകാല സ്മരണകളിലേക്ക് ഊളിയിട്ടു.

വടക്കേടത്ത് രാഘവന്റെയും മീനാക്ഷിയുടെയും മകനാണ് വാസുദേവൻ. ഗ്രാമഭംഗിയിൽ വളർന്ന സുന്ദരൻ. മോന്റെ കണ്ണ് വളരെയധികം ആകർഷണീയവും തിളക്കമാർന്നതുമാണെന്ന് അമ്മ എപ്പോഴും പറയും. ചുവപ്പ് ഏറെ പ്രിയമുള്ള ആളാണ് വാസു. പ്രത്യേകിച്ചു ചുവന്ന റോസാപൂ.

അവൻ വളർന്ന് കൗമാരത്തിലെത്തി. ഒരിക്കൽ അവനും കൂട്ടുകാരനും പാടവരമ്പത്തുകൂടെ നടക്കുകയായിരുന്നു. അങ്ങനെ നടക്കുമ്പോൾ പെട്ടെന്ന് വാസു കല്ലിൽ കാലുടക്കി വീണു. ഒരു മധുരമായ ചിരി അവനവിടെ കേട്ടു. നോക്കുമ്പോൾ എതിർ ദിശയിൽ രണ്ട് പെൺകുട്ടികൾ. ചിരിച്ച പെൺകുട്ടിയുടെ മുഖത്തേക്ക് വാസു നോക്കി. ചുവന്ന റോസാപ്പൂ പോലത്തെ ചുണ്ടുകൾ. വിടർന്ന പനങ്കുലകൾ പോലത്തെ കാർകൂന്തൽ. ചിരിക്കുമ്പോൾ ചുണ്ടിൽ നിന്ന് പവിഴമണികൾ വീണുകൊണ്ടിരുന്നു. അവൾ വാസുവിന്റെ കണ്ണിലേക്ക് തന്നെയാണ് നോക്കുന്നത്. സൂര്യനെപ്പോലെ ജ്വലിക്കുന്ന തിളക്കമാർന്ന കണ്ണുകൾ. അവൻ എഴുന്നേറ്റ് എന്തെങ്കിലും പറയുന്നതിന് മുമ്പേ അവർ പോയിരുന്നു. വാസുവും അവളും ഒന്നിച്ചു തിരിഞ്ഞുനോക്കി. ചുണ്ടിൽ നിന്ന് പവിഴമണികൾ വീണുകൊണ്ടിരുന്നു. കണ്ണുകൾ തിളങ്ങിക്കൊണ്ടിരുന്നു. ആ മുഖം അവന് മറക്കാനായില്ല.

വർഷങ്ങൾ നീങ്ങി. അവൻ ആ പാടവരമ്പത്ത് കൂടെ നടക്കുകയായിരുന്നു. പെട്ടെന്ന് ഒരു മഴ. അവൻ ഓടി ഒരു മരച്ചുവട്ടിൽ നിന്നു. പെട്ടന്ന് രണ്ട് പെൺകുട്ടികൾ ഓടി വരുന്നത് കണ്ടു. അതിൽ ഒരാൾ ആ മരച്ചുവട്ടിൽ കയറി. മറ്റെയാൾ ഓടി. വാസു അവളെ ഒന്ന് നോക്കി. പനങ്കുലപോലത്തെ മുടി. റോസാപ്പൂ ചുണ്ട്. അവന് ഓർമ്മകൾ പിന്നിലേക്കോടി. അവൾ അവനെയും നോക്കി. തിളങ്ങുന്ന കണ്ണുകൾ. മഴ അവരെ തഴുകികൊണ്ടിരുന്നു. അല്പം സമയത്തെ മൗനം ഭേദിച്ച് വാസു ചോദിച്ചു.

'പേരെന്താ'.

'വിമല' അവൾ പറഞ്ഞു.

കൂടുതലെന്തോ ചോദിക്കണമെന്നുണ്ടായിരുന്നു.

'നിങ്ങളുടെ പേരോ'.

'വാസുദേവൻ'. അവർ കണ്ണും കണ്ണും നോക്കിയിരുന്നു.

'വിമലാ' അപ്പോഴേക്കും ഒരു വിളി.

അവളുടെ കൂട്ടുകാരി കുടയും കൊണ്ട് വന്നതായിരുന്നു.

'നീ വാ'. അവൾ പോയി. തിരിഞ്ഞു മനോഹരമായ ഒരു പുഞ്ചിരി സമ്മാനിച്ചു. ഒരു നിമിഷം കൂട്ടുകാരിയെ ശപിക്കുകയും മഴയെ പ്രേമത്തോടെ നോക്കുകയും ചെയ്തു.

കാലങ്ങൾ കഴിഞ്ഞു. വാസു യുവാവായി മാറി. ഒരു നല്ല ജോലി കിട്ടി. അവൻ പെണ്ണ് കാണാൻ പോകുമ്പോ ഒരു പെണ്ണിലും ആ റോസാപ്പൂ കണ്ടില്ല. ഒടുവിൽ

രമയെ വിവാഹം ചെയ്തു. ജീവിതം നല്ല രീതിയിൽ മുന്നോട്ട് പോയി. അവർക്ക് ഒരു മകനുണ്ടായി– രാജീവൻ. അവൻ വളർന്ന് വലുതായി. വൻ ഒരു കുട്ടിയുമായി ഇഷ്ടത്തിലായി. പേര് രേവതി. അവർ അവളെ ആലോചിച്ചു ചെന്നു.

പെണ്ണ് കാണൽ സമയത്ത് പെൺകുട്ടിയുടെ അമ്മ ചെക്കനെ കാണാൻ വന്നു. പക്ഷെ അവളുടെ കണ്ണുടക്കിയത് ചെക്കന്റെ അച്ഛനിലായിരുന്നു.

തിളങ്ങുന്ന കണ്ണുകൾ. എവിടെയോ മറന്ന കണ്ണുകൾ. വാസുവും പെട്ടെന്നാണ് പെണ്ണിന്റെ അമ്മയെ നോക്കിയത്. റോസാപ്പൂ ചുണ്ട്. പനങ്കുല പോലത്തെ കാർകൂന്തൽ. അവന്റെയും ഓർമ്മ തത്തിക്കളിച്ചു. പതിവ് പോലെ ചെക്കനും പെണ്ണും സംസാരിക്കാൻ മാറി നിന്നു.


'പെണ്ണിന്റെ അമ്മയുടെ പേര്' വാസു ചോദിച്ചു.

'വിമല'. തിരിച്ചും ചോദിച്ചു.

'വാസുദേവൻ'. എവിടെയോ മറന്ന സംഭാഷണം. രണ്ടാൾക്കും ഓർമ്മ വന്നു. കൂടുതൽ സംസാരിക്കണമെന്നുണ്ടായിരുന്നു. കഴിഞ്ഞില്ല. അവർ ഇറങ്ങി. അന്ന് രാത്രി തന്റെ പറയാതെ പോയ പ്രണയം അവൻ പ്രിയതമയുമായി പങ്കു വെച്ചു.

രാജീവനും രേവതിയും വിവാഹിതരായി. ആ ജീവിതം സന്തോഷമായി മുന്നോട്ട് നീങ്ങി. ഈ സന്തോഷത്തെ തകർത്തു കൊണ്ട് ആ വാർത്തയെത്തി. രേവതിയുടെ അമ്മ ഒരു ആക്സിഡന്റിൽ മരിച്ചു. വാസുവിന്റെ നെഞ്ചിൽ ഒരു പിടച്ചിൽ. ആ റോസാപ്പൂ ഇനി ഈ ലോകത്തിൽ ഉണ്ടാവില്ലെന്ന് ഓർത്തപ്പോൾ.





**ആരാധ്യ ടി.ഇ** D/o ഉണ്ണികൃഷ്ണൻ ടി.ഇ
തയ്യിൽ എടക്കാട്ട് ഇല്ലം അഴിഞ്ഞിലം9895777014





നിരഞ്ജൻ പി. ഇ
S/o പി.ഇ സുരേഷ്
പഴനെല്ലി എടമന
നീലേശ്വരം പി.ഒ
കാസർകോട്
എട്ടാം ക്ലാസ് വിദ്യാർത്ഥി
മൊബൈൽ 9496359722




ശ്രേയ വാസുദേവ് . പി. Seventh
Std പേരൂർ ഇല്ലം.
D/o വാസുദേവൻ & രഞ്ജിനി



നിരഞ്ജൻ സി ഗോവിന്ദ്,
ചാത്തനാട്ടില്ലം,
മൂന്നാം ക്ലാസ്
9037883042



വസുദേവ്.പി
Std 10
S/o ബൈജു പി.യു., പെരുമ്പടപ്പ്
മന അമ്പാടി, കൃഷ്ണപുരി
കൈപ്പറമ്പ്, തൃശൂർ

# മനസ്സിൽ ഒന്നാം സ്ഥാനം സാറ്റു കളിക്ക്

ഞാൻ പുറംതിരിഞ്ഞു നോക്കി. ഒറ്റ നോട്ടത്തിലാരേയും കണ്ണിൽ പെട്ടില്ല. അതീവ സൂക്ഷ്മതയോടെ ഞാൻ ചുവടുകൾ വെച്ച് വീടിന്റെ പിൻവശത്തേക്കു നീങ്ങി. അവിടേയും തികച്ചും ശൂന്യമായാണ് കിടന്നിരുന്നത്. ചുറ്റുമുള്ള നിശ്ശബ്ദതയെ തകർത്തു കൊണ്ട് ഒരു കാലടി ശബ്ദം തൂണിനരികിലേക്കോടി വന്നു. ഞാനെന്റെ കൈ നീട്ടിപ്പിടിച്ച് ആ തൂണിനു നേരെ കുതിച്ചു. എന്റെ കൈയും തൂണും തമ്മിൽ ഒരിഞ്ച് വ്യത്യാസമേ കാണൂ. പക്ഷേ ആ ഗ്യാപ്പ് ധാരാളം മതിയായിരുന്നു എന്നേക്കാൾ മൂന്നിരട്ടി സ്പീഡിലോടുന്ന അഭയുവേട്ടന് സാറ്റടിക്കാൻ.

അമ്മാത്തു പോകുന്നതിനെക്കുറിച്ചാലോചിച്ചാൽ മനസ്സിൽ ഒന്നാം സ്ഥാനം സാറ്റു കളിക്കു തന്നെയാണെന്ന് നിസ്സംശയം എനിക്ക് പറയാനാവും. കാരണം അത് എല്ലാവരുടേയും പോലെ എന്റെയും പ്രിയപ്പെട്ടതാണ്. സാറ്റു കളി പിള്ളേരു കളിയാണെന്നു തോന്നുന്നവരുണ്ടെങ്കിൽ അത് വെറും തെറ്റിദ്ധാരണയാണ്ട്ടോ. ഒന്നു മുതൽ +2 ക്ലാസ്സ് വരെയുള്ള കുട്ടികളും ഇടയ്ക്കു അമ്മേം അമ്മായീം ചെറിയമ്മമാരും അടക്കം വരും ഞങ്ങളുടെ വിശ്വ പ്രസിദ്ധമായ സാറ്റു കളിയിൽ പങ്കുചേരാൻ.

ചിലപ്പോൾ മറ്റേതെങ്കിലും കളിയായിരിക്കും കളിക്കുക .അതിലെല്ലാം മറിച്ചൊരു ചിന്തയില്ലാതെ പങ്കെടുക്കുക എന്നത് ഒരു സാധാരണ കുട്ടിക്ക് എളുപ്പമാകാം. പക്ഷേ മടിയൻ എന്ന് സ്വയം വിശേഷിപ്പിക്കുന്ന ഞാനും അതിന് കൂടണമെങ്കിൽ അതൽപ്പം കടുപ്പം തന്നെയായിരിക്കണം .അമ്മാത്തേക്കു വരുമ്പോൾ എവിടുന്നെന്നറിയാത്ത ഒരുന്മേഷവും ആവേശവുമെല്ലാം എന്നിലേക്ക് തള്ളിക്കേറും. അത് ഞാൻ ഒരു പാട് ആസ്വദിക്കുകയും ചെയ്യാറുണ്ട്.

അമ്മാത്തുപോയാൽ ഒരു ചിറയിൽ പോക്കുണ്ട്. ഹര്യമ്മാമന്റെകുട്ടിക്കാറിൽ കുട്ടികളെ കുത്തിനിറച്ച് ഉച്ചത്തിൽ പാട്ട് വെച്ച് ഉഗ്രൻ സ്പീഡിൽ തൃക്കളയൂർ അമ്പലത്തിലെ ചിറയിൽ കുളിക്കാനുള്ള ആ ഒരു പോക്കു തന്നെ വിവരിക്കാൻ തക്കവണ്ണമുണ്ട്. അപ്പോൾ അവിടെയെത്തിയുള്ള കുളിയുടെ കാര്യം ഊഹിക്കാമല്ലോ? ക്ഷീണിച്ചവശരായി എന്ന് ഞങ്ങൾക്കു തോന്നാതെ കുളിച്ചുള്ള ആ കളി നിർത്തിയിരുന്നില്ല. നവനു ഏട്ടനും അഭയു ഏട്ടനും നന്ദമ്മാമനു മൊക്കെ നീന്തുന്ന അത്രക്കില്ലെങ്കിലും ഞാനും ചിത്തുവും അവരുടെ ഒപ്പം നീന്തി ഒപ്പിക്കും.

അമ്മാത്ത് എടുത്തു പറയാനായുള്ളത് അവിടുത്തെ ഭക്ഷണമാണ്. അമ്മാത്തെത്തിയാൽ ഞാൻ എന്തും കഴിച്ചിരുന്നു. അടുക്കള മുത്തശ്ശിയും അമ്മായിയും അമ്മയ്ക്കു വിട്ടു കൊടുത്തിരുന്നില്ല. അഥവാ അമ്മ അമ്മാത്തെത്തി അടുക്കളപ്പണി ചെയ്യുന്നത് തികച്ചും അപൂർവ്വമാണെന്നു തന്നെ പറയാം .


മുത്തശ്ശന്റെ ചക്ക പറിക്കലും ,മാങ്ങ പൂളലും, ഞങ്ങളുടെ മലയുടെ മുകളിലേക്കുള്ള അതിസാഹസികമായുള്ള യാത്ര, പശുക്കൾ, പാൽക്കാപ്പി, പറമ്പ്, പാറക്കുണ്ട് എന്നിങ്ങനെ നീണ്ടു കിടക്കുകയാണ് അമ്മാത്തെത്തിയാലുള്ള കാര്യങ്ങൾ. എല്ലാം വിശദീകരിക്കാൻ ഒരു നൂറ്റാണ്ട് മതിയാവില്ല എന്നു തോന്നുന്നു.

പക്ഷേ ഇപ്പോൾ COVID-19 നെ തുടർന്നുള്ള ലോക്ക് ഡൗണിനെ മാനിച്ച് ഇല്ലത്തിരിക്കുമ്പോൾ എനിക്ക് കൂട്ടായി മധുരിക്കുന്ന ആ വെക്കേഷൻ ഓർമ്മകൾ മാത്രമാണുള്ളത്.

# മലയാളി വിദ്യാർത്ഥിയുടെ ഇംഗ്ലീഷ് കവിതാ സമാഹാരം



ദുബായ്: മലയാളി വിദ്യാർത്ഥിനി ശ്രീവേദ അരുണിന്റെ ഇംഗ്ലീഷ് കവിതകളുടെ സമാഹാരമായ 'ചേസിങ് ഡ്രീംസ്' ഓൺലൈനിലൂടെ പ്രകാശനം ചെയ്തു. ജെംസ് അവർ ഓൺ ഇംഗ്ലീഷ് ഹൈസ്കൂളിലെ ഏഴാം ക്ലാസ് വിദ്യാർത്ഥിനി ശ്രീവേദ രചിച്ച 21 കവിതകളാണ് ആദ്യ സമാഹാരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രകൃതി, ജീവിതകാഴ്ചകൾ എന്നിവയാണ് കവിതകളുടെ പ്രധാന വിഷയം.ശ്രീവേദയുടെ മുതുമുത്തശ്ശി 92 വയസ്സ് പിന്നിട്ട സാവിത്രി അന്തർജ്ജനം ആണ് പ്രകാശനം നിർവ്വഹിച്ചത്. ഡോ. കേശവൻ വെളുത്താട്ട് പുസ്തക പരിചയം നടത്തി. ഡോ. പുന്നപ്പുറത്ത് മാധവൻ ആണ് അവതാരിക എഴുതിയിട്ടുള്ളത്. സ്കൂൾ എക്സിക്യൂട്ടീവ് പ്രിൻസിപ്പൽ തോമസ് മാത്യു ആമുഖം രചിച്ചു. പ്രശസ്ത എഴുത്തുകാരി കെ.ബി.ശ്രീദേവി, ഡോ. പുന്നപ്പുറത്ത് മാധവൻ, ഡോ. ഗീത നമ്പൂതിരിപ്പാട് എന്നിവർ പ്രസംഗിച്ചു. ശ്രീവേദ മറുപടിപ്രസംഗം നടത്തി. ദ ഹിന്ദുവിന്റെ യങ് വേൾഡിലും ഡൽഹിയിലെ ചിൽഡ്രൻസ് വേൾഡ് മാഗസിനിലും ദുബായിൽ നിന്നു പ്രസിദ്ധീകരിക്കുന്ന യങ്സ്റ്റ് എന്ന മാഗസിനിലും ശ്രീവേദയുടെ കവിതകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ദുബായിൽ ജോലി ചെയ്യുന്ന പുലാമന്തോൾ അവിഞ്ഞിക്കാട്ട് (പുണർതം) അരുണിന്റെയും മാള താമരശ്ശേരി മേക്കാട്ട് ഉമയുടെയും മകളാണ്. കോഴിക്കോട് ലിപി പബ്ലിക്കേഷൻസാണ് പ്രസാധകർ




# ഹിസ്റ്ററി

## നന്ദകിഷോർ പി



പാലിക ഇല്ലം, കക്കോടി,
കോഴിക്കോട് Ph:6282923358

സമയം ഉച്ച 1:30 മണി,സൂര്യൻ ഉച്ചസ്ഥായിയിൽ ചിരിച്ച് അങ്ങനെ നിൽക്കുന്നു. ലഞ്ച് ബ്രേക്ക് കഴിഞ്ഞു ഇനി 5-ാമത്തെ പിരീഡ് ഹിസ്റ്ററിയാണ്,ബെൽ മുഴങ്ങി,ശേഷം ക്ലാസ്സിലേക്ക് എല്ലാവരും മന്ദം മന്ദം നീങ്ങി....കുറേയാൾക്കാർ ബെഞ്ച് കണ്ടതും, ഗ്രൂപ്പായ് ഉറക്കത്തിലേക്ക് നീങ്ങാനുള്ള പ്ലാൻ സെറ്റ് ചെയ്തു.... പഠിപ്പികൾ പുസ്തകം തുറന്ന് മഗധ സാമ്രാജ്യവും,ബുദ്ധന്റെ 5 തത്ത്വങ്ങളും, അശോക ചക്രവർത്തിയുടെ ഇതിഹാസങ്ങളും അതിന്റെ കൂടെ വാസ്ക്കോ ഡാ ഗാമ കോഴിക്കോട് കാപ്പാട് ബീച്ചിൽ വന്നിറങ്ങി ഇഞ്ചിയും,കുരുമുളകും മുറുക്കാൻ പെട്ടിയും വാങ്ങിച്ച കഥയുമൊക്കെ അയവിറക്കുന്നുണ്ടായിരുന്നു....ഞാനും എന്റെ കൂട്ടുകാരനും പരസ്പരം ഒരു അടിസ്ഥാനവുമില്ലാത്ത ഓരോ കാര്യങ്ങൾ പറഞ്ഞ് പൊട്ടിച്ചിരിക്കുന്നുണ്ടായിരുന്നു..അന്നേരം ടീച്ചർ ക്ലാസ്സിലേക്ക് പ്രവേശിച്ചു....ഗുഡ് ആഫ്റ്റർനൂൺ ഓൾ....ഗുഡ് ആഫ്റ്റർനൂൺ മിസ്സ്....(ചിലർ ഗുഡ്നൈറ്റ് എന്നും അഭിസംബോധന ചെയ്തു,കാട്ടുകോഴിക്ക് എന്ത് സംക്രാന്തി ന്ന് പറയുന്ന പോലെ,ഉറങ്ങാൻ സെറ്റ് ആയവർക്ക് എന്ത് ഗുഡ് ആഫ്റ്റർനൂൺ....ഭഗവാന്റെ കൃപാ കടാക്ഷം കൊണ്ട് ടീച്ചർ അതു കേട്ടില്ല)....അങ്ങനെ ക്ലാസ്സ് തുടങ്ങി,രണ്ട് പഠിപ്പികൾ പ്രതിമ തോറ്റു പോകുന്ന രീതിയിൽ ചലനമില്ലാതെ അങ്ങനെ ഇരുന്നു....അപ്പോഴേക്കും നിദ്രാകുമാരൻ എന്നെ വന്ന് തഴുകിയിട്ട് പറഞ്ഞു 'എന്താണ് ബോസേ ഇങ്ങനെ ഇരിക്കുന്നേ?നമുക്ക് ഉറങ്ങണ്ടേ...വരൂ നമുക്ക് നിദ്രയിലേക്ക് ചായാം' മൂപ്പർക്ക് ഇത് പറയാൻ എളുപ്പമാണ് പക്ഷെ എന്റെ അവസ്ഥ മീശ മാധവനിലെ പിള്ളേച്ചന്റെ അതേ പോലെയാണ്... കൺപോളകൾക്കിടയിൽ രണ്ട് ഈർക്കിൽ കുത്തി വെച്ചാലോന്ന് അലോചിച്ചു....പിന്നെ വേണ്ടാ ന്ന് വച്ചു. പരമാവധി ഉറക്കം കളയാൻ ശ്രമിച്ചു....ബട്ട് നോ രക്ഷ...പകുതി പിരീഡ് തീർന്നു... അപ്പോഴേക്കും തന്നെ എല്ലാവരും ഉറക്ക മത്സരത്തിന്റെ തിരക്കിൽ ആയിരുന്നു....അഞ്ച് സുജാതാ ഫാനുകൾ ഫുൾ സ്പീഡിൽ കറങ്ങുന്ന ശബ്ദം മാത്രം...ടീച്ചർക്കും ക്ലാസ്സിന്റെ ഗതി മനസ്സിലായതോടെ ടീച്ചറും ഉറക്കത്തിലേക്ക് നീങ്ങുന്നുണ്ടായിരുന്നു... ടീച്ചർ പഠിപ്പിയോടും കിടക്കാൻ പറഞ്ഞു(പഠിപ്പി കിടന്നു എന്നേയുള്ളു,കിടന്നാലും സംശയം കൂടെയുണ്ടാവും,ഒരു പ്രത്യേകതരം ജീവികളാണല്ലോ ഈ പഠിപ്പികൾ)....അങ്ങനെ അന്നത്തെ ഹിസ്റ്ററി ക്ലാസ്സ് നീങ്ങികിട്ടി....എല്ലാവരും ചോറ് കുഴച്ച് കുഴച്ച് തിന്നതിന്റെ ആനന്ദത്തിൽ നൈസ് ആയിട്ട് ഉറങ്ങി (NB:ശ്രദ്ധിച്ച് കാതോർത്താൽ ചില മൂലയിൽ നിന്ന് കൂർക്കം വലികളും കേൾക്കാം)....പിന്നെ എല്ലാ ദിവസവും ഇങ്ങനെ ഒന്നും അല്ല കേട്ടോ....ആഴ്ച്ചയിൽ ഒരു അഞ്ചു ദിവസം, അത്രേയുള്ളു...വെരി സിമ്പിൾ....ഹ്യുമാനിറ്റീസ് പഠിച്ചിറങ്ങിയ എല്ലാവർക്കും ഈ ഒരനുഭവം 100% അല്ല... 110% ഉണ്ടായിരിക്കുമെന്ന് ഞാൻ കരുതുന്നു....അപ്പൊ ശരി ഇനി ഇതിലും നല്ല ടോപ്പിക്കുമായിട്ട് ഞാൻ അടുത്ത പ്രാവശ്യം വരാം...നന്ദി...നമസ്തേ.





ദേവിക D/o വാസുദേവൻ& സവിത,
കിഴ്ക്കേടം ഗുരുവായൂർ





**അദിതി** നരിയങ്ങൽ, തലപ്പണ 1 St Std
D/o N.T.നാരായണൻ  കണ്ണിപറമ്പ് ഉപസഭ





**അഭിനന്ദ് കെ,** കല്ലംവള്ളി ഇല്ലം കണ്ണിപറമ്പ

# ചക്രവീഥി

മനുഷ്യജീവിതം മരണതുല്ല്യം
നരനുവിധിയത് നരകംപോൽ
മാനവരാശിതൻ മാനക്കേടുകൾ
മാറ്റാൻ മാന്ത്രികദണ്ഡുണ്ടോ?
കാലത്തിൻ ചക്രവീഥിയിൽ ഞാനിന്ന്
റോബോട്ടെന്നപോൽ ഉഴലുന്നു
യന്ത്രമനുഷ്യൻതൻ ചലന
മാതൃക സ്വീകരിച്ചിന്നു മർത്യർ നാം
ഓരോ ശ്വാസ- നിശ്വാസംതോറും
ജീവിതഭീതിയിൽ പുകയുന്നു
മർത്യനു മാരക മരണംഭോ ....
മർത്യനു നീ തന്നെ ശരണം.....

**ഋതുനന്ദ ഡി.എസ്.**
വേനാട്ടില്ലം,, ജി.എച്ച്.എസ്.എസ്.
പുത്തർ, ക്ലാസ് 9



**ശ്രീലക്ഷ്മി.വി.എസ്**
D/o സന്തോഷ് വി
& ശുഭ.പി.കെ.
കണ്ണിപറമ്പ 97452 18037






**നീരജ പി.**D/o വാസുദേവൻ പി. & രഞ്ജിനി ശ്രീകുമാർ യു.സി. പെരിഞ്ചീരി ഇല്ലം ആലത്തിയൂർ, തിരൂർ





**ദേവനന്ദ ടി.എം.**
D/o ദേവദാസ്
നീലമന, നടുവത്തൂർ,
കൊയിലാണ്ടി










**സാരംഗ് കെ.ടി**
S/ 0 ശങ്കരൻ
നമ്പൂതിരി
കോടി
തലപ്പണ ഇല്ലം
കണ്ണി പറമ്പ്
ഉപസഭ



# Book review on "Fing"

**BY BHADRA EZHUMAVIL**

The book basically tells the story of a girl named Myrtle Meek, who has everything but wants more and more! Mrs. and Mr. Meek always wanted to keep their darling daughter happy. They were ready to do anything for that. One day, Myrtle asks for a fing. Her parents, have readily undertaken the hunt, adopting various methods, including a visit to the spooky library vaults to search into the dusty pages of the mysterious Monsterpedia. Their desperate quest leads to the depths of the dense forest where the rarest creatures can be found. But will they ever find a FING?

Author, -+ David Walliams OBE is an English comedian, actor, writer, and television personality. He is best known for his work with Matt Lucas on the BBC sketch comedy series Rock Profile, Little Britain, and Come Fly With Me.


This is written by David Walliams as a comedy book.

My opinion on this book is that CHILDREN who like fiction would love to read this. It has all the ingredients of an exciting read such as comedy, drama and fantasy. The book will keep you reading until the last page.I suggest this book UNLY If you like fiction or comedy.



ഭദ്ര, D/o സതീശൻ & സുനിത
എഴുമാവിൽ, മുംബൈ





ശ്രീഹരി നാരായണൻ
'ശ്രീഹരി'അരീക്കര മന, നാലാം ക്ലാസ്സ്അച്ഛൻ.....ഗിരീഷ് നമ്പൂതിരി.അമ്മ....അശ്വതി ഗിരീഷ് മാണിയങ്കാട്.




ശ്രീനാരായണന്റെ കാർമ്മികത്വത്തിൽ ഭഗവതി സേവ




ശ്രീനാരായണൻ
വയപ്പുറം നാരായണൻ നമ്പൂതിരിയുടെ പൗത്രൻ വയപ്പുറം വാസുദേവ പ്രസാദിന്റെയും ഡോ. ഉമയുടെയും മകൻ. LSS സ്കോളർഷിപ്പും ശ്രീപരമേശ്വർ ജി ബാലഗോകുലം സംസ്ഥാന തല രാമായണ പാരായണ മത്സരത്തിൽ മൂന്നാം സ്ഥാനവും ലഭിച്ചിട്ടുണ്ട്






മാധവ്.എം
S/o. വിഷ്ണു സജിത്
& യമുന,
മങ്ങത്തായ ഇല്ലം


രഘു ശങ്കർ കെ .ടി
S/o ശങ്കരൻ നമ്പൂതിരി കോടി തലപ്പണ
ഇല്ലം കണ്ണി പറമ്പ് ഉപസഭ

ആത്മിക ടി.ഇ D/o ഉണ്ണികൃഷ്ണൻ
ടി.ഇ, തയ്യിൽ എടക്കാട്ട് ഇല്ലം
അഴിഞ്ഞിലം 9895777014





പാർവ്വണ ശ്രീജിത്
ചാത്തനാട്ടില്ലം,
ക്ലാസ് 2

ശ്വേത സാവിത്രി എൻ.ടി.

# The Homeless Man



**SURAJ DIVAKARAN**
S/o Puthillath
Divakaran & Suneethi

I walk by the road
With a load on my back
I catch up with this man
Sitting in the corner of the path
Torn shirt and a short pant
Bare legs and a short height
Ragged in all the filthy matter
Smelling all acrid and pungent.
His eyes on a house ahead
A mother and her son wrapped around her
A face of his innocence, without any doubt
Musing of a family and a nice house
His eyes met mine and mine met his
An urge to help him, started rising above
But still, I passed him in a hurry
Minding my own things
I wondered WHY?
Because I have a home
A mother to open the door
A father to lock it, if I forget
A brother who pesters, but makes me happy
It is hard to understand loneliness
Until it comes upon you, hard
But I hope that hope binds him in a hug
So one day, he turns lucky like me

# അഭിനന്ദനങ്ങൾ

## മുക്കം ഉപസഭ


**അഞ്ജന ടി എൻ** (+2), താമരക്കുളം TK നാരായണൻ നമ്പൂതിരിയുടെ മകൾ


**ഐശ്വര്യ. കെ.എൻ** (+2), കാഞ്ഞിരത്തോട്ടം നാരായണൻ നമ്പൂതിരിയുടെ മകൾ


**ഗായത്രി ടി** (sslc), തിരുവാലൂർ മധുസൂദനൻ നമ്പൂതിരിയുടെ മകൾ


**പാർവതി കെ.എൻ** (ഡിഗ്രി), കാഞ്ഞിരത്തോട്ടം നാരായണൻ നമ്പൂതിരിയുടെ മകൾ


**ആർദ്ര.ടി.എസ്** (uss), താമരക്കുളം സുദേവൻ നമ്പൂതിരിയുടെ മകൾ


**മഞ്ജരി.** (LLB), കാഞ്ഞിരത്തോട്ടം അജയ് ശങ്കർ നമ്പൂതിരിയുടെ സഹധർമ്മിണി.


**ദേവദത്ത.ടി. കെ** (+2), താമരക്കുളം ടി കെ കൃഷ്ണകുമാർ നമ്പൂതിരിയുടെ മകൾ

## കണ്ണിപറമ്പ് ഉപസഭ


**ഹരി ദേവ് വി.ജി** (SSLC ഫുൾ എ പ്ലസ്) S/o ഗോവിന്ദൻ നമ്പൂതിരി - ഉമ വീട്ടിക്കാട്ടില്ലം


**ദേവ് മാധവ്** (USS) S/o പരമേശ്വരൻ നമ്പൂതിരി -ദിവ്യ,നരിയങ്ങൽ തലപ്പണ ഇല്ലം


**വിഷ്ണു** (USS) S/o കൃഷ്ണൻ നമ്പൂതിരി -സാവിത്രി പാലിശ്ശേരി മുല്ലപ്പള്ളി ഇല്ലം.


**പാർവ്വതി.എൻ.ടി** (USS) D/o. നാരായണൻ നമ്പൂതിരി-സരിത നരിയങ്ങൽ തലപ്പണ ഇല്ലം


**പാർവ്വതി പി** USS) D/o. നീലകണ്ഠൻ നമ്പൂതിരി -ശ്രീജ പേരൂരില്ലം

## ഫറോക്ക് ഉപസഭ


**ഹീരാ രാജ് പി.** (SSLC) D/o രാജേഷ് പി., പൂവപ്പള്ളി ഇല്ലം


**സൂര്യ** (SSLC) D/o രാജേഷ് നമ്പൂതിരി, ഒഴുകിൽ തട്ടയൂർ ഇല്ലം


**ആര്യ** (+2) D/o നാരായണൻ-ശ്രീജ, കരങ്ങാട്ട് മന


**ഗോപിക** (+2) D/o ഗോവിന്ദൻ സി.എം. പാട്ടപ്പറമ്പിൽ എടമന ഇല്ലം, രാമനാട്ടുകര


**ഭദ്ര** (+2) D/o സുരേഷ്കുമാർ KMP, പുല്ലങ്ങോട്ട് ഇല്ലം

## ഉച്ചക്കാവ് ഉപസഭ


**ഭവ്യ സി.** (SSLC) D/o സി.വാസുണ്ണി നമ്പൂതിരി ചെറുവക്കാട്ടില്ലം,


**ഗോവിന്ദ് സി.** (SSLC) S/o കേശവൻ നമ്പൂതിരി സി.ചെറുവക്കാട്ടില്ലം,


**ശ്വേത കൃഷ്ണ സി.** (SSLC) D/o കൃഷ്ണനുണ്ണി സി.കെ. ചെറുവക്കാട്ടില്ലം,


**അഭയ് ശങ്കർ സി.** (SSLC) S/o ശങ്കരൻ നമ്പൂതിരി സി.വി. & സ്മിത ചെറുവക്കാട്ടില്ലം,

## അഭിനന്ദനങ്ങൾ


**സെപ്തംബർ 12 ന് പിറന്നാൾ ആഘോഷിച്ച**

**പ്രണവ് ടി.** തായാട്ട് ഇല്ലം, ചേവായൂർ ഉപസഭ. കോഴിക്കോട്.


**ശ്രീരാം സുബ്രഹ്മണ്യൻ**

ഗുരുവായൂർ സംസ്കൃത അക്കാദമി സംസ്കൃത വാരാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച രാമായണ പാരായണ മത്സരത്തിൽ യു.പി. വിഭാഗം ഒന്നാം സ്ഥാനം


**ആര്യ കൃഷ്ണ പി.**

എൽ.എസ്.എസ്. വിജയി D/oപഴങ്ങോട്ടുപൊറ്റ ജയൻ ഉമ

PLUS 2



FULL A+

**എൻ. കൃഷ്ണപ്രസാദ് നമ്പൂതിരി,**

നകർണ്ണ മന ഇരിങ്ങാലക്കുട ഉപസഭ. S/o രാമൻ നമ്പൂതിരി

# നവദമ്പതിമാർക്ക് സ്വസ്തിയുടെ മംഗളാശംസകൾ



കോഴിക്കോട് നന്മണ്ട ചേലോട്ട് ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടെയും ശ്രീലത അന്തർജനത്തിന്റെയും മകൾ കുമാരി കീർത്തനയും പയ്യന്നൂർ വടശ്ശേരി ചേന്നമംഗലം ഇല്ലത്ത് കേശവൻ നമ്പൂതിരിയുടെയും ഗൗരി അന്തർജനത്തിന്റെയും മകൻ സുകേഷ് നമ്പൂതിരിയും തമ്മിൽ വിവാഹിതരായി



കോഴിക്കോട് ചേക്രക്കൽ ഇല്ലത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെയും, ശ്രീദേവിയുടെയും മകൻ ശ്രീനാഥും, വടകര എറാഞ്ചേരി ഇല്ലത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെയും സുധയുടെയും മകൾ കവിതയും തമ്മിൽ വിവാഹിതരായി



രാമല്ലൂർ ഉപസഭ പന്നിയം വള്ളി ഇല്ലത്തു പരേതനായ നാരായണൻ ഭട്ടതിരിപ്പാടിന്റെയും പാർവ്വതി അന്തർജ്ജനത്തിന്റയും മകൻ ശ്രീകുമാറും ഫറോക്ക് ഉപസഭ നല്ലൂർ തെഞ്ചേരി ഇല്ലത്ത് മധുസൂതനൻ നമ്പൂതിരിയുടെയും ശ്രീദേവീ അന്തർജ്ജനത്തിന്റെയും മകൾ പത്മജയും വിവാഹിതരായി.



നെച്ചൂളി കണ്ടിലാട്ട് ഇല്ലത്ത് സുബ്രഹ്മണ്യൻ നമ്പൂതിരിയുടെയും സുധ അന്തർജനത്തിന്റെയും മകൻ പത്മജിത്തും പെരളിപ്പുറത്ത് ഇല്ലത്ത് സതീശൻ മൂസ്സതിന്റെയും ഉഷ അന്തർജനത്തിന്റെയും മകൾ കവിതയും വിവാഹിതരായി.



മഞ്ചട്ടിക്കളം നാരായണൻ നമ്പൂതിരിയുടെയും വി.വത്സലയുടെയും മകൻ കിരൺ ലാലും ഏളപ്പില നാരായണൻ നമ്പൂതിരിയുടെയും എൻ.ടി ശാന്തയുടെയും മകൾ അഞ്ജലിയും വിവാഹിതരായി



ചാലക്കുടി തട്ടായത്ത് വിഷ്ണു ടി.പിയുടെയും വി.വത്സലയുടെയും മകൾ വർഷയും കാക്കനാട് കണ്ണമംഗലത്ത് കെ.എസ് വാസുദേവന്റെയും എ.ജി രമയുടെയും മകൻ വരുണും വിവാഹിതരായി

ലോക സാഹിത്യത്തിലെ ഏറ്റവും പ്രാചീനവും സർവ്വ ശ്രേഷ്ഠവുമായ നാലു വേദങ്ങളിൽ രണ്ടാമത്തെ വേദമായ യജുർവേദത്തിന്റെ മൂലവും അർത്ഥവും ചെയ്യേണ്ട രീതികളും വിവരിക്കുന്ന മഹദ് ഗ്രന്ഥം. മാനവരാശിയുടെ അഭ്യുദയത്തിനുവേണ്ടി ചെയ്യേണ്ട യജ്ഞങ്ങളും കർമ്മങ്ങളും എന്തൊക്കെയെന്ന് വിവരിക്കുകയും അതിനുള്ള മന്ത്രങ്ങളും കർമ്മങ്ങളും ഉപദേശിക്കുകയും ചെയ്യുന്ന കൃതി.

ഡി സി ബുക്സ്
പ്രി പബ്ലിക്കേഷൻ

# കൃഷ്ണ യജുർവേദം

## തൈത്തിരീയ സംഹിത

അർത്ഥം, വ്യാഖ്യാനം: കെ. ഭഗവതീശ്വര ശർമ്മ
എഡിറ്റർ: ഡോ. തോട്ടം ശിവകരൻ നമ്പൂതിരി

**മൂന്നു വാല്യം ഹാർഡ്ബൗണ്ട്**
**രണ്ടായിരത്തിൽപ്പരം പേജുകൾ**




മുഖവില: ~~2999~~ പ്രി ബുക്കിങ് സൗജന്യ വില: **1999** രൂപ

ബുക്ക് ചെയ്യുന്നവർക്കു വേണ്ടി മാത്രമുള്ള കോപ്പികളേ അച്ചടിക്കു എന്നതിനാൽ നിങ്ങളുടെ കോപ്പി ഉറപ്പു വരുത്തുക

ബുക്കിങ്ങിന് വിളിക്കൂ: 9946 109101, 9947 055000 9946 109449
ഓൺലൈനിൽ: www.dcbookstore.com
കേരളത്തിലുടനീളമുള്ള ഡി സി ബുക്സ്/കറന്റ് ബുക്സ് പുസ്തകശാലകളിലൂടെയും ബുക്ക് ചെയ്യാം
ഡി സി ബുക്സ്, കോട്ടയം 686 001 എന്ന വിലാസത്തിൽ മണിഓർഡർ/ബാങ്ക് ഡ്രാഫ്റ്റ് അയച്ചും കോപ്പികൾ ഉറപ്പാക്കാം
കേരളത്തിലുടനീളമുള്ള ബുക്കിങ് ഏജൻസികളിലൂടെയും ബുക്ക് ചെയ്യാവുന്നതാണ്. വ്യവസ്ഥകൾക്ക് സന്ദർശിക്കുക: www.dcbooks.com

DC BOOKS
For online purchase, visit www.dcbookstore.com
DC Books, DC Kizhakemuri Edam, Good Shepherd Street, Kottayam, Kerala
98461 33336/ 0481-2563114
Email: customercare@dcbooks.com | Follow us on /dcbooks